# The Navajeevan

License No. 363, dated 14th August 1937

## ONAM SPECIAL NUMBER



| | | |
|---|---|---|
| വില<br>അണ ൪ | **12th Chingom 1115** | PRICE<br>ANNAS<br>4 |

# The South India Co-operative Insurance Society, Ltd.,

**Head Office:- MADRAS**

**President: Hon'ble Mr. V. Ramdas Pantulu, B. A. B. L.**

"OUTSTANDING FEATURES"

GOVERNMENT CONTROL AND AUDIT - MANAGEMENT BY EMINENT CO OPERATORS - PURELY POLICY-HOLDERS' CONCERN - STRONG RESERVES - PROMPT SETTLEMENT OF CLAIMS

The only Insurance Company allowed under the New Act to issue policies from Rs 100/- Rs. 200000/- deposited with the Govt, the maximum required under the statute.

**New business in 1939 Rs. 25,45,075** **Total business as on 30-6-1939 Rs. 89 86,525**

## WANTED FOR TRAVANCORE

a few more Agents on salary and commission with prospects of being absorbed in permanent service on showing good record.

*APPLY TO* THE HEAD OFFICE DIRECT OR TO THE CHIEF ORGANISER,

"BHASKARAVILAS"

QUILON.

# കേസരിനാ ഹെയറായിൽ

അനേകം ഡാക്ടറന്മാരുടെ സർട്ടിഫിക്കേറ്റുകൾ സമ്പാദിച്ചിട്ടുള്ള ഈ തൈലം കണ്ണുതന്റെ മുകളിൽ ഉണ്ടാകുന്ന എല്ലാരോഗങ്ങളേയും നിശ്ശേഷം മാറ്റുന്നതിനും പുറമെ, മൂക്കിൽ മാംസം വളരുക, അകാലനര, കണ്ണ് എരിച്ചിൽ മുതലായവകളെ ഇല്ലാതാക്കി മുടിക്ക് കറുപ്പും വളർച്ചയും ചുരുളും, തലയ്ക്കു കുളിർമ്മയും, ബുദ്ധിക്ക് ഉന്മേഷവും നൽകും. വിദ്യാർത്ഥികൾ, അദ്ധ്യാപകന്മാർ, ഉദ്യോഗസ്ഥന്മാർ തുടങ്ങി ബുദ്ധി ഉപയോഗിച്ചു ജോലിചെയ്യുന്നവരെല്ലാവരും കേസരിനാ ഹെയറായിൽ, അത്യാവശ്യം ഉപയോഗിക്കേണ്ട ഒന്നാകുന്നു. ഹൃദയാവർജ്ജകമായ പരിമളവും പ്രശസ്തമായ ഗുണവും പ്രദാനംചെയ്യുന്ന ഈ തൈലം കുപ്പി 1-ക്ക് വില രൂപാ 1.




മാനേജർ,

ബ്യൂട്ടിപ്രാഡക്റ്റ്സ് കമ്പനി,

മെയിൻറോഡ്, വലിയകട,—കൊല്ലം.

# നവജീവൻ

## ഓണം വിശേഷാൽ പ്രതി

## തിരുവോണം

തിരുവോണമഹോൽസവം മഹാബലിയുടെ വരവുപ്രമാണിച്ചു പണ്ടത്തെ ഗൃഹസ്ഥന്മാർ കൊണ്ടാടിവന്നതു എങ്ങനെയാണെന്ന ഇപ്പോഴത്തെ ഗൃഹസ്ഥന്മാർ ഓർക്കാറില്ല. ഗുരുശിഷ്യഭേദം, സ്ത്രീബാലവൃദ്ധഭേദം, സ്വാമിഭൃത്യഭേദം, സ്ത്രീപുരുഷഭേദം മുതലായ ഭേദബുദ്ധിയൊന്നുംകൂടാതെ സമസ്തജനങ്ങളും അത്തോണവുംകളിച്ചു കളഭാദികളുംപൂശി, ചതുർവിധവിഭവങ്ങളോടുംകൂടി ഊണുകഴിച്ചു, "കോടിയുടുത്തു കളങ്ങളൊചെന്നു" പകലുള്ളപ്പോൾ പലതരം കളികളിൽ ഏർപ്പെടും. രാത്രിയായാൽ ഉറക്കമാവോളം ഊഞ്ഞാലാട്ടം, പാട്ടം. ഇതൊക്കെയായിരുന്ന പണ്ടത്തെ പതിവു്. പന്തുകളിയുംകിളിത്തട്ടുകളിയുമാണു് ഓണക്കാലത്തെ പ്രധാനകളികൾ. തലപ്പന്തു, ഒററക്കൈ, ഇരട്ടക്കൈ, തുടയിൽതാളം, കവടിപുരാണം, ഇട്ടുതട്ടു് എന്നിങ്ങനെ ചട്ടവട്ടങ്ങളുള്ള പന്തുകളിക്കു "ചേന"വയ്ക്കണം; മുമ്പോട്ടും പുറകോട്ടും, ഇടത്തോട്ടും, വലത്തോട്ടും ഓടി ശരീരത്തിനു വ്യായാമം കൊടുക്കുന്ന കിളിത്തട്ടുകളിക്കു "ഉപ്പു"വയ്ക്കണം. ഇപ്പോഴാകട്ടെ ചേനയുമില്ല ഉപ്പുമില്ല. ചേനവറുത്തുപ്പേരിയുമില്ല. കുട്ടികളുടെ കളികുറഞ്ഞു, ഊഞ്ഞാലാട്ടം ചുരുങ്ങി. ഊഞ്ഞാൽപാട്ടു് അങ്ങുമിങ്ങും, ഏതോ ദേവതാസങ്കടത്തോടുകൂടി നെടുവിളി വിളിക്കുംപോലെ, അനാഗരികനാരിമാർപാടി കേൾക്കാറുണ്ടു്. നാഗരികാംഗനകളുടെ പാട്ടും കളിയും ചിരിയും അട്ടഹാസങ്ങളും കുറഞ്ഞു. ബാലികമാരുടെ പൂപ്പടപോലുള്ള തുമ്പിതുള്ളൽ കാൺമാനേയില്ല.

മഹാബലിയുടെ വരവു പ്രമാണിച്ചാണല്ലോ തിരുവോണമഹോത്സവം കൊണ്ടാടിവരുന്നതു്. ഈ മഹോത്സവം "ഹാർവസ്റ്റ് ഫെസ്റ്റിവൽ" ആണെന്നും മററു ചരിത്രപണ്ഡിതന്മാർ പറയുന്നുണ്ടു്. വാമനപുരാണത്തിലെ തിരുവോണാഗമം കേരളീയർക്കൊക്കെ പരിചയമുള്ളതാണല്ലോ.

മഹാബലി എന്നൊരു ചക്രവർത്തി ഉണ്ടായിരുന്നോ ഇല്ലയോ എന്നുള്ള കാര്യം എങ്ങനെയിരുന്നാലും "മഹാബലി"യെന്ന വാക്കു് വളരെ അർത്ഥവത്താണു്. "ബലി" യജ്ഞമാണല്ലോ. മഹാബലി മഹായജ്ഞംതന്നെ. പ്രഹ്ളാദപൗത്രനായ മഹാബലി വാമനനു സർവ്വസ്വം ദാനം ചെയ്ത മഹായജ്ഞ കഥയാണു മഹാബലി ചരിതം. അതിനു തുല്യമായ ഒരു യജ്ഞം ലോകത്തിൽ ആരുംതന്നെ ചെയ്തിട്ടുള്ളതായി പുരാണങ്ങളിൽ ഒന്നിലും കാണുകയില്ല. ഈ മഹായജ്ഞഫലമായി മഹാബലി "നാക"ലോകതുല്യമായ "നാഗ"ലോകത്തിൽ ചിരംജീവിയായി സുഖിച്ചിരിക്കുന്നു. ഓണക്കാലത്തു അദ്ദേഹം നാടുകാണാൻ വരും.

ഓണമഹോത്സവത്തിനു് ഓണക്കോടിയുടുപ്പാണല്ലോ പ്രധാനം. മഞ്ഞക്കോടി, നീലക്കോടി, കയലിക്കോടി മുതലായി പല വർണ്ണത്തിലുള്ള കോടികൾ ഓണക്കാലത്തു കാണാമെങ്കിലും മഞ്ഞക്കോടിക്കാണു പ്രാധാന്യം. ഇതു് എന്തുകൊണ്ടെന്നു് ആലോചിക്കേണ്ടതാണു്. ചാതുർമാസ്യം എന്നൊരേർപ്പാടു ഹിന്ദുക്കൾക്കു പണ്ടുണ്ടായിരുന്നല്ലോ. വർഷകാലത്തു പുറമേ സഞ്ചരിച്ചു കഴിയുവാൻ നിവൃത്തിയില്ലാതെ വരുമ്പോഴാണു ചാതുർമാസ്യവ്രതം അനുഷ്ഠിക്കാറു്. വൃഷ്ടിമാസങ്ങൾ നാലാണല്ലോ. ഹിന്ദുക്കളുടെ ചാതുർമാസ്യം ബുദ്ധമതക്കാർക്കുമുണ്ടു്. അവർ അതിനു "വസ്സം" (വർഷം) എന്നാണു പറഞ്ഞുവരുന്നതു്. പരിവ്രാജകഭിക്ഷുക്കളെല്ലാം "വസ്സം" പ്രമാണിച്ചു് ആവാസങ്ങളിൽ വിശ്രമിച്ചശേഷം വർഷകാലം കഴിഞ്ഞു ലോകസേവയ്ക്കിറങ്ങുമ്പോൾ അവർക്കു രണ്ടു മഞ്ഞക്കോടിവീതം കൊടുക്കണമെന്നു് ഒരു പുരാതനസിംഹളരാജാവിന്റെ കല്പന ഉണ്ടായിരുന്നതായി സിലോണിൽ ഒരു ശിലാശാസനമുണ്ടു്. കേരളീയർ പണ്ടുപണ്ടേ വൈഷ്ണവരാണു്. കേരളം ഉത്ഭവിച്ചതുതന്നെ വിഷ്ണുവിന്റെ ആറാമത്തെ അവതാരമായ ശ്രീ പരശുരാമന്റെ അത്ഭുതകർമ്മംകൊണ്ടാണല്ലോ. മനുഷ്യതത്ത്വത്തിന്റെ യാതൊരു രൂപലക്ഷണവുമില്ലാത്ത മത്സ്യകൂർമ്മവരാഹാവതാരങ്ങൾ കഴിഞ്ഞു മഹാവിഷ്ണു അർദ്ധമനുഷ്യാകൃതിയുള്ള നരസിംഹാവതാരമെടുത്തതു മഹാബലിയുടെ പിതാമഹനായ പ്രഹ്ളാദന്റെ ഗൃഹത്തിലായിരുന്നു. മഹാബലി കേരളീയചക്രവർത്തിതന്നെയെങ്കിൽ പ്രഹ്ളാദനും കേരളീയൻതന്നല്ലോ. നരസിംഹവാമനഭാർഗ്ഗവാവതാരങ്ങൾ മൂന്നും കേരളത്തിനുവേണ്ടിയുണ്ടായ ആദ്യവതാരങ്ങളായതുകൊണ്ടു വിഷ്ണു ആദ്യം അവതരിച്ചതും വൈഷ്ണവമതം ഉത്ഭവിച്ചതും കേരളത്തിലാണെന്നു നമുക്കഭിമാനിക്കാവുന്നതാണു്. രഘുരാമ, ബലരാമ, ശ്രീകൃഷ്ണാവതാരങ്ങൾ കേരളത്തിലല്ലായിരുന്നുവെങ്കിലും രഘുരാമാവതാരകാര്യ നിർവഹണം പശ്ചിമതീരത്തിലുള്ള പഞ്ചവടിയിൽനിന്നു തുടങ്ങി കേരളത്തിൽകൂടി ലങ്കയിൽവെച്ചവസാനിക്കയാണല്ലോ ചെയ്തതു്. രാമകൃഷ്ണന്മാർ അവതരിച്ചതെവിടെയായിരുന്നാലും അവതാരകാര്യനിർവഹണത്തിനു വിജയംചെയ്തിരുന്നതു പശ്ചിമതീരത്തിലുള്ള ദ്വാരകയിലായിരുന്നു. പശ്ചിമതീരം കന്യാകുമാരിവരെ യാദവന്മാർ ഭരിച്ചിരുന്നുവെന്നും ചേരരാജാക്കന്മാർ ആ യാദവവംശത്തിൽ പെട്ടവരാണെന്നും ചരിത്രമുണ്ടു്. ഈ സംഗതികളൊക്കെ കൂടിയാലോചിച്ചാൽ വൈഷ്ണവമതം കേരളത്തിൽ ഉത്ഭവിച്ചു, കേരളത്തിൽനിന്നു ഭാരതഖണ്ഡം മുഴുവൻ വ്യാപിച്ചതാണെന്നു നിശ്ചയമായും നമുക്കഭിമാനിക്കാവുന്നതുതന്നെ. മററൊരു പ്രബലമായ തെളിവും ഇതിനുണ്ടു്. മഹാവിഷ്ണുവിന്റെ മിക്ക അവതാരങ്ങളും അസുരനിഗ്രഹത്തിനായിരുന്നല്ലോ. ഈ അസുരന്മാരൊക്കെ (രാവണാദികളും) തപസ്സുചെയ്തു ബ്രഹ്മാവിനെ പ്രത്യക്ഷപ്പെടുത്തി വരംവാങ്ങിയതും കേരളത്തിന്റെ വടക്കെ അതിർത്തിയിലുള്ള ഗോകർണ്ണത്തുവച്ചായിരുന്നു. വൈഷ്ണവമതം കേരളീയമതംതന്നെ. മഹാവിഷ്ണു പീതാംബരൻ ആണല്ലോ. രാമകൃഷ്ണാവതാരങ്ങളിൽ ബലരാമൻ നീലാംബരനും ശ്രീകൃഷ്ണൻ പീതാംബരനുമാണു്. മഹാവിഷ്ണു സൂര്യനാണെന്നും പ്രമാണമുണ്ടല്ലോ. നീലാംബരത്തിൽ പീതാംബരനായിട്ടാണു ബാലാർക്കൻ ഉദിച്ചു് ആകാശത്തിലേക്കു് ഉയരുന്നതു്. ചിങ്ങമാസത്തിൽ സൂര്യഭഗവാൻ പീതാംബരനായി സ്വക്ഷേത്രമായ ചിങ്ങംരാശിയിൽ വന്നുദിച്ചുയരുമ്പോൾ നമ്മളും പീതാംബരധാരികളായി ഭഗവാനെ സ്വീകരിക്കണം. പക്ഷെ പീതാംബരം കോടിതന്നെ വേണമെന്നു നിർബന്ധം വരാൻ എന്താണു കാരണം?

ഭൂമിദേവിയും ഓണക്കാലത്തു കോടിയുടുക്കുമല്ലോ. "ചന്തമേറിയ പൂക്കളും ശബളാഭമാം ദലങ്ങളും" കൊണ്ടു് അലംകൃതമായ തൃണനിർമ്മിതപച്ചച്ചേലയും ധരിച്ചു് ഭൂമിദേവി മഹാബലിയായ വിഷ്ണുഭഗവാനെ സ്വീകരിക്കുമ്പോൾ നമ്മളും കോടി ഉടുത്തു വേണമല്ലോ ഭഗവാനെ സ്വാഗതംചെയ്യേണ്ടതു്. നാലുമാസക്കാലത്തെ വർഷത്തിനിടയ്ക്കു വർദ്ധിച്ചിരുന്ന ദാരിദ്ര്യം കഷ്ടിച്ചു മുട്ടാതെ ഭക്ഷണത്തിനുതന്നെ തികയാതിരുന്നപ്പോൾ കോടിവാങ്ങുവാൻ കോപ്പില്ലായിരുന്നു. വർഷകാലത്തെ കലക്കൽവെള്ളത്തിൽ നനച്ചും മുക്കിയും നിഴലിലുണക്കിയും പെട്ടിയിലുണ്ടായിരുന്ന മുണ്ടെല്ലാം പഴന്തുണിയായിതീർന്നിരിക്കും. വർഷകാലം കഴിഞ്ഞാൽ കോടിവസ്ത്രംതന്നെ ഉടുക്കാതെ നിർവാഹമുണ്ടോ? കഴിവുള്ളവർ വാങ്ങിയുടുക്കും. കഴിവില്ലാത്തവർക്കു കഴിവുള്ളവർ വാങ്ങികൊടുക്കണം. കോടിയുടുപ്പിനു യോജിച്ച കുളിയും കുറിയും വിഭവപൂർണ്ണമായ ഊണും ആവശ്യംതന്നെല്ലോ. ചിങ്ങമാസത്തിൽ കർഷകരായ ഗൃഹസ്ഥർക്കു വിഭവങ്ങൾക്കു വല്ല കുറവുണ്ടോ? കൃഷിവേലക്കാർ ഓണക്കാഴ്ചയ്ക്കു ചേന, കാച്ചിൽ, മത്തൻ, വെണ്ട, കത്തിരി, വാഴക്കുല മുതലായവകൊണ്ടു വന്നു കാഴ്ചവയ്ക്കും. അങ്ങനെ കാഴ്ചകൾ വരുന്നവർക്കാണു ഗൃഹസ്ഥൻ ഓണക്കോടി കൊടുക്കേണ്ടതു്. ഗുരുജനങ്ങൾക്കു ഗൃഹസ്ഥൻ ഓണക്കോടി കാഴ്ചയായും കൊടുക്കണം. അവരുടെ അനുഗ്രഹം മാത്രമാണു ഗൃഹസ്ഥനു ഇങ്ങോട്ടു കിട്ടുന്നതു്. ഇതൊക്കെതന്നെ മഹാബലി.

ഇങ്ങനെയെല്ലാം മാഹാത്മ്യമുള്ള മഹാബലിയുടെ ഈയ്യാണ്ടത്തെ തിരുവോണദിവസം എല്ലാവർക്കും ഒരു "നവജീവനു"ണ്ടാകട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി മന്ത്രകോടിയുടുത്ത ഈ വിശേഷാൽപ്രതി മലയാളിമഹാജനങ്ങളുടെ മുമ്പാകെ ഓണക്കാഴ്ചയായി സമർപ്പിച്ചുകൊള്ളുന്നു.

——



# ഓണം

(കേക)

വള്ളത്തോൾ



കാലഭേദത്താലോരോ കാർവണ്ണമതിന്നതിൻ
മാലിന്യം ക്രമത്താലേ കഴുകിക്കളഞ്ഞുടൻ,
കൺകളാലദൃശ്യമായ് ദിവ്യമാമേതോഹസ്തം
വെൺകളിവീശിപ്പോരുമെന്നു ദിഗ്ഭിത്തികളിൽ;
വന്ദ്യമാം രവിബിംബമാകിയ ചക്രത്തിന്മേൽ-
നിന്നു നിർവ്വിഘ്നം കതിർനൂലുകൾ നീളുകയാൽ,
പൊരുതികെട്ട തണുത്തിരുന്നപാരിന്നെന്നോ
പരക്കെക്കിടക്കുന്നു തുമഞ്ഞപ്പുടവകൾ;
തുമ്പകൾപോലും നൂല്പുവേലയാലെന്നോവെൺനൂൽ-
ത്തുമ്പുകൾ വെളിപ്പെടുത്തുന്നു തൻചക്രത്തിന്മേൽ;
കേവലസത്വഗുണസ്വച്ഛനാം കലാധീശൻ
തൂവിനനിലാവെന്നു നീളെ നിർവൃതിനൽകും;
അമലനക്ഷത്രപ്പൊന്നലരിമലർകളാൽ
സമലംകൃതമായ് ഗഗനാങ്കണമെന്നോ,
പൈതങ്ങളുടെ വില്ലുകൊട്ടൽ, പൂവിളിയെന്നീ
സ്വാതന്ത്ര്യനിർഘോഷത്താൽക്കിടന്നു മുഴങ്ങുന്നു;

എന്നു നിസ്തീർണ്ണക്ലേശർ നെൽക്കൃഷിത്തൊഴിലാളർ
ചെന്നുചേർന്നീടും ചെംപൊൻവിളഞ്ഞുമിന്നുന്നേടം;
കുട്ടിയും കിഴവനും, മാഢ്യനും ദരിദ്രനും,
വിദ്വിയും വിരുതനും, വിപ്രനും പറയനും-
സർവ്വരുമൊരേമട്ടിൽ സ്വാദന്നസദസ്സാദി
സന്തൃപ്തരായിട്ടെന്നു സാഹ്ലാദം വിഹരിക്കും;
അന്നല്ലോ നമുക്കോണ—മന്നല്ലോ, സമത്വത്തിൽ
നന്ദിയ്ക്കു മൂഷിരാജ്യത്തിന്നുററ മഹോത്സവം!

ഓണമേ, വെൽവൂതാക, മാബലി മലയാളം
കാണുവാനെഴുന്നള്ളി വന്നിടും സുദിനമേ!
സദ്ദിനസാമ്രാട്ടെന്ന നിലയ്ക്കുചേരും വണ്ണ-
മുത്തമാതിഥിയാകുമങ്ങയെ കൈക്കൊൾവാനായ്,
പത്തുനാളിനുമുന്നേ ചമയൽനടത്തുന്നു
ഭക്തിയാൽ ഭൃഗുരാമഭൂവിലെക്കൊട്ടാരങ്ങൾ;
അഗ്രത്തിൽക്കൊളുത്തിയ മംഗളത്തിരി നീട്ടി
നില്ക്കുന്നു നിന്നർച്ചയ്ക്കായ് പ്പൂവണിമുക്കുററികൾ;
നെയ്തൽ താമരയാമ്പൽപ്പൂക്കൾ പുഞ്ചിരിപൂണ്ടു
നൂതന പരിമളം തളിപ്പൂതവമുന്നിൽ!

ഓണമേ, വെൽവൂതാക, മാബലിമലയാളം
കാണുവാനെഴുന്നള്ളി വന്നിടും സുദിനമേ!
ധർമ്മത്തിൻമുറി കെട്ടാനാരഴിച്ചെടുത്തുവോ
തന്മണിമുടിയിൽനിന്നുമ്പർകോൻ പട്ടംപോലും
ഹന്ത,യാതൊരു ജീവന്മുക്തനാം മഹാത്മാവു
ബന്ധവും വരിച്ചുവോ സത്യരക്ഷണത്തിന്നായ്,
ഏതൊരു നിത്യശ്രീമാൻ വാണരുളുകമൂലം
പാതാളത്തുറുങ്കതും മീതെയായ് സ്വർഗ്ഗത്തെക്കാൾ.
മൂർത്തിമത്ത്യാഗം താനാമത്തിരുവടി തൃക്കൺ-
പാർത്തനുഗ്രഹിയ്ക്കുന്നതേതുനാട്ടിനുമോണം!



# ഒരു പ്രാർത്ഥന

[ ഉള്ളൂർ ]



i

ഉൽകടക്രോധംപൂണ്ടു മത്സരിച്ചായോധന-
വ്യഗ്രരായ് രണ്ടുവീരർപുക്കിനാരടർക്കളം.
രണ്ടാനപ്പുറത്താണവർതന്നെഴുന്നള്ള-
ത്തുണ്ടാകാം പെട്ടെന്നവർക്കാറാട്ടം കീലാലത്തിൽ x
അങ്കത്തിൽ ജയിക്കാനോ ചാവാനോ സന്നദ്ധരായ്-
സംഖ്യവിട്ടവർക്കുണ്ടു രണ്ടാൾക്കും ശസ്ത്രാജീവർ
മിന്നുന്നു പടക്കൊടിക്കൂറകൾ; മുഴങ്ങുന്നു
ദുന്ദുഭിധ്വാനം; തുള്ളിച്ചാടുന്നു തുരംഗങ്ങൾ.
പാട്ടിലായ്പ്പോയീ ലഗ്നം കാലന്റെ സത്രത്തിന്നു;
കൂട്ടിമുട്ടാറായ്പ്പോയീ കൊള്ളിമീൻരണ്ടും തമ്മിൽ
സൂര്യനെക്കാണ്മാനില്ല മന്നിൽനിന്നെഴും ധൂളി
വാരിദവ്രാതംപോലെ വാനിടം മറയ്ക്കയാൽ
എങ്കിലും മധ്യാഹ്നമായെന്നോർത്തു ഭൂഭർത്തകൻ
തൻഗജസ്കന്ധംവിട്ടുതാഴത്തേക്കിറങ്ങിനാൻ,
അർക്കമണ്ഡലത്തേയുമായതിൽ ശോഭിക്കുന്ന
ചക്രപാണിയാംവിഷ്ണുതന്നെയും വന്ദിക്കുവാൻ.
അത്തക്കംകണ്ടാൻ മറ്റേമന്നവൻ;മുന്നോട്ടേയ്ക്കു
സത്വരം പായാൻതന്റെ സൈന്യത്തോടാജ്ഞാപിച്ചാൻ.
സേതുഭഞ്ജനംചെയ്ത സിന്ധുവിൻമട്ടസ്സേന-
സാദിയുംപദാതിയും —സത്വരംകുതിച്ചേറി.

ii

"എങ്ങുപോയസ്മൽസ്വാമി? എന്തു വാൻവിപത്തിതു?
തൻഗളംതദ്ദന്തിക്കു ശൂന്യമായ്ക്കാണുന്നല്ലോ!
പെട്ടുപോവാരുമൃത്യുവിൻവക്ത്രത്തിൽ? എന്നാൽപ്പിന്നെ-
ക്കഷ്ടമേ നാമാർക്കിനിക്കായത്തെ ത്യജിക്കണം?"
എന്നോർത്തുശങ്കാഭീതിശോകങ്ങൾക്കധീനമായ്-
പ്പിന്നോട്ടേയ്ക്കോടുന്നു നെട്ടോട്ടം മറ്റേസ്സൈന്യം.
"നിൽക്കുവിൻ! പ്രാർത്ഥിക്കുന്നുതമ്പുരാൻ താഴ"ത്തെന്നു
ചിക്കെന്നു ഗർജ്ജിക്കുന്നു സേനാനിയശ്വാരൂഢൻ,
ഏതുമേ ചെവിക്കൊൾവീലാവാക്യം ഹാഹാ! സേന;
വൈധവ്യംവന്നാൽ സ്ത്രീക്കുബാഹ്യമ്മ വാസാർഹമോ?
സേനയോടൊപ്പം ദ്വിപശ്രേഷ്ഠനും വിരണ്ടോടി
ദീനമാംതദ്രോദനം ദിക്കന്നും ഭേദിക്കവേ.
എന്തി,നമ്പൊന്നെയ്യാതെ, കൈവാളൊന്നിളക്കാതെ,-
യന്തകപ്രേഷ്യക്കല്പം ഭാരവും നൽകീടാതെ,
പ്രാർത്ഥിക്കും രാജാവിനെബ്ബന്ദിയാക്കിനാൻ പാഞ്ഞു
ശാത്രവക്ഷ്മാധവൻ സൌഖ്യമാ,യെന്നേ വേണ്ടു.
അത്രമേൽത്തിടുക്കമായ് പുൽകുവാൻ ജയശ്രീക്കു
രക്തചന്ദനംപൂശും മുൻപിൽ തദ്വക്ഷസ്സിനെ.
യുദ്ധത്തിൽച്ചിലക്കണ്ടാം മിത്രമായ്സ്വകീയമാം
ശക്തിയ,ല്ലരാതിതൻ മൂഢത്വം താൽകാലികം.

iii

ആ രാവിൽക്കിനാവൊന്നുകണ്ടാൻപോൽ കല്യാണദം
കാരാഗാരാന്തഃസ്ഥനാം കാശ്യപീസംക്രന്ദനൻ
"ധൂർത്തനോ നൃശംസനോ ദൈവമേ! ഭവാൻ? പേർത്തും
പ്രാർത്ഥനാമധ്യത്തിലിബ്ഭക്തനെച്ചതിച്ചല്ലോ."
ഇമ്മട്ടിൽത്താൻചൊന്നതും, ബോധിച്ചാൻ, തൽപ്രത്യുക്തി
കണ്മുന്നിൽക്കാണായ്കിലും കാർവർണ്ണൻ കഥിച്ചതും.
"വത്സ! നിൻദോഷാരോപം യുക്തമല്ലല്ലോ; കേൾക്കു
മത്സമാചാരംകൂടി,ച്ചിന്തിക്കു പിന്നീടല്പം
നിൻപെരുമ്പടക്കൂട്ടംപൊന്തിച്ച ധൂളിക്കുള്ളിൽ
വൻപെഴുംസഹസ്രാംശുമണ്ഡലം മറഞ്ഞുപോയ്;
ആയതിന്നകത്തായിപ്പോയ ഞാൻ നിന്നെക്കണ്ടീ-
ലായതാണപ്പോൾ വന്ന വൈഷമ്യമാകെന്തോവൂ?
കേൾക്കയുംചെയ്തീലനിൻയാച്ഞ ഞാൻ; രണോർവിയിൽ
വായ്ക്കുന്ന കോലാഹലം വിട്ടതങ്ങയന്നീല.
ആനതൻ പുറത്തിരുന്നർത്ഥിച്ചുവെന്നാൽപ്പക്ഷ
ഞാനതൊന്നല്പം കേൾക്കമത്തവ്വും തെററിപ്പോയി.
പോരുമായിരുന്നല്ലോ പോരതീന്നസ്സൂക്കിങ്ക-
ലാരജസ്സാമംമഗ്നമായിട്ടുനിൻപ്രാർത്ഥനം
എപ്പോൾ നീയിറങ്ങിയോ നിൻഗജസ്കന്ധത്തിൽനി-
ന്നപ്പോൾനിൻഭവ്യംതാഴെ വീണുപോയ്;തകർന്നുപോയ്."

iv

കേൾക്കായിവീണ്ടും നഭോവാണി: "ഒന്നോർക്കു സൌമ്യ!-
പോക്കളംതാനോ ദേവപൂജയ്ക്കുപാത്രം ക്ഷേത്രം?
യുദ്ധത്തിൽനേർത്തിടുവാൻ പ്രത്യർത്ഥിപാഞ്ഞെത്തുമ്പോൾ
ക്ഷത്രിയന്നായോധനംവിട്ടുസന്ധ്യോപാസ്തി?
ചിത്തണഞ്ഞെതിർത്തിടും ശാത്രവന്നെപ്പോൾ നിൽപ്പൂ
തീർത്ഥവാരിതൻബിന്ദുവാർദ്ധിയായ്പ്പുരോഭുവിൽ?
ചേലെഴും ഫലംനൽകും, പ്രാർത്ഥനം നിസ്സംശയം
കാലദേശാവസ്ഥാനുരൂപമായനുഷ്ഠിച്ചാൽ.
എന്നെ വിശ്വസിപ്പീലനീ;യതല്ലെന്നാൽ വീണ്ടു-
മന്നേരം പ്രാർത്ഥിക്കാൻ ഞാനത്രമേൽ പ്രമത്തനോ?
ധർമ്മത്തിൻവശത്തേ ഞാൻ നിൽക്കുവെന്നറിയാതെ-
യിമ്മട്ടിലെൻ സാഹായ്യം നേടുവാനോർത്തല്ലോ നീ.
കർത്തവ്യം സമസ്തവും ദൈവത്തിൻതലയ്ക്കേറവം
മുഢാൻ ഹാ! ജയശ്രീതൻ ദൃഷ്ടിയിൽ ക്ലീബോപമൻ.
തീയിൽപ്പോയ് നിമജ്ജിച്ചു; വെള്ളത്തിൽപ്പാകംചെയ്തു;
വായുവാൽ ഗ്രഹംതീർത്തു; മൂത്തിനാൽ ശ്വസിച്ചുനീ
വീരരായ്, വിക്രാന്തരായ്, വിശ്രുതന്മാരാമെത്ര-
പേരെ നീ രണോർവിക്കുപിൻപുറം കാണ്മാൻ നിർത്തി?
സർവാഭിസാരത്തോടും സംഗരത്തിന്നായെത്തി;
നിർവാദം പക്ഷേ ബുദ്ധിഗേഹത്തെക്കാക്കാൻ നിർത്തി.
ആയതിൻ ഫലത്തെനീയായുഷ്മൻ ഭുജിക്കുന്നു;
കായട്ടെ നിന്നുള്ളല്പം കൈവരാൻ കാര്യജ്ഞാനം."
ഏവമാണളിവ്യോക്തി,യെന്തുചെയ്തിടാം; വാണു
പാവമത്തുരങ്കിങ്കൽ പശ്ചാത്താപാർത്തൻ ചിരം.

---

x കീലാലം, ജലമെന്നും രക്തമെന്നും

# കേരളസംസ്കാരം

സാഹിത്യതിലകൻ ടി. കെ. വേലുപ്പിള്ള ബി. ഏ. ബി, എൽ.

ഇൻഡ്യയിൽ കുടിയേറിയ ആര്യന്മാരെ അപേക്ഷിച്ചു, ഇൻഡ്യയുടെ രാഷ്ട്രീയോന്നമനത്തിനും സംസ്കാരാഭിവൃദ്ധിക്കും വേണ്ടി യാതൊന്നും സംഭാവനചെയ്തിട്ടില്ലാത്തവരാണ് ദക്ഷിണേന്ത്യാനിവാസികളെന്നായിരുന്ന അഭ്യൂഹങ്ങളെ ആസ്പദമാക്കി ചരിത്രകാരന്മാർ വിശ്വസിച്ചിരുന്നത്. സിന്ധുഗംഗാതീരപ്രദേശങ്ങളിലെ സംസ്കാരത്തെപ്പറ്റി വിപുലമായ പാണ്ഡിത്യം സമ്പാദിച്ച മുൻ ചരിത്രകാരന്മാർ കൃഷ്ണാ, കാവേരി, പെരിയാർ എന്നീ നദീതീരങ്ങളെ അഗണ്യകോടിയിൽ തള്ളിക്കളഞ്ഞു.

ചരിത്രപ്രാധാന്യമുള്ള ഗ്രന്ഥം നിർമ്മിക്കാതിരുന്നതിൽ ഇൻഡ്യൻ ജനതയെ അപലപിച്ചു വരുന്നുണ്ട്. ഈ അപവാദം ഏറെക്കുറെ പരമാർത്ഥവുമാണ്. ചില കൃതികൾ നമുക്കു ഇല്ലാതില്ല. കലഹണൻെറ 'രാജതരംഗിണി', ബിൽഹണൻെറ 'വിക്രമാങ്കദേവചരിതം' ഭട്ടബാണൻെറ 'ഹർഷചരിത്രം' എന്നീ ഗ്രന്ഥങ്ങളുടെ പ്രാധാന്യത്തെ വലിയ ചരിത്രകാരന്മാർപോലും സമ്മതിച്ചിരിക്കുന്നു. ദക്ഷിണേന്ത്യയെ സംബന്ധിച്ചാണെങ്കിൽ, ഇവിടത്തെ വിശിഷ്ടമായ 'തമിഴ് സംഘം' സാഹിത്യം ലത്തീൻ, ഗ്രീക്ക് എന്നീ ഭാഷകളിലെ വിശ്രുതഗ്രന്ഥങ്ങളെക്കാളും പഴക്കമേറിയവയാണ്. 'ചിലപ്പതികാരം', 'മണിമേഖല', 'പതിററുപ്പത്ത്' ഇവയും 'പുറനാനൂറ്', 'അകനാനൂറ്' എന്നീ ഗ്രന്ഥങ്ങളെപ്പോലെയുള്ള മററു തമിഴ് ഗ്രന്ഥങ്ങളും ചരിത്രപരമായി വളരെ പ്രാധാന്യമുള്ളവയാകുന്നു. ആ ഗ്രന്ഥങ്ങളിൽ പ്രകീർത്തിക്കപ്പെട്ടിട്ടുള്ള വീരപരാക്രമികളായ രാജാക്കന്മാരും അവരുടെ അഭിവൃദ്ധ്യുന്മുഖങ്ങളായ പ്രവൃത്തികളും കേവലം സങ്കല്പങ്ങളായിരുന്നില്ല. "പതിററുപ്പത്ത്" എന്ന ഗ്രന്ഥത്തിൽ പുരാതന ചേരവംശത്തിലെ മഹാന്മാരായ രാജാക്കന്മാരുടെ ജീവിതത്തേയും അവരുടെ പ്രവൃത്തികളേയും കുറിച്ചുള്ള പല യഥാർത്ഥ്യങ്ങളേയും വെളിപ്പെടുത്തിയിരിക്കുന്നു.

ദക്ഷിണേന്ത്യാചരിത്രം പുതുതായി നിർമ്മിക്കുന്നതിനുള്ള ചില പരിശ്രമങ്ങൾ ഈയിടെ വിജയകരമായ വിധത്തിൽ ചെയ്തിട്ടുണ്ട്. ഇവിടെ ശിലാശാസനങ്ങൾ ധാരാളമായുണ്ട്; ഇവയ്ക്കു പുറമെ ഐതിഹ്യങ്ങളും സാഹിത്യഗ്രന്ഥങ്ങളും, ക്ഷേത്രരേഖകളും മററു രേഖകളും ഉണ്ട്. ചോളപാണ്ഡ്യപല്ലവരാജാക്കന്മാരുടെ ചരിത്രം ഇങ്ങനെയാണ് എഴുതപ്പെട്ടത്. മദ്രാസ് സർവ്വകലാശാല ഈ വിഷയത്തിൽ പ്രത്യേക താല്പര്യം പ്രദർശിപ്പിച്ചുവരുന്നുണ്ട്. എന്നാൽ ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ചില ഗ്രന്ഥങ്ങളുടെ നിർമ്മാതാക്കൾക്ക്, അവർ ഏതൊരു വിഷയത്തിൽ പ്രത്യേക പാണ്ഡിത്യം സമ്പാദിക്കാൻ ശ്രമിച്ചുവോ ആ വിഷയത്തിൽ മാത്രം അവരുടെ ശ്രദ്ധ പതിഞ്ഞുപോയതുമൂലം ദക്ഷിണേന്ത്യയുടെ സാമാന്യചരിത്രത്തെ സൂക്ഷ്മമായി മനസ്സിലാക്കി അഭിനന്ദിക്കാൻ കഴിയാതെ വന്നതു പരിതാപകരമായിരിക്കുന്നു. ഈ ഗ്രന്ഥകാരന്മാർ അവരുടെ പ്രത്യേക പര്യവേഷണവിഷയങ്ങളുമായി സ്വയം ലയിച്ചുപോകയാൽ അതുകൾക്കപ്പുറ



മുള്ള രാജാക്കന്മാരേയും ജനങ്ങളേയും നിസ്സാരമായി ചിത്രീകരിച്ചിരിക്കുന്നു. പാണ്ഡ്യചോളരാജ്യചരിത്രകാരന്മാർ, കവികളെപ്പോലെ പാണ്ഡ്യചോളരാജാക്കന്മാരെ അവർ യഥാർത്ഥത്തിൽ അർഹിക്കുന്നതിനെക്കാൾ കവിഞ്ഞ തരത്തിൽ വിജിഗീഷുക്കളായും രാജ്യതന്ത്രകുശലന്മാരായും ചിത്രണം ചെയ്യുന്നതിൽ ഔൽസുക്യമുള്ളവരായി കാണപ്പെടുന്നു. തങ്ങളുടെ 'നായകന്മാർ' ശത്രുരാജാക്കന്മാരെ ജയിച്ചു രാജ്യങ്ങൾ കീഴടക്കുന്നു. അതിലേക്ക് ഏതൊരു രാജ്യമുണ്ടെന്നന്വേഷിക്കുക തീരെ പ്രയാസമുള്ള കാര്യമല്ല. സഹ്യാദ്രിയുടെ പടിഞ്ഞാറുഭാഗത്തു രാജ്യമുണ്ട്. അത് ആരുടേയും വകയല്ലാത്ത ഒരു രാജ്യമായിട്ടാണു ഗണിക്കപ്പെട്ടിരിക്കുന്നത്. സ്തുതിപാഠകന്മാരിൽ ആരെങ്കിലും താൻ ഏതൊരു രാജാവിനെ ആശ്രയിച്ചുപജീവിക്കുന്നുവോ ആ രാജാവു ശത്രുരാജാവിനെ യുദ്ധത്തിൽ തോല്പിച്ചു രാജ്യം പിടിച്ചടക്കിയതായി ഒരു കഥയുണ്ടാക്കി കല്ലിലോ ചെമ്പിലോ രേഖപ്പെടുത്തുന്നു. ചോളപാണ്ഡ്യരാജാക്കന്മാർ കൊങ്കണം, കലിംഗം, കേരളം, മഗധം, മാൾവാ, ഗൂർജറാ, ചൈനാ ഈ രാജ്യങ്ങളുമായി നിരന്തരം യുദ്ധം ചെയ്തു വിജയികളായതായി പ്രസ്താവിച്ചിരിക്കുന്നു. വിദൂരസ്ഥലങ്ങളെ ജയിച്ചു കീഴടക്കിയ കഥയെ ചരിത്രകാരന്മാർ പരിത്യജിച്ചിട്ട് ആയോധനചതുരന്മാരെന്നു പറയപ്പെടുന്നവരുടെ രാജ്യത്തോടു തൊട്ടുകിടക്കുന്ന ചേരരാജാക്കന്മാരുടെ രാജ്യം പിടിച്ചടക്കിയതായി പറയപ്പെടുന്ന കഥയെ സ്വീകരിക്കുന്നു. ശിലാലിഖിതങ്ങളിൽ കേരളത്തെക്കുറിച്ചു പ്രസ്താവിച്ചിരിക്കുന്നതിൽനിന്ന്, കേരളത്തിൻെറ കോയ്മ അനേകം ഭരണാധികാരികൾക്കായി വിഭജിക്കപ്പെട്ടിരുന്നു എന്ന വസ്തുത മനസ്സിലാക്കാതെ അത് ഒരേ ഒരു രാജവംശത്തിൻെറ ഭരണത്തിലിരുന്നിരുന്ന ഒരു രാജ്യമായിരുന്നു എന്ന് അവർ വിചാരിക്കുന്നു. കേരളം എന്ന വാക്കിൻെറ അർത്ഥംപോലും അവർക്കു മനസ്സിലായിട്ടില്ല. പുരാതനകാലങ്ങളിൽ തിരുവിതാംകൂർരാജ്യം യഥാർത്ഥകേരളത്തിൻെറ വെളിക്കു വളരെ അകലെയാണു സ്ഥിതിചെയ്തിരുന്നത്. എന്നാൽ ഒരു കേരളരാജാവിനെ തോല്പിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളതു കാണുമ്പോഴൊക്കെ, അപ്രകാരം തോല്പിക്കപ്പെട്ടതു തിരുവിതാംകൂർരാജാവായിരുന്നു എന്നു വിചാരിക്കാൻ പല ചരിത്രകാരന്മാരേയും അവരുടെ അജ്ഞത പ്രേരിപ്പിച്ചിരിക്കുന്നു. പ്രാചീനകാലങ്ങളിൽ കേരളരാജ്യം മുഴുവനും ഭരിച്ചിരുന്ന പുരാതനചേരവംശത്തിലെ ജീവിച്ചിരിപ്പുണ്ടായിരുന്ന ഏകപ്രതിനിധി തിരുവിതാംകൂർ രാജവംശമായിരുന്നതായിരിക്കാം ഇങ്ങനെ വിചാരിക്കാൻ കാരണമായിത്തീർന്നത്.

ചോളപാണ്ഡ്യരാജാക്കന്മാർക്കു തിരുവിതാംകൂർ രാജാക്കന്മാരുടെമേൽ സിദ്ധിച്ചതായി പറയപ്പെടുന്ന വിജയങ്ങൾ കേവലം സങ്കല്പങ്ങൾ മാത്രമാണെന്നാണ് ഞാൻ പറയുന്നത്. ചോളപാണ്ഡ്യരാജാക്കന്മാർ തിരുവിതാംകൂർ രാജ്യം കീഴടക്കി എന്നു പറയുന്ന എല്ലാ കഥകളും കേവലം അവാസ്തവങ്ങളും ചരിത്രസമ്മതി ലഭിക്കാത്തവയുമാണ്.

തിരുവിതാംകൂർരാജ്യം ഒരുകാലത്ത് വിജയനഗരത്തിൻേറയും അതിൽപിന്നീടു മധുരനായിക്കന്മാരുടേയും സാമന്തരാജ്യമായിരുന്നു എന്നൊരു വിശ്വാസം പരക്കെയുണ്ട്. ഇതു ശരിയല്ല. വിജയനഗരരാജധാനിയിലെ രാജനാഥകവി എഴുതിയിട്ടുള്ള ഒരു കാവ്യത്തെ ആസ്പദമാക്കിയാണു തിരുവിതാംകൂർരാജ്യം വിജയനഗരരായൻ ആക്രമിച്ചു കീഴടക്കിയതായി പറയപ്പെടുന്നത്. (എന്നാൽ "അച്യുതരായാഭ്യുദയം" എന്ന കാവ്യം പരിശോധിക്കുന്നതായാൽ ആ വിജയപ്രസ്താവന കേവലം പൊങ്ങച്ചം മാത്രമാണെന്നു വെളിവാകുന്നതാണ്.) കപ്പം കൊടുക്കാതിരുന്നതാണു യുദ്ധത്തിനു കാരണമായതെന്നു കവി പറഞ്ഞിരിക്കുന്നു. തിരുവിതാംകൂർ മഹാരാജാക്കന്മാർ കപ്പംകൊടുത്തുകൊള്ളാമെന്നു ഉടമ്പടി ചെയ്തിട്ടുള്ളതിനു യാതൊരു തെളിവുമില്ല. ഉദയമാർത്താണ്ഡവർമ്മ പാണ്ഡ്യദേശത്തെ ആക്രമിച്ചു കീഴടക്കിയതാണ് യുദ്ധത്തിനു കാരണമായിത്തീർന്നതെന്നു ഒരു പണ്ഡിതൻ പ്രസ്താവിച്ചിരിക്കുന്നു. ഡാക്ടർ കൃഷ്ണസ്വാമിഅയ്യങ്കാർ ആ അഭിപ്രായത്തെ അനുകൂലിക്കുന്നു. തിരുവിതാംകൂർരാജാവു വിജയനഗരത്തിലെ ഒരു വലിയ സൈന്യത്തെ തോല്പിച്ചതായി ആൽഫൻസോ ആൽബുകർക്ക് രേഖപ്പെടുത്തിയിരിക്കുന്നു. കുറേക്കാലത്തിനുശേഷം വിഠലനും അദ്ദേഹത്തിൻെറ സൈന്യത്തിനും തിരുവിതാംകൂറിൻെറ പ്രാന്തപ്രദേശങ്ങളിൽവച്ച് അതിഭയങ്കരമായ ഒരു പരാജയം സംഭവിച്ചതായും നാം കാണുന്നുണ്ട്. മീൻപിടിത്തക്കാർ അധിവസിക്കുന്ന സമുദ്രതീരസ്ഥലങ്ങളെ പോർട്ടുഗീസുകാരിൽനിന്നു പിടിച്ചെടുക്കാനായി വിജയനഗരസൈന്യം തെക്കോട്ടേയ്ക്കു കടന്നുവരികയും തിരുവിതാംകൂർ, മീൻപിടിത്തക്കാർക്കു നൽകിയ സഹായംമൂലം അവർ രക്ഷപ്പെടുകയും ചെയ്തു. ഇതായിരുന്നു വാസ്തവത്തിൽ സംഭവിച്ചത്. വിജയനഗരസൈന്യം മഹാരാജാവുമായി യുദ്ധത്തിലേർപ്പെട്ടു വീണ്ടും പരാജിതമായി. പക്ഷേ ദക്ഷിണേന്ത്യാചരിത്രം എഴുതിയിട്ടുള്ള പലരും വിജയനഗരം തിരുവിതാംകൂറിനെ തോല്പിച്ചു എന്നും അങ്ങനെ തിരുവിതാംകൂർ കപ്പംകൊടുക്കാൻ നിർബന്ധിതമായിതീർന്നു എന്നും പറയുന്നതിൽ വളരെ കൗതുകമുള്ളതായി കാണുന്നു. അതുപോലെതന്നെ തിരുമലനായിക്കനും മങ്കമ്മാളും തിരുവിതാംകൂറിനെ തോല്പിച്ചു കീഴടക്കി എന്നു പറയുന്നകഥയും ചരിത്രപരമായ ഒരു വ്യാജപ്രസ്താവന മാത്രമാണ്.

കുറേക്കൂടി അടുത്ത കാലങ്ങളിലെ ചരിത്രവും അജാഗ്രതമൂലം വികലിതമായിതീർന്നിട്ടുണ്ട്. ഹൈദരാലിയുടേയും ടിപ്പുസുൽത്താൻേറയും ആക്രമണങ്ങളിൽനിന്ന് ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാ കമ്പനി തിരുവിതാംകൂറിനെ സംരക്ഷിച്ചിട്ടുള്ളതായി പൊതുവിൽ ഒരു വിശ്വാസമുണ്ട്. ഈസ്റ്റിൻഡ്യാ കമ്പനി തിരുവിതാംകൂറുമായുള്ള തങ്ങളുടെ സഖ്യത്തെ പരിപാലിക്കുകയും വിലയേറിയ സഹായങ്ങൾ നൽകുകയും ചെയ്തിട്ടുണ്ടെന്നുള്ളതിനെപ്പററി വിവാദമില്ല കമ്പനിക്കാർ ചെയ്തിട്ടുള്ള കാര്യങ്ങൾക്കു തിരുവിതാംകൂറുകാർ അവരോടു നന്ദിയുള്ളവരുമാണ്. എന്നാൽ ഇതിനൊരു മറുവശം കൂടിയുണ്ട്. കമ്പനിക്കാരുടെ ശക്തി തെക്കെ ഇൻഡ്യയിൽ വർദ്ധിപ്പിക്കുന്നതി

ൻ. അവരെ സഹായിച്ചതു തിരുവിതാംകൂറായിരുന്നു എന്നു ഞാൻ ധൈര്യമായി പറയുന്നു. കമ്പനി ഇൻഡ്യയുമായി കച്ചവടം ആരംഭിക്കുന്നതിനു തൊട്ടു മുമ്പുള്ള കാലത്തു്, പൗരസ്ത്യരാജ്യങ്ങളുമായി കച്ചവടം നടത്തിയ പാശ്ചാത്യശക്തികളിൽ ഏററവും പ്രബലന്മാർ ഡച്ചുകാരായിരുന്നു. ഇംഗ്ലീഷുകാർ വന്നപ്പോൾ ഡച്ചുകാർ മലബാറിലെ ഭരണാധികാരികളുമായി സഖ്യംചെയ്തു് ഇംഗ്ലീഷുകാരെ ഇൻഡ്യയിൽനിന്നു് ഓടിക്കാൻ വളരെയൊക്കെ ശ്രമിച്ചിരുന്നു. തിരുവിതാംകൂർ മഹാരാജാവായ മാർത്താണ്ഡവർമ്മ ഡച്ചുകാരെ അവരുടെ പ്രധാന സങ്കേതസ്ഥാനമായ മലബാറിൽനിന്നു് വാസ്തവത്തിൽ ഓടിക്കുകതന്നെ ചെയ്തു. പിന്നീടു ഫ്രഞ്ചുകാർ വന്നു തിരുവിതാംകൂറുമായി കത്തിടപാടുകളാരംഭിച്ചു. എന്നാൽ തിരുവിതാംകൂർ സംസ്ഥാനം ബ്രിട്ടീഷുകാരുടെ ഭാഗത്തു സ്ഥിരമായിതന്നെ നിന്നിരുന്നു. ആ സഖ്യം ഒന്നിനൊന്നു വർദ്ധിക്കുകയാണു ചെയ്തതു്. പതിനെട്ടാം ശതാബ്ദത്തിൽ ഈസ്റ്റിൻഡ്യാ കമ്പനി ഹൈദരാലിയുമായി യുദ്ധത്തിലേർപ്പെട്ടിരുന്നപ്പോൾ തിരുവിതാംകൂർ വിശ്വസ്തമിത്രമായിരുന്നതുകൂടാതെ ആളുകൊണ്ടും പണംകൊണ്ടും കമ്പനിക്കാരെ സഹായിച്ചിരുന്നു എന്നുള്ളവസ്തുത വിശ്രുതന്മാരായ ഗ്രന്ഥകാരന്മാർ അംഗീകരിച്ചിട്ടുമുണ്ടു്. മഹാരാജാവിൻെറ സൈന്യങ്ങൾ കമ്പനിക്കാർക്കുവേണ്ടി കർണ്ണാട്ടിക്കിൽ പല സ്ഥലങ്ങളിലും, തിരുനൽവേലി, ഡിൻഡിക്കൽ, കോയമ്പത്തൂർ, പാലക്കാട്ടു്, പൊന്നാനി എന്നീ ദിക്കുകളിലും പല യുദ്ധങ്ങളിലും ഏർപ്പെട്ടിരുന്നു. മലബാറിൽനിന്നു തിരുവിതാംകൂർവഴി തിരുനൽവേലിയിൽ കടക്കണമെന്നായിരുന്നു ഹൈദരുടേയും ടിപ്പുവിൻെറയും ഉദ്ദേശ്യം. ബ്രിട്ടീഷുകാരെ നിശ്ശേഷം തോല്പിച്ചു് അവരെ ഇവിടെനിന്നു് ഓടിക്കണമെന്നുള്ളതായിരുന്നു ഹൈദരുടേയും ടിപ്പുവിൻെറയും ലക്ഷ്യം. ഈ ഉദ്യമത്തെ സകല ശക്തിയും ഉപയോഗിച്ചു് തിരുവിതാംകൂർ മഹാരാജാവു് എതിർത്തു. അതായിരുന്നു തിരുവിതാംകൂറും മൈസൂറും തമ്മിലുള്ള യുദ്ധത്തിനു കാരണം.

തങ്ങളുടെ മിത്രമായ തിരുവിതാംകൂറിനെ ടിപ്പു ആക്രമിച്ചതുകൊണ്ടു കമ്പനിക്കാർ മൂന്നു മൈസൂർ യുദ്ധങ്ങൾ നടത്തിയതായി പല ചരിത്രഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു. ടിപ്പുവിൻെറ സൈന്യം വലിയ നാശങ്ങൾ ചെയ്തുകൊണ്ടു തിരുവിതാംകൂർ അതിർത്തിയിൽ യുദ്ധം ചെയ്തുകൊണ്ടിരിക്കെ, ഗവർണ്ണർ ഹാലൻഡ് നിശ്ചലനായിരുന്നതുനിമിത്തം യുദ്ധം ആവശ്യമായി വന്നു. സ്വസംരക്ഷണാർത്ഥവും ഉടമ്പടിയിലെ വ്യവസ്ഥകളുടെ നിർവ്വഹണത്തിനും കമ്പനിക്കാർ ടിപ്പുവുമായി യുദ്ധം ചെയ്യേണ്ടിവന്നു. എന്തൊക്കെ ആയിരുന്നാലും തിരുവിതാംകൂർ ഈസ്റ്റിൻഡ്യാ കമ്പനിക്കു ചെയ്ത സഹായങ്ങൾ തിരുവിതാംകൂറിനു കമ്പനിക്കാരിൽനിന്നു ലഭിച്ച സഹായങ്ങളെക്കാൾ ഒട്ടും താണ പടിയിലുള്ളവയല്ലായിരുന്നു.

തങ്ങളുടെ കഥാനായകന്മാരെ വിജയശ്രീലാളിതരാക്കേണ്ട ഘട്ടം വരുമ്പോൾ മാത്രമേ ദക്ഷിണേന്ത്യാചരിത്രകാരന്മാർ കേരളത്തേയും തിരുവിതാംകൂറിനേയും കുറിച്ചു് എന്തെങ്കിലും പ്രസ്താവിക്കുന്നുള്ളു എന്നതു് അത്ഭുതമായിരിക്കുന്നു. മലബാറിലെ സാമുദായിക സ്ഥിതികളേയോ, അവിടത്തെ രാഷ്ട്രീയ സംഘടനയേയോ സംസ്കാരത്തിൻെറ ഗതിയേയോ കുറിച്ചു അവർക്കു യാതൊന്നും പറയാനില്ല. വടക്കുനിന്നും വന്ന മഹമ്മദീയ സേനാനികൾ 14-ാം ശതാബ്ദത്തിൽ ദക്ഷിണേന്ത്യയെ അടിമുടി കിടുകിടെ വിറപ്പിച്ചു അടിപണിയിച്ചപ്പോൾ, രാജ്യത്തെ അവരുടെ ആക്രമണങ്ങളിൽനിന്നു വിമുക്തമാക്കിയതു് തിരുവിതാംകൂറിലെ വിക്രമവാരിരാശിയായ രവിവർമ്മ കുലശേഖരനായിരുന്നു എന്നുള്ളതു പരക്കെ അറിവുള്ളതാണു്. തോൽവി എന്താണെന്നറിഞ്ഞിട്ടില്ലാത്ത അദ്ദേഹം 'രാജാധിരാജ പരമേശ്വര' എന്ന ബിരുദം സ്വീകരിച്ചുകൊണ്ടു കാഞ്ചീപുരത്തും അതിൽ പിന്നീടു ശ്രീരംഗത്തും തിരുവടിയിലും വച്ചു ദക്ഷിണേന്ത്യാ ചക്രവർത്തിയായി കിരീടം ധരിച്ചു. അദ്ദേഹത്തിൻെറ ഭരണാധികാരം വടക്കു നെല്ലൂർവരെ വ്യാപിച്ചിരുന്നു. അതു് വിജയനഗര രാജാക്കന്മാർക്കു ഭരണാധികാരം സിദ്ധിക്കുന്നതിനു മുമ്പായിരുന്നു. കോഴിക്കോട്ടു സാമൂതിരി മുതലായ മലബാറിലെ ഭരണാധികാരികളുടെ സൽപ്രവൃത്തികളെപ്പററിയും ദക്ഷിണേന്ത്യാചരിത്രകാരന്മാർക്കു യാതൊരറിവുമില്ല. ഇൻഡ്യയുടെ സംസ്കാരാഭിവൃദ്ധിക്കു പശ്ചിമതീരരാജ്യങ്ങളിൽനിന്നു ലഭിച്ചിട്ടുള്ള സംഭാവനകളെ വേണ്ടപോലെ വിലമതിക്കുന്നതിൽ ചരിത്രകാരന്മാർ കാണിച്ചിട്ടുള്ള അനാസ്ഥ കൂടുതൽ കുററകരമായിരിക്കുന്നു. ചേരരാജാക്കന്മാർ പുരാതന തമിഴ്സാഹിത്യത്തിൻെറ രക്ഷാധികാരികളായിരുന്നു. സംസ്കൃതഭാഷാ പരിപോഷണത്തിനു കേരളത്തിലെ പണ്ഡിതവര്യന്മാരെപ്പോലെ യാതൊരു ജനതയും പരിശ്രമിച്ചിട്ടില്ല. വാസുദേവൻ, കുലശേഖരൻ, ശങ്കരൻ, നാരായണഭട്ടൻ ഇവരെല്ലാം പശ്ചിമതീരക്കാരായിരുന്നു. അവരുടെ വിദഗ്ദ്ധത്വം സാഹിത്യത്തിൽ മാത്രമല്ല പ്രതിഫലിച്ചു കണ്ടതു്. വൈദ്യം, ജ്യോതിഷം എന്നിവയിലും കേരളീയപണ്ഡിതന്മാർ വളരെയൊക്കെ പരിശ്രമിച്ചിട്ടുണ്ടു്. ഇൻഡ്യൻനടനകല അതിൻെറ ഉത്കൃഷ്ടമായ നിലയെ പ്രാപിച്ചതു് കന്യാകുമാരിക്കും ഗോകർണ്ണത്തിനും ഇടയ്ക്കുള്ള രാജ്യത്തായിരുന്നു. പരിഷ്കൃതലോകംമുഴുവനും ഇന്നു കഥകളിയെ ബഹുമാനിക്കുന്നുണ്ടു്. വിദ്വത്വവും വിദ്വാന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സന്നദ്ധതയും തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ ജന്മാവകാശമായിരിക്കുന്നു. കോഴിക്കോട്ടു സാമൂതിരിയുടെ സദസ്സ് തത്വശാസ്ത്രപരമായും സാഹിത്യസംബന്ധമായുമുള്ള വ്യവഹാരങ്ങളെക്കൊണ്ടു മുഴങ്ങിയിരുന്നു. പ്രാചീനലോകത്തെ കച്ചവടക്കാർ ധാരാളമായി വന്നുചേ

# എൻെറ ഗുരു



ശ്രീനാരായണഗുരുസ്വാമികൾ



[മണയ്ക്കൽ എം. കുഞ്ഞുരാമൻ]

ആർഷമാം സംസ്കാരത്തിൻ വാരൊളിക്കതിർവീശി
ഹർഷമീജഗത്തിന്മേൽ വർഷിച്ച ഗുരോ; തൊഴാം.

ഏതൊരു ദിവ്യശബ്ദമുൽക്കർഷമേകീടുന്നി-
തേതൊരുരൂപധ്യാനമാശ്വസിപ്പിപ്പൂ നമ്മെ;
ആരുടെ ദിവ്യനാമം മർദ്ദിതലക്ഷങ്ങൾക്കു-
വരണ്ടവിണ്ടനാവിലമൃതം ചൊരിയുന്നു,
ആരുടെയുപദേശകല്പകമലർത്തേനാ-
ന്നാനന്ദഭരിതരായ് നാമിങ്ങു കഴിയുന്നു
സ്വാതന്ത്ര്യപ്പൂനിലാവിൽ നമ്മളിന്നാറാടുവാ-
നാരാണു ഹേതുഭൂത, നദ്ദിവ്യഗുരുവിൻെറ-
ശ്രീനാരായണയോഗിവര്യൻെറ —ജന്മർക്ഷമാ-
മാനന്ദസുദിനമേ! സുതരാം ജയിച്ചാലും,!!

നിന്ദിതദുരാചാരക്കാടുകൾക്കുള്ളിൽ വീ-
ണന്ധരായ് ചൊങ്ങിത്താണവലയും ജനങ്ങളെ
ബന്ധുരകരം നീട്ടിപ്പുലർത്തിപ്പുണർന്നൊരു-
ബന്ധുവാം ഗുരുതന്നെ നമ്മൾക്കു നിത്യാരാദ്ധ്യൻ.

ഉച്ചണ്ഡമാകും ജാതിക്കോട്ടതന്നടിച്ചുഴിന്ന-
ങ്ങുത്തമസ്വാതന്ത്ര്യമാം പൂന്തേൻ ചിന്നിച്ചിന്നി,
തപ്തർതൻ ചിന്താരത്ന മുരസിത്തെളിച്ചുകൊ-
ണ്ടക്ഷോഭം ഗുരുവാക്യനിർമ്മല മഹാനദി,
സ്വച്ഛമായ് കൂലം കവിഞ്ഞൊഴുകിസ്സാഹോദര്യാൽ-
കൃഷ്ടമാം പാലാഴിയായ് സ്വച്ഛന്ദം പ്രസരിപ്പൂ!!
ബ്രഹ്മജ്ഞൻ നാനാഗുണസമ്പൂർണ്ണനനാവിലൻ
നിർമ്മമൻ സാധുജനോദ്ധാരകൻ ഗുരുദേവൻ
നിർമ്മിച്ച പരിപൂതാരാമം തന്നിലീലോകം
നിർമ്മായം വിഹരിച്ചു നിർവൃതി നേടീടട്ടെ!



# കലാവതി

(സി. വി. കുഞ്ഞുരാമൻ)

"ഭാസ്വരവർണ്ണ സ്വരൂപീ
ഭാരതീ കലാവതീ"

എന്നൊരു സരസ്വതീസ്തോത്രത്തിന്റെ പല്ലവി പലരും കേട്ടിരിക്കാം. അതി മനോഹരമായ രാഗത്തിലും മട്ടിലുമുള്ള ഈ സ്തോത്രഗാനത്തെപോലെ ഹൃദയാവർജ്ജകമായ ഒരു സ്തോത്രഗാനം ഞാൻ കേട്ടിട്ടില്ലെന്നു തന്നെ പറയാം. ഈ സരസ്വതീസ്തോത്രത്തിൽ "കലാവതി"യെന്നു ഒരു സരസ്വതീ പര്യായം കാണുന്നുണ്ടല്ലോ. മനുഷ്യ സമുദായത്തിന്റെ പരിഷ്ക്കാരത്തിനും സംസ്ക്കാരത്തിനും കലാഭിവൃദ്ധി ആവശ്യമെന്നു ആരും സമ്മതിക്കും. കലകൾ 64 - ഉണ്ടെന്നാണു പറയുന്നതു്. ഈ അറുപത്തിനാലിന്റെയും പേരു പുസ്തകത്തിൽ നോക്കിയല്ലാതെ പറവാൻ എനിക്കു സാധിക്കയില്ല. എന്തെല്ലാമാണു കലാവിദ്യകളെന്നു ഏതു മലയാള പണ്ഡിതനോടും ചോദിച്ചാൽ വളരെ ആലോചിച്ചു, കൂടിയപക്ഷം ഒരു ഡസൻ കലാവിദ്യകളുടെ പേരു ഊഹിച്ചൂഹിച്ചു പറഞ്ഞുവെന്നു വരാം.

എല്ലാവർക്കും പേരറിയാവുന്ന 5- കലാവിദ്യകളുണ്ടു്. അവ സാഹിത്യം, സംഗീതം, വാദ്യം, നൃത്തം, ചിത്രശിൽപം ഇവ അഞ്ചുമാകുന്നു. ഈ അഞ്ചിലേയും ശാസ്ത്രീയമായി നല്ലപോലെ അഭ്യസിച്ചു തഴക്കം വന്നവർക്കു മാത്രമേ വൈദഗ്ദ്ധ്യത്തോടുകൂടി അതിനെ പ്രയോഗിച്ചു ഹൃദയാവർജ്ജകമാക്കി തീർക്കുവാൻ കഴിയുകയുള്ളു. ഈ അഞ്ചിലും പ്രധാനം സാഹിത്യമാണു്.

സാഹിത്യകല അക്ഷരവിദ്യ ഗ്രഹിച്ചവർക്കല്ലാതെ സ്വാധീനപ്പെടുത്തുക സാദ്ധ്യമല്ല. അക്ഷരങ്ങൾക്കു വർണ്ണങ്ങളെന്നും പറയുമല്ലോ. മേൽ ഉദ്ധരിച്ച സരസ്വതീസ്തോത്രത്തിൽ സരസ്വതിയെ "കലാവതി"യെന്നു കീർത്തിച്ചതുപോലെ തന്നെ "വർണ്ണസ്വരൂപി"യെന്നും കീർത്തിച്ചിട്ടുണ്ടു. "അമ്പത്തൊന്നക്ഷരാളീ കലിതതനുലതേ" എന്ന സരസ്വതീവർണ്ണനം കേൾക്കാത്തവർ കാണില്ല. "വാണിമാതാവേ വർണ്ണവിഗ്രഹേ" എന്നു എഴുത്തച്ഛനും പ്രയോഗിച്ചിട്ടുണ്ടല്ലോ. അക്ഷരവിദ്യ പഠിക്കാതെ ഒരു കലാവിദ്യയും കലാവല്ലഭനെന്നു പ്രസിദ്ധി ലഭിക്കത്തക്കവണ്ണം അഭ്യസിക്കുവാൻ സാദ്ധ്യമല്ല. 64 കലകളിലും വല്ലഭന്മാരായിരിക്കുന്ന ജനങ്ങളുടെ സംഖ്യ വർദ്ധിക്കുന്നതിനു തക്കവണ്ണമാണു നാട്ടിൽ പരിഷ്ക്കാരവും, സംസ്ക്കാരവും വർദ്ധിക്കുന്നതു്.

5 കലകളാണല്ലൊ മുഖ്യം. അവയിൽ സാഹിത്യകല ബഹുശാഖകളോടുകൂടിയ ഒരു കലയാകുന്നു. അതിൽ ചില ശാഖകളേ നമ്മുടെ ഇടയിൽ കുറച്ചെങ്കിലും വികസിച്ചിട്ടുണ്ടെന്നു പറവാൻ നിവൃത്തിയുള്ളു. പല സാഹിത്യ പ്രസ്ഥാനങ്ങളും കഴിഞ്ഞു ഖണ്ഡകാവ്യ പ്രസ്ഥാനത്തിൽകൂടി ഖണ്ഡകഥാ പ്രസ്ഥാനത്തിലേക്കു നമ്മുടെ യുവസാഹിത്യകാരന്മാർ ഭാഷാസാഹിത്യത്തെ ഇപ്പോൾ ഇറക്കിയിട്ടുണ്ടെന്നുള്ളതിന്റെ ലക്ഷണം "നവജീവനി"ൽതന്നെ കാണാമല്ലോ.



ശൃംഗാരത്തിന്റെ ഏതെങ്കിലും ഒരു ശൃംഗത്തെ സ്പർശിക്കാത്ത, വൻ കഥകളും ചെറുകഥകളും ചുരുക്കമാണു്. ഇല്ലെന്നുതന്നെ പറയാം. നവരസങ്ങളിൽ ഏതെങ്കിലും ഒന്നില്ലാത്ത കഥയില്ലല്ലൊ. ശൃംഗാരത്തിനു രസരാജത്വമാണു രസവേദികൾ കല്പിച്ചിരിക്കുന്നതു്.

"കരുണമൊരുരസം താൻ
ഹേതുഭേദനനാനാ
പരിണതിയെ വഹിച്ചീ-
ട്ടുന്നതേ മാറിമാറി"

എന്നൊരു രസജ്ഞനായ മഹാകവി ഒരു രസശാസ്ത്രസിദ്ധാന്തം പറയുന്നു. "തിര,നുര, ചുഴിയെന്നിച്ചൊന്നതെല്ലാം" വെള്ളംതന്നെ എന്നൊരു ദൃഷ്ടാന്തവും അദ്ദേഹത്തിന്റെ ശാസ്ത്രസിദ്ധാന്തത്തിനു ഉദ്ധരിച്ചിട്ടുണ്ടു്. "അക്ബർ വൃത്തത്തിനു ചേർന്നില്ലെങ്കിൽ വൃത്തം അക്ബറെക്കൊപ്പിക്കുക" എന്ന വിധിയാണു് ഈ മഹാകവി എടുത്തതെന്നു സംശയിച്ചുകൂടായ്കയില്ല. ശൃംഗാരം വൃത്തത്തിനിണങ്ങാഞ്ഞിട്ടു വൃത്തത്തിനിണങ്ങിയ കരുണം പ്രയോഗിച്ചതായിരിക്കാം. ശൃംഗാരമൊരു രസംതന്നെ "ഹേതുഭേദേന നാനാ പരിണതിയെ വഹിച്ചു" ഉണ്ടാകുന്നതാണു മറ്റു രസങ്ങളെല്ലാവും. ശൃംഗാരദേവതയായ കാമദേവനു് "ശൃംഗാരയോനി"യെന്നും "ശ്രീപുത്രനെ"ന്നും പര്യായങ്ങളുണ്ടല്ലോ. ശ്രീ എന്ന പദത്തിനു സൗന്ദര്യം, ഐശ്വര്യം, ശോഭ, ലക്ഷ്മി എന്നെല്ലാം അർത്ഥങ്ങളുണ്ടു്. അവയിൽ ഓരോന്നിലുംനിന്നു ശൃംഗാരം ഉത്ഭവിക്കുന്നതാകയാലാണു ശ്രീപുത്രൻ ശൃംഗാരയോനിയായതു്. രജോഗുണ മൂർത്തിയായ സാക്ഷാൽമഹാവിഷ്ണുവിനെപോലെ കൗസ്തുഭരത്നം, മഞ്ഞപ്പട്ടുടയാട മുതലായ വേഷഭൂഷാദികൾ ശൃംഗാരരസോല്പാദനത്തിനു ആവശ്യമാണു്. ശൃംഗാരികൾ ഐശ്വര്യപ്രിയന്മാരാണു്. അവർക്കു ധാരാളം സമ്പത്തുവേണം, മനോഹരങ്ങളായ മണിമാളികകൾവേണം, സർവത്തുദലസുമഫലാഢ്യങ്ങളായ ഉദ്യാനങ്ങൾവേണം, ഉദ്യാനങ്ങളിൽ കുയിലുകളുടെ കളകൂജനങ്ങളും, മയിലുകളുടെ മനോഹര നൃത്തങ്ങളും, സദാപി മന്ദമാരുതപ്രസരവും ഉദ്യാനത്തിനുള്ളിൽ നീരന്ധ്രങ്ങളായി,ച്യുതപുഷ്പകീർണ്ണങ്ങളായി കിടക്കുന്ന ലതാഗൃഹങ്ങളുംവേണം. വസന്തകാലവും പൂർണ്ണചന്ദ്രപ്രകാശവും തികഞ്ഞാൽ പിന്നീടു പഞ്ചസായകങ്ങൾ സ്വയമേവാഗതങ്ങളാവും. ഇത്രയൊക്കെ സംഭാരങ്ങൾ കൂട്ടാതെയും ഭീതസമായി കൂട്ടിയും ശൃംഗാരം വരുത്താമെന്നുള്ളതിനു ഒരു ചെറുകഥ ഇവിടെ ഉദ്ധരിക്കാം.

ഡാക്ടർ പല്പു മൈസൂറിൽ സാനിട്ടറി കമ്മിഷണറായിരിക്കുമ്പോൾ അവിടെയുള്ള ജനങ്ങൾക്കു ശുചീകരണബോധമുണ്ടാകുവാൻ ഒരു ഹെൽത്തു ഡ്റാമാ (ആരോഗ്യനാടകം) നിർമ്മിച്ചു. ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ആ ഡ്റാമാ എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും അഭിനയിക്കണമെന്നു് അഭിപ്രായപ്പെട്ടുകൊണ്ടു അദ്ദേഹം ഡ്റാമാ ഗവർമ്മെന്റിലേക്കയച്ചു. അതു പരിശോധിച്ചു അഭിപ്രായം പറയാൻ ഒരു പണ്ഡിതപരിഷത്തിനെ ഗവർമ്മെന്റു ചുമതലപ്പെടുത്തി. പരിഷത്തുകാർ പരിശോധിച്ചു ഡ്റാമാ നല്ലതുതന്നെയെങ്കിലും ഡ്റാമായിൽ ശൃംഗാരമില്ലെന്നു ഒരു ന്യൂനതപറഞ്ഞു. ഈ ന്യൂനതയെ പരിഹരിക്കു

[ശേഷം 59-ാം പേജിൽ]

ന്നിരുന്നതു അവിടെയായിരുന്നു. ഇൻഡ്യയിൽ ഇപ്പോഴുള്ള ഏതൊരു തുറമുഖവും ഉണ്ടാകുന്നതിനു വളരെ മുമ്പുമുതല്ക്കേ കൊല്ലവും, കൊടുങ്ങല്ലൂരും, കോഴിക്കോടും പ്രധാന വാണിജ്യകേന്ദ്രങ്ങളായിരുന്നു. ഈ തുറമുഖങ്ങളിൽ ഹിന്ദുവും, മഹമ്മദീയനും ജൂതനും, ക്രിസ്ത്യാനിയും ഭരണാധികാരികളുടെ സംരക്ഷണയിൽ സാഹോദര്യേന കഴിഞ്ഞിരുന്നു. മലബാർ നമ്പൂതിരിമാർ പുരാതനവൈദീക ബ്രാഹ്മണരുടെ പ്രാതിനിധ്യം വഹിക്കുന്നു. ബുദ്ധമതവും ജൈനമതവും കേരളത്തിൽ പ്രചരിച്ചിരുന്ന എന്നുള്ളതിനു ചരിത്രമുണ്ടു്. അപ്പോസ്തലനായ സെയിൻറ് തോമസ് ക്രിസ്ത്വബ്ദം ഒന്നാംശതകത്തിൽ മലബാർ സന്ദർശിക്കയും അനേകം പള്ളികൾ സ്ഥാപിക്കയും ചെയ്തു. ഹെജിറായ്ക്കു ശേഷം നൂറു സംവത്സരങ്ങൾക്കുമുമ്പായിത്തന്നെ തിരുവിതാംകൂറിലും കേരളത്തിന്റെ മറ്റുഭാഗങ്ങളിലും വന്നുചേർന്ന മുസ്ലിങ്ങളെവളരെസൗഹാർദ്ദത്തോടുകൂടിയാണു് സ്വീകരിച്ചതു്. ഇൻഡ്യയുടെ ഈ ഭാഗത്തെ ഹിന്ദുമതസംരക്ഷകരായ തിരുവിതാംകൂർ മഹാരാജാക്കന്മാർ എല്ലാ മതക്കാരോടും തുല്യനിലയിലാണു് പെരുമാറിയിരുന്നതു്. ദക്ഷിണേന്ത്യാചരിത്രത്തെ ഇതുവരെ വളരെ ഇടുങ്ങിയതും മതിയാകാത്തതുമായ രീതിയിലാണു് വീക്ഷിച്ചുരുന്നതു്. ഇതു ശരിയല്ലെന്നാണു ഞാൻ പറയുന്നതു്. ദക്ഷിണേന്ത്യാ ചരിത്രത്തിന്റെ സാമാന്യസ്വഭാവത്തിൽ ഉൾപ്പെടുന്ന ചോള പാണ്ഡ്യ പല്ലവരാജാക്കന്മാരുടേയും, വിജയനഗരരാജാക്കന്മാരുടേയും, മധുരയിലെ നായിക്കന്മാരുടേയും, കർണ്ണാട്ടിക്കിലെ നവാബുമാരുടേയും ചരിത്രത്തെ തിരുവിതാംകൂർ ചരിത്രത്തിലേയും കേരളചരിത്രത്തിലേയും സ്ഥാപിതങ്ങളായ വസ്തുതകളെ ആസ്പദമാക്കി പുനഃപരിശോധന നടത്തേണ്ടതാകുന്നു. അങ്ങനെ പരിശോധിക്കാതെ എഴുതുന്ന ഏതൊരു ചരിത്രവും അവ്യക്തവും അവാസ്തവവുമായി അവശേഷിക്കുന്നതാണു്.

— —

# കൊടുങ്കാററ്



ചങ്ങമ്പുഴ

i

ഏറിവെയ്‌ലേററേററു സർവ്വാംഗം പൊള്ളുന്നല്ലോ
വരൂ നീ വരൂ വേഗം വർഷത്തിൻ കൊടുങ്കാറേറ!
ഉല്ലോലപ്രഭാവോഗ്രനായ നിന്നിടിവെട്ടിൽ
ചക്രവാളാന്തംപോലും ചിതറിത്തെറിക്കട്ടെ!
ഒന്നൊന്നായ് പൊടിമണ്ണിൽ തട്ടടർന്നടിയട്ടേ
പൊന്നിൻെറ ഗർവ്വംകാട്ടി മിന്നുമാ നക്ഷത്രങ്ങൾ!
ഇല്ലൊരുസമാധാനമിങ്ങെങ്ങും—ചുററും വെറും-
പൊള്ളലാണടങ്ങാത്ത ദാഹമാണിവിടത്തിൽ!
ഉമിനീർപോലുംവററി വരളും തൊണ്ടയ്ക്കക-
ത്തമരാനാവതുള്ള പൊട്ടിയ ഞരക്കങ്ങൾ
നിമിഷം തോറും മേന്മേലെൻ ചുററും പൊതിയുന്നു
നിയമം വടിയോങ്ങി "നിശ്ശബ്ദ"മെന്നോതുന്നു!
മർത്ത്യസംസ്കാരത്തിൻെറ നേട്ടമാണത്രേ, സാധു
മർദ്ദനം, പരിഷ്കാരമാണത്രേ രക്തോൽസവം!
അരുതീപ്പൊരിവെയ്‌ലിലിനിയും കഴിക്കുവാൻ
വരൂ നീ വരൂ വേഗം വർഷത്തിൻ കൊടുങ്കാറേറ!

ii

കാലികളേക്കാൾ കഷ്ടം നിങ്ങളെൻ സഹജരേ
കാലിലക്കിടക്കുന്ന ചങ്ങല കാണുന്നില്ലേ?
ഒന്നതു പൊട്ടിക്കാതെ, നിങ്ങളായിനി നിങ്ങൾ-
ക്കെന്തിനിക്കഴിയും?—ഹാ പരതന്ത്രന്മാർ നിങ്ങൾ!
അടികൊണ്ടനങ്ങാതെ ഭാരവും പേറിപ്പോരു-
മടിമക്കഴുതകളല്ലല്ലി കഷ്ടം നിങ്ങൾ!
നമിക്കാൻമാത്രം നിങ്ങൾക്കുണ്ടൊരു ശിര,സ്സെന്നും
ക്ഷമിക്കാൻമാത്രംവേണ്ടി സ്പന്ദിക്കും നെഞ്ചിൻകൂടും
സ്തുതികീർത്തനം പാടാനുണ്ടൊരു ജിഹ്വാനാളം
സതതം ദാസ്യംചെയ്യാനുണ്ടൊരു കരാഞ്ചലം!
എന്നിട്ടും, സർവ്വജ്ഞരാണെന്നാണു ഭാവം നിങ്ങൾ-
ക്കെന്നിനി നോക്കിക്കാണും നിങ്ങൾ നിങ്ങളെത്തന്നെ!

iii

ഭാവശുദ്ധകളെന്ന കീർത്തിമുദ്രയും ചാർത്തി-
ബ്ഭാരതാംഗനകളേ ഞെളിയുന്നല്ലോ നിങ്ങൾ
സീതയും, സാവിത്രിയും, ഭാമയും തങ്ങൾക്കുണ്ടെ-
ന്നോതിയാൽ കഴിഞ്ഞെന്നോ നിങ്ങൾതൻ സമാധാനം
അക്കഥയെല്ലാമിരുന്നിന്നയവിറക്കിയാ-
ലുൽക്കർഷമായെന്നാണോ നിങ്ങൾ തന്നഭിമാനം?
രാമരത്തണലത്തു വട്ടമിട്ടേവം നിന്നു
മാവേലിപ്പാട്ടുംപാടിക്കൈകൊട്ടിക്കളിക്കുമ്പോൾ;
മന്മഥൻ മഷിതേച്ചമട്ടെഴും നീലാഞ്ജനജാല.
കൺമുന മിന്നൽപ്പിണരോരോന്നായെറിയുമ്പോൾ
മുത്തണിപ്പൊൻമാലകൾമീതെ വീണലഞ്ഞുല-
ഞ്ഞുത്തുംഗവക്ഷോജങ്ങളിളകിത്തുളുമ്പുമ്പോൾ
അറിയാ,തതുകണ്ടി,ട്ടെൻ മിഴികളിൽപ്പേർത്തും
നിറയുന്നു, ഹാ ചൂടു കണ്ണുനീർ കണികകൾ
അമൃതം തുളുമ്പുമപ്പോർമുലക്കുടം നിങ്ങൾ-
ക്കടിമപ്പുഴുക്കളെപ്പാലൂട്ടി പോററാനല്ലേ?
താമരത്താരൊത്തൊരക്കൈയ്യുകൾ, ദാസന്മാരെ
ത്താരാട്ടു പാടിക്കൊണ്ടു തൊട്ടിലാട്ടുവാനല്ലേ?
കർമ്മധീരരാമേറെ മക്കളെ പ്രസവിച്ച
കർമ്മഭൂവേ, നീ നിരാധാരയാണെന്നോ വന്നു?

iv

ചെന്നിണം പെയ്യേണ്ടങ്ങും വിപ്ലവക്കനൽമേഘ-
മെന്നെന്നും പടിഞ്ഞാറു നടന്നാൽ മതിയെന്നോ?
ഒന്നതിങ്ങോട്ടേയ്ക്കെത്തിനോക്കുമ്പൊഴേയ്ക്കും, ത്യാഗ-
തുന്ദിലേ, ഭാരതാംബേ, നീ മുഖം പൊത്തുന്നെന്തേ?
പണ്ടത്തെശ്ശിബികളും രന്തിദേവരുമാരും
കണ്ടിടാനില്ലിന്നെങ്ങും! —വേടർമാത്രമേയുള്ളൂ.
സ്വന്തസോദരന്മാർതൻ ഹൃദ്രക്തമൂററിക്കുടി-
ച്ചന്തസ്സിൽ തലപൊക്കുമന്തകന്മാരേയുള്ളൂ.
പാടത്തു പണിചെയ്യും പട്ടിണിക്കാരെപ്പേർത്തും
പാദത്താൽ ചവിട്ടുന്ന പാപിഷ്ഠന്മാരേയുള്ളൂ....
അവർനിൻ സുതന്മാരാണെങ്കിലെന്താദ്യം ഞങ്ങൾ-
ക്കവരെ —ക്കുറച്ചിട കണ്ണടച്ചാലും മാതേ!
ആ രക്തക്കളെല്ലാം വററിപ്പോംതൊടിക്കുള്ളി-
ചാരമ്യാമൃത സംസ്സംഗതമാമങ്ങെല്ലാം!
മുന്നിലക്കാണും കുന്നും കുഴിയും തിങ്ങി,പ്പച്ച-
മിന്നിടും സമതലമുയരും സസ്യാഢ്യയായ്.
അവിടെപ്പാടിപ്പാടിപ്പറക്കും ക്ഷേമത്തിൻെറ
പവിഴക്കതിർകൊത്തിത്തിന്നുകൊണ്ടാശ്വാസങ്ങൾ
ദീനനാഥന്മാരൊററൊരാ നവനാകത്തിങ്കൽ
ഭാസുരേ, നീ രാജിക്കും സ്വച്ഛന്ദം സ്വാതന്ത്ര്യയായ്!
ഇപ്പൊരിവെയ്‌ലത്തമ്മേ നിന്നെനീ വാട്ടുന്നല്ലോ
കൽപ്പിക്കുകൊന്നാവർക്കക്കൊടുങ്കാററടിക്കട്ടേ!!

# പ്രകൃതിയുടെ വികൃതി

എൻ. പി. ചെല്ലപ്പൻനായർ ബി. ഏ., ബി. എൽ.

"ഒരു റാണിത്തലരൂപാ, നാലുചിത്ര, രണ്ടുകാൽരൂപാ, മൂന്നുപണം· ഇത്രനിസ്സാരമായ ഒരു സംഖ്യയുമായി കള്ളർകോട്ടുനിന്നും ആരും ഇതുവരെ ഉദ്യോഗാന്വേഷണാർത്ഥം പുറപ്പെട്ടുകാണുകയില്ല. നിശ്ചയം. പക്ഷെ ഇതു ധാരാളം പോരെ, മൂട്ടപോലെ ബോട്ടും ബസ്സും പെരുകിയിരിക്കുന്ന ഇക്കാലത്ത് തിരുവനന്തപുരംവരെപ്പോയി ഇൻസ്പെക്ടരസ്സിനെകണ്ട് ഒരു അപേക്ഷ കൊടുത്തിട്ടു മടങ്ങിപ്പോരാൻ? മതി. ധാരാളം മതി. വിശേഷിച്ചും എന്റെ അംഗലാവണ്യം: കോതിമിനുക്കി പിറകോട്ടു ചെട്ടിവച്ചിരിക്കുന്ന തലമുടി: കഴുത്തിൽ തെളുതെളാ മിന്നിക്കൊണ്ടു കിടക്കുന്ന സ്വർണ്ണത്തുടൽ: അതിൽ തെക്കുവടക്കായി കിടക്കുന്ന കൊക്കിവക്കി: നെറ്റിത്തടം ഭാസമാനമധുമാസരാത്രിപോലെ സുന്ദരമാക്കുന്ന ചാന്തുപൊട്ട്: ക്ഷുരകസഹായത്താൽ സ്ലേറ്റുഖണ്ഡംപോലെ മിനുസപ്പെടുത്തി വച്ചിട്ടുള്ള കവിൾത്തടങ്ങൾ: നേർത്ത ബനിയൻ: സിൽക്കുഷർട്ട്: റിസ്റ്റ്‌വാച്ച്: ഹ! ഹ! ഇവകളോരോന്നും അനർഘസമ്പാദ്യങ്ങളല്ലെ. ഏതു മടവാർമൊഴിയാണു ഈ ഭാഗവതർകുട്ടന്റെ രസച്ചന്ദ്രികയിൽ വിശ്രമിക്കുവാൻ ഓടി അണയാത്തത്! ആ ഇൻസ്പെക്ട്രസ് ലലനാമണിതന്നെ ഭൈരവിരാഗത്തിൽ ഞാൻ പുറപ്പെടുവിക്കുന്ന ഉദ്യോഗാർത്ഥന ശ്രവിച്ച് തരളചിത്തയായി എന്നിൽ പ്രേമാമൃതം തൂവുകയില്ലെ"

ഇങ്ങനെയുള്ള വിചാരധൂമങ്ങൾ ഉദ്‌വമിച്ചുകൊണ്ടു നടന്ന ഞാൻ "കൊല്ലം" "കൊല്ലം" "കോട്ടയം" "കോട്ടയം" എന്നെല്ലാം ഉച്ചത്തിലുള്ള ചില വിളികൾ കേട്ടപ്പോഴാണു ആലപ്പുഴ ബോട്ടുജട്ടിയിൽ എത്തിക്കഴിഞ്ഞു എന്നുള്ളവിവരം മനസ്സിലാക്കിയത്. "കൊല്ലത്തേക്കാണെങ്കിൽ ബ്രഹ്മാനിയായിൽ കേറുക! ബോട്ടു വിടുന്നു." ഞാൻ എന്റെ ചെറിയ ഭാണ്ഡവുമായി ബോട്ടിൽചെന്നുകയറി. അതിനകത്ത് നിന്നുതിരിയാൻ സ്ഥലമില്ല. നോക്കുന്നിടത്തെല്ലാം ആളുകൾ ഹിററ്ലറേപ്പോലെ കഴിവുള്ളിടത്തോളം സ്ഥലവും കൈവശപ്പെടുത്തി ഇരിപ്പോ കിടപ്പോ പിടിച്ചിരിക്കയാണ്. ഒന്നുരണ്ടടി നടന്നതേയുള്ളൂ. "ഛേ! ഇയ്യ് ആരുക്രവാ—തടിയാ തനിക്കു കണ്ണില്ലേ മൂക്കില്ലേ" എന്നെല്ലാം 'എഡ്വലബ്ലോ' കീർത്തനമട്ടിൽ യാത്രക്കാരുടെ ഒരു ശകാരവർഷം. "അഞ്ചരക്കട്ടയിൽതന്നെയാണ് എടുപ്പ് അല്ലേ? ആകപ്പാടെ കോളല്ല. ഇനിയും മുന്നോട്ടു നടന്നാൽ ഒരുപുടതാളത്തിൽ അവസാനിക്കും. ഞാനില്ല" എന്നു പറഞ്ഞുകൊണ്ട് ഞാനെന്റെ കാലുകൾ പിൻവലിച്ചു. ഈശ്വരവിലാസം! സംഗീതത്തിന്റെ മഹിമ ഞാൻ അറിഞ്ഞു. "ഭാഗവതർ സാർ എങ്ങോട്ട്" എന്നു ചോദിച്ചുകൊണ്ടു അതുവഴിവന്ന ആ ബോട്ടിലെ സ്രാങ്ക് എന്റെ കയ്യിൽ കടന്നു പിടിച്ചു



ഞാൻ—"ഹോ! ഭാഗ്യം സ്രാങ്കുസാറിനെ കണ്ടതു്. ഈ സംഗീത ശംഖധ്വനിമാർ പല്ലവി എടുത്തതേയുള്ളൂ. അല്പംകൂടി കഴിഞ്ഞിരുന്നെങ്കിൽ വീച്ചും അടിയും തുടങ്ങിയേനെ.

സ്രാങ്ക്:—(ചിരിച്ചുകൊണ്ടു) "എന്താ അവരുടെ മുളകത്തെങ്ങാനും ചവുട്ടിയോ?"

ഞാൻ—"ഓ ഒന്നു മന്ദമായിട്ട്. കോനിയാടി മട്ടിൽ."

സ്രാങ്ക്—"എന്താ ഇവിടെങ്ങും ഇരിക്കാൻ സ്ഥലമില്ലേ?"

ഞാൻ—നേര! ചില മേളകർത്താരാഗങ്ങളുടെ സ്വരങ്ങൾപോലെ എല്ലാവരും തിങ്ങിക്കൂടിക്കിടക്കുകയാണ്. അല്പം ഒന്നു നീങ്ങാൻ പറഞ്ഞാൽ വേഗധമട്ടിൽ തല്ലാൻ കേറിനിൽക്കും. എന്റെ അപേക്ഷ തോടിയിലാണെന്നിരുന്നാൽ കൂടിയും കൊല്ലം എത്തുന്നതുവരെ തവിട്ടുമുണ്ടിയേപ്പോലെ തലയുംപൊക്കി എവിടെങ്കിലും ഒന്നിത്തിരി ഇരിക്കുന്നമല്ലോ സ്രാങ്കുസാറെ."

മഹാനുഭാവനായ സ്രാങ്കദ്ദേഹം എന്റെ കൈത്തണ്ടിൽ പിടിച്ചുകൊണ്ടു മുന്നോട്ടു നടന്നു. ബ്രഹ്മാനിയായിലെ മുസ്സോലിനിയായ അദ്ദേഹത്തിന്റെ സാഹചര്യം എന്നിൽ അളവററ ധൈര്യം ഉളവാക്കി. ചന്ദ്രഹാസം ലഭിച്ച നക്തഞ്ചരേന്ദ്രന്റെ ഗർവ്വോടെ ഞാൻ മുന്നോട്ടു നടന്നു, അല്പം മുമ്പ് എന്നെ ശകാരിച്ച ആ "തുക്കടാ"കളുടെ നെഞ്ചിലും തലയിലുമൊക്കെ ചവുട്ടിക്കൊണ്ട്, ബോട്ടിലെ രണ്ടാംക്ലാസ്സുമുറിയുടെ വാതുക്കലായി ഉറക്കംതൂങ്ങിക്കൊണ്ടിരുന്ന ഒരു ക്രൂരൻ ശിപായിയുടെ തുടമൊളളത്തിൽ ചവുട്ടി 'തരികിടതോം' എന്നു മുന്നോട്ടു കുതിച്ചു. എന്നെ ആ ഏഭ്യൻ അധിക്ഷേപിക്കുന്നതുകേട്ട് എന്റെ മിത്രമായ ആ സർവ്വാധിപതി തിരിഞ്ഞുനിന്നു. ഒരു വില്ലയും ഡവാലയും ആ ശിപായിപുംഗവൻ ധരിച്ചിട്ടുണ്ട്. തന്റെ കീറിപ്പൊളിഞ്ഞ തലപ്പാവിൽ സൂക്ഷിച്ചിരുന്ന മുറുക്കാൻപൊതിയെടുത്തു പാക്കുപൊടി തിരയുകയാണ് ആ വിദ്വാൻ. അതിനിടയിലാണ് തുടയിൽ ചവുട്ടിയ എന്നെ പുലഭ്യംപറയുന്നത്.

"എടോ! താൻ ആരുടെ ശിപായി ആയിരുന്നാലും മിണ്ടാതിരുന്നില്ലെങ്കിൽ കുട്ടമാക്രിയെപ്പോലെ എടുത്ത് വെള്ളത്തിൽ ഇട്ടുകളയും. പറഞ്ഞേക്കാം കേട്ടോ. ഇതാരെന്നറിയാമോ? ഞങ്ങളുടെ ഭാഗവതർ സാർ" എന്ന് സ്രാങ്ക് അധികാരസ്വരത്തിൽ ഗർജ്ജിച്ചു. "എടോ! മര്യാദയുടെ സപ്തസ്വരംപോലും അറിഞ്ഞുകൂടാത്ത മക്കടമേ! ഒരു നല്ല കാര്യത്തിന് ഞാൻ തിരുവനന്തപുരംവരെ പോകുകയാണ്. അല്ലെങ്കിൽ തന്റെ കഷണ്ടിത്തല മട്ടളത്തിൽ ഞാൻ—അല്ല, സ്രാങ്കുസാർ—ഒരു തനിയാവർത്തനം വായിച്ചേനെ, തന്റെ ഈ പോക്കിരിത്തരംപറച്ചിലിന്. അല്ലേ സ്രാങ്കുസാറേ" എന്നു ഞാൻ എന്റെ ബഹുമാന്യസുഹൃത്തിന് ഉത്തരവിനൽകി.

"എടാ നാശമെ! ഞാൻ വിചാരിച്ചു ഇതൊരു പെമ്പ്രന്നോരാണെന്ന്." പുഷ്ടമായ എന്റെ തലമുടിക്കെട്ടും കണ്ണാഭരണവും നോക്കിക്കൊണ്ട് ആ വൃദ്ധൻ മുറുമുറുത്തു. ഞാൻ അതുകേട്ടു ലഘുവായൊന്നു മന്ദഹസിച്ചു.

രണ്ടാംക്ലാസ്‌മുറി വാസ്തവത്തിൽ സ്വർഗ്ഗമാണ്. ത്രിശങ്കുസ്വർഗ്ഗം എന്നു നാമകരണം ചെയ്യുവാൻ നിവൃത്തിയില്ല. എന്തെന്നാൽ ബ്രഹ്മാനിയായിൽ ആകെക്കൂടി രണ്ടു ക്ലാസ്സേ ഉണ്ടായിരുന്നുള്ളൂ. രണ്ടും മൂന്നും. എന്നെ ആ സ്രാങ്കുവര്യൻ കൊണ്ടിരുത്തിയ സ്ഥലത്തു ഞാനും എന്നെ അഭിമുഖീകരിച്ചുകൊണ്ട് ഒരു മഹിളാമണിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരു സ്കൂൾമിസ്ട്രസ്സ് ആയിരിക്കണം ആ ലാവണ്യധാമം എന്നു മിസ്ട്രസ്സുമാരുമായി ഇടപഴകിയിട്ടുള്ള എന്റെ ബുദ്ധി എന്നോടു മന്ത്രിച്ചു. എന്തു ഭാഗ്യമോ, അവൾ എന്നെ കണ്ട മാത്രയിൽ എന്നെ നോക്കി പുഞ്ചിരി തൂകാൻ തുടങ്ങി. പൂവൻകോഴിയെപ്പോലെ തല ഉയർത്തിപ്പിടിച്ചിരുന്ന സ്രാങ്കിന്റെ സാന്നിദ്ധ്യം ആ മഹതിയെപ്പററി കൂടുതൽ അറിയുന്നതിനുള്ള ഉൽക്കണ്ഠയിൽനിന്നും തൽക്കാലത്തേക്കെന്നെ വിരമിപ്പിച്ചു.

"അപ്പോൾ ഭാഗവതർ സാർ എന്തിനാണു കൊല്ലത്തിനു പോകുന്നത്? വല്ല കച്ചേരിയോ മററോ കിട്ടിയോ?" സ്രാങ്കു ചോദിച്ചു.

ഞാൻ—"ഛേ! കച്ചേരിക്ക് ഒന്നുമല്ല. തിരുവനന്തപുരംവരെ പോകുന്നു. ഇങ്ങനെ എത്രനാൾ കഴിയാനാണ്. അവിടെ ആ നങ്ങ്യാർകുളങ്ങര ഗേൾസ് സ്കൂളിൽ ഒരു ഭാഗവതർ ഉദ്യോഗം ഒഴിവുണ്ടെന്നു കേട്ടു. ഒന്നു ശ്രമിച്ചുകളയാം. ഭാഗവതർ ഉദ്യോഗമല്ലേ. ഗേൾസ് സ്കൂളല്ലേ. ഇൻസ്പെക്ട്റസ്സ് അവർകളെക്കണ്ട് ഒരപേക്ഷ കൊടുത്തുകളയാം"

ഇൻസ്പെക്ട്രസ്സെന്നു കേട്ടമാത്രയിൽ എൻെറ സഹയാത്രക്കാരി ഇരുന്ന ഇരുപ്പിൽനിന്നും ചെറുതായൊന്നു ചലിച്ചു. ഞാനതുകണ്ടു. ഹാ! അവൾ എന്നെനോക്കി മന്ദഹാസചന്ദ്രികയങ്ങനെ തൂകുകയാണ്. ആ വലിയ ഉദ്യോഗസ്ഥയെപ്പററിയുള്ള പരാമർശത്തിൽ ഔൽസുക്യം പ്രദർശിപ്പിച്ചതോർത്ത് അവളുംഎന്നെപ്പോലെപെൺപള്ളിക്കൂടങ്ങളുടെ സമ്രാജ്ഞിയായ ആ ഭവ്യമതിയെ സന്ദർശിക്കുവാൻ ഇറങ്ങി പുറപ്പെട്ടിരിക്കുന്നവളാണെന്ന് ഞാൻ തീർച്ചയാക്കി.

സ്രാങ്കു—"സാറ് അവരെ അറിയുമോ?"

ഞാൻ—"ആരെ?"

സ്രാങ്കു—ഇൻസ്പെക്ട്റസ്സ് അവർകളെ.

ഈ പ്രശ്നം എന്നെ വല്ലാതെ വിഷമിപ്പിച്ചു. ആ മഹതി ഒരു പെൺപിറന്നവരാണെന്നല്ലാതെ വാസ്തവത്തിൽ അവരെപ്പററി ഒന്നുംതന്നെ എനിക്കു അറിഞ്ഞുകൂടായിരുന്നു. എങ്കിലും ആ അപൂർവരാഗത്തെ അറിയുകയില്ലെന്നുള്ള ഏററുപറച്ചിൽ എൻെറ സമീപവർത്തിനിയായ ആ സുന്ദരിയുടെ ദൃഷ്ടിയിൽ എന്നെ ഒരു സാധാരണഭാഗവതരാക്കിയേക്കുമല്ലോ എന്നു കരുതി ഞാൻ ഒരു ലഘുവിദ്യ പ്രയോഗിച്ചു. ഒരു ചെറുഹാസം, നാനാൎത്ഥവാചിയായ ഒരു പുഞ്ചിരി, ഒരു മൂളൽ.

സ്രാങ്ക് (ഒരു വിഡ്ഢിച്ചിരി ചിരിച്ചുകൊണ്ട്) "പുള്ളിക്കാരനറിയാം. ഉം. ഭാഗവതരല്ലേ. ആരെത്തന്നെ അറിഞ്ഞുകൂടാ."

ഞാൻ—"വാസ്തവത്തിൽ വലിയ വിഷമം. എങ്ങനെയാ അവളുടെ അടുത്തുചെന്ന് ഒരുദ്യോഗം വേണമെന്നു പറയുന്നത്. ഞങ്ങൾ കൊച്ചുകുട്ടികൾ ആയിരുന്നപ്പോൾ മുതൽ വലിയ മമതയിലാണ്. ഏകദേശംഎൻെറ പ്രായംവരും അവൾക്ക്. സരിഗമ പഠിപ്പിച്ചതുതന്നെ ഞാനാണ്. ഒരു കഴുത. ജ്ഞാനമില്ല. എങ്കിലും ഒരുമാതിരി പാടും."

സ്രാങ്കു—(അൽഭുതത്തോടെ) എന്നിട്ട്?

ഞാൻ—"ഒടുവിൽ എൻെറ കഴുത്തിൽ കുരുക്കു വീഴുമെന്നു ഭയന്നു ഞാൻ വലിഞ്ഞുകളഞ്ഞു."

സ്രാങ്ക്—"ഓ ഹാ! അങ്ങനെ വരട്ടെ"

ഞാൻ—"രഹസ്യമായി വച്ചേക്കൊള്ളണേ. അല്ല, വേറൊന്നും ഉണ്ടായിട്ടല്ല: ഞാൻ ഒരുതൊഴിലുകാരൻ:തൊഴിലുകാരൻെറ രഹസ്യങ്ങൾ പുറത്തു വന്നുകൂടാ. പ്രത്യേകിച്ചും ഇൻസ്പെക്ടസ്സിൻെറ പ്രേമഭാജനമാണു ഞാൻ എന്നറിഞ്ഞാൽ ചക്കരയുടെ അടുത്തു ഈച്ചയെന്നപോലെ ഓരോരുത്തർ ശുപാർശയ്ക്കായി എന്നെ ചുററിക്കൂടും. ഞാൻ വിഷമിക്കും. വാസ്തവം പറയണമല്ലോ സ്രാങ്കുസാറിനോട്. അവൾ എന്നെ കരുതി ഇന്നും അവിവാഹിതയായി കഴിയുകയാണ്."

ഞാൻ എന്തോണ്ടോരു മഹത്വം നടിച്ചുകൊണ്ട് "കല്യാണി! കാൺകമമ വല്ലഭേ!" എന്നു കല്യാണിയിൽ നമ്മുടെ മിസ്ട്രസ്സിനെ ഒന്നു നോക്കി. അവൾ എന്നെ നോക്കി അങ്ങിനെ പുഞ്ചിരി ഇട്ടുകൊണ്ടിരിക്കുകയാണ് അപ്പോഴും. അഥവാ എൻെറ സൗന്ദര്യാമൃതം നുകരുകയാണ് ആ ഇളമാൻകണ്ണുകൾ. അതു സ്പഷ്ടീകരിക്കുകയാണ് ആ മോഹനദന്തങ്ങൾ. പെട്ടെന്ന് എന്തോ ആവശ്യം പ്രമാണിച്ച് എൻെറ ഉപഹർത്താവായ സ്രാങ്കവർകൾ അവിടെനിന്നും നിഷ്ക്രമിച്ചു. ഞാനും ആ ചേതോഹാരിണിയും മാത്രമായി ആ ചെറിയ മുറിയിൽ.

ബഹുമാനിയാ ചരിഞ്ഞും തിരിഞ്ഞും അതിവേഗത്തിൽ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. ചേതസ്സമാകർഷകമായ രാത്രി. പാലുപോലെയുള്ള നിലാവ്. ജലശീകരങ്ങളും ഏന്തിവരുന്ന ചെറുപവനൻ. ഇരുപുറവും തത്തിക്കളിച്ചുകൊണ്ട് ആ യാനപാത്രത്തെ അനുഗമിക്കുന്ന ഓളങ്ങൾ. ഇങ്ങിനെയുള്ള ഒരു രമ്യവേളയിൽ എന്നെപ്പോലുള്ള ഒരു രസികാഗ്രണി എങ്ങിനെ മൗനം ഭജിക്കും. പ്രത്യേകിച്ചും ഒരു സംഗീതരസികൻ. ഞാൻ ഒരു സ്വാഗതമെന്നവണ്ണം "കിം കിം കിം പ്യാരി രുചികരമിവളുടെ നാഗരികമതി ഭേഷ് ഭേഷ് ഭേഷ്" എന്നു പണ്ടു പഠിച്ച സംഗീതനൈഷധത്തിലെ ശൃംഗാരി ക്കാട്ടാളൻെറ പ്രവേശനപ്പാട്ടു ചില അംഗവിക്ഷേപങ്ങളോടെ കീഴ്സ്വരത്തിൽ ഒന്നു മൂളി. രണ്ടാമത്തെ "ഭേഷ്" ആയപ്പോൾ എൻെറ കൂട്ടുകാരി തന്നത്താൻ തുടയിൽ ഒന്നടിച്ചു. "ഭേഷ്! സംഗീതരസികയാണ്. അങ്ങിനെ വരട്ടെ." ആരോഹണസമയത്തെ ശബ്ദംപോലെ എൻെറ ആനന്ദം കുതിച്ചുയർന്നു. പക്ഷേ ഞാൻ വിട്ടില്ല. "മിസ്സിക്കു താളം തെററി. അവിടെയല്ല അടി വീഴേണ്ടത്. ആദിതാളമാണ്. അവിടെ വീച്ചു വരണം." എന്നു പ്രേമോന്മാദകഭാവത്തിൽ ഞാൻ ആ സുമുഖിയുടെ തെററു തിരുത്തി എൻെറ പ്രാഗത്ഭ്യം പ്രകടിപ്പിച്ചു.

അവൾ—"ചെ! ഞാൻ താളംപിടിച്ചതല്ല. കൊതുകിനെ അടിച്ചതാണു മേ."

അപ്പോഴും ഇമവെട്ടാതെയുള്ള കടാക്ഷം! വിരാമമില്ലാത്ത പുഞ്ചിരി! ആ ചിരിയോടെതന്നെ അവൾ തിരിഞ്ഞു ബോട്ടിൻെറ ജനാലയിൽകൂടി അലക്ഷ്യമായി വെളിയിലേക്കു നോക്കിക്കൊണ്ടിരിപ്പായി. പക്ഷെ അങ്ങിനെ അതു പെട്ടെന്നു ദുർമ്മുഖി എന്നും പറഞ്ഞ് ഒരു തടിച്ച സുന്ദരിയെ ഉപേക്ഷിച്ചു മിണ്ടാതിരിക്കുന്നവനല്ല, ഭാഗവതർ കുട്ടൻ. ഞാൻ തുടർന്നു.

"പക്ഷേ, നമ്മുടെ കൊതുകശ്രേഷ്ഠനും ഒരു സംഗീതവിദഗ്ദ്ധനാണ്. സവേരിയാണ് അയാൾക്കിഷ്ടമുള്ള രാഗം. അയാളുടെ ഗാനം ശ്രവിക്കുക ഇഷ്ടമാണോ ഭവതിക്ക്?"

അവൾ:— (അല്പം അസുഖത്തോടെ) "എന്തോ."

അവൾ തലതിരിച്ച് എന്നെ നോക്കി. വീണ്ടും ആ ചിരി. ഞാനും ചിരിച്ചു. എങ്ങിനെ ചിരിക്കാതിരിക്കും.

ഞാൻ:—"കൊതുകിൻെറ അപദാനങ്ങളെപ്പററി ദീക്ഷിതരുടെ ഒരു കീർത്തനമുണ്ട്. ശങ്കരാഭരണമാണ് രാഗം. സന്ധ്യയാണ് ശങ്കരാഭരണത്തിനുള്ള സമയം. അല്ലെങ്കിൽ അതല്പം ആലാപിക്കാമായിരുന്നു. ആകട്ടെ, ബോട്ടിലെ ആ ആരഭി കീർത്തനത്തെപ്പററി എന്താ അഭിപ്രായം? "നകുമാ" ചെമ്മാൻകുടി ഒന്നു പാടിക്കേട്ടു ഞാൻ. എന്തു ഭേഷായിരുന്നു. ധീരശങ്കരാഭരണത്തിൻെറ ജന്യരാഗമാണ്, ആരഭി. പിന്നെന്തോന്നാ എല്ലാവരും ഭാഗവതർമാർ."

അവൾ—"അതെ അതെ;"

ഞാൻ—'കേട്ടോ, ശ്രീമതി! ഒരു കീർത്തനത്തിൻെറ പല്ലവിയും അനുപല്ലവിയുംപാടി, ചരണവുംചൊല്ലി, മദ്ധ്യമസ്വരവും മൂളിഞ്ഞ്, രാഗാലാപം ആയാൽ പറയാം ഒരാൾ ഭാഗവതരോ അല്ലയോ എന്ന്."

അവൾ—"ചിലയ്ക്കാതിരിക്കു മേ! എന്തു കഷ്ടം! ഇതൊരു ശല്യമായല്ലോ."

എൻെറ സംഭാഷണംനിട്ടൽ ആ വിധുമുഖിക്ക് അത്ര പിടിച്ചില്ലെന്നു തോന്നുന്നു. ആ സ്വരവും, മുഖം ചരിച്ച് ഇമകൾ വെട്ടാതെ കാക്കത്തരുണി നോക്കുന്നതുപോലുള്ള ആ നോട്ടവും കൊണ്ട് ഞാനതു മനസ്സിലാക്കി. പക്ഷേ, അപ്പോഴും അവൾ ചിരിച്ചുകൊണ്ട് എൻെറ ഭാവഹാവാദികൾ വീക്ഷിക്കുന്നു. "മറിമാൻകണ്ണിമാരുടെ മറിവാക്കറിയാം" എന്ന് മുറിയടന്തയിൽ ഞാൻ ആലപിച്ചു. വാസ്തവത്തിൽ ലജ്ജിച്ചു. പക്ഷെ, ഒരു ആശ്വാസം എനിക്ക് അത് നൽകി. ചിലക്കാതിരിക്കുവാനല്ലെ ആ ചിരിക്കുട്ടി ആജ്ഞാപിച്ചത്. അർത്ഥം സ്പഷ്ടം. ചിലച്ചുകൊണ്ടിരുന്ന് സമയം കളയാതെ ഈ രമ്യവേളയെ മധുരതരമാക്കുന്നതിനുവേണ്ടി അല്പം ഗാനം ആലപിക്കു എന്നു അദ്ധ്യാഹാരന്യാസത്തിലുള്ള ഒരു നിർദ്ദേശമാണത്. സംശയമില്ല. എടി! വിദുഷി, എത്ര മാത്രം രാജശാസ്ത്രീപകമായ ഒരു നിർദ്ദേശം! എനിക്കു അവളിലുദിച്ച പ്രേമം അനുനിമിഷം വർദ്ധിച്ചുവന്നു. ആ ചിരി, തുടർച്ചയായുള്ള ആ ചിരി, അതു് ഏതു വജ്രഹൃദയൻെറ ഹൃദയത്തെത്തന്നെ ഭേദിക്കുകയില്ല! പിന്നെയാണോ മധുവും മധുവാണിയും സംഗീതവും ആയി ജീവിതസുഖങ്ങളെ ആരാഞ്ഞു തിരിയുന്ന എന്നെ.

ഞാൻ ആനന്ദഭൈരവിയെയാണ് ഇത്തവണ പിടികൂടിയത്.

"പ്രാണനാഥനെനിക്കുനൽകിയ
പരമാനന്ദരസത്തെ
ബാലേ! പറവാനെളുതല്ലെ"

എന്ന് മന്ദസ്വരത്തിൽ തുടങ്ങി. ബഹുമാനിയായുടെ ഘുംഘുംശബ്ദം ഞാൻ


# The Standard News Agency

News—Letters, Blocks, Photos etc., supplied to Newspapers, and other agencies, at moderate charges.

Agencies of Journals and Newspapers taken.

*For Particulars apply to:—*

THE GENERAL MANAGER,

The Standard News Agency

TRIVANDRUM

ശ്രുതിയായി സ്വീകരിച്ചു. വിരലുകൾ തൊടിച്ചു താളമിട്ടു. ഇടയ്ക്കിടെ രാഗത്തിലുള്ള എന്റെ പ്രവീണത കാട്ടുവാൻ അല്പാല്പമായി രാഗവിസ്താരവും നടത്തി. പക്ഷെ ഗീതത്തിലും രാഗത്തിലും താളത്തിലും വേണ്ടിയിരുന്ന ശ്രദ്ധയെക്കാൾ കൂടുതലായി എനിക്കുണ്ടായിരുന്നതു് ആ ശൃംഗാരഗാനത്തിലെ മാരോമധുരപദവും എന്റെ ആ മത്സ്യാക്ഷിയുടെ മുഖസരോജത്തിൽ ഉളവാക്കാവുന്ന രസങ്ങളെ വീക്ഷിക്കുന്നതിനായിരുന്നു. അത്ഭുതം! അവൾ എന്നെ നോക്കി ചിരിച്ചുകൊണ്ടു മാത്രം ഇരിക്കുന്നു. മണൽക്കാട്ടുപോലെ രസശൂന്യമായി കാണപ്പെട്ടു ആ അംഗവിഭാഗം.

ഞാൻ നീന്തിയും മുഴങ്ങിയും നീർക്കോലിയെപ്പോലെ "ഉത്ഥാനശയി കാന്തൻ വിസ്താരമാന്നാമാവു്," വരെ എത്തി. പിന്നെയല്ലെ എന്റെ സഖിക്കു് രസം നൽകുന്ന ഭാഗം കിടക്കുന്നതു്. ഹോക്കണം! ഒരു ഗ്രഹപ്പിഴ! ബ്രഹ്മമാനിയാ ഒന്നു ചരിഞ്ഞു. എന്റെ ഇരിപ്പടത്തിനു സമീപമായി ആരോ വച്ചിരുന്ന ഒരു കാപ്പിപ്പാത്രം കിണിങ്ങനാ എന്നു താഴെവീണു. മുൻപു് പാക്കുകഷണം തിരഞ്ഞു കൊണ്ടിരുന്നപ്പോൾ ഉപദ്രവിച്ചുകളഞ്ഞു എന്ന കുറ്റം ആരോപിച്ചു് എന്നോടു നേർത്ത ആ ശിപായി ജാംബവാൻ മുന്നോട്ടു ചാടി എൻറടുത്തുവന്നു്, "എന്താന്നാടോ താൻ തൊണ്ണുവലിച്ചുകീറി വെറുതെയിരിക്കുന്ന പാത്രങ്ങളെല്ലാം തള്ളിയിടുന്നതു്" എന്നു് പൂർവ്വവിരോധം വച്ചുകൊണ്ടൊരു ചോദ്യം. ഹൂ! ഞാൻ പാടിയിട്ടാണെങ്കിലും പാത്രം ഉരുണ്ടുവീണതു്! കഴിഞ്ഞ ലഹളയിൽ അംഗരക്ഷകന്റെ സ്ഥാനം വഹിച്ചു് അക്രമത്തിൽനിന്നു് എന്നെ രക്ഷിച്ച സ്രാങ്കു് അവിടെ ഇല്ലല്ലോ എന്നു കരുതി "ഛേ! ശക്തനു് ക്ഷമ ഭൂഷണമാണു്. അല്പംകൊണ്ടൊന്നും ഒരു ധീരയോദ്ധാവു് കലുങ്ങുകയില്ല" എന്നു് നയത്തിൽ ഞാൻ ഒഴിഞ്ഞുകളഞ്ഞു. പാത്രം എടുത്തു് പൂർവ്വസ്ഥാനത്തുവച്ചതിന്റെ ശേഷം ആ വൃദ്ധവാനരൻ അവിടെനിന്നും പോയി അയാളുടെ സ്ഥാനത്തിരുന്നു എങ്കിലും അയാളുടെ കായശക്തി എന്നിൽ വളർത്തിയ ഭീതി പഴയ ആനന്ദഭൈരവി അതേ പടിയിൽ തുടരാൻ എന്നെ അശക്തനാക്കി. എന്റെ വിവശഭാവം കണ്ടില്ലയോ എന്തോ, അപ്പോഴും ആ പെൺമണി എന്നെ നോക്കി പുഞ്ചിരികൊള്ളുകയാണു്. പാവം! എന്നിൽ അനുരക്തയായിത്തീർന്നിരിക്കുന്നു.

സൌരാഷ്ട്രം എനിക്കു വളരെ പ്രിയമുള്ള ഒരു രാഗമാണു്. അതിലുണ്ടു് "ഒരു നാൾ നിശി ചെയ്യൊരു ലീലകൾ ഒരിക്കലും ഹൃദി മറക്കുമോ സഖി" എന്നു് വിപ്രയോഗദുഃഖിയായി തപിക്കുന്ന ഒരു നായിക നായകനുമായുള്ള തന്റെ സമാഗമവേളയിലെ രഹസ്യവൃത്താന്തങ്ങൾ "മധുര മധുര ഭാഷാ സംസ്കൃതാന്യോന്യ സമ്മേളന സുരഭില"മായ ഭാഷയിൽ സഖിയോടു കഥിക്കുന്ന ഒരു ഭാഗം. അതു പാടി കേൾക്കുന്നതിനേക്കാൾ ഹൃദ്യമായി മറ്റെന്താണു് എന്റെ ചേതോഹാരിണിക്കുണ്ടാകാനുള്ളതു്. ഇതിനിടയിൽ ബ്രഹ്മമാനിയായുടെ സ്റ്റീഡ് ഡ്രൈവർ അവർകൾ ഒന്നു കൂട്ടിയിരുന്നതിനാൽ എനിക്കു വേണ്ടിയിരുന്ന ശ്രുതി ഒന്നു മുറുകിപ്പോയി. എങ്കിലും ഞാൻ പാടി ഏതാനും നിമിഷം കഴിഞ്ഞു് എന്റെ പ്രാണസഖിയെ ഒന്നു നോക്കിയപ്പോഴാണു് അവൾ ആ ഇരുപ്പിൽ ഇരുന്നുകൊണ്ടു തന്നെ ഉറങ്ങിക്കഴിഞ്ഞിരിക്കുന്നു എന്നു മനസ്സിലായതു്. ആ പാട്ടു കേട്ടിട്ടായിരിക്കണം. എങ്കിലും ആ ഉറക്കത്തിലും അവൾക്കെന്നോടുണ്ടായിരുന്ന പ്രേമത്തിന്റെ ശക്തി ഞാൻ കണ്ടു. നിദ്രാവേളയിലും അവൾ ചിരിച്ചുകൊണ്ടിരിക്കുന്നു! എന്നെ നോക്കിക്കൊണ്ടല്ലെന്നു മാത്രം.

- "കഷ്ടം! സാധു യുവതി. എന്നിൽ പ്രേമം സമർപ്പിച്ചതിന്റെ ക്ഷീണം കൊണ്ടുറങ്ങുകയാണു്. ഹാ! നീലാംബരിയിൽ ഒരു താരാട്ടു പാടി അവളെ ഉറക്കേണ്ടതായിരുന്നു. ഇല്ല ഉപദ്രവിക്കുന്നില്ല. എന്റെ പ്രേമഭാജനം ഉറങ്ങിക്കൊള്ളട്ടെ" ഇങ്ങനെ വിചാരിച്ചുകൊണ്ടിരുന്നതിനിടയിൽ ഞാനും ഒന്നു മയങ്ങി. എന്റെ പ്രേമഭാജനത്തിന്റെ സമീപത്തു നിന്നും മദയാനയെപ്പോലെ കറുത്തുള്ള ഒരു ശിപായി എന്നെ കഴുത്തിൽ കുത്തിപ്പിടിച്ചു് എവിടേയ്ക്കോ എറിയുന്ന ഒരു ഭയങ്കര സ്വപ്നാഘട്ടം ദർശിച്ചുകൊണ്ടാണു് ഞാൻ ഉണർന്നതു്. അപ്പോഴേ ബ്രഹ്മമാനിയാ പ്രാപ്യസ്ഥാനത്തെത്തിയിട്ടു വളരെ നേരമായിരിക്കുന്നു. യാത്രക്കാരെല്ലാം പൊയ്ക്കഴിഞ്ഞിരിക്കുന്നു. എന്റെ ഭാവിഭാര്യ—ആ ബ്രഹ്മമാന്യപദവി അവൾക്കായി ഞാൻ നീക്കിവച്ചു കഴിഞ്ഞിരുന്നു—എവിടെപ്പോയി എന്നറിയുവാൻ ഒരു കഴിവും ഉണ്ടായില്ല. ഞാൻ പലരോടും ചോദിച്ചു ഒരു യുവതി ബോട്ടിൽ നിന്നിറങ്ങി പോകുന്നതു കണ്ടോ എന്നു്. തീവണ്ടിയാഫീസിൽ പോകുന്ന വഴി കണ്ണിൽ, കണ്ട ആട്ടിൻകുട്ടികൾ, കോഴികൾ, പശുക്കൾ, പന്നിക്കുട്ടികൾ, എന്നു വേണ്ട ആവണക്കിൻ പത്തൽ തുടങ്ങിയ തരുജാലങ്ങളോടു പോലും ചോദിച്ചു എന്റെ സീതാദേവി ഒരു പഴംകുടയുമായി അതിലേയെങ്ങാനും പോകുന്നതു കണ്ടോ എന്നു്. ആരും കണ്ടിരുന്നില്ല ആ പക്ഷ്മളാക്ഷിയെ. കത്തുന്ന കരളോടും നിറന്ന ഹൃദയത്തോടും ഒരു നെടുവീർപ്പോടെന്നു കണക്കെ ഇൻസ്പെക്ടറസ്സിനെ കാണാനായി തീവണ്ടിയിൽ കയറി മുന്നോട്ടു നീങ്ങി. ആ അരഭംഗുരഹാസവും നിർന്നിമേഷ നോട്ടവും ധ്യാനിച്ചുകൊണ്ടു കഴിഞ്ഞുകൂടിയ എനിക്കു വഴിയുടെ ദൈർഘ്യം അറിയുവാനേ കഴിഞ്ഞില്ല.

വാസ്തവം പറഞ്ഞാൽ ഒരു കിഷ്കിന്ധയിലാണു സ്ത്രീവിദ്യാഭ്യാസത്തിന്റെ സംരക്ഷിണിയായ ആ ബ്രഹ്മമാന്യയുടെ ആഫീസ്. ആശ, ഉദ്യോഗത്തിനുള്ള മോഹം, ഒരു പെൺപള്ളിക്കൂടത്തിൽ അനവധി സ്ത്രീവാദ്ധ്യാന്മാരുടെ ഇടയിൽ ഒരു കല്യാണകൃഷ്ണനായി കഴിയുവാനുള്ള ദുര, അതെന്നെ ആ ആഫീസിൽ എത്തിച്ചു.

ആഫീസുവളപ്പിൽ ചെന്നു കയറിയ ഞാൻ കണ്ട കാഴ്ച! അതെന്നെ വിയർപ്പിച്ചു. വിറപ്പിച്ചു. ഞാൻ ആമയെപ്പോലെ കഴുത്തു നീട്ടി കാക്കയെപ്പോലെ കണ്ണു ചിമ്മിനോക്കി. ആ രൂക്ഷമായ മീശ! ആ കഴിഞ്ഞ കവിൾത്തടങ്ങൾ! ആത്തിപ്പഴംപോലെ കണ്ണുകൾ! ആ ഉടുപ്പുകൾ! അതേ! അയാൾതന്നെ. എന്റെ ശത്രു. ബ്രഹ്മമാനിയായിൽ വച്ചു എന്നാൽ ധിക്കൃതനാക്കപ്പെട്ട ശിപായിമൂപ്പൻ. ഭാഗ്യംകൊണ്ടു് അയാളെന്നെ കണ്ടില്ല. ഊളനെപ്പോലെ ഒളിഞ്ഞും, പുലിനെപ്പോലെ വളഞ്ഞും, പോക്കിനെപ്പോലെ അധോമുഖനായും നടന്നു്, മന്നവി വണ്ണം പോലെ ഗംഭീരമായിരുന്ന ആ മന്ദിരത്തിലേയ്ക്കു ഞാൻ കടന്നു. ഭാഗവതർ ഉദ്യോഗത്തെ സംബന്ധിച്ചിടത്തോളം സൃഷ്ടിസ്ഥിതി സംഹാരകർത്തൃണിയായ ആ ദേവിയെ ഒന്നുകണ്ടു സങ്കടം ഉണർത്തിച്ചിട്ടു, വല്ല ഉദ്യോഗവും തരുന്നെങ്കിൽ അതിനുള്ള ഉത്തരവുംവാങ്ങി കലഹപ്രിയനായ ആ ശിപായി വരുന്നതിനു മുൻപിൽ അവിടെനിന്നും കടക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. ഏതായാലും എന്റെ മനസ്സു പിടഞ്ഞു പാദങ്ങൾ മുന്നോട്ടു തരിച്ചു ആ ദുർഗ്ഗ വല്ല കീർത്തനവും ഒന്നു പാടികേൾപ്പിക്കുവാൻ ആജ്ഞാപിച്ചാൽ സ്വരങ്ങൾ ചിട്ടയായി തോന്നിക്കേണമേ, അപസ്വരം വന്നുപോകരുതേ എന്നെല്ലാം ഹംസധ്വനിയിൽ വാതാപിയിലെ ഗണപതിയോടു ഞാൻ ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചു. ഒന്നു പറയണമല്ലോ. വാതാപിഗണപതിയോടുള്ള പ്രാർത്ഥനയുടെ ഫലം ഒന്നിലല്ലെങ്കിൽ മറ്റൊന്നിൽ എനിക്കു അനുഭവൈകവേദ്യമായി. എന്റെ ഉണ്ടു കടലാസ്സനുസരിച്ചു ഇൻസ്പെക്ടറസ്സവർകൾ എനിക്കു സന്ദർശനം അനുവദിച്ചു. ആ മതിൽകെട്ടിനുള്ളിൽ കയറിയപ്പോൾമുതൽ നമസ്ക്കരിച്ചുമായി നിന്നിരുന്ന ഞാൻ ആ ധാരശ്ശാണിയുടെ സന്നിധിയിലേയ്ക്കു ആനീതനായി.

നിഗ്രഹാനുഗ്രഹശക്തിയുള്ള ആ ഭൈരവിയുടെ മുഖത്തേയ്ക്കു ദൃഷ്ടികളെ ഉന്നയിക്കുവാൻ വളരെ പണിപ്പെട്ടിട്ടും എനിക്കു കഴിഞ്ഞില്ല. കുറവൻ കുരങ്ങുകളെയെന്ന പോലെ സ്ത്രീജനങ്ങളെ മരുക്കിയെടുക്കുവാൻ അതിസമർത്ഥനെന്നു് കള്ളർകോടു മുഴുവനും വിശ്രുതനായിരുന്ന എന്റെ പ്രാഗത്ഭ്യം എങ്ങോട്ടു പോയോ എന്തോ. അങ്ങനെ ഒരു നാലഞ്ചുനിമിഷം! "ഹും"? എന്നൊരു ഹുങ്കാരധ്വനി എന്റെ ദൃഷ്ടികൾ ഭയഭക്തി ബഹുമാനാദരങ്ങളോടെവീക്ഷിച്ചുകൊണ്ടിരുന്ന ആ ദിവ്യപാദങ്ങളുടെ ഒരു മുന്നടിമുകളിൽനിന്നുംമുഴങ്ങി. ഞാനൊന്നു ഞെട്ടി "ഉത്തരവു്" എന്നു പ്രതിവചിച്ചുകൊണ്ടു ആ ശബ്ദം പുറപ്പെട്ട സ്ഥലത്തേക്കു ഞാനൊന്നു നോക്കി. അയ്യോ!—ലോകം മുഴുവൻ എന്റെ ദൃഷ്ടികൾക്കു മുൻപിൽ തലകുത്തിക്കറങ്ങുന്നതുപോലെ എനിക്കു തോന്നി, എന്റെ കണ്ണുകൾ അടഞ്ഞു. ശ്വാസോച്ഛ്വാസത്തിന്റെ ഗതിവേഗംമൂലം നാസാദ്വാരങ്ങൾ വിടൎന്നു. ഞരമ്പുകൾ പിടഞ്ഞു. ചുണ്ടുകൾ വറണ്ടു. തലമുടിയിഴകൾ എഴുന്നേറ്റുനിന്നു.......അവളായിരുന്നു അതു്. ബ്രഹ്മമാനിയായിൽവച്ചു എന്റെ പ്രേമഭാജനമാക്കുവാൻ ഞാൻ ആനന്ദഭൈരവി പ്രയോഗിച്ചആ കാമോദരി! കടിയൻനായുടെ മുൻപിൽനിന്നും കാലുകൾക്കിടയിൽ വാലൊളിച്ചു കൊണ്ടോടുന്നസൃഗാലനെപ്പോലെ ഓടി രക്ഷപ്പെട്ടാലോ എന്നു ഞാ


# THE PREMIER PRESS

## PULIMOODU-TRIVANDRUM

For up-to-date and artistic printing every body goes to the PREMIER PRESS. Why? For it is the *PREMIER PRESS* in Trivandrum and undertakes all kinds of Printing, Binding, and Job Works.

PROMPT EXECUTION. MODERATE CHARGES



# സ്വാതന്ത്ര്യഗാനം

പാലാ നാരായണൻ നായർ

താളമേളന മോഹനമായിട്ടം
ലോലഗാനമൊന്നാവിർഭവിക്കയാൽ
കൂരിരുട്ടിൻ സുഷുപ്തിയിൽ നിന്നു ഞാൻ
'മുറിവിട്ടെഴു'ന്നേററൊന്നു നോക്കിപ്പോയ്!

പൂർവ്വ പർവത മേതോ വെളിച്ചത്തിൻ-
പൂവണിഞ്ഞ പുലരിയെ പുൽകുന്നു.
ആരണാങ്കണ വേദിയിലപ്പൊഴും
ചോരവീഴ്ത്തിക്കിടക്കുന്ന കൂരിരുൾ!
പാഞ്ഞുപോകുവാനാകാതെ, തൻതല —
ചാഞ്ഞു; വേപഥുക്കൊള്ളുന്നു കാടുകൾ!

*    *    *    *

രാഗലോല വിലോലിത കാഹളം
സ്വാഗതവുമായെത്തി നിരഗ്ഗളം,
നിദ്രകൊണ്ടു തളർന്നോരെന്നംഗക-
മത്രയുമിരുൾ പററിക്കിടക്കവെ,
സദ്രസമതിൽ സ്വാതന്ത്ര്യദീപ്തിതൻ
മുദ്രകുത്തുവാൻ, മുത്തണിയിക്കുവാൻ!

*    *    *    *

ചക്രവാളത്തിനപ്പുറമുണ്ടൊരു-
ചക്രവർത്തിതൻ സൗവർണ്ണ മന്ദിരം!
സുന്ദരമതിന്നുള്ളിലിരുന്നൊരു—
കിന്നരാംഗന പാടുന്നിതിങ്ങിനെ; —
"മർത്ത്യലോകമേ, നീ വെച്ചു പൂജിച്ചു
വ്യർത്ഥമിന്നോളം പാരതന്ത്ര്യത്തിനെ
ചിന്തയും യുക്തിവാദവുമേകിയ-
പൊൻചിറകററു താഴെ നീ വീണുപോയ്!........
മാനനീയമാം മാനവത്വത്തിന്ന—
തീ കൊളുത്തി നീ, കാരാഗൃഹത്തിലായ്!

എങ്കിലും നിനക്കാകുമടിമത്ത—
ശൃംഖലകളെപ്പൊട്ടിച്ചെറിയുവാൻ!!"

---

ൻ ആലോചിച്ചു. പക്ഷെ കാലുകൾ ഇളകുന്നില്ല. നെററിത്തടത്തിൽ പൊടിച്ച വിയർപ്പുതുള്ളികൾ ഇമവരമ്പുകൾ മുറിച്ച് തുള്ളിതുള്ളികളായി ചുണ്ടിൽ വന്നുവീണു. ഞാൻ അറിയാതെ എന്റെ കണ്ണുകൾ അങ്ങോട്ടു പോയി. തുടർച്ചയായുള്ള ആ ചിരി! തുടർച്ചയായുള്ള ആ വീക്ഷണം! എനിക്കാശ്വാസമായി. ശ്രീരാഗം തുളുമ്പുന്ന ആ മുഖം ദേശീയഗാനത്തിന്റെ മാധുര്യം വഹിച്ചിരുന്നു.

"റാസ്കൽ! നീ എന്താണെടാ ബോട്ടിൽവച്ചു ജല്പിച്ചതു? ഞാൻ നിന്നെ പ്രേമിക്കുന്നു എന്ന്, ഞാൻ അവിവാഹിതയായി കഴിയുന്നതു നിന്നെക്കരുതിയാണെന്ന്. എടാ പറ എന്തിനു നീയങ്ങിനെ കള്ളംപറഞ്ഞു എന്നെ അപമാനിച്ചു. പറയെടാ മനുഷ്യക്കുരങ്ങേ"

"ഉത്തരവ്! ഞാൻ ചുമ്മാ തമാശിക്കുവേണ്ടി അങ്ങിനെ പറഞ്ഞുപോയതാണേ. അല്ലല്ല. അങ്ങിനെയൊരു ഇൻസ്പെക്ടറസ്സ് യജമാനത്തിക്കൊച്ചമ്മ ഉണ്ടായിരുന്നു. അവരാണിപ്പോഴും എന്നു വിചാരിച്ചു" എന്റെ അറിവോ സമ്മതമോ കൂടാതെയാണു ഈ ഉത്തരം എന്റെ ഓഷ്ഠാധരങ്ങളെ ഭേദിച്ചു പുറത്തുവന്നതു്.

കോപം നിയന്ത്രിക്കുവാൻ ശക്തയാകാതെ ആ ചാമുണ്ഡി പല്ലുമുരുമ്മി. അതിന്റെ ശബ്ദം കാലവാഹനമായ മഹിഷത്തിന്റെ കഴുത്തിലെ ഘണ്ടയുടെ നാദം പോലെ ഭയാനകമായി എനിക്കു തോന്നി. ആ ചിരി എനിക്കു നൽകിയ സമാധാനം പമ്പകടന്നിരുന്നു. ഞാൻ കിടുകിടാ വിറച്ചു. ദീനനായി ഞാൻ ആ മുഖത്തേക്ക് ഒന്നു കൂടി നോക്കി. എന്തൊരു പരസ്പര വിരുദ്ധത! അപ്പോഴും ആ ചിരി! ആ നോട്ടം!

"പ്യൂൺ! പ്യൂൺ" ആ സത്വം അലറി. അവൻ—എന്റെ ശത്രു—ബഹുമാനിയായിലെ എന്റെ പ്രതിദ്വന്ദ്വി— ഓടിക്കിതച്ചുവന്ന് നായാട്ടുകാരന്റെ മുൻപിൽ വേട്ടപ്പട്ടികുന്നക്കെ അവളുടെ മുഖത്തു നോക്കി ആജ്ഞയും പ്രതീക്ഷിച്ച് നിലയായി. ആ ഗോഗ്വാക്കാരന്റെ തിരപ്പുറപ്പാടുകൂടി ഉണ്ടായപ്പോൾ ദുഃഖകണ്ഠാരത്തിൽ ഒന്നു മുളുവാനെങ്കിലും എന്നിൽ അവശേഷിച്ചിരുന്ന പ്രാണാദ്ധ്വും എന്നെ വെടിഞ്ഞു ദുർബലങ്ങളായിത്തീർന്ന ഇമകൾ വീണ്ടും എന്റെ ദൃഷ്ടികളെ മൂടി.

"എടോ! നാം ആ ബോട്ടിൽ കണ്ട തെമ്മാടിയാണിവൻ. ഈ റാസ്കലിനെ കഴുത്തിൽ കുത്തിപ്പിടിച്ച് വെളിയിൽ കൊണ്ടുതള്ളൂ ഹും. പ്രകൃതിയുടെ വികൃതി!"

ആ ഗർജ്ജനങ്ങൾ കേൾക്കാത്തതാമറ്റാം, ഞാൻ എന്റെ ശക്തിമുഴുവനും കഴുത്തിലേക്കു സംക്രമിപ്പിച്ചു. എത്ര ഊക്കേറുകൂടിയ പിടിയും സ്വീകരിക്കുവാൻ തക്കവണ്ണം അവിടം ശ്രുതിപ്പെടുത്തി സജ്ജമാക്കി. പക്ഷെ വിചാരിച്ചതിലും കൂടുതലായിരുന്നു ആ ബകന്റെ ശക്തി. താറാവിനെ തൂക്കിയെടുത്തുകൊണ്ടുപോകുന്നതുപോലെ അയാൾ എന്നെ കഴുത്തിൽ പിടിച്ചെടുത്തുയർത്തി എങ്ങോട്ടോ കൊണ്ടുപോയി. തൂക്കുച്ചാടിൽ കിടന്നു പറക്കുന്ന ഗരുഡൻവേഷക്കാരനെപ്പോലെ കൈകളും കാലുകളും ഇളക്കി വായുവിൽ ഞാൻ തുഴഞ്ഞു. ഒടുവിൽ "പ്ടേ" എന്നൊരു അടിയോടുകൂടി "ധിമിനോ" എന്നു ആ ഭയങ്കരൻ എന്നെ ഭൂമിയിലേക്ക് അവരോഹണം ചെയ്തു.

എത്രനേരം കഴിഞ്ഞിട്ടോ എന്തോ, ഞാൻ കണ്ണുതുറന്നു ദേഹത്തു പററിയിരുന്ന പൊടിയെല്ലാം ആ ഭൂപാളത്തിൽ കിടന്നുകൊണ്ടുതന്നെ തുടച്ചു. അതിനിടയിൽ ഉദ്യോഗത്തിനായുണ്ടായിരുന്ന എന്റെ ആശ നശിച്ചുകഴിഞ്ഞിരുന്നു. എങ്കിലും ഒരു വസ്തുത ഗ്രഹിക്കുവാൻ എനിക്ക് അമിതമായ ആഗ്രഹം ഉണ്ടായി. എനിക്ക് ഈ വിപത്തുകളെല്ലാം വരുത്തിവച്ച അവളുടെ ആ ചിരി, ആ വീക്ഷണം, അതിന്റെ തത്വം അറിയുന്നതിന്.

ഞാൻ അന്വേഷിച്ചു. വളരെ അന്വേഷിച്ചതിന്റെ ശേഷം മാത്രമാണ് യാഥാർത്ഥ്യം ധരിക്കുവാൻ ഇടയായതു്. വിരാമമില്ലാത്ത ആ വീക്ഷണം പ്രേമത്തിന്റെ സൂചനയായിരുന്നില്ല! അവർ ഒരു കോങ്കണ്ണിയായിരുന്നു! ആ വസ്തുത ധരിച്ചിട്ടില്ലായിരുന്ന എനിക്ക്, അവർ എങ്ങോട്ടു നോക്കിയപ്പോഴും അവളുടെ വീക്ഷണങ്ങളെല്ലാം ഞാനാണ് എന്നു തോന്നിപ്പോയതാണ്. അനവസ്യതമായ ആ ചിരി! അവർ ഒരു കൊന്തപ്പല്ലിയായിരുന്നു! ഓഷ്ഠാധരങ്ങൾ തമ്മിൽ നാഷനൽകാൺഗ്രസ്സും സ്റ്റേററുകാൺഗ്രസ്സുമെന്നപോലെ എപ്പോഴും അമിത്രഭാവത്തിൽ കഴിഞ്ഞുകൂടുകയാണ്. ആച്ഛാദനം ചെയ്യുവാനുള്ള അവളുടെ ശ്രമങ്ങളെ വിഗണിച്ച് ഗമകങ്ങളെപ്പോലെ ഉന്തിനിന്നിരുന്ന അവളുടെ ആ നാലു ദന്തങ്ങളാണ് എന്നിൽ അവർ പ്രേമപൂർവം പുഞ്ചിരിതൂകുന്നു എന്ന പ്രതീതി വളർത്തിയതു്. ഹും! പ്രകൃതിയുടെ വികൃതി!

—

# കോട്ടയം ലാക്കപ്പിൽ

സീ. കേശവൻ ബി. എ., ബി. എൽ.

ഞ്ഞാനന്നു കോട്ടയത്തു കൊണ്ടുചെല്ലുമെന്നു പൊലിസ്സ്റ്റേഷനിൽ അറിവുണ്ടായിരുന്നില്ലാത്തപോലെ കാണപ്പെട്ടു. ഇൻസ്പെക്ടർ മി. വൈദ്യനാഥയ്യർ അന്ന് അവധിയിലായിരുന്നു. ഞങ്ങൾ ചങ്ങാതികളായിരുന്നതിനാൽ നിയമപരിധിക്കകത്തുനിന്നു പ്രതീക്ഷിക്കാവുന്ന സൗകര്യങ്ങൾ അവിടെ എനിക്കു കിട്ടുമെന്നു ഞാൻ ഉള്ളിൽ കരുതിയിരുന്നു. പക്ഷെ അതു സാദ്ധ്യമല്ലെന്നു കണ്ടു. അതു് ഒരുപ്രകാരത്തിൽ നന്നായി. അല്ലെങ്കിൽ പൊലീസ് ലാക്കപ്പുകളുടെ സ്ഥിതി നേരിട്ടറിവാൻ എനിക്കിടവരുമായിരുന്നില്ല.

സ്റ്റേഷൻചാർജ്ജ് ഒരു ഹെഡ്കാൺസ്റ്റബിളിനായിരുന്നു. എന്നോടു വന്ന കാൺസ്റ്റബിൾമാർ എന്നെ കോട്ടയം സ്റ്റേഷനിൽ "ഒട്ടക്കി" "പററശീട്ടി" വാങ്ങാൻ ഒരുമ്പെട്ടു. പക്ഷെ ഇങ്ങനെ ഒരു പുള്ളിയുടെ ആഗമനത്തെപ്പററി അറിവില്ലെന്നു പറഞ്ഞ്, എന്നെ ആ കാൺസ്റ്റബിൾമാരുടെ കൈവശംതന്നെ തിരിച്ചേൾപ്പിക്കാൻ ഹെഡ്കാൺസ്റ്റബിൾ ഭാവിച്ചു. ഞാൻ ഒന്നു പറയാം; ഞാൻ ഒരു സാഹിത്യകാരനല്ല; അല്ലെങ്കിൽ ഈ "ഹേസ്റ്റിങ്ങുന്നിനെ" സാഹിത്യലോകത്തിൽ അനശ്വരകീർത്തി സമ്പാദിച്ചുകൊടുക്കാൻ എനിക്കു കഴിയുമായിരുന്നു. ഒരു ഈ. വി. കൃഷ്ണപിള്ളയ്ക്കോ മററോ മാത്രമേ സാദ്ധ്യമാവൂ, ഈ ഒരുതരം മാതൃകയ്ക്കു രക്തമാംസാദികൾ നൽകാൻ. ഈ ഹേസ്റ്റിനെ ആജീവനാന്തം എനിക്കു വിസ്മരിക്കുവാൻ കഴിവുണ്ടാകയില്ല. ആൾ അരസികനാണ്. ചക്രവർത്തിതിരുമനസ്സിലേക്ക് ഏററവും പ്രിയപ്പെട്ട ഇംഗ്ലീഷ്ഭാഷയെ കൊലചെയ്യുന്നതിൽ ഒരു ക്ലേശവുമില്ലാത്തയാളാണ് ഇദ്ദേഹം. ആ ക്ലേശമില്ലായ്മ പുള്ളികളോടും പൊതുജനങ്ങളോടും ഉള്ളതാണ് അദ്ദേഹത്തിന്റെ വിജയരഹസ്യമെന്നു ഞാൻ പിന്നീടു അറിഞ്ഞു. കൈരളീ മഹിളയെ അദ്ദേഹം ഒന്നു തിരിഞ്ഞുനോക്കുകപോലും ചെയ്യുകയില്ല. ആ ഹീനകർമ്മം ആർക്കുവേണ്ടി ചെയ്തതു്? ഷെറിഡന്റെ മിസ്സസ് മാലപ്രാപ്പുപോലും ഇദ്ദേഹത്തിൻ മുമ്പിൽ ലജ്ജിച്ചു തലതാഴ്ത്തും. ചോദ്യങ്ങൾക്കെല്ലാം ഉത്തരം ഞാൻ നിർബന്ധമായും മലയാളത്തിൽ തന്നെ പറഞ്ഞു. പക്ഷെ ആ മഹാനുഭാവൻ വിട്ടില്ല. ഇംഗ്ലീഷ്തന്നെ വച്ചുകാച്ചി. ഈ ഒരു ദുശ്ശീലം ഒഴിച്ചാൽ നല്ലയാളാണ്. ഇങ്ങനെ ഇംഗ്ലീഷ് ഹിമഗിരിയിൽനിന്ന് അദ്ദേഹത്തിന്റെ വാഗ്ധോരണി പ്രവഹിക്കുമ്പോഴേക്കും ഒരു വലിയ പുരുഷാരം സ്റ്റേഷന്റെ സമീപം വന്നുചേർന്നു. പൊലീസുകാർ ആളുകളെ മാററാൻ ശ്രമ



മായി. ഇതിനിടയിൽ നമ്മുടെ അങ്ങുന്നു ആദ്യത്തെ ദുസ്സ്വഭാവങ്ങളെല്ലാം ഒഴിച്ച് എന്നെ കോട്ടയംപോലീസിന്റെ അതിഥിയായി സ്വീകരിച്ചു, സൽക്കാരങ്ങൾ തുടങ്ങി. രാത്രി എനിക്കു ഭക്ഷണമെന്താണു വേണ്ടതെന്ന് അദ്ദേഹം അന്വേഷിച്ചു. ഒരു കപ്പു കാപ്പി മതിയെന്നു ഞാൻ പറഞ്ഞു. ഈ സമയമെല്ലാം ഞാൻ ആഫീസ് മുറിയിൽതന്നെ ഇരിക്കയായിരുന്നു.

ആഫീസുമുറിയിൽനിന്നു തെക്കോട്ടുള്ള എടുപ്പിൽ രണ്ടു മുറികളുണ്ടായിരുന്നതിൽ തെക്കെ അററത്തെ മുറിയാണു എനിക്കായി ഉദ്ദേശിക്കപ്പെട്ടിരുന്നതു്. ആഫീസുമുറിക്കു പടിഞ്ഞാറായി ഇരുളടഞ്ഞ ഒരു ചെറിയ മുറിയിൽ ഏകദേശം 22 വയസ്സു തോന്നുന്ന വിരൂപയല്ലാത്ത ഒരു സുറിയാനിക്രിസ്ത്യാനിയുവതി മന്ദഹാസസമന്വിതം എന്റെ നേരെ ദൃഷ്ടിപാതം ചെയ്യുന്നതു ഞാൻ കണ്ടു. പിന്നീട്, ഏതാനുംമാസം കഴിഞ്ഞു പൂജപ്പുര സബ്ജയിലിൽ ഞാൻ കണ്ട കേഡി മറിയം ആയിരുന്നു ആ സുശീല. അവളുടെ മുറിക്കു വടക്ക്, കുറെക്കൂടി വലിയ, പ്രകാശമുള്ള ഒരു മുറിയുണ്ടായിരുന്നു. ഇതിനെതിർവശത്തു കിഴക്കായിട്ടായിരുന്നു നമ്മുടെ ഇംഗ്ലീഷ്ഭാഷാ വിദഗ്ദ്ധന്റെ ആഫീസ്. ഉദ്യോഗസ്ഥന്മാരുടെ ഉടുപ്പിടുന്ന ഒരു മുറി ഒടിഞ്ഞ ഒന്നോ രണ്ടോ കസേരകളുമായി ശേഷിച്ചിരുന്നു. വേണമെങ്കിൽ ആ മുറി എനിക്കു തരാമായിരുന്നു. സുശീലയായ മറിയയുടെ മുറിയുടെ തെക്കുവശത്ത് ഒരു ഇടുങ്ങിയ തളമാണ്. തെക്കോട്ടുള്ള എടുപ്പിലെ ആദ്യത്തെ മുറിയിലായിരുന്നു മി. കെ. ആർ. നാരായണൻ വൻതപം ചെയ്തിരുന്നതു്. ലാക്കപ്പിന്റെ വിവരണങ്ങൾ ഞാൻ വിശദമായി പറയുന്നതു്, വേണമെങ്കിൽ മി. കെ. ആറിനും എനിക്കും വേറെ മുറി തരാമായിരുന്നെന്നു ഞാൻ വിശ്വസിക്കുന്നതിനാലും, പത്രപ്രസ്താവനകൾ അടിസ്ഥാനപ്പെടുത്തി പോലീസ്കമ്മിഷണർ പിന്നീടൊരന്വേഷണം ഈ സംഗതിയെപ്പററി നടത്തിയതിനാലും ആണ്. പക്ഷെ വേറെ മുറി തന്നിരുന്നെങ്കിൽ എന്നുമെന്നും ഓർമ്മിച്ചോർമ്മിച്ചു രസിക്കാൻ കഴിയുന്ന ചില അനുഭവങ്ങൾ എനിക്ക് അജ്ഞാതമായിപ്പോകുമായിരുന്നു. എന്നെ ലാക്കപ്പിൽ കൊണ്ടുപോകുന്ന വഴിക്ക്, ഞാൻ മി. നാരായണനെ കണ്ടു. എപ്പോഴും മന്ദഹാസം തിരളുന്ന ആ മുഖത്തു മീശ അങ്ങിങ്ങായി പററിപ്പിടിച്ചു വളർന്നിരുന്നു. വസ്ത്രം മലിനമായിരുന്നു. കൃശശുഷ്കഗാത്രനായി എന്റെ സ്നേഹിതനെ ഞാൻ കണ്ടു. ഞങ്ങൾ രണ്ടുപേരും മന്ദഹസിച്ചു "സുഖംതന്നെയോ?" എന്ന് എന്റെ സ്നേഹിതൻ കുശലമന്വേഷിച്ചു. സുഖം! സുഖം! എന്തൊരർത്ഥമില്ലാത്ത പൊള്ളപ്പദം! മി. കെ. ആറിന്റെ മുറിയിൽ എന്നെ അടച്ചിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചു. പക്ഷെ ഹേസ്റ്റിങ്ങുന്ന് ആ "രാജദ്രോഹം" ഒരുകാലത്തും ചെയ്യുകയില്ലെന്ന് എനിക്കു നിശ്ചയമുണ്ടായിരുന്നു.

എന്റെ മുറിയിൽ ഞാനുൾപ്പെടെ അഞ്ചു പേരാണുണ്ടായിരുന്നതു് — ക്ഷൗരക്കാരൻ കുഞ്ഞു, "കാൺസ്റ്റബിൾ" കുഞ്ഞൻപിള്ള, വൈക്കം മാധവൻപിള്ള, ഒരു അധഃകൃതൻ — അല്ലല്ല, ഒരു അവശസമുദായക്കാരൻ. മി. കെ. ആറിന് ആറുപേർ കൂട്ടുകാരുണ്ടായിരുന്നു എന്നാണു ഞാൻ അറിഞ്ഞതു്.

തുറന്ന കമ്പിവാതിലും മതിലിൻ മുകളിൽ ഒരു വെൻറിലേററവും എന്റെ മുറിയിലുണ്ടായിരുന്നു. വാതിൽ തുറന്നതും, മെസ്സേഴ്സ് വൈക്കവും കുഞ്ഞുവും കുഞ്ഞൻപിള്ളയും, മലമൂത്രവിസർജ്ജനത്തിനു മുറിയിലുണ്ടായിരുന്ന മൂലയൊഴിച്ച് ബാക്കിയുള്ള സ്ഥലത്ത്, അവരുടെ പായ്കൾ വിരിച്ച്, എന്റെ കൈയേറാത്തിലുള്ള അസഹിഷ്ണുത പ്രദർശിപ്പിച്ച് അവരുടെ കൈവശാവകാശം സ്ഥാപിച്ചതും, ഒപ്പം കഴിഞ്ഞു. വാതലിൽനിന്നു മൂന്നു കണ്ടിച്ചു നാലോ, അടി അകലെ ആയിരുന്നു മൂത്രസങ്കേതം; അവിടെ ഒരു കലവും ചട്ടിയും; ചാറം നനഞ്ഞിട്ടുമുണ്ട്. വാതൽ തുറക്കുന്നിടത്തു് ഒരാൾക്കിരിക്കാൻമാത്രം സ്ഥലം "തരിശാ"യി ഒഴിഞ്ഞുകിടപ്പുണ്ടായിരുന്നു. മുറിക്ക് പത്തടി നീളം എട്ടടി വീതി വരും. എനിക്കു സ്വാതന്ത്ര്യമായി കിട്ടിയതു കലത്തിന്റെ അതിരുമുതൽ തെക്കോട്ടു മൂന്നടി പടിഞ്ഞാറോട്ടു നാലടി വീതിയിൽ ഉള്ള സ്ഥലമായിരുന്നു. മുറിക്കകത്തെ "മധുരഗന്ധമഹോ മതിമോഹനം" എന്നേ പറയാനുള്ളൂ. ഈ കലിയുഗത്ത് എന്നെങ്കിലും അതു കഴുകിയിട്ടുണ്ടോ എന്നു സംശയമാണ്.

എന്റെ ചുററിലും തങ്ങിയുറങ്ങുന്ന — അങ്ങനെ ഭാവിക്കുന്ന — എന്റെ ചങ്ങാതിമാരെ ഞാൻ നോക്കി. കുളി എന്നൊന്നിന്റെ സുഖം അവർക്കു ആ മുറിക്കുള്ളിൽ പറഞ്ഞനുഭവിക്കാനെ കഴിഞ്ഞിട്ടുള്ളു എന്നു തോന്നും. നാറിക്കീറി മുഷിഞ്ഞവസ്ത്രം. രണ്ടുപേർക്കു സർവാംഗം ചൊറി. അവരിൽ ഭയങ്കരൻ ക്ഷൗരക്കാരൻ കുഞ്ഞു ആയിരുന്നു. രാത്രിയുടെ നിശ്ശബ്ദതയിൽ തുമ്പുകൂർത്ത നീണ്ട നഖംകൊണ്ട് ചൊറിമാന്തുന്നശബ്ദം പാറപ്പുറത്തു ചിരട്ടപിടിക്കുംപോലെ ഒന്നിടവിട്ട നിമിഷങ്ങളിൽ കേൾക്കാമായിരുന്നു. അല്പനേരം കഴിഞ്ഞപ്പോൾ ഒരു 'പാച്ചുരുളു' ഒരു കാൺസ്റ്റബിൾവശം മി. കെ. ആർ. എനിക്കു കൊടുത്തയച്ചു. പായ്കതകോടുചേർത്തുവച്ചു മുക്കുപുറത്തോട്ട് നീട്ടി, എനിക്കുണ്ടായ അസഹ്യത ആരുമറിയരുതെന്നുദ്ദേശിച്ച് ഞാൻവെളിക്കോട്ടുനോക്കിയിരുന്നു. അപ്പോൾ വെളിക്കു ദൂരെ കമ്പിവേലിക്കു മുകളിലായി രണ്ടുപേർ ഒരു ചവുക്കാളവും തലയണയും പൊക്കിക്കാണിച്ചു. വേണ്ടെന്ന് ഞാൻ കൈയെടുത്തു കാണിച്ചു.

മി. സി. കേശവന്റെ "കോഴഞ്ചേരിക്കുശേഷം" എന്ന പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്ത ഗ്രന്ഥത്തിൽനിന്ന്

ഏഴുമണിക്കു മി. ടി. എം. വന്നു. എങ്ങനെയിരിക്കുന്നു എന്ന് ഒരു പച്ചച്ചിരിയോടെ ചോദിച്ചു. പരമാനന്ദം എന്ന് ഞാൻ പറഞ്ഞു. രണ്ടുപേരും ചിരിച്ചു.

ആളുകൾ പിരിഞ്ഞു. ലാക്കപ്പ് അന്തരീക്ഷം എന്നൊന്നുണ്ട്. അതു അവിടമെങ്ങും വ്യാപിച്ചു. സർവത്ര നിശ്ശബ്ദമായി. ഞാൻ എന്റെ ചങ്ങാതിമാരുടെ നേരെ തിരിഞ്ഞു. വൈക്കം ആൾ രസികനാണ്. താടിക്കാരൻ; മുടിയുംവളർത്തിയിട്ടുണ്ട്. ലോകം മിഥ്യ; പരലോകം മാത്രം തഥ്യ; വേദാന്തശ്ലോകങ്ങൾ പരമഭാഗവതനായി പതിഞ്ഞ സ്വരത്തിൽ ചൊല്ലുന്നുണ്ട്. ഒരു കൊലക്കേസിൽ ഏഴുകൊല്ലം പൂജപ്പുരയിൽ കഴിച്ചയാളാണ്. അവിടെവച്ചു ഒരു വലിയ ധീരകൃത്യം, ഒരു സത്യാഗ്രഹം, വൈക്കം അനുഷ്ഠിച്ചു. സെൻട്രൽ ജയിലിന്റെ പ്രധാന ഗേറ്റിന്റെ മുമ്പിലത്തെ മൂന്നാൾപൊക്കമുള്ള വാട്ടർറ്റാങ്കിന്റെ മുകളിൽ ഒരുദിവസം വിദ്വാൻ കയറി ഇരിപ്പായി. പല പണികളും നോക്കിയിട്ടും വൈക്കം ഇറങ്ങിയില്ല. പിടിച്ചിറക്കാൻ ചെന്ന വാർഡറെ ഒരു കമ്പികൊണ്ടു കുത്തി നിലംപതിപ്പിച്ചു. ആ പാരമ്പര്യവുമായി വെളിയിൽ വന്ന വൈക്കം മൂലം വീട്ടുകാർക്കു തന്നെ പൊറുതിമുട്ടി, 90നൊ, 93, നൊ അവർതന്നെ കേസെടുപ്പിച്ചു. അങ്ങനെ തുറുങ്കിൽ തപസ്സിനു വന്നയാളാണ്. കാൺസ്റ്റബിൾ സ്നേഹിതൻ കുഞ്ഞൻപിള്ള തിരുവാർപ്പിനടുത്ത് ആരെയൊ ഒരാളെ കൊന്ന്, ചിലരെ കുത്തി, ഭ്രാന്തു ഭാവിച്ചു വന്നിരിക്കയാണ്. ആൾ ദീർഘകായനാണ്. ഉദ്യോഗത്തിലിരുന്ന കാലത്ത് ഉഗ്രനായിരുന്നു; ദേകാഴുത്തു തടിച്ചുമിരുന്നിരിക്കണം; പൊലീസ്ഗാംഭീര്യം ഇപ്പോഴുമുണ്ട്. ചില ഗോഷ്ഠികളും സ്വല്പം സംഗീതവുമുണ്ട്. വൈക്കത്തിനും കുഞ്ഞൻപിള്ളയ്ക്കും എന്റെ കേസ് അറിവുണ്ടായിരുന്നു. ഞാനാണ് "നായർസംഹാര"മെന്ന പഞ്ചാക്ഷരിമന്ത്രത്തിന്റെ വിശ്വാമിത്രനെന്നായിരുന്നു രണ്ടുപേരുടേയും ധാരണ. കുഞ്ചു പൊക്കം കുറഞ്ഞ ഒരു ക്രൂരനായിരുന്നു. ഒരു ലഹളയ്ക്കു ഒരു കൊല്ലം ശിക്ഷ കിട്ടി, സെൻട്രൽജയിലിൽനിന്നു ജയിൽയൂണിഫാറത്തിൽതന്നെ വേറൊരു കേസിനു വന്നിരിക്കയാണ്. എന്റെ പൂജപ്പുര ജീവിതകാലം മുഴുവൻ കുഞ്ചുവായിരുന്നു എന്റെ ക്ഷൗരക്കാരൻ. മദ്യത്തിന്റെ അപഹാരത്തിൽ കുഞ്ചു നല്ലനടത്തക്കാരനാണ്. കോട്ടയത്തു വരുമ്പോൾ കുഞ്ചുവിനു വല്ലാത്ത ചൊറി പിടിച്ചിരുന്നു. വേറൊരു ചൊറിയൻ 'അധഃകൃതൻ' ആയിരുന്നു. ഞങ്ങളുടെ $10\times8$ ദീർഘചതുരത്തിൽ തീണ്ടാമുറ അനുസരിച്ച് അവൻ കിടന്നു. വൈക്കത്തിന്റെ നിശാസ്തോത്രത്തോടെ ഞങ്ങളുടെ സദ്യം ആരംഭിച്ചു. അധഃകൃതനൊഴിച്ചു ബാക്കി എല്ലാവരും എന്നെ കൂടക്കൂടെ തുറിച്ചുനോക്കുന്നുണ്ടായിരുന്നു. പെട്ടെന്നു കുഞ്ഞൻപിള്ള മഹാകവി കുമാരനാശാന്റെ "കരുണ"യിൽനിന്ന് ഒരു വരി അയാൾക്കു സ്വാധീനമായിരുന്ന സംഗീതമാധുരി മുഴുവൻ പ്രയോഗിച്ച് ആലപിച്ചു. ഹാ! മഹാകവേ! അങ്ങയുടെ അനുഗൃഹീതമായ ആ മധുര വചഃപ്രസരം കൊട്ടാരംമുതൽ കുടിൽവരെ, കൊള്ളക്കാരുടേയും കൊലപാതകികളുടേയും ഇടയിൽപോലും എന്തൊരു പ്രേരണാശക്തി ചെലുത്തുന്നില്ല? അങ്ങയുടെ "മയൂരസിംഹാസനം" ചക്രവർത്തിമാർക്കുപോലും അലഭ്യമായിട്ടുള്ളതുതന്നെ. കേവലം അപ്രതീക്ഷിതമായി "കരുണ"യിലെ ഒരു വരി, ഒരു പ്രസക്തിയുമില്ലെന്ന് എനിക്കു തോന്നിയ കോട്ടയം ലാക്കപ്പിൽ കേട്ടപ്പോൾ മാത്രമാണ് വെളിയിലേയ്ക്കു നോക്കിക്കൊണ്ടിരുന്ന ഞാൻ എന്റെ ചങ്ങാതിമാരുടെ നേർക്കു തിരിഞ്ഞത്. ഹ! എല്ലാവരും മനുഷ്യരും അതിനാൽസഹോദരങ്ങളുംതന്നെ! എല്ലാവർക്കും ആനന്ദങ്ങളും, വികാരങ്ങളും തുല്യംതന്നെ! ഈ ഒരു ചിന്തയുടെ പ്രേരണയിൽപെട്ട് ഞാൻ "കരുണ"യിലെ അടുത്തവരി സ്വയമറിയാതെ ചൊല്ലിപ്പോയി. അതിനെത്തുടർന്നു ഞാൻ സാവധാനത്തിൽ കരുണ അങ്ങോട്ടു ചൊല്ലാൻ തുടങ്ങി. സംഗീതമില്ലാത്തവൻ സംഗീതത്തിൽ ലയിച്ച്, ഇളകിപ്പോകാത്തവൻ, കൊള്ളയ്ക്കും കൊലപാതകത്തിനും മടിക്കാത്തവനാണെന്നു പറഞ്ഞ മഹാകവിയെ എത്ര നമസ്കരിച്ചാലും മതിയാവുകയില്ല. ഞാൻ ചെല്ലിയതു വൈക്കത്തിനും കുഞ്ഞൻപിള്ളയ്ക്കും വളരെ ബോധിച്ചു. അവർക്കെന്നെപ്പറ്റി ഒരു വലിയ മതിപ്പ് എന്റെപാട്ട് ജനിപ്പിച്ചിരിക്കണം; എന്തുകൊണ്ടെന്നാൽ രണ്ടുപേരുടെ പായും സാവധാനത്തിൽ പുറകോട്ടു നീങ്ങി. സാഹിത്യപരമായ പല ചോദ്യോത്തരങ്ങളും അർത്ഥപ്രവചനങ്ങളും ഞങ്ങൾതമ്മിൽ നടന്നു. അങ്ങനെ ഒരു മണിക്കൂർകൊണ്ടു ഞങ്ങൾ ആത്മാർത്ഥസുഹൃത്തുക്കളായി. വിശേഷിച്ചും വൈക്കവും ഞാനും; ഈ മൈത്രി പൂജപ്പുരയിലും തുടർന്നുകൊണ്ടുപോയി. വൈക്കം ധീരത കാണിച്ചും, ജയിലധികൃതന്മാരിൽനിന്നു അതിനാൽ ധാരാളം അടിവാങ്ങിയും കഷ്ടപ്പെട്ടും ജയിലിനകത്തു വിജയകരമായ ഒരു സ്വാതന്ത്ര്യസമരം പണ്ടേ നടത്തിയ ആളായിരുന്നു. അതുകൊണ്ട്, എന്റെ ചില്ലറ ചില ആവശ്യങ്ങൾ പൂജപ്പുരയിൽവച്ചുപിന്നീട് ഈ സ്നേഹബന്ധം മുൻനിറുത്തി അദ്ദേഹം സാധിച്ചുതന്നു.

പാട്ടുകേട്ട് ക്ഷൗരക്കാരൻ കുഞ്ചു എണീററു കിഴക്കോട്ടു കാലുംനീട്ടി, മതിലിൽ ചാരിയിരുന്നു രസിച്ചു. അധഃകൃതൻമാത്രം പഴയപടി വളഞ്ഞുകൂടി കിടന്നു.

പത്തു മണിയോടുകൂടി വൈക്കം, എന്നോടായി 'സാർ ബീഡിവലിക്കുമോ?' എന്നു ചോദിച്ചു വിരോധമില്ല എന്നു ഞാൻ പറഞ്ഞു. വൈക്കം എണീററു മുണ്ടിന്റെ ഏതോ ഭാഗത്തുനിന്നു രണ്ടെണ്ണം എടുത്തു. തലയണയുടെ മൂല കെട്ടിയിരുന്നതഴിച്ചു തെക്കിയപ്പോൾ ഒരു തീക്കററി പുറത്തു വന്നു. "കുഞ്ചു പെട്ടിയെവിടെ, എടെടാ" എന്നു പറഞ്ഞു. എന്തു പറയട്ടെ, കുഞ്ചു എണീററു വെൻറിലേററിന്റെ തട്ടിൽ മുണ്ടു വീശി വലിച്ചു അപ്പോൾകാണാം ഒരു പെട്ടി 'ധിം' എന്നു വന്നു നിലത്തുവീണു. സാമഗ്രികൾ എല്ലാമായി. ഈ സന്ദർഭത്തിൽ പൊതുജനങ്ങളുടെ അറിവിനായി ഒരു കാര്യം പറയാനുണ്ട്. ഒരു തീക്കമ്പു ഞങ്ങൾ ജയിൽപ്പുള്ളികൾ നാലായിക്കീറി നാലു തവണ ഉപയോഗിക്കും. ഉപയോഗശൂന്യമായി ആഫീസിൽ നിന്നു കളയുന്ന നിബ്ബാണ് ഈ ആപ്പറേഷന് സാധാരണ ഉപയോഗിക്കുക. ആര്യ അസാദ്ധ്യമായ ഒരു അത്ഭുതമെന്നൊ ഞാൻ ഇതിനെ കരുതിയുള്ളു. സെൻട്രൽജയിലിൽവച്ച് എന്റെ ഒരു സ്നേഹിതനാണ് പ്രായോഗിക വിജ്ഞാനം ഈ വിഷയത്തിൽ എനിക്കുണ്ടാക്കിത്തന്നത്.

ഞാനും വൈക്കവും കൊടുത്ത ബീഡിമുറികൾ വലിച്ചു കുഞ്ചു കിടപ്പായി. മണി 12 കഴിഞ്ഞു ഞാൻ ഇരിപ്പാണ്. പായുടെ ഒരു ചുരുൾ നിവർത്ത്, ഇരുന്നും കിടന്നും എങ്ങനെയോ ഞാൻ ഒന്നു മയങ്ങി. പെട്ടെന്ന് എട്ടു നാടും പൊട്ടത്തക്കവണ്ണം ഒരു അലർച്ചയും ഭയങ്കരമായ ഒരു ഒട്ടവും മുറിക്കകത്തു കേട്ടു, ഞാൻ ഞെട്ടിയെഴുന്നേററു. ഞാൻ വല്ലാതെ ഭയപ്പെട്ടുപോയി. മുമ്പിൽ നില്ക്കുന്നു കുഞ്ഞൻപിള്ള. എന്തു, എന്ത് എന്നു ഞാൻ ചോദിച്ചു. പ്രതിബോധവാനായതുപോലെ ഒന്നുമില്ല, ഒന്നുമില്ല എന്നു പറഞ്ഞു കുഞ്ഞൻപിള്ള വീണ്ടും കിടന്നു. കുഞ്ചുവും അധഃകൃതനും അനങ്ങിയില്ല. വൈക്കം ബീഡി പൊന്തിച്ച് അവനു കിറുക്കാണു സാറേ എന്നു പറഞ്ഞ് എന്നെ സമാധാനപ്പെടുത്തി. സെഷൻസിൽ കേസു നടക്കുന്ന കാലത്തു കോട്ടയം ലാക്കപ്പിലെ ഈ വിശേഷങ്ങളെപ്പററിയും മററും പൊലീസ്കമ്മിഷണർ എന്നോടു ചോദിച്ചു. എന്നോട് കോട്ടയത്തുവച്ചു കാണിച്ച പെരുമാററത്തെപ്പററി മലയാളമനോരമയിൽ ഒരു കുറിപ്പുണ്ടായിരുന്നു. അതിനെ അടിസ്ഥാനമാക്കിയായിരിക്കണം ഔപചാരികമായ ഈ അന്വേഷണം കമ്മിഷണർ നടത്തിയത്. ഇപ്പോൾ എല്ലാം ഒരു വലിയ നേരംപോക്കായി എനിക്കു തോന്നുന്നു. പക്ഷെ, അന്നു രാത്രി അങ്ങനെയല്ലായിരുന്നു തോന്നിയത്. മനഃപൂർവകമായ ഒരു ദുഷ്ടവിചാരം എവിടെയോ എന്നെ സംബന്ധിച്ചു ഒളിഞ്ഞുകിടപ്പുണ്ടെന്നായിരുന്നു അന്നത്തെ എന്റെ വിശ്വാസം.

——


# ഇംഫ്ലി

ശിശുക്കൾക്ക് അതിവിശിഷ്ടമായ ആഹാരമാണ് "ഇംഫ്ലി." കരപ്പൻ, ഗ്രഹണി മുതലായ ബാലാരിഷ്ടതകളിൽ നിന്നു "ഇംഫ്ലി" ശിശുക്കളെ സംരക്ഷിക്കുന്നു. തീരെ മെലിഞ്ഞ കുഞ്ഞുങ്ങളും ആരോഗ്യവും, പ്രസരിപ്പും തികഞ്ഞവരായി വളരുവാൻതക്ക എല്ലാവിധ പോഷകങ്ങളും "ഇംഫ്ലി"യിൽ അടങ്ങിയിരിക്കുന്നു.

ആട്ടിൻപാലിലൊ, പച്ചവെള്ളത്തിലൊ കാച്ചി പാകം ചെയ്ത് കല്ക്കണ്ടമൊ, പഞ്ചസാരയൊ ചേർത്തു ഉപയോഗിപ്പിക്കാം.

PRICE As. 8 PER ¼ Lb. TIN.

N. B. എല്ലാവിധ ആയുർവേദ ഔഷധങ്ങളും മിതമായ വിലയ്ക്കു വില്ക്കുന്നതു കൂടാതെ സൌജന്യമായി രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതുമാകുന്നു.

Props: Vaidya Sastri K Raghavan Vaidian & Bros,

A. P. Medical Hall, Alleppey.

# കടത്തുകാരൻ

ററി. എൻ. ഗോപിനാഥൻനായർ



i

കരകളോടന്ത്യമൊഴികൾ മൂളിയാ-
നദിസഗദ്ഗദം നീങ്ങി.
വരണ്ടനാവുപോൽ ജലംകൊതിച്ചൊരു-
വഴിപ്പുഴയൊടിണങ്ങി.
ഇരുഭാഗത്തിലായ് പകുത്തുപിന്നിയ-
ചികുരം മാതിരി പാടം
അതിൻകരയിലായ് മുകുളപാണിപോൽ
കടത്തുകാരൻെറമാടം.

ii

"വരുവിൻവേഗമിക്കടത്തുതോണിയിൽ
വിരച്ചിലക്കരെപ്പോകാൻ."
പതിവുപോലെയാ പഴയപല്ലവി
പഥികരോടവൻ പാടി.
പലരും വേഗമാപതിവുതോണിയിൽ
ശലഭരാജിപോൽ കൂടി.
തിരകളെമുറിച്ചയന്നംപോലാ-
കടത്തുതോണിയുമാടി.

iii

ചെറുപ്പംതൊട്ടവനവിടെയെന്നുമാ-
കടത്തുതോണിയിൽതന്നെ
സ്വനഗ്രാഹിയിലെ 'മെഴുകിൽ'കീർത്തന-
മൊളിഞ്ഞുനിന്നിടുംപോലെ
അനവധിസുഖസ്മരണകളലി-
ലലിഞ്ഞുനിൽക്കുകയല്ലി!
അവനതോഴനും ഗുരുവുംബന്ധുവു-
മവനിയിലതുതന്നെ!
അതിൽകയറുകിലറിയാതുള്ളിലൊ-
രതുലകീർത്തനമെത്തും.

iv

കവിതൻ സുന്ദരഹൃദയംതന്നിലായ്
പുതിയൊരാശയംപോലെ,
സുരുചിരഗ്രാമസുന്ദരരൂപമാ-
ർന്നൊരുലളിതകുമാരി,
അകലെ കമ്പോളത്തെരുവിൽപോകുവാ-
നവിടെയാഗതയാകും.
അവളെക്കാണുകിൽ കടത്തുകാരൻെറ
അകമൊരാനന്ദപൂരം.

v

നദിനടുവിൽവെച്ചൊരുദിനമവ-
നതിമോദമിദം ചൊല്ലി.
"തോണിയിപ്പോൾ മറിയുകിൽ
തോഴിയെന്തു ചെയ്യും?"
അവളെതിർവിരവു വളകളി-
ലലസന്തോഷം ചിരിച്ചോതി
"ഞാനൊരുനാളുമായി
വാനിലുയർന്നിട്ടും"
ഫലിതംകേട്ടൊരുമിത്തു വിനോദപ്പെട്ട
കടത്തുകാരൻ ചിരിച്ചു
"ഞാനൊരു ശലഭമായ്
പിൻതുടരുംതോഴി!"
അപ്പടിയൊന്നുമരുളിടാതവൾ
വെറുതെ പുഞ്ചിരിതൂകി.

vi

രജതശാരദാരാജിതമദമൊരു
രജനിയിലവർകണ്ടു.
കനകശീകരനികരസുന്ദരം
നദിനിലാവത്തുമിന്നി.
മലയമാരുതനലചലിതപല
ചലനരൂപങ്ങളൂന്നി.
അവരെയുംവഹിച്ചിരുമലരണി-
ലതപോൽ തോണിയുംനീങ്ങി.
അമരസുന്ദരവരമദകര
മധുരകീർത്തനംപോലെ!
കടത്തുകാരനുമവളുംതോളോട-
ന്നൊരുപടിയിലായ്മേവി.
ഇടയ്ക്കിടയ്ക്കവൾ തലകുനിച്ചോരോ
കളിവാക്കോതിച്ചിരിക്കും.
ഇടയ്ക്കിടയ്ക്കവൻ തുടുത്തപൂങ്കവിൾ
തടത്തിലുമ്മകൾ നൽകും.
ഇടയ്ക്കിടയ്ക്കവർ മധുരകീർത്തനം
മതിമറന്നങ്ങു പാടും
പ്രണയപൂജിതശരൻമനോഹര
രജതരാജിതരംഗം!

vii

പുലരിയെത്തുകിൽ പതിവുപോലവൻ
കടത്തുതോണിയെ പൂകും.
അവളുമങ്ങാടിത്തെരുവിൽ പച്ചില
ക്കറികൾ വിൽക്കുവാൻ പോകും.

viii

ചലനചിത്രത്തിലഭിനയിക്കുവാ-
നവളെ ആളുകൾ കണ്ടു.
പ്രതിഫലമായി കുടുംബക്കാർക്കൊരു
വലിയ സംഖ്യയുമാറ.
അഭിനയിക്കുവാൻ ലളിതഗ്രാമീണ
സുഭഗയെത്തന്നെ വേണം!
സമുചിതപദം പലദിനം ചിന്തി-
ച്ചൊടുവിൽകിട്ടിടുംപോലെ
പലദിനമലഞ്ഞൊടുവിലാളുകൾ
കൊതിച്ച പൂവിനെ കണ്ടു.

ix

"പോകുമെന്നാൽ ധനികയായ്
പോരുകില്ലേ നാളെ?"
ഇടറുംനാദത്തിലവരോടാമലാൾ
ഇതുവിധംമെല്ലച്ചൊന്നു.
തരളചിത്തനായ് തലകുനിച്ചവ-
നരികിലങ്ങിനെ നിന്നു.
അവിടമൊക്കെയും ഗഹനശാന്തിതൻ
ലഹരിതന്നിലമർന്നു!
അരികിൽ നില്ലുമാലതകളിൽക്കൂടി
തുഹിനബാഷ്പമടർന്നു.
"നിന്നെയും കാത്തിവിടെന്നും
നിന്നിടും ഞാൻ തോഴി!"
കരകളോടന്ത്യമൊഴികൾ മൂളിയാ
നദി സഗദ്ഗദംനീങ്ങി.

x

കിളികുലങ്ങൾതൻ കളകളംവഴി
പുലർകാലം വന്നുദിച്ചു
ധവളലോലമാം മുഖപടംനീക്കി
ഗിരികൾ സ്വാഗതം നൽകി.
പതിവുപോലെയാപഴയതോണിയിൽ
കടത്തുകാരനെ കണ്ടു
കിളികളിലെഴും, തിരകളിൽകാണും
രസികതയവനില്ല.
അവൻെറ ഭംഗിയും, ചിരിയുംഗാനവു-
മവളെ പിൻതുടർന്നോടി.

xi

വിളറിവീണിടുമിലകൾ മാതിരി
ദിനങ്ങളോരോന്നടർന്നു.
നറുനിലാവിനെ കൊതിക്കുംപിച്ചക-
മുകുളംപോലവനെന്നും,
ഇണയെ കാണുവാൻ കൊതിച്ചുനിന്നിടും
കിളിയെപോലവനെന്നും,
അകം നിറഞ്ഞിടുമഭിലാഷങ്ങളൊ-
ത്തവൾതന്നാഗമം കാക്കും.

xii

പകലവൻപിന്നെ പലദിനങ്ങളും
പതിവുപോലെയണഞ്ഞു.
അവൻെറആശതൻ ലതികയിലെഴും
കലികപിന്നെയും നിന്നു
അവൻെറയൗവനം കരിഞ്ഞ ചാമ്പലാ
തല മുടിയെപ്പൊതിഞ്ഞു.
അവൻെറ കണ്ണുകൾക്കരികിലൊക്കെയും
കരിനിറം വന്നടിഞ്ഞു.
കുഴിച്ചെടുക്കയായ് വയസ്സുകാലമാ
കവിളിണയിലെ കാന്തി!
വയലിൻ തീരത്തിൽ വടിയുമേന്തിയാ-
വയസ്സനാരോയാകാക്കും.
ഒരുദിനം നദിനടുവിൽ വെച്ചവ-
നറിയാതീവിധം മൂളി.
"തോണിയിപ്പോൾ മറിയുകിൽ
തോഴിയെന്തുചെയ്യും?"
അതിനുള്ളുത്തരമലകളായതിൻ
അതുലഭാഷയിലോതി

— —



# വനാന്തരാഗം

## എൻ. ലളിതാംബിക അന്തർജ്ജനം

i

“ചന്ത്രാ - ആ പൂവിഞ്ഞുപറിച്ചു താ — ചന്ത്രാ.”

കോത കൊഞ്ചിക്കുഴഞ്ഞുകെഞ്ചി.

അവൻ വിലക്കുട്ടി.

“എനിക്കിപ്പവയ്യ-നീ കേറിപ്പറിക്ക്”

“എന്റെ ചന്ത്രനല്ല്യോ. ഞാ നീ തെച്ചിപ്പഴംമുഴുവോനുംതരാം...”

അവൾ ആ എത്താത്ത പൂവിനെ ആകാംക്ഷാപൂർവ്വം വീണ്ടും നോക്കി. “അയ്യ. അതിന്റെയൊരുചന്തം.”

“ഇന്നാളിലേ്—ആ മേലാംകോട്ടുകളത്തില് മെതിച്ചോണ്ടുനിന്നപ്പം—നീ എന്നെക്കണ്ട മിണ്ട്യേല്ലല്ലോ. കാളിയല്ലാരുന്നോ കൂട്ടുകാരി. ഇപ്പളുമവളോടുപറ.”

ചന്ത്രൻ കൊള്ളിവാക്കുപറഞ്ഞു. കോത വല്ലാതായി.

“അതോ. അമ്മച്ചി—എടുന്നതല്ലേ. കണ്ട കയ്യാമ്മാരോടൊക്കെ വർത്താനം പാരഞ്ഞൊന്നുംപൊല്ലി.”

“അപ്പം പിന്നെ കണ്ട കുയിയമ്മാരോടൊക്കെ നീ പൂ പറിച്ചുതരാൻ പറഞ്ഞതെന്തിനാ....? ഏൻ പോണു. നിൻറമ്മച്ചി കണ്ടാക്കെറീക്കും.”

ചന്ത്രൻ പരിഭവിച്ചു പുറംതിരിഞ്ഞു നടന്നു. അവൻ കണ്ട കുഴിയനാണുപോലും. അവളുടെ അപ്പന്റെ പെങ്ങളുടെ മകൻ—അവളുടെ മച്ചമ്പി—കോത അവന്റെ മുറപ്പെണ്ണാണ്. പെററഅന്നു കുറിച്ചകുടി (വധു.) എന്നിട്ടും അവൾക്കു അവനോടു സംസാരിച്ചുകൂടാത്രേ. ആകട്ടെ—

കോപംകൊണ്ടു അവന്റെ മുഖം തുടുത്തു. കോത ഓടിച്ചെന്നു കൈയ്യു പിടിച്ചുകൊണ്ടു സമാധാനിപ്പിച്ചു.

“ഇങ്ങനെ കെറീച്ചാലോ-ഏനതു കളിയായിട്ടു പറഞ്ഞതല്ല്യോ. മാളോരുകണ്ടാ എന്തു പുറം—”

“എന്താ പറ്യാനാ-അപ്പം-നീ എന്നെ കെട്ടുമ്പളോ?” അവൻ ന്യായവാദംചെയ്തു. കോത ലജ്ജിച്ചു തലതാഴ്ത്തി.

“അയ്യ് അന്നല്ല്യോ?”

ആമുഖം. ആ കണ്ണുകൾ— ആ വികാരമുഗ്ദ്ധമായ അംഗചലനങ്ങൾ—ചന്ത്രന്റെ കോപം എങ്ങോട്ടോ ഒളിച്ചോടിപ്പോയി. അവളുടെ മിനുത്ത കൈത്തലം പിടിച്ചുടപ്പിച്ചു മന്ദഹാസത്തോടെ അവൻ ചോദിച്ചു—

“ആട്ടേ കോതേ-നെനക്കുഎന്റെ കൂടെ പൊറുക്കാനിട്ടമാണോ?”

കോതയുടെദേഹം കോരിത്തരിച്ചു. അവൾ വ്രീളാമൂകയായി കുനിഞ്ഞുനിന്നു. കയ്യിലിരുന്ന പച്ചിലക്കുമ്പിൾ താനറിയാതെ താഴെവീണു അതിലിരുന്ന തെററിപ്പഴങ്ങൾ പവിഴമണിപോലെ നാലുപാടും ചിതറി. അവ



എൻ. ലളിതാംബിക അന്തർജ്ജനം

ളുടെ മധുരാഭിലാഷങ്ങൾ—അവയിൽ ചിലതു കളിയായി കാലുകൊണ്ടു ചവിട്ടി ഞെരിച്ചുകൊണ്ട്, ആ പച്ചക്കാടുകളുടെ പുണ്യസന്താനം പോലെ—പ്രകൃതിസൌകുമാര്യം ഉടലെടുത്തതുപോലെ—അവൾ അങ്ങിനെ നിന്നു. ഏതു നാഗരീക നാരിയാണ്, ഈ നിസർഗ്ഗ സൌന്ദര്യത്തിൻമുന്നിൽ തലകുനിക്കാത്തത്. ചന്ത്രനു സഹിച്ചില്ല. അവളുടെ മൌനം അവനെ നിരാശപ്പെടുത്തി.

“ഓ—എക്കറിയാം........നെനക്കെന്നെയല്ല കേളനേയാ കൂട്ടതലിട്ടം....”

പ്രേമത്തിന്റെ സംശയം—മുഖമുയർത്തി പരിഭവതീക്ഷ്ണമായ ഒരു നോട്ടം അവനിൽ പതിപ്പിച്ചുകൊണ്ടു കോത പറഞ്ഞു.

“അതേതെ, എന്നാപ്പിന്നെ എനിന്നാലേം അമ്മേന്റെ അടികൊള്ളേണ്ടാന്നല്ലോ”.

“എന്ത്. അമ്മായി നെരന്നത്ത ല്ല്യോ. എന്ത്നാ-ന്റെ കോതേ അത്.”

ചന്ത്രന്റെ ഹൃദയം വെമ്പിത്തുടിച്ചു. കോതയെ തല്ലുക-അവളുടെ മൃദുലമേനിയിൽ നോവേല്പിക്കുക. അവ

ന്തോഷംതന്നെ സഹിക്കാൻപാടില്ലായിരുന്നു—

ഗൃഹരഹസ്യങ്ങൾവെളിപ്പെടുത്താനുള്ള വൈമനസ്യത്തോടെ കോത മൌനമവലംബിച്ചു ചന്ത്രൻ മുൻകോപിയാണെന്നറിയാം. ഒന്നുകേട്ടാലും അവന്റെ മനസ്സിൽ ഇരിക്കയില്ല. പ്രതികാരം അവനു ജന്മവാസനയാണ്. കോതയോടൊഴിച്ചു മററാരോടും അവനതു ശരിയായി തീക്കാനുള്ള ശക്തിയുണ്ട്. കോതയുടെഭാവം അവനെ ശങ്കാകുലനാക്കി. ഇതിലെന്തോ അപകടംഅന്തർഭവിക്കുന്നുണ്ട്.

“കോതേ നീ നേരുപറ. കേളൻ കാരണാണോ നെന്നെത്തല്ലീത്.”

അവൻ അമർഷത്തോടെ പല്ലുകൾ കൂട്ടിയിറുമ്മി. കോതപറഞ്ഞു........

“അല്ല. നീകാരണം....”

“ഞാങ്കാരണോ—ഞാന്നിന്നോടു ഒന്നുമേ പെയച്ചില്ലല്ലോ....”

ചന്ത്രൻ അത്ഭുതാധീനനായി. അവൻകാരണം കോതയെ അമ്മ തല്ലിയെന്ന്. അവന്റെ ഏററവും പ്രിയപ്പെട്ട കോതയെ.., ഇതെന്തൊരുസംഭ്രമജനകമായവാർത്ത....

“കോതേ-നീ നേരുപറഞ്ഞെ എനിച്ചൊന്നും തിരീന്നില്ല.....”

“പറഞ്ഞാ നീ കെറീക്കും-അതാ പേടി.” അവൾ സംശയപൂർവ്വം മുന്നറിയിപ്പുനൾകി. അവൻ വല്ലാത്ത മുൻകോപിയാണ്....

“ഇല്ല ഞാനൊട്ടും കെറിക്കില്ല കോതേ. നിന്നാണ് കെറീക്കില്ലേ.”

ഉല്ക്കടമായ ഉല്ക്കണ്ഠയോടെ ആ കാമുകയുവാവു ചോദിച്ചു.

“പെണ്ണുകെട്ടുകാര്യം വല്ലോമാണോ—?”

ലജ്ജയും നിരാശയുംകൊണ്ടു കോതവിളറി. അവൾ ഒരുവിധം പറഞ്ഞൊപ്പിച്ചു........

എനിച്ച്....എനിച്ച്....നിന്നോടിട്ടമാന്നും പറഞ്ഞാതല്ലീത്....

ചന്ത്രൻ ഒന്നു ഞെട്ടി. ഓർത്തിരിക്കാതെ ഒരടികൊണ്ടാലെന്നവിധം.

അപ്പോൾ-അപ്പോൾ-തന്നോടിഷ്ടമാണെന്നു പറഞ്ഞാണ് കോതയെ തല്ലിയതു്. അവൾ തന്നോടിഷ്ടമാകരുത്-താൻ അവളോടും-അതിന്നർത്ഥം-അവൾ കേളന്റെയാണെന്ന്. ചന്ത്രന്റെ മുഖം വിവർണ്ണമായി. അതിൽ അത്യുഗ്രമായ കോപനൈരാശ്യങ്ങളുടെ അരുണച്ഛവി കലർന്നിരുന്നു.

“ആങ്ഹാ-ഇപ്പമെക്കു മനച്ചിലായി. നീ ഓനേകെട്ടാൻ പോവ്വാ അല്ല്യോ.”

കോപോന്മത്തനായ അവൻ അവളുടെ കൈപിടിച്ചു നിർദ്ദയമായി ഞെരിച്ചു.

കോത ദയനീയം നിലവിളിച്ചു....

“അയ്യോ....ആരു പറഞ്ഞു....ഞാൻ ഓനേ കെട്ടും-ന്ന്....ഹാവൂ....എന്റെ കയ്യ്.”

ആ വാക്കുകൾ ദീനദീനമായിരുന്നു. ചന്ത്രന്റെമേൽ അതിനൊരു മാന്ത്രികശക്തിയുണ്ട്. അവന്റെ കോപംനിയന്ത്രണാധീനമായി. കൈകൾ താനേ അയഞ്ഞു.

“എന്നാപ്പിന്നെന്തിനാ കോതേ നിന്നെ അമ്മ തല്ലീത്?....”

അവന്റെ സ്വരത്തിൽ കോപവും നൈരാശ്യവും നിറഞ്ഞിരുന്നു.

“അതോ” കോതപറഞ്ഞു. “അമ്മേനും അപ്പച്ചിം (ചന്ത്രന്റെ അ

മ്മ) ആയി ഇപ്പം കെവവാ-നലെഏറത്തു കണ്ടത്തി കൊയ്യോണ്ടനിന്നപ്പം അവര് കററയ്ക്ക് പിടീം വലീം ക്രടിന്ന്—അപ്പച്ചീന്റെ അരുവാളോണ്ട അമ്മേന്റെകയ്യ് ഇമ്മിണി തോനേമുറിഞ്ഞു. അവര് വായിവന്ന തോന്നീതൊക്കെപ്പറഞ്ഞു. അപ്പം അപ്പച്ചിഎന്റെ ചന്ത്രനെക്കൊണ്ട് ഈ ച്ചമ്മം നെന്റെ മോളെ കെട്ടിച്ചത്തില്ലെന്ന ആണയിട്ടു.

"എങ്ങടെ കൊരേക്കാട്ടു മൂത്തിയാണെ, എന്റെ മോളേ നെന്റെ മോന തരത്തില്ലെന്ന-അമ്മേനം തത്യം ചെയ്തു........"

കോതയുടെ കണ്ണും ഇടറി-അവരം വല്ലാതൊന്ന നെടുവീർപ്പിട്ടു. ചന്ത്രന് തലകറങ്ങുന്നന്ന തോന്നി. അടുത്തുള്ള ഒരുമരത്തിൽ ചാരി അവൻചിന്താമഗ്നനായി നിന്നു. ഈ പതിനെട്ടുകൊല്ലത്തെ ആശയുടെയെല്ലാം പരിണാമം അമ്മമാരുടെ ഒരു നിസ്സാരകലഹത്തിൽ തട്ടിത്തകൎന്നു—ഇല്ലേ-യുവഹൃദയങ്ങളുടെ നിസ്സഹായത............

"പിന്നെ-നീവന്നപ്പോഴെ ഇതുചൊല്ലാഞ്ഞതെന്താ കോതേ........" ചന്ത്രൻ ചോദിച്ചു.

അവരം പറഞ്ഞു.

"ചൊല്ലിയല്ലേ്....ഇപ്പംതന്നെ കണ്ടല്ലൊ........"

അതെ, അവൻ മുൻകോപിയാണ്....അതവൾക്ക നല്ലതുപോലെ അറിയാം........

"കോതേ"........ചന്ത്രൻ അൎത്ഥഗർഭമായി വിളിച്ചു. അവന്റെ മുഖം അഗാധമായ ആലോചനയിലാണ്ടിരുന്നു........അപ്പോൾ അവളുടെ അമ്മ മനസ്സോടെ മകളെ തനിക്ക തരികയില്ല. തന്റെ അമ്മ സ്വീകരിക്കയുമില്ല.........കേളൻ കാത്തിരിക്കയാണ്—കോതയുടെ പ്രസന്നകോമളമായ താരുണ്യമധുരിമ സ്വായത്തമാക്കാൻ അഥവാ ആരാണതു കൊതിക്കാത്തത്.... പാടില്ല. പാടില്ല. അതവനനുവദിക്കില്ല........കോത അവന്റേതാണ്; അവന്റെ മാത്രം. അവന്റെ പ്രേമസർവ്വസ്വമായ അവൾ അന്യന്റേതാവുന്നത് അവൻ ജീവിച്ചിരുന്നുകൊണ്ടു കണ്ടു മിണ്ടാതെ അനുസരിക്കയോ?.... അല്ലാതെ പിന്നെ എന്തുചെയ്യും—ചെയ്യണം— അവന്റെ അഥവാ—അവളുടെ തന്നെ രസനീരസങ്ങൾ ഇക്കാര്യത്തിൽ ആരന്വേഷിക്കാനാണ്—അവളുടെ അപ്പൻ നിശ്ചയിക്കും........അതുപോലെയങ്ങു നടത്തും........ ..........

"അപ്പോ........നീ....കേളനയാ കെട്ടാൻ പോവുന്നത്.........അല്ല്യോ കോതേ"

ക്ഷീണനായി ഇഴഞ്ഞിഴഞ്ഞ സ്വരത്തിൽ അവൻ ചോദിച്ചു.

"അപ്പനമമ്മേം അങ്ങനെ നിച്ചേച്ചാ ഞാനെന്തെടുക്കാനാ?"

നിസ്സഹായതയോടെ അവൾ വീണ്ടുമൊരു നെടുവീപ്പിട്ടു.

"എന്നാല്—കേട്ടോ കോതേ—വാ—ഞാന്നിന്നെ എന്റെ മാടത്തിക്കൊണ്ടുപോക്കാളാം—"

അവൻ എന്തിനും തയാറായി....അവൾ അപകടം മുൻകണ്ടിക്കാണിച്ചു....

"അതിന തന്റെ അമ്മ എന്നെ അവ്ടെ കേറ്റീല്ലല്ലോ?........

ചന്ത്രൻ പൂൎണ്ണമായി അടിപെട്ടുപോയി. അതെ ശരിയായ ചോദ്യം തന്റെ അമ്മ അവളെ കൂടെ താമസിപ്പിച്ചില്ലെങ്കിൽ എന്തു ചെയ്യും. തനിക്ക് വേറെ വീടില്ല. അതുണ്ടാക്കാൻ വഴിയുമില്ല........

വീണ്ടും വളരെ നേരത്തെ മൌനം—ഒടുവിൽ എന്തോ നിശ്ചയിച്ചുറപ്പിച്ചവിധം ചന്ത്രൻ പറഞ്ഞു.

"കോതേ- ഏതായാലും നീ കെട്ടാൻ തമ്മതിക്കാതെ മാടത്തില് കൊറച്ചു നാളടങ്ങിപാക്ക്. അപ്ളേക്കം ഞാന് കെയക്കൻ തോട്ടങ്ങളിലെങ്ങാനം പോയി പാടുപെട്ട് പത്തു കായ് ഒണ്ടാക്കി വരാം—നിട്ട്നമ്പക്ക് രണ്ടാക്കുംകൂടെ ഒരു മാടോം ഒടിച്ചുകുത്തി സൊകമായിട്ടു പാക്കാം. എക്കെന്തുവാ കോതേ. ഒരു കൊറവു നീചൊല്ല്. നെനക്കവേണ്ടി എനെന്റെ കയ്യുത്തുപോലും കണ്ടിച്ചുതരാം."

ആ പ്രാകൃത യുവാവിന്റെ പ്രേമപ്രതിജ്ഞ അത്ര അത്യുഗ്രമായിരുന്നു—അവളഭിലഷിച്ചാൽ—അവൾക്ക വേണ്ടി-തന്റെ-അല്ല ആരുടെയായാലും കഴുത്തുപോലും കണ്ടിക്കുവാൻ അവൻ സന്നദ്ധനായിരുന്നു. അവന്റെ ഹൃദയം അവളിലാണ്. കോതയെക്കൂടാതെ ചന്ത്രനു ജീവനില്ല. ചൈതന്യമില്ല-സുഖമില്ല-ഒന്നുമില്ല. അവളുടെ സാമീപ്യം-സാന്നിദ്ധ്യം-സ്മരണകൊണ്ടുപോലും ആ ഗ്രാമീണകാമുകൻ തൃപ്തിയടയുമായിരുന്നു. കോത തന്റേതായില്ലെങ്കിൽവേണ്ട. എന്നാൽ തന്റെ ജീവസർവ്വസ്വമായ ആ തരുണി അന്യാധീനമാവുക-പ്രത്യേകിച്ചും കേളന്റെ-അക്കാര്യം അവന് ഓക്കാൻപോലും അസഹ്യമായിരുന്നു.

സാധാരണയായി അവരുടെ സന്ദർശനസന്ദർഭങ്ങൾ പ്രേമകലഹത്തിലൂടെ അനന്യമാനന്ദത്തിലെത്തിക്കുന്നതായിരുന്നു അവരുടെ സന്തോഷം—എന്നാൽ ഇന്ന് ആപതിവിന് സ്വാഭാവികമായ ഒരുമാററം സംഭവിച്ചു.

ഇത്ര വിനീതനും പ്രേമസുഭഗനുമായി കോത ചന്ത്രനെ മുമ്പൊരിക്കലും കണ്ടിട്ടില്ലായിരുന്നു. അവൻ ചോദിച്ചു.

"കോതേ നിനക്കാരുടെകൂടെപൊറക്കാനാ ഇട്ടം. എന്റെയോ കേളന്റെയൊ.

അവരം സംശയരഹിതമായി ഉത്തരംപറഞ്ഞു.

"തന്റെ"

ചന്ത്രൻ ആനന്ദംകൊണ്ടുന്നൃത്തം തത്തി.

"ഹാ! എന്റെയോ? അതുമതി. താരാളംമതി" .

ആ ചോദ്യത്തിന്റെ ഉത്തരത്തിലായിരുന്നു അവന്റെ ജീവിതാശ മുഴവൻ—ഇടരെയായി ആ മനോരാജ്യങ്ങൾ മുഴവൻ അവളുടെ മുമ്പിൽ സമപ്പിക്കപ്പെട്ടു.

"കോതേ നമ്മക്ക വേറെ ഒരു മാടം ഒണ്ടാക്കണം. ഞാൻ തെവുതാം വേലചെയ്യാം. നീ മാടത്തിലിരുന്നാമതി. കൊച്ചുങ്ങക്ക അനത്തിംവീത്തിം. (ഇവിടെ അവന ഒരു ലജ്ജാസ്മേരം ഉണ്ടായി.) നീ പറേന്നതെല്ലാം ഞാങ്കൊണ്ടത്തരാം.

കോത് പെട്ടെന്ന് ആ പൂ ചിവേച്ചക്ക നോക്കി. അവരം പറയുന്നതെല്ലാം അവൻ കൊണ്ടത്തരാമെന്ന്. എന്നിട്ടും ആ മോഹനമായ പുഷ്പം ഇപ്പോഴും എത്താത്ത ഉയരത്തിൽനിന്ന കാററിലാടി പരിഹാസപ്പുഞ്ചിരിതൂകുന്നതേയുള്ള........ആനാട്ടവും ആ പൂവും....ചന്ത്രൻ അതു കണ്ടു........ഹോ മറന്നുപോയി. എത്ര മുമ്പ ചെയ്യേണ്ടുന്ന ഒരു കത്തവ്യമായിരുന്നു അതു്. അവൻ അതിവേഗം പൊത്തിപ്പിടിച്ച് മരത്തിലേക്ക കേറി.

ആ വലിയ കാട്ടുമരത്തിൽ ചുററിപടന്ന് ഉച്ചാങ്കൊമ്പുവരെ എത്തിയ ഒരു കാനനവല്ലിയിൽ മൊട്ടിട്ട ഒററ പുഷ്പമായിരുന്നു അതു്. ആ വനത്തിന്റെയും വസന്തത്തിന്റെയും സൎവ്വസൗന്ദര്യങ്ങളും ഏകീഭവിച്ച ഒററ പുഷ്പം—പക്ഷെ എന്തു ഫലം അതൊരു മുൾപടർപ്പിലാണ വികസിച്ചതു്.

ചന്ത്രന് അധൈര്യമുണ്ടായില്ല. ചവിട്ടിയാലൊടിയുന്ന ചുള്ളിക്കൊമ്പുകളിൽ തൂങ്ങി ആയുർഭയമില്ലാതെ അവൻ അതിവേഗം മേലോട്ടു കയറി. പ്രേമത്തിന്റെ സാഹസം—കോതയ്ക്കുവേണ്ടിയല്ലാതെ മററാർക്കവേണ്ടിയും അവൻ ആ ഭാഗ്യപരീക്ഷണത്തിനൊരുങ്ങുമായിരുന്നില്ല. മേലാകെ മുള്ളുകൊണ്ടു കീറി. കാലിൽ ഒരു ചില്ലിക്കൊമ്പ് ഒടിഞ്ഞു കേറി. വളരെ പ്രയാസപ്പെട്ട്, അവസാനം അവനാ പൂവിന്നടുത്തെത്തുകതന്നെ ചെയ്തു.....കൈ ഉയർത്തി നീട്ടി വലിഞ്ഞാൽ അതിന്റെ ഞെട്ടിൽ തൊടാം.

കൃതാൎത്ഥതയോടെ ചന്ത്രൻ കീഴ്പ്പോട്ടു നോക്കി.....കോത മരത്തിൻചുവട്ടിൽ നിൽക്കുകയായിരുന്നു. ആ പേലവലോലമായ കണ്ണുകൾ പ്രേമസാഫല്യത്തിൽ വിടൎന്ന—സംതൃപ്തിയുടേതായ ഒരു പുഞ്ചിരി—അവനതു ധാരാളം മതി. ഉന്നതമായ വൃക്ഷശിഖരത്തിൽ ഇരുന്ന നോക്കിയ കാമുകനു താഴെ തളിർപ്പടർപ്പിന്നിടയിൽ നിന്ന തരുണീമണി കാനനസൌന്ദൎയ്യത്തിന്റെ മൂർത്തിമത്തായി തോന്നി. കറുത്തു മിനുത്ത ദേഹം. കോമളമായ കവിൾത്തടങ്ങൾ ഇളകുന്ന ചില്ലിക്കൊടി........ഹാ, ചന്ത്രന്റെ—അല്ല..കേളന്റെയുമായി വരാം—ഭാഗ്യവൈഭവം.

ചന്ത്രനു വെളിവു വിണു. അവൻ പരിതഃസ്ഥിതികൾക്കധീനനായി.

താൻ ഇവിടെയാണ്. ഈ അനങ്ങിയാൽ താഴെ വീഴുന്ന ചുള്ളിക്കൊമ്പിലാണ് ഇപ്പോൾ ഇരിക്കുന്നതു്. എന്തിനുവേണ്ടി. തന്റെ കോതയ്ക്കു ഞ്ഞിയാൻ ഒരു നല്ല പൂ പറിക്കുവാൻ.

അവൻ കൈ നീട്ടി അതിന്റെ ഞെട്ടിൽ പിടിച്ചു. പറിച്ചു പറിച്ചി


# വാസന്തികം

ഹൃദ്യങ്ങളായ പതിനഞ്ചു ഖണ്ഡകൃതികളടങ്ങിയ
ഒരു മനോഹര പുസ്തകം

ഗ്രന്ഥകത്താ—

**കിളിമാനൂർ എൻ. കേശവൻ**

വില അണ 4

**ആവശ്യപ്പെടുക: —**

കിളിമാനൂർ എൻ. കേശവൻ
തോപ്പിൽ, കിളിമാനൂർ,
തിരുവിതാംകൂർ.

# ഓണത്തോഴി

[കാപ്പിൽ കെ പി. കേശവൻ ബി. ഏ.]

മാവേലി മഹാരാജൻ നാടുകാണുവാൻ പോരും
കേവലാനന്ദോദാരവാസരം വരുന്നല്ലോ.
അവൾതൻ പ്രിയതോഴി, സൽക്കലാപ്പാലാഴിയി-
ലവതീർണ്ണയാൾ, മുന്നേ വന്നിരിക്കുന്നു കാൺമിൻ
ഹാ! കനിഞ്ഞാക്കം “നവജീവ” ചൈതന്യംചേർത്താ
ശോകഹാരിണിനാടു ചുററിസ്സഞ്ചരിക്കുന്നു.
പദവിന്യാസം തോറും തൂമണിധ്വാനംപൂണ്ടോൾ,
മതിമോഹനം വർണ്ണസൌഷ്ഠവം തുളുമ്പുവോൾ,
ഹൃദ്യമാം മിതഭൂഷാഭേദത്തിൻ പകിട്ടാർന്നോൾ,
ചിത്തത്തിൽ പ്രസാദവും രസവും പുലത്തുവോൾ,
ഓണത്തിൻ ചെല്ലത്തോഴിയാണവൾ; ചിങ്ങത്തിന്റെ
ഓമൽപ്പൂനിലാവിന്നു വെൺമകൂട്ടുവാൻ പോന്നോൾ.
കാണുവിൻ സുസ്മേരയായ് നിങ്ങൾതൻമുൻപിൽവന്നാ
പ്രാണസൌഹൃദ നിന്നു കാർമിഴിക്കോണെയ്യുന്നു!....
ഊഞ്ഞാലിൽ വക്ഷസ്സലഞ്ഞിറങ്ങും സഹോദരി,
പാഞ്ഞാർത്തു കേളിക്ഷീണം ചേർന്നെത്തും സഹോദരാ,
ഹസ്തദാനവുംചെയ്തു നിങ്ങളീ സ്വയംവന്ന
ഹസ്തിഗാമിനിയാളെ സ്സൽക്കരിക്കുകേ വേണ്ടു.
അവൾക്കുണ്ടേകാൻ രസം സവ്വു; മവളെത്താൻ
ഭവദീയമാം ഓണബ്ഭോഗമായ് കാണട്ടെ ഞാൻ!

---

ല്ല എന്നായി. അതാ കുന്നിനപ്പുറത്തുള്ള ആ പാടത്തിൻകരയിൽനിന്ന് ഒരു നീണ്ട വിളി.

“കോ........തേ്........”

അവൾ ഞെട്ടി വിളി കേട്ടു.

ഏ്ാാാ............

“അമ്മച്ചിയാ വിളിക്കണത്. എന്നോ ഇപ്പക്കൊല്ലും.”

അധിരയായ അവൾ അടുത്തുകിടന്ന ചുള്ളിക്കെട്ടുമെടുത്തുകൊണ്ട് ഓടാനൊരുങ്ങി. ചഞ്ചലചിത്തനായ ചന്ത്രൻ മുകളിൽനിന്നു വിളിച്ചുപറഞ്ഞു —

“നില്ല്....ഒരിത്ര നില്ല കോതെ. ഇതൂടെ കൊണ്ടുപോ.”

അവൻ അതിവേഗം താഴോട്ട് ഇഴഞ്ഞ് ഇറങ്ങുകയായിരുന്നു. കോത സംശയിച്ചു. നില്ക്കയോ പോകയോ വേണ്ടതെന്നറിയാതെ.

“കോ....തേ്....”

ആ പഴയ വിളി വീണ്ടും പൂർവാധികം ഉച്ചത്തിലും ഊർജ്ജിതത്തിലും വൃക്ഷശിഖരങ്ങൾക്കിടയിലൂടെ മാറ്റൊലിക്കൊണ്ടു.

“അയ്യോ-അമ്മച്ചി ഇപ്പമിങ്ങോട്ടു വന്ന് എന്നെത്തല്ലിക്കൊല്ലും.”

സ്നേഹവും ഭയവുമായുള്ള ആ മഹാമത്സരത്തിൽ മററു യുവതികളേപ്പോലെതന്നെ കോതയും ഭയത്തിനു കീഴടങ്ങിക്കൊടുത്തു. അവൾ ഓടി. ആ ചുള്ളിക്കെട്ടുമെടുത്തുകൊണ്ട്. അപ്പുറത്തുള്ള പാടത്തു ചാടി അതിവേഗം മുന്നോട്ടുതന്നെ.

“കോതേ....കോതേ....”

ചന്ത്രൻ പരമദയനീയമായി നിലവിളിച്ചു. അവൻ അപായഭീതികൂടാതെ ആ മരക്കൊമ്പിൽനിന്നു താഴെ ചാടി അവളുടെ പുറകെ ഓടി. എന്നാൽ അപ്പോഴേക്കും ഭയശീലയായ ആ യുവതി അകലെയെങ്ങോ പോയി മറഞ്ഞിരുന്നു.

അതിസാഹസം ചെയ്തു നേടിയ ആ പുഷ്പവുമായി ചന്ത്രൻ അങ്ങനെ ജീവച്ഛവംപോലെ നിന്നു. കഷ്ടം, അവനെത്ര മഹോന്നതമായ മനോരാജ്യങ്ങളുണ്ടായിരുന്നു അസുലഭമായ ആ പൂവു പറിച്ചു തന്റെ പ്രേമസ്ഥിരതയും ധൈര്യവും അവളെ ബോദ്ധ്യപ്പെടുത്തണം. അവളുടെ പുഞ്ചിരിയാൽ കളുത്ത പുഷ്പം തനിക്കുതന്നെ ആ മുടിക്കെട്ടിൽ വെച്ചുകൊടുക്കണം....എന്നിട്ട്— സംതൃപ്തിയുടെ ചെന്തുടുപ്പാർന്ന ആ കവിൾത്തടങ്ങളിൽ — ഒന്നു പതുക്കെ....

ഹോ....നാഗരിക യുവാക്കന്മാരെ നിങ്ങൾ അവനോടു കലഹിക്കരുതേ ....ചന്ത്രൻ ഒരു മലംകുറവനാണ്. പട്ടണത്തിലെ പരിഷ്കൃതമര്യാദകളൊന്നും അവനറിവില്ല. എന്നാലും അവനു സ്നേഹിക്കാനറിയാം, കളങ്കമററു സ്നേഹിക്കാൻ. അതിന്റെ നിസർഗ്ഗജമായ പ്രകടനങ്ങൾക്കും അവനവസാനം അടിപെട്ടുപോകുന്നെങ്കിൽ അതൊരു വലിയ തെററല്ലല്ലൊ.

വികാരങ്ങളുടെ വിപ്ലവകരമായ പൊട്ടിത്തെറിക്കലിൽ അവന്റെ ഹൃദയത്തിന്നൊരടികിട്ടി—കോത പോയി....അമ്മയും അവനുംകൂടി വിളിച്ചാൽ അവൾ അമ്മയെയാണനുസരിക്കുക. പ്രേമത്തെക്കാൾ ഭയത്തിനാണു കൂടുതൽ ശക്തി—അങ്ങിനേയോ? ആ മോഹനമായ പൂവും ശൂന്യമായ പരിസരങ്ങളും മാറിമാറി നോക്കിക്കൊണ്ടു അവനങ്ങനെ സ്തബ്ധനായി നിന്നു. കണ്ടകാവൃതമായ കാനനവല്ലിയിൽനിന്ന് കഠിനയത്നംചെയ്തു അവൻ നേടിയ കോമളകുസുമം-നൂറനൂറായിരം മധുരാഭിലാഷങ്ങളുടെ മധുവൂറിനിറഞ്ഞിരുന്നമനോഹരപുഷ്പം-കഷ്ടം ഇനി അവനതെന്തു ചെയ്യണം. അതിന്റെ ലബ്ധിയിൽ എന്തൊരു മഹത്തായ ആനന്ദമാണോ അവനാശിച്ചിരുന്നത്, അതു നഷ്ടമായി. കോതയ്ക്കു സമർപ്പിക്കാനല്ലാതെ അവനു സുന്ദരവസ്തുക്കൾ മറെറന്തിനാണ്. ചന്ത്രന് പരിഭവം തോന്നി.

“എങ്കിലും അവൾക്കു വേണമെങ്കിൽ ഇമ്മിണിനേരംകൂടി നില്ക്കാരുന്നു.”

ദേഹത്തുണ്ടായിരുന്ന നിരവധി മുറിവുകളുടേയും പോറലിന്റേയും വേദന അവൻ അറിഞ്ഞു....അതിലേറെ അസഹ്യമായിരുന്നു നിരാശാ നിഹതമായ ഹൃദയത്തിന്റെ നീറിപ്പുകച്ചിൽ—അടക്കവയ്യാത്ത അന്തഃക്ഷോഭത്താൽ പ്രേരിതനായി അവനാ മോഹനപുഷ്പം നിലത്തിട്ടു നിർദ്ദയം ചവിട്ടിഞെരിച്ചു. അതെത്ര പ്രയാസപ്പെട്ടു നേടിയതായിരുന്നു. പക്ഷെ അതുകൊണ്ടിനി അവനെന്തുപ്രയോജനമാണ്?

ii

പെണ്ണുകെട്ടുകാര്യത്തിൽ അപ്പനോടും അമ്മയോടും പിണങ്ങി കിഴക്കൻ തോട്ടങ്ങളിലേക്കെങ്ങോ പുറപ്പെട്ടുപോയ ചന്ത്രൻ മാസം ഒന്നല്ല, രണ്ടല്ല, പന്ത്രണ്ടുതന്നെ കഴിഞ്ഞിട്ടും തിരികെ വന്നില്ല. അവന്റെ യാതൊരു വർത്തമാനങ്ങളും അറികയോ അറിയിക്കുകയോ ചെയ്തിട്ടുമില്ല. കോതയ്ക്കുമാത്രം വലിയൊരു വേവലാതി. ആ മാടത്തിൽ കേളന്റെ സന്ദർശനം കൂടിക്കൂടിവരുന്നു.

ഒടുവിൽ നേരവും നിശ്ചയിച്ചു കോതയുടെ പെണ്ണുകെട്ട് ആദ്യത്തെ മുഹൂർത്തത്തിൽ അവൾക്കു തൊടാൻ പാടില്ലാതെ മുടങ്ങിപ്പോയി. രണ്ടാമത്തെ മുഹൂർത്തത്തിൽ അവൾക്കൊരു വലിയ ജ്വരം. തലപൊക്കാൻ പാടില്ലാതെ കിടപ്പാണ്. ഒടുവിൽ അക്ഷമനായ കേളൻ അഭിപ്രായപ്പെട്ടു. “അടിയന്റോം ഒന്നും വേണ്ടാ. രണ്ടാം കെട്ടല്യോ. നാലു കുടീലുള്ളോരോടു വിളിച്ചുചൊല്ലി കുയിയട്ടിയെ എന്നങ്ങു കുടികെട്ടിക്കോളാം.”

കോതയുടെ അപ്പനും അതു സമ്മതമായി. ചെലവൊന്നുംകൂടാതെ കാര്യം കഴിഞ്ഞല്ലൊ.

കോത വിസമ്മതിക്കുമെന്നു എല്ലാവർക്കും ഭയമുണ്ടായിരുന്നു. ചന്ത്രന്റെ കൂട്ടാത്രം. അതു മൂത്തപണിക്കനേക്കൊണ്ടു ഉയിഞ്ഞെറക്കിച്ചിട്ടും പോവാതെ നിൽക്കുന്നതാണല്ലൊ. പക്ഷെ ഇക്കുറി കോത ഒന്നും പിണങ്ങിയില്ല. കേളൻ നീട്ടിക്കൊടുത്ത കോടിമുണ്ടും വാങ്ങിയുടുത്തു പതിവുപോലെ കരയാതേം വിളിക്കാതേം തന്നെ അവൾ അവന്റെ പുറകെ ഇറങ്ങിപ്പോയി. കുറുമ്പ (കോതയുടെ അമ്മ) മന്ത്രിച്ചു.

“അമ്പേ! മന്ത്രാസത്തിന്റെയൊരു പലം........”

എന്നാൽ കേളന്റെ മാടത്തിൽ ചെന്നു കയറിയ അന്നു വൈകിട്ടു തുടങ്ങി അവൾക്കൊരു ബാധയിളക്കം. തുള്ളുക, അലറുക, അട്ടഹസിക്കുക, ഒടുവിൽ എന്തൊക്കെയോ പറഞ്ഞുകൊണ്ടു ബോധംകെട്ടു മറിഞ്ഞുവീഴുക. കേളൻ വളരെ വളരെ പേടിച്ചുപോയി. മൂത്തപണിക്കൻ (ഊരാളി എന്നും പറയും. അവരുടെ മന്ത്രവാദിയും വൈദ്യനും പുരോഹിതനും) വന്ന് ശംഖും കവിടിയും ചുഴററി മുറയ്ക്ക് * രാരവും തുടങ്ങി ഒടുവിൽ തെളിഞ്ഞത്, പാലയുടെ കീഴിൽനിന്ന് ഒന്നും, തോട്ടിൽനിന്നു രണ്ടും, ഇങ്ങനെമൂന്നു ബ്രഹ്മപ്രേതങ്ങളും, ഒരു മലമൂർത്തിയും, രണ്ടു ചാവന്മാരും(പ്രേതങ്ങൾ) ഒക്കെയുമുപരിയായി കേളന്റെ മൂന്നാം കുടി (മുൻഭാര്യ) വയറെററാടെ ചത്തതിന്റെ ഉപദ്രവം ഒണ്ട്. അതിനു മദ്യപാത്രം നാലും, ഒരു പൂവൻകോഴിയും, നാലു നാളികേരവും, ഒരിടങ്ങഴി കുത്തവലും, മൂത്തപണിക്കൻ ഒഴിവുകണ്ടു. ഒക്കെയുംകൂടെ ഒരു രണ്ടു രൂപടെ കാര്യം വേണം. കേളൻ എന്തു ചെയ്യും.

തൊഴത്തിൽനിന്നു പശുക്കിടാവ്, പണയത്തിലായി. എന്നാൽ എന്തൊക്കെ ചെയ്താലും കേളന്റെ മുൻഭാര്യ, കോതയുടെ ദേഹത്തിൽ വന്നലറിക്കൊണ്ടിരുന്നു. “നിന്നെ ഞാനിവിടെ പൊറുപ്പിക്കില്ലെടി ചോര ഊററിക്കുടിക്കാതെ—” എന്ന്.

---

*രാരം = വിചാരം. പ്രശ്നവിചാരം എന്നായിരിക്കാം.

ഒടുവിൽ നിരാശനായ കേളൻ തുള്ളിത്തുള്ളി ക്ഷീണിതയായ അവളെ അപ്പന്റെ മാടത്തിലേക്കു തിരികെ കൊണ്ടുവന്നു. അവിടെ അവളുടെ ഉപദ്രവങ്ങളെല്ലാം ഒഴിഞ്ഞുനിന്നു. എന്നാൽ കേളനെ കാണുമ്പോൾ മാത്രം പഴയ പതിഃപ്രേതം ഇളകി അലറും.

"നിന്നെ ഞാനിങ്ങനെ പൊറുപ്പിക്കത്തില്ലെടീ —" എന്ന്.

എത്ര തല്ലിയാലും മിണ്ടാതെ നിന്നുകൊള്ളുന്ന പാവം ചക്കിക്ക് മരിച്ചപ്പോൾ ഇത്ര ശക്തിയും വാശിയും ഉണ്ടായതിൽ അവർ വിസ്മയിച്ചു.

വത്സരചക്രം പിന്നെയും ഒന്നുകൂടി കറങ്ങിത്തിരിഞ്ഞു. ചന്തിരൻ ഇതുവരെയും മടങ്ങിവന്നില്ല. അവനെപ്പററി പല കേൾവികൾ കേട്ടു. കിഴക്കൻതോട്ടങ്ങളിലെവിടെയോവച്ച് അവൻ പനിപിടിച്ചു കിടപ്പായെന്നും ഒടുവിൽ ഉപദ്രവമൊഴിയാനായി സായിപ്പു വലിച്ചു കാട്ടിൽ കളഞ്ഞെന്നും, അവിടെവെച്ച് ഒരു കടുവാ ചിറി നക്കുന്നതു് ഒരു കൂലിക്കാരൻ കണ്ടു പേടിച്ചുപോയെന്നും ഒക്കെ ഒരു കഥ. അതല്ല മാർക്കംകൂടി മറുനാട്ടിലെങ്ങാണ്ടു പോയതാണെന്നു മറെറാരു കഥ. കുറേക്കൂടി വിശ്വാസയോഗ്യമായി വേറെ ചിലർ പറഞ്ഞു.

"അവൻ വേലചെയ്തു കുറെ പണമുണ്ടാക്കിയപ്പോൾ അവിടത്തെ കൂലിക്കാരിയായ ഒരു തേവിടിശ്ശി അവനെ വശത്താക്കി തന്റെ നാട്ടിലേക്കു കടത്തിക്കളഞ്ഞു, അവൻ ഇനി വരത്തില്ല. —"

ചന്തിരന്റെ തന്തയും ഒരുകുറി പോയി അന്വേഷിച്ചു മടങ്ങിവന്നു. നാട്ടിൽനിന്ന് ഒട്ടുമകലാത്ത ഏതോ ഒരു ചെറുതോട്ടത്തിൽ ചെന്ന് ആദ്യം കണ്ടയാളോട് അയാൾ ചോദിച്ചു.

"ങ്ങേ് — തമ്പ്രാനേ — എന്റെ മോൻ ചന്തിരന് — ഓൻ ഈടെ ങ്ങാനും വന്നിട്ടുണ്ടോ?"

അയാൾ പുച്ഛസൂചകമായി പറഞ്ഞു.

"ചന്തിരനോ? എന്തു ചന്തിരൻ. ഞങ്ങളൊരു ചന്തിരനേം ആതിച്ചനേം ഒന്നും കണ്ടില്ല."

കുറുമ്പൻ നിരാശനായി മടങ്ങി എത്തി.

"നമ്പടെ തലേലെഴുത്ത് — പാട്ടെട്ട വളത്തി ഇത്രോളമാക്കി. നായിനെല്ല് വേലയെടുത്തു കുടിക്കാൻ വിതിയില്ല —"

കാളിയും നെഞ്ചത്തടിച്ചു നിലവിളിച്ചു.

വടക്കേ വെളേല് വായവെച്ച കാലമൊള്ളതാ എന്റെ കയിയൻ — വയത്തിപ്പം കൊറെ കാണും. ആ മാപാപി കോതേടെ കൂടോത്രം. ഒരു കണ്ണു കാണാമ്പോലുമൊത്തില്ലേ തൈവത്തമ്പുരാനേ —"

കാളി തലയിൽ കയ്യുംവെച്ച് പ്രാകി. "അവുക്കു കൊണംവരാതെ പോണേ എന്റെ കൊക്കോട്ടുമുത്തി — അടുത്താണ്ടി ഓണത്തിനേക്ക് എനൊരു പൂവനേത്തരാമേ ——"

നിരാശമായ മാതൃഹൃദയത്തിൽനിന്നു പ്രതികാരപരമായുദിച്ച ഉഗ്രശപഥം.

കോത ഇതൊന്നുമറിയാതിരുന്നില്ല. അവളെപ്പററിയുള്ള ഭീകരമായ അപവാദപ്രചരണം — ആരോപണം — ശാപം — അവളാണുപോലുംഅവളുടെ ചന്തിരനേ ഓടിച്ചതു് — അല്ല കൊന്നതു് —

നൈരാശ്യത്തിൽനിന്നുമുദിച്ച നിശ്ചയം. അവളുടെ രോഗം ഭേദമായി. മൂത്തപണിക്കന്റെ മന്ത്രോസം ഫലിച്ചു. അടുത്ത ദിവസംതന്നെ അവൾ കേളന്റെ പുറകെ അവന്റെ മാടത്തിലേക്കു പോകയും ചെയ്തു.

## iii

മകരമാസത്തിലെ മദ്ധ്യാഹ്നം രാവിലത്തെ മരം കോച്ചുന്ന മഞ്ഞിന് മറുകൃതിയെന്നപോലെ ഉച്ചവെയിലിന്റെ ചുട്ടുപഴുപ്പിൽ നട്ടം തിരിയുന്ന നാട്ടിൻപുറം നീറിപ്പുകയുന്നു. വയലുകൾ മിക്കവാറുമൊക്കെ കൊയ്ത്തൊഴിഞ്ഞു. മഴ മാറി, മാനം തെളിഞ്ഞു. ആഗാമിയായ വേനലിന്റെ അകമ്പടിക്കാരനേപ്പോലെ ഒരു അസുഖകരമായ കാററ് ചുഴന്നടിച്ചു. കാട്ടതിങ്ങിയ കുന്നിൻപുറങ്ങളുടെ എല്ലുകൾ മെലിഞ്ഞുന്തി കണ്ടുതുടങ്ങി. ഉറവകളിൽ ഒഴുക്കുമറിഞ്ഞു. മകരമാസത്തിലെ മദ്ധ്യാഹ്നം.

ഇന്നു ഇരുപത്തിയെട്ടാം തീയതിയാണ്. ഓണത്തിൻ പാതി ഉച്ചാരം. അതെ, കുഗ്രാമങ്ങളിലെ കുറവകുടുംബങ്ങൾക്ക് അതു് ഓണത്തിലുമുപരിയായ ഒരു വിളവെട്ടപ്പു മഹോത്സവമാണ്.

"കൊച്ചിനെവിററും ഉച്ചാരം ഉണ്ണണം." ഇതാണവരുടെ വിശ്വാസം. എന്നാൽ, ഊണല്ല, കുടിയെന്നുപറയുകയായിരിക്കും കൂടുതൽ പരമാർത്ഥം. രാപ്പകലൊഴിയാതെ അദ്ധ്വാനം ചെയ്ത് കൊയ്ത്തും, കററകെട്ടിയും, മെതിച്ചും അവർ നേടിയ നെല്ലുമുഴുവൻ അന്നൊരു ദിവസം കൊണ്ട് ഷാപ്പുകാരൻ മുതലാളിയുടെ അറയിലാവും. നാളെയോ? വീണ്ടും അദ്ധ്വാനം — പട്ടിണി — ദാരിദ്ര്യം.

ഓലമേഞ്ഞ ആ ചെറു പുരയ്ക്കരികിലുള്ള നാട്ടുവഴിയിലൂടെ ഒരാൾ നടന്നുവരികയായിരുന്നു. കറുത്തതെങ്കിലും പട്ടണോചിതമായ വേഷം — മുടി ക്രാപ്പുചെയ്തു ചീകി മിനുക്കിയിരിക്കുന്നു. വലതു കൈയിൽ ശീലക്കുട, ഇടതു കൈയിൽ എന്തോ ഒരു തുണിക്കെട്ടും. അവിടെയിരുന്ന കുറവയുവാക്കളിൽ മിക്കവർക്കും അവൻ ഒരപരിചിതനായി തോന്നി. എന്നാൽ എന്തോ, ഒരു ഛായ — സാമ്യം — ഉണ്ട്. ഇതിനുമുമ്പവർ എവിടെയോ വച്ചു അവനെ കണ്ടിട്ടുണ്ട്, നിശ്ചയം. ചിരട്ടയും കുടുക്കയും താഴെവച്ച് അവർ ജിജ്ഞാസയോടെ അങ്ങോട്ടു നോക്കി. ആ യുവാവ് അടുത്തെത്തിയിരുന്നു. പകുതി അനുതാപവും, പകുതി പുച്ഛവും കലർന്ന ഭാവത്തിൽ അവൻ അവരെ നോക്കി.

"കഷ്ടം! ഹിന്ദുമിഷനും, ഹരിജനസേവാസംഘവുമെല്ലാം നാടൊട്ടുക്കു നടന്നു വേലചെയ്യുന്നു. എന്നിട്ടും, ഇവർ ഇന്നും അന്നത്തെ അപരിഷ്കൃതർതന്നെ"

സങ്കടത്തോടെ അയാൾ ഒരു നെടുവീർപ്പിട്ടു. ആ ശബ്ദം അവർക്കു ആൾ മനസ്സിലാക്കിക്കൊടുത്തു. അത്ഭുതത്തോടുകൂടിയ ആക്രോശം — ഒരുമിച്ച്........

"ചന്ത് — രനോ — ചത്തു — പോയ ചന്തിരൻ — അവന്റെ — ചാവാറിച്ചും —"

നട്ടുച്ചയ്ക്കു് ഒരു 'അറുകൊല'യെന്നു ഭീമഭമായികണ്ടാലെന്നവിധംഅവർ വായുംപൊളിച്ചു അമ്പരന്നു നിന്നു.

അവന് ചിരിവന്നു.

"എന്താ, ചേട്ടന്മാരെ നിങ്ങൾ മിഴിച്ചുനില്ക്കുന്നതു്?"

"നീ — ചത്തില്ല്യോടാ ചന്തിരാ-"

അവരിലൊരു ധൈര്യവാൻ കടന്നുചോദിച്ചു.

"എങ്ങളു നിരീച്ചു നിന്നെ കെയക്കൻ തോട്ടത്തിന്ന് കടുവാ അടിച്ചെന്ന് — ഒള്ളതാണോടാ? —"

ചന്തിരന് വീണ്ടും ചിരിവന്നു. അവൻവളരെനേരം ചിരിച്ചു. കഴഞ്ഞു.

"അതെ, ഒള്ളതാ; ഞാൻ ചത്തു — ഇതെന്റെ ചാവാണു നിരീച്ചാളിൻ —"

കുടിച്ചുകഴഞ്ഞു മദിച്ചിരുന്ന അക്കൂട്ടർക്കു ദേഷ്യം വന്നു. തങ്ങളെ ആക്ഷേപിക്കയായിരുന്നില്ലേ അവൻ ചെയ്തതു്.

"ഓ്ഠ് — ഒരു വേഷോം — പെറവടീം — എവ്ടെന്നാം — ഇപ്പം വഴനോ വല്യ മ്പ്രാനേ —"

കേളൻ പരിഹാസമായി പുച്ഛിച്ചു അക്കൂട്ടത്തിൽ അവനായിരുന്നു കൂടുതൽ കുടിച്ചിരുന്നതു്. ചന്തിരന്റെ ആഗമനത്തിൽ കൂടുതൽ വെറുപ്പും ഭയവും പ്രകടിപ്പിച്ചതുമവനായിരുന്നു.

ചന്തിരൻ ഒന്നും മിണ്ടിയില്ല. അവന് അവരുടെ സ്വഭാവം നല്ലതുപോലെ അറിയാമായിരുന്നു. ഒരു മൂന്നുനാലു കൊല്ലങ്ങൾക്കു മുമ്പു് അവനാണെങ്കിലും ഇതുപോലെയൊക്കെത്തന്നെ പറയുകയും പെരുമാറുകയും ചെയ്യുമായിരുന്നല്ലോ. മൂന്നുനാലു കൊല്ലങ്ങൾ — ഹാ! അതിനിടയിൽവന്ന മാററങ്ങൾ. മൂന്നുനാലു ശതാബ്ദങ്ങളുടെയല്ല — എല്ലാവർക്കും — അവർക്കും ഇങ്ങനെ തന്നെയായിരിക്കുമോ? അവൻ ഒന്നു ഞെട്ടി. കോത — ഹാ — എന്തൊരു മധുരമായ നാമം — ഇതിത്ര നാൾ ജപിച്ചിട്ടും, ധ്യാനിച്ചിട്ടും അവന് മതി വരാഞ്ഞതുകുററമാണോ.

കോത — അവന്റെ ജീവിതസർവ്വസ്വമായ കോത — അവളിപ്പോഴെവിടെ. അടുക്കുംതോറും അവന് ശങ്ക കൂടിക്കൂടി വന്നു. അവളെക്കൊണ്ടു ചെയ്യിച്ച ശപഥം — അവന്റെ വിദേശവാസം — അതിനിടയിൽ കിട്ടിയ വിദ്യാഭ്യാസം — ഹരിജനസേവാസംഘവുമായുള്ള സമ്പർക്കം — ഇതിനെല്ലാമിടയാക്കിയ മാന്യനെ ആപത്തുകാലത്തു രക്ഷിക്കുവാൻ — കാട്ടുപോത്തിനെ കൊല്ലാനിടയാക്കിയ ഗുരുത്വം........ഇങ്ങനെ പല ഭൂതകാലസ്മരണകളും അവന്റെ സ്മൃതിപഥത്തിലൂടെ കടന്നുപോയി.

അവനെത്ര ഉന്നതമായ ആശകളോടെയാണ് ഇങ്ങോട്ടു തിരിച്ചതു്. അവന് നാടു പരിഷ്കരിക്കണം — സമുദായം പരിഷ്കരിക്കണം — മദ്യപാനം തീരെ നിറുത്തിക്കണം. പിന്നെ ഹരിജനസേവാസംഘത്തിന്റെ ഒരു കേന്ദ്രമായി ഈ സ്ഥലം രൂപാന്തരപ്പെടുത്തുകയും വേണം. ഇങ്ങനെ പലതും — എന്നാൽ കാക്കകളുടെ ഇടയിൽ പെട്ട കളഹംസത്തെപ്പോലെ ഇക്കൂ


# വെള്ളിനക്ഷത്രം

മുപ്പതു ലഘുകവനങ്ങൾ

[വില അണ 6]

എം. പി. അപ്പൻ, ബി. എ; എൽ. ടി.

ജഗതി, തിരുവനന്തപുരം.

സഹൃദയ പറയുന്നതു നോക്കുക: —

"......ആലോചനാരമണീയങ്ങളും ശബ്ദസുന്ദരങ്ങളുമായ വരികൾ ഈ ഗ്രന്ഥത്തിൽ സുലഭങ്ങളായിരിക്കുന്നതിൽ ഞങ്ങൾ അത്യധികം സന്തോഷിക്കുന്നു......"

ട്ടരുടെ മുമ്പിലെത്തിയപ്പോൾ അവന്റെ ധൈര്യമെല്ലാം അസ്തമിച്ചിരുന്നു. ഇപ്പോൾ കോതയെപ്പറ്റിയുള്ള ഉൽക്കണ്ഠമാത്രമേ മുന്നിട്ടുനിന്നുള്ളു.

ചന്ത്രൻ—അല്ല—ഇപ്പോൾ അവൻ ചന്ദ്രനാണ്. നാലുപാടും നോക്കി, അച്ഛനോ അമ്മാവനോ കൂട്ടത്തിലുണ്ടോ എന്നറിയാൻ. മുന്നവസരങ്ങളിൽ അവരായിരുന്നല്ലോ ഇത്തരം സംഘത്തിന്റെ നായകന്മാർ. എന്നാൽ ഇന്നവരിരുവരേയും കണ്ടില്ല, അവൻ ആകാംക്ഷയോടെ ചോദിച്ചു.

"അപ്പനും അമ്മാവനും എവിടെ?

"ഹഹ-ഹഹ—നീയിപ്പം എവിഴുന്നാഴാ വഴുന്ന-അപ്പനും അമ്മാനുമോ-ഓരേ മൂടിയേടത്തു പുല്ലും കുരുത്തിട്ടെത്ര മാതമായി—"

"അപ്പോൾ കോതയോ—?"

അവന്റെ ഉൽക്കണ്ഠ ഒതുക്കിയാലൊതുങ്ങാതെ പുറത്തുചാടി.

അതിനുത്തരം പറഞ്ഞതു കേളനാണ്............

"കോതേനോ.........ആക്കാടാ—ഇപ്പം കോതേന്റെ കാര്യം അഴിയണ്ടു്—ഓള് കേളന്റെ മാടത്തിലൊണ്ടഴാ—പയലേ—"

"കേളന്റെ മാടത്തിലൊ. എന്തു പറഞ്ഞെടാ നീ—" ചന്ത്രൻ ചീറിയടുത്തു "അവൾക്കവിടെ എന്തു കാര്യം—"

"നാല്-മാളോരോഴ്. അന്നഴിഴെഴാ--ഫട്ടീ—." കേളന്റെ ഉള്ളിൽ കിടന്ന കള്ളു മുഴുവൻ ആഭാസവാക്കുകളായി വെളിയിൽ വന്നു. ചന്ത്രന് നൈരാശ്യവും കോപവും നിലയുറയ്ക്കാതെയായി - അവൻ പരിത:സ്ഥിതികൾ മറന്നു-അവന്റെ കയ്യും കേളന്റെ ഗണ്ഡവുമായി ഒരു സംഘട്ടനമുണ്ടായി. ആ കള്ളിൻ കുടം, ഠഠ- എന്ന് ഒരു ശബ്ദത്തോടെ താഴെവീണു മണ്ണിലുരുണ്ടു. അതൊരപകടഘട്ടമായിരുന്നു. അനേകമനേകം ഹസ്തങ്ങൾ ചന്ത്രന്റെ മേൽ ഊക്കോടെ ആഞ്ഞുപതിച്ചു. അവനും അത്യന്തം അവശനായി. അസ്തപ്രജ്ഞനായി നിലത്തു വീണുപോയി—. ഷാപ്പുകൺട്രാക്ടരുടെ മുൻകരുതൽ അന്നവിടെ കൊലപാതകമുണ്ടാക്കിയില്ല—.

iv

അന്തിച്ചെങ്കതിരോന്റെ ചോരയിൽ കുളിച്ച വെളിച്ചം-പ്രകാശത്തിന്റെ തീച്ചൂളയിൽനിന്നു അന്ധകാരത്തിന്റെ മരവിച്ച മടിത്തട്ടിലേക്കുഴറുന്ന ലോകം ഇവയുടെ മാദ്ധ്യവർത്തിയായ മഹാ പരിവർത്തനഘട്ടത്തിൽ നിൽക്കയായിരുന്നു. ജീവിതമരണങ്ങൾക്കിടയ്ക്കുള്ള ആശങ്കാകുലമായ അല്പനിമിഷങ്ങൾപോലെ അതെത്ര ഭീകരമായ ഒരു സമയമാണ്.

കോത മാടത്തിനകത്തിരുന്ന് തീകായുകയാണ്. ആ മാടത്തിൽ ഇന്ന കഞ്ഞിവെച്ചിട്ടില്ല. നല്ലൊരു ദിവസം-കേളൻ ഇന്നു നെല്ലെല്ലാം എടുത്തുകൊണ്ടു കുടിക്കാൻ പോയി. അവളുമവനുംകൂടി ഒരു പിടിയും വലിയും കലശലും നടന്നു. ഒടുവിൽ പൂർണ്ണഗർഭിണിയായ അവൾ തോറ്റു. അവൻ ജയിച്ചു-നാഴി അരി ഇരിപ്പുണ്ടായിരുന്നു. വേണമെങ്കിൽ കഞ്ഞിവെയ്ക്കാം. അവൾ വെച്ചില്ല. വാശി. അവൻ കുടിക്കുന്നതു കാണട്ടെ-ഇങ്ങനെയായിരുന്നു അവരുടെ ദാമ്പത്യജീവിതം. സങ്കടം വരുമ്പോഴെല്ലാം കോത ചന്ത്രനെ വിചാരിക്കും

കഷ്ടം അവനൊണ്ടായിരുന്നെങ്കിൽ!—മാടത്തിലിരുന്നു വച്ചുകുടിച്ചാൽ മാത്രം മതിയെന്നല്ലേ അവൻ പറഞ്ഞിരുന്നതു്.

"ദൈവം തമ്പ്രാനെ എവിടെയൊരു വിധി" —എന്ന് അൻപതാമത്തെ തവണയും കോത നെടുവീർപ്പിട്ടു.

മുറ്റത്തരുകിൽ എന്തോ ശബ്ദം കേട്ടു. കേളനായിരിക്കാം. വരട്ടെ. ഇപ്പഴത്തെ മെന്താ വിചാരം. കാണിച്ചുകൊടുക്കാം. അവൾ അനങ്ങിയില്ല. എന്നാൽ അതു കേളനല്ലായിരുന്നു. അൽപനേരം കഴിഞ്ഞു അവൾ എത്തിനോക്കി. ആരുമില്ല. വല്ല കാട്ടുപൂച്ചയുമായിരിക്കാം...."പൂച്ച....പൂച്ച".... അവൾ അവിടെയിരുന്നുകൊണ്ടു തന്നെ അതിനെ വിരട്ടി.

ആ മാടത്തിൻ പുറകിലിരുന്ന പൂച്ച പിന്നെ അനങ്ങിയില്ല. ഒരു പക്ഷെ അതു പൂച്ചയല്ല, പുലിയായിരിക്കാം. പശുക്കിടാവിനെ പിടിക്കാൻ പതിയിരിക്കയായിരിക്കാം. അതാ ആ ഹിംസ്രജന്തു മുരമുരക്കുന്നു.

ഇല്ല. ഇല്ല. ഇപ്പഴില്ല അവനുംകൂടെ വരട്ടെ.

ആ പ്രതികാരം - ആ ഭയങ്കരമായ പ്രതികാരം—അതിന്റെ ക്രൂരത—അങ്ങനെ—അവൾ - ആ ചോരയിൽകിടന്നു പിടയുന്നതു അവനും കാണണം. "അതിനുപകരം അവൻ-ആണാണെങ്കിൽ ചെയ്യട്ടെ." അതിയായ അമർഷാവേശത്താൽ ചന്ത്രൻ പല്ലുകുമിറുമ്മി. അതെ, അതു ചന്ത്രനായിരുന്നു-പക്ഷെ ഇപ്പോൾ പ്രതീകാരത്തിന്റെ ഭയങ്കരഭൂതം. അവന്റെ ദേഹമാസകലം മുറിവുകളും പാടുകളുമായിരുന്നു--അന്നുച്ചക്കുണ്ടായ കലഹത്തിന്റെ അവശിഷ്ടങ്ങൾ—എന്നാൽ ആ ഹൃദയത്തിലെ-അതു പുറമേ കാണത്തക്ക വിധമല്ലല്ലോ ഈശ്വരൻ മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നതു്.

ഒരില വീണാൽ ചന്ത്രൻ ഞെട്ടി തിരിഞ്ഞുനോക്കും. ആരെങ്കിലും കേളനാണോ—കോത തന്നെക്കണ്ടോ. വല്ലവരും വല്ല സംശയവുമുണ്ടോ. ഇങ്ങനെ പലതും.:

നേരം സന്ധ്യയായി—പശ്ചിമചക്രവാളത്തിലെ രക്തപ്രളയത്തിൽക്ഷതാംഗനായ ഭാനുമാൻ മുങ്ങിപ്പൊലിഞ്ഞു. ഇരുൾ—സർവത്ര ക്രൂരിരുൾ.... കേളന്റെ മാടത്തിൻമുന്നിൽ ഒരട്ടഹാസം .......

"എഴീ!....കോതേ........ചോഴ വെഴമ്പഴീ........"

കോത അലക്ഷ്യമായി മറുപടിപറഞ്ഞു. "ഇവിടെ ചോറുല്ല്യാ, കറില്ല്യാ, നെല്ലുകൊണ്ടോയപ്പൊ നിരീക്കണാന്നു........"

"എന്താഴീ—നി പഴഞ്ഞെ. കേഴന്റെ കൈപ്പുചമഴിമോനി........" നിർഭയനായി അവൻവീണ്ടുമലറി.

"നെന്റെ ചന്ത്രനേ—ഓനൊരൊററ വായിന്‌വീണു മണ്ണു് കപ്പിപ്പോയി."

"ചന്ത്രനോ?"

കോത ഞെട്ടിക്കൊണ്ടു ചോദിച്ചു.

"ചന്ത്രൻ ചത്തുപോയില്ല്യോ?

"അതല്ല്യോഴീ—പഴഞ്ഞേ—ഓൻ—ആ കള്ള-കുയിഴൻ—ഇന്നു് വന്നിഴിക്കുണു--വലിയമ്പ്രാനെപ്പോലെ ഉഴുപ്പും തൊപ്പിം ഒക്കെയായിട്ട്........ ഓൻ ശാപ്പിനു വന്നപ്പൊ ഒരൊററ വീക്കുകൊടുത്തു—അതാ കിടക്കുന്നോ

# മൂകരാഗം

(കല്യാണികളവാണി........ ... ...രീതി)

**(നാലാങ്കൽ)**

"നിത്യവുമിതുവഴി-
യദ്ദേഹം കടന്നുപോം
നിസ്തുലമാകുമൊരു കിനാവുപോലെ
ആത്മാവിനുണർവേകും
പാടാത്ത പാട്ടുപോലെ
വാക്കിനാൽപ്പറയാത്ത പ്രണയംപോലെ............
തോഴി, യെൻ കുതുകത്തിൽ
നിന്നുമിച്ചെമ്പകപ്പൂ
സാദരമദ്ദേഹത്തിന്നേകിയാലും!!
ആരാണിതയച്ചതെ-
ന്നമ്മഹാൻ ചോദിച്ചെന്നാൽ
ആരോമൽസ്സഖി,യെൻപേർ പറഞ്ഞിടൊല്ലേ!
നിത്യവുമിതുവഴി
വന്നിടുമെന്നല്ലാതെ
അദ്ദേഹമെന്നൊന്നുമെല്ലമറികയില്ല."
മാകന്ദം പിടിച്ചൊരു
പൂമ്പട്ടു കുടക്കീഴിൽ,
പാഴ്മണ്ണിലേക്കാമലനിരുന്നിട്ടു
പുഷ്പങ്ങളിറുത്തതി
ഭംഗിയിലൊരുശില്പ-
തല്പമനന്യനായ് നീ രചിച്ചിടേണം.
സങ്കടം നിറഞ്ഞൊരാ
ക്കാമകോമളന്റെ, ക-
ണ്ണെൻ കരൾ സദാനേരം വാട്ടിടുന്നു.
ചിത്തത്തിലെരിയുന്നൊ-
രനലിൻ നിദാനമാ-
ശ്ശുദ്ധാത്മാവിതവരെപ്പറഞ്ഞീലല്ലോ!
നിത്യവുമിതുവഴി വന്നിടും,
മടങ്ങിപ്പോം.
അദ്ദേഹം നിർവാണത്തിൻ സംഗീതംപോലെ!
പ്രേമഗാനങ്ങളുള്ളിൽ
ഓളമടിച്ചെന്നാലും
പാടാത്തൊരേകാന്തമാം കുയിലുപോലെ!
തോഴി, നീയദ്ദേഹത്തിൻ
മൂകമാം കദനത്തിൻ
കാരണം വല്ലപാടുമറിഞ്ഞെന്നാകിൽ............"

---

# മലയാളത്തെ പൂക്കാലം

കെ. അയ്യപ്പൻ ബി. എ., എം. എൽ. സി. (കൊച്ചി)

യൂറോപ്പിലെ സ്പ്രിങ്ങ്പോലെയും വടക്കെഇൻഡ്യയിലെ വസന്തംപോലെയും പൂക്കളുടെ സമൃദ്ധിയായാകുന്ന വിശേഷതയുള്ളതായ ഒരു ഋതു മലയാളത്തുണ്ടോ, ഉണ്ടെങ്കിൽ അതു ഏതു? ഈ ചോദ്യത്തിനു ഉത്തരം പറയുവാൻ പ്രയാസമാണ്. അങ്ങനെ ഒരു ഋതുവിനെക്കുറിക്കുന്ന പദം മലയാളഭാഷയിൽ ഉണ്ടായിരുന്നില്ല. വസന്തം സംസ്കൃതത്തിന്റെ പ്രചാരത്തോടുകൂടി മലയാളത്തുവന്നു എന്നല്ലാതെ ഇവിടെയുള്ള ഒരു ഋതുവിനെക്കുറിക്കാനായി മലയാളികൾ ആ പദം ഉപയോഗിച്ചിട്ടില്ല, ഉപയോഗിക്കുന്നുമില്ല. പൂക്കാലം വസന്തത്തിന്റെയും സ്പ്രിങ്ങിന്റെയും തർജ്ജമയായി ഈയിടെ മലയാളസാഹിത്യകാരന്മാർ സൃഷ്ടിച്ച ഒരു പദം മാത്രമാണ്. അതും തങ്ങൾക്കു അനുഭവമുള്ള ഏതെങ്കിലും മലയാളകാലത്തെക്കുറിക്കാനായി മലയാളികൾ ഉപയോഗിക്കുന്നുണ്ടെന്നു തോന്നുന്നില്ല. ഈ ലേഖനം എഴുതുവാൻ ആലോചിച്ചപ്പോൾ വസന്തം എന്താണെന്നു ആലോചിച്ചു. അതു നിശ്ചയമില്ലാത്തതുകൊണ്ടു അടുത്തുണ്ടായിരുന്ന മി. സി. വി. കുഞ്ഞുരാമനോടു ചോദിച്ചു. അദ്ദേഹത്തിനും ഉടനെ ഉത്തരംപറയാൻ കഴിഞ്ഞില്ല. ഞങ്ങൾ ഒരു അമരകോശവ്യാഖ്യാനവും സർ മോണിയർ വില്യംസിന്റെ സംസ്കൃത ഇംഗ്ലീഷ് നിഘണ്ടുവും നോക്കി. വളരെയൊക്കെ കണക്കുകൂട്ടിയതിന്റെ ശേഷം വടക്കെഇൻഡ്യയിലെ വസന്തം ഇവിടത്തെ കുംഭം-മീനം-മേടമാസങ്ങളായിരിക്കണമെന്നു ഒരുവിധം തീർച്ചപ്പെടുത്തുകയുണ്ടായി. വേനലോ കുറെക്കെ മഞ്ഞുകാലംതന്നെയുമൊ എപ്പോഴെന്നു ചോദിച്ചാൽ ആവക ഋതുക്കൾ വടക്കെ ഇൻഡ്യയിലെന്നെന്നു ആലോചിക്കാതെ ഇവിടെ ഇന്നിന്ന മലയാളമാസങ്ങളിലായിരിക്കുമെന്നു ആരും ഉടനെ പറയും. അതുപോലെ വസന്തമൊ, പൂക്കാലമൊ എന്നെന്നുചോദിച്ചാൽ ഇന്നിന്ന മലയാളമാസങ്ങളിലാണെന്നു പറയുവാൻ മലയാളികൾക്കാർക്കും എളുപ്പം സാധിക്കയില്ല. മലയാളസാഹിത്യത്തിൽ മലയാളപൂക്കാലത്തിന്റെ വർണ്ണനകൾ ഒന്നുംഇല്ല. വല്ലതും ഉണ്ടെങ്കിൽ അതു സംസ്കൃത വർണ്ണനകളുടെ അനുകരണമൊ, ഒരു സങ്കല്പ വസന്തത്തിന്റെ വർണ്ണനയൊ ആയിരിക്കയുള്ളൂ. മഹാകവി കുമാരനാശാന്റെ 'പൂക്കാലം' തന്നെ കവി അല്ലാതെ മലയാളികൾ കണ്ടിരിക്കുമെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ 'പൂക്കാല'ത്തിൽ മുല്ലയും, അശോകവും, തേന്മാവും, ഇലഞ്ഞിയും, പൂക്കുകയും പൂവാൽ വേലിക്കവർണ്ണങ്ങൾ വായ്ക്കുകയും കാടുകൾ അനുമേഘങ്ങൾപോലെ ചോക്കുകയും ചെയ്യുന്നു. ഈ പൂക്കാലം മലയാളികൾക്കു പരിചയമുള്ള ഒരു കാലമാണെന്നു തോന്നുന്നില്ല.



കെ അയ്യപ്പൻ ബി. എ.
എം. എൽ. സി. (കൊച്ചി)

ഉത്തരേന്ത്യയിലെ. വസന്തത്തിലേയും യൂറോപ്പിലെ സ്പ്രിങ്ങിലേയും പോലെ പുഷ്പസമൃദ്ധികൊണ്ടു പൂക്കാലമെന്നു പറയാവുന്ന മാതിരിയുള്ള ഒരു കാലം മലയാളത്തിൽ ഇല്ല. ഏതെങ്കിലും ഒരു കാലത്തെ ഇവിടെ പൂക്കാലമായി എടുക്കാനുണ്ടെങ്കിൽ അതു മാവും മറവും പൂക്കുന്ന കാലവുമല്ല.

ഒരു വിധം പുഷ്പകാലത്വം ഉള്ളതു ചിങ്ങമാസത്തിലാണ്. മാവും മറവും അന്നു പൂക്കുകയില്ലെങ്കിലും ഏകദേശം സർവ്വത്ര പൂക്കളുള്ളതും വേലിക്ക വർണ്ണങ്ങൾ വായ്ക്കുന്നതുമൊക്കെ ആ കാലത്തു മാത്രമാണ്. പാടവും പറമ്പും കുളവുംതോടുമൊക്കെ അന്നു പൂകൊണ്ടു ഒരു വിധം അലംകൃതമായിരിക്കും. മലയാളത്തു എല്ലായിടത്തും പൂവിടുന്ന കാലവും അതാണ്. അത്രക്കെങ്കിലും പുഷ്പസമൃദ്ധിയുള്ള കാലം മലയാളത്തിൽ വേറെ ഇല്ല. മലയാളത്തിലെ വസന്തം, പൂക്കാലം ചിങ്ങമാസമാണോ?

———

ന്റെ ചവം — ആ വയില് വേണോങ്കിച്ചെന്നു നോക്ക്.”

കോതക്കു തലചുററിവന്നു. അവൾ വിറച്ചു.

“മാവാപീ നേരുപറ. ചന്ത്രൻ ചത്തിട്ടില്ല്യോ നീ ഓനെകൊന്നോ —എന്റെ തൈവന്തമ്പുരാനെ ഈ കള്ളുകൊടത്തിന്റെകൂടെ പൊറുത്തു മതിയായി--”

കേളനു കലികൊണ്ടു. അവൾക്കു തന്റെകൂടെ പൊറുത്തുമടിയായെന്ന്. ചന്ത്രൻ വന്നെന്ന് അറിഞ്ഞ ഉടൻതന്നെ—ആഗാമിയായ ഒരാപൽഘട്ടം അവൻ സ്വപ്നംകണ്ടു. അവൾക്കു പണ്ടെ അവനെ പഥ്യമാണ്. ഇപ്പോൾ ഈ പരിഷ്കൃത വേഷത്തിൽ, പിന്നെ ചോദിക്കാനുണ്ടോ. അവൻ വന്നു വിളിക്കും, അവൾപോകും. അവർ സുഖമായി പുത്തൻമട്ടിലങ്ങനെ പൊറുക്കും-താനോ............ ആ മദ്യപാത്രം പതഞ്ഞുപൊങ്ങി. അതിന്റെ ദുർഗന്ധം നാലുപാടും വമിച്ചു. മാടത്തിനുള്ളിൽ ഒരു ബഹളം മൺപാത്രങ്ങൾ ഉടയുന്നശബ്ദം....“

“നെന്നേം നെന്റെചന്ത്രനേം കൂടെ ഏൻ പൊറുപ്പിച്ചേക്കാമെടീ.”

കോതയുടെ കുറുകുന്തലിൽ ചുററിപ്പിടിച്ചുകൊണ്ട് കേളൻ അലറുകയാണ്.

ചന്ത്രന് ഇരുപ്പുറയ്ക്കാതെയായി. അവന്റെ കോതയേ തല്ലുക. ഏതൊരു കോമളകളേബരംതന്നെ ധ്യാനിച്ചു അവൻ ഇക്കാലം മുഴുവനാനന്ദിച്ചിരുന്നുവോ - ആ മൃദുലമേനിയിൽ പാദാഘാതം ഏല്പിക്കുക അവനു തീരെ സഹിച്ചില്ല. ആരെക്കൊല്ലുവാനായി, ചോരപ്പുഴയിൽകിടന്നു പിടയുന്ന ആരുടെ മരണവേദനകണ്ടു മനംകുളിപ്പിക്കുവാനായി, അത്രനേരം അവൻ കാത്തിരുന്നുവോ, ആയാളിനെത്തന്നെ രക്ഷിക്കുവാൻ അക്ഷമനായി അവൻ മുന്നോട്ടു കുതിച്ചുചാടി.

“മാറിനില്ലെടാ—അവളുടെ ഒരു രോമത്തിൽ തൊട്ടാലുണ്ട്--”

ചന്ത്രൻ ആ വലിയ പിശ്ശാങ്കത്തി അവന്റെ ചങ്കിനു നേരെ ഓങ്ങി. അവിചാരിതസംഭവം. കേളൻ പിടിവിട്ടു. കോത പരമദയനീയമായ ഒരു നിലവിളിയോടെ നിലത്തു മറിഞ്ഞു.

“കോത-എന്റെ കോതേ-”

അവൻ അത്യാർത്തിയോടെ ഓടിച്ചെന്നു ആ തളിർമേനി തഴുകിയെടുത്തു—പ്രേമത്തിന്റെ അന്ധത്വം—ആ ഭർത്താവുനോക്കിനിൽക്കയാണ്—അവരിരുവരും അതു ലക്ഷ്യമാക്കിയില്ല....

“ചന്ത്രാ—എന്റെ ചന്ത്രാ—നീ ഇതുവരെ -എവ്ടാരുന്നു.”

അവൾ ക്ഷീണയായി ചോദിച്ചു—

“നെനക്കുവേണ്ടി—നെനക്കൊരുത്തിക്കുവേണ്ടി....കോതേ....”

ആ കാമുകനു വാക്കുകൾ കിട്ടിയില്ല....അവൻ കണ്ണീർവാർത്തു....

അഭിമാനനിധിയായ കേളൻ ഈ കാഴ്ച കണ്ടു സഹിക്കുമോ?

“എഴാ -നിന്നെ ഞാനിപ്പം പൊഴപ്പിച്ചേക്കാമെഴാ — ഓടെ കൂടെ — വാ—വാ - ആദ്യംനീ പിന്നെ ഓള്-”

അസഹ്യമായ കോപത്താൽ അവൻ കാലുമടക്കി തന്റെ പ്രതിയോഗിയെ ഒന്നടിച്ചു....ചന്ത്രൻ നിലംപതിച്ചുപോയി. അടുത്തനിമിഷം പടമുയർത്തിയ പാമ്പിനെപ്പോലെ ചീറിക്കൊണ്ടവൻ പിശ്ശാങ്കത്തിയുമായി മുന്നോട്ടു കുതിച്ചു. അതിന്റെയൊരു തിളക്കം-കേളന്റെ കണ്ണഞ്ചിപ്പോയി........

പെട്ടെന്നൊരു മിന്നൽ-അരുതേ-അരുതേ”-തടുക്കാൻ പാടില്ലാത്ത വേഗത്തിൽ കോത ഓടിച്ചെന്നവനെ തടഞ്ഞു. ആ കത്തി —അവൾക്കായുദ്ദേശിച്ച്—അവളുടെ ഹൃദയരക്തം കൊതിച്ച്—ഒടുവിൽ കേളന്റെ നേരെ നീട്ടപ്പെട്ട ആ കൂർത്തുമൂർത്ത കൊലക്കത്തി -അവസാനം പ്രേമനിരാശമായ ആ സ്ത്രീഹൃദയത്തെത്തന്നെ കുത്തിപ്പിളർന്നു—രക്തം—രക്തം—രാഗശോണമായ യുവരക്തം —

രാമൻനായരും കല്യാണിഅമ്മയും ദമ്പതികളായിട്ടു കൊല്ലം ഏഴുകഴിഞ്ഞു. കത്താത്ത വിളക്കു പോലെയോ, കായ്ക്കാത്ത മരം പോലെയോ ഇവരുടെ ചേർച്ചകൊണ്ടു് ലോകത്തിലെ ജനസംഖ്യയ്ക്കു ഒരു വർദ്ധനവും ഉണ്ടായില്ല. ഇവൎക്കു സന്താനമുണ്ടാകേണം എന്ന വിചാരം പിതൃകൎമ്മം ചെയ്യാൻ ആരും ഇല്ലാതായ് പോകുമല്ലോ എന്ന ഭയംകൊണ്ടല്ല. ഒന്നു ജനിച്ചു കാണ്മാനുള്ള താല്പൎയ്യംകൊണ്ടുമാത്രമാണു്. പുത്രകാമേഷ്ടി കഴിച്ചു പായസം സമ്പാദിച്ചു, അതു കുടിച്ചിട്ടു് സന്താനമുണ്ടാക്കുന്ന രീതിയും, വഴിവാടാകുന്ന കൈക്കൂലികൊണ്ടു് ഈശ്വരനെ പ്രസാദിപ്പിച്ചു ഒന്നിനെ കൈക്കലാക്കുന്ന ഉപായവും, കഠിന തപംചെയ്തു ഈശ്വരനെ ഭീഷണിപ്പെടുത്തി ഒന്നിനെ തരാൻ നിർബന്ധിക്കുന്ന സാഹസവും രാമൻനായർ അനുചിതമെന്നു വെച്ചു ദൂരെ ത്യജിച്ചു എന്നാൽ

---

കോത കരഞ്ഞില്ല—സംഭ്രമിച്ചില്ല—തെററി മാറിയുമില്ല—പ്രേമദീനമായ ഒരു നിലവിളി.

"ചന്ത്രാ—എന്റെ ചന്ത്രാ...."

പൊങ്ങിത്തിളച്ചുയരുന്ന ചോരപ്പുഴയിൽ മുങ്ങി, ആ വിഫലരാഗിണി പുറകോട്ടു മറിഞ്ഞു.

കോതേ—അയ്യോ—എന്റെ കോതേ—നീയാണോ? നീയാണോ? അതു് കരൾ പൊട്ടിപ്പുറപ്പെട്ട ഒരു ദീനവിലാപത്തോടെ.... ചന്ത്രനും ബോധരഹിതനായി മുന്നോട്ടു മറിഞ്ഞുവീണു.

ഭീകരമായ—പരമ ദയനീയമായ ആ ശോകാന്തനാടകത്തിന്റെ അവസാന രംഗത്തിൽ—പൈശാചികമായ ഒരു മുറവിളിമാത്രം മുഴങ്ങിക്കേട്ടു....

...."കൊ—ല—കൊല—അ യ്യ ം—കൊല—അയ്യോ—നാട്ടാ രേ—എന്നെ രക്ഷിക്കണേ—"

ചുററുപാടും തിങ്ങിക്കൂടിയ ആ ക്രൂരികൾ പ്രളയത്തിലെന്നോ കേളനും ഓടിപ്പോയി മറഞ്ഞു........

* * *

നിലാവുനിറഞ്ഞ നിശാവേളകളിൽ ഇപ്പോഴും ഈ കരുണകരുണമായ മുറവിളി ആ വനാന്തരംഗത്തിൽനിന്നു മുഴങ്ങിക്കേൾക്കാറുണ്ടു്—"കോതേ—നീയാണോ—നിനക്കു തന്നെയാണോ അതു കൊണ്ടതു്....എനിക്കു തെററിപ്പോയി"

അടുത്ത പ്രദേശങ്ങളിലുള്ള ആൎക്കുമറിയാം. അതാരുടെ വിളിയാണെന്നു്. ആരെ ഉദ്ദേശിച്ചാണെന്നും—വാശിപിടിച്ചുകരയുന്ന വികൃതിക്കുട്ടികളെ അമ്മമാർ രാത്രിയിൽ പേടിപ്പിച്ചുറക്കും.

"അതാ—പ്രാന്തൻ— ചന്ത്രൻ വിളിക്കുന്നു. കേട്ടോ—" എന്നു്.

നവദമ്പതികൾ മണിയറയിലിരുന്നു് മന്ദമലിവോടെ മന്ത്രിക്കും.

"പാവം—ചന്ത്രൻ"

---

# രണ്ടാളും തോററു

**കെ സുകുമാരൻ ബി. എ. —ഷൊർണ്ണൂർ**

ശ്രീബുദ്ധനോടുള്ള ബഹുമാനം നിമിത്തമോ, മറേറാ, അയാൾ കോഴിക്കോട്ടിലെ ഒരു ഗുജറാട്ടി ശേട്ടു ചെയ്യുവരുന്നപോലെ പട്ടന്മാൎക്കു ഊട്ടുകഴിക്കുന്നതിന്നു് പകരം പട്ടികൾക്കു ഊട്ടുകഴിച്ചിട്ടു കൃതാൎത്ഥനായി.

എന്നിട്ടും ഈശ്വരന്റെ കണ്ണുതുറന്നില്ല. കല്യാണിഅമ്മ മൂന്നുനേരം ജപംതുടങ്ങി. എന്നിട്ടും ആഗ്രഹം സാധിച്ചില്ല. ആ സ്ത്രീരത്നത്തിന്നു് വളരെ കുണ്ഠിതംതോന്നി. ഒരു ദിവസം ഈ സർവ്വീസ് തികഞ്ഞ ദമ്പതികൾ ഊണുംകഴിഞ്ഞു മുറുക്കിക്കൊണ്ടിരിക്കുകയായിരുന്നു.

ക. അ—നിങ്ങൾക്കു കുട്ടി ജനിക്കില്ലെന്നാണു് എനിക്കു തോന്നുന്നതു്.

രാ. നാ—നീ മലടിയാണെന്നാണു് എനിക്കു തോന്നുന്നതു്.

ക. അ—നമ്മൾക്കു കുട്ടി ജനിക്കുകയില്ലെന്നു് തോന്നുന്നു.

രാ. നാ—അതും തീർച്ചപ്പെടുത്തേണ്ട.

ക. അ—കാമൻനായരുടെ ഭാൎയ്യക്കു ഗർഭമാണത്രേ.

രാ. നാ—അതുകൊണ്ടെന്താ?

ക. അ—സംബന്ധം കഴിഞ്ഞിട്ടു് ഒരു മാസം കഴിഞ്ഞിട്ടേയുള്ളു.

രാ. നാ—എന്നാൽ 280-ദിവസത്തിനുള്ളിൽ അവൾ പ്രസവിക്കും.

ക. അ—നിങ്ങൾ ആ കണക്കുവെക്കാൻ മാത്രമേ കൊള്ളുകയുള്ളു.

രാ. നാ—നീ അതിനും കൊള്ളില്ല.

ക. അ—കോമൻ നായരുടെ ഭാൎയ്യക്കും ഗർഭമാണത്രെ.

രാ. നാ—ഏതു് കോമൻ നായര്.

ക. അ—ആ ഇൻഷ്വറൻസിന്റെ ഏജണ്ട്—താടിയും കൂടി മുളക്കാത്ത ആ ചെറുപ്പക്കാരൻ-താച്ചൻ മേനോന്റെ മകൾ പാറുക്കുട്ടിയെ സംബന്ധം ചെയ്തിട്ടു് മൂന്നുമാസമായിട്ടില്ല. പെണ്ണിനാണെങ്കിൽ പതിനഞ്ചുവയസ്സ് തികഞ്ഞിട്ടുമില്ല.

രാ. നാ—ഒരു സമയം ഒരുമാംസക്കഷണത്തേയോ ഒരു കുരങ്ങിനെയൊ മറേറാ പ്രസവിക്കുമായിരിക്കും.

ക. അ—എന്തിനാണു് വേണ്ടാത്ത വാക്കുകൾ പറയുന്നതു്.

രാ. നാ—വേണ്ടപ്പെട്ട സമയം വരുമ്പോൾ വേണ്ടാത്തവാക്കും പറയേണ്ടിവരും.

ക. അ—സംബന്ധം കഴിഞ്ഞ പെണ്ണുങ്ങൾക്കു ഗർഭമുണ്ടാകുന്നതാണോ അത്ഭുതം.

രാ. നാ—ഗർഭമുണ്ടാകാത്തതാണു് അത്ഭുതം.

ക. അ—തന്നെ. ഗർഭമുള്ളവർ പ്രസവിക്കുന്നതു് മാംസക്കഷണമാണോ!

രാ. നാ—ചെറിയ കുട്ടികൾ മാംസക്കഷണങ്ങളല്ലാതെ മറെറന്താണു്.

ക. അ—എന്നാൽ കുരങ്ങനാകേണമെന്നുണ്ടോ.

രാ. നാ—കുരങ്ങോടു് വളരെ സാദൃശ്യം ഉണ്ടാകും.

ക. അ—നിങ്ങൾ അസൂയാലുവാണു്.

രാ. നാ—ആ ശീലം ആണുങ്ങളേക്കാൾ പെണ്ണുങ്ങൾക്കാണു് പ്രകാശിച്ചു കാണുന്നതു്.

ക. അ—എന്നിട്ടു് ഞാൻ അങ്ങിനെ ഒന്നും പറഞ്ഞില്ലല്ലോ.

രാ. നാ—പറഞ്ഞിരുന്നുഎങ്കിൽ അതു് അസൂയക്കു പകരം പരമാൎത്ഥമായിരിക്കും.

ക. അ—നിങ്ങൾ ഇങ്ങിനെ ഓരോ വേണ്ടാത്ത ന്യായങ്ങൾ പറഞ്ഞു കാലം കഴിക്കും.

രാ. നാ—ന്യായം എല്ലാ കാലത്തും വേണ്ടുന്നതാണു്.

ക. അ—നിങ്ങൾ ഒന്നിനും കൊള്ളില്ല.

രാ. നാ—നിന്റെ ഭൎത്താവാകാൻ മാത്രം കൊള്ളും.

ക. അ—മറവുള്ളവർ അങ്ങിനെ വിചാരിക്കുമോ എന്നുസംശയമാണു്.

രാ. നാ—ഈ കാൎയ്യത്തിൽ മററുള്ളവർ നിന്നെപ്പോലെ അറിയുന്നവരല്ല

ക. അ—ഓരോരോ കൎമ്മം അതിന്റെ ഫലംകൊണ്ടാണു് അനുമാനിക്കേണ്ടതു്.

രാ. നാ—ഫലേച്ഛയില്ലാത്ത കൎമ്മത്തിന്നാണു് അധികമാധുൎയ്യം കിടക്കുന്നതു് എന്നു് ശ്രീകൃഷ്ണഭഗവാൻ പറയുന്നു.

ക. അ—അദ്ദേഹത്തിന്നു് ഒരു ലക്ഷത്തറുപതിനായിരത്തെൺപതു സന്താനങ്ങൾ ഉണ്ടായിരുന്നത്രേ.

രാ. നാ—നിനക്കും അങ്ങിനെയായാൽ കൊള്ളാമെന്നുണ്ടോ?

ക. അ—എനിക്കു ഒരേ ഒരു കുട്ടി മാത്രം മതിയായിരുന്നു.

രാ. നാ—രണ്ടുണ്ടായാൽ ഒന്നിനെ കൊന്നുകളയുമോ.

ക. അ—എനിക്കു പ്രസവം മാറുന്നവരെ പ്രസവിച്ചുകൊണ്ടു തന്നേ ഇരിക്കണം.

രാ നാ—അങ്ങിനെ തന്നെയാണു് എല്ലാ സ്ത്രീകളും ചെയ്യുന്നതു്.

ക അ—ഞാൻ പ്രസവത്തിനു ആരംഭിച്ചിട്ടുതന്നെ ഇല്ല.

രാ. നാ—ആരംഭിക്കുന്നതു ഗർഭമായതിൽ പിന്നെ മാത്രം മതി.

ക. അ—ഗർഭമാകാത്തതു എന്റെ ദോഷമല്ല.

രാ. നാ—ഗർഭമാകാത്തതു എന്റെ ദോഷമെന്നാണോ നീ പറഞ്ഞുകൊണ്ടുവരുന്നതു്.

ക. അ—അങ്ങിനെ ഞാൻ പറഞ്ഞിട്ടില്ല.

രാ. നാ—നിനക്കു പറവാനുംപാടില്ല.

ക അ—ഞാൻ അതല്ലപറയുന്നതു്

രാ. നാ—പിന്നെ എന്താണു്.

ക. അ—ഗുരുവായൂരപ്പനെ അവിടെ ചെന്നു ഭജിച്ചാൽ സന്താനമുണ്ടാകുമെന്നാണു കേൾക്കുന്നതു്.

രാ. നാ—ആരാണു് ഇങ്ങിനെ പറഞ്ഞു ധരിപ്പിച്ചതു്.

ക. അ—പറഞ്ഞതു് ഭാഗീരഥി മുത്തശ്ശിയാണു്. ധരിച്ചതു ഞാനാണു്.

രാ. നാ—എങ്ങിനെയാണു പോലും ഭജിക്കേണ്ടതു്.

ക. അ—ഗുരുവായൂരിൽ കേശവൻ എമ്പ്രാന്തിരി എന്ന ഒരു ഭക്തനുണ്ടത്രേ. താടിയും മുടിയും നീട്ടിയിട്ടാണു—അദ്ദേഹത്തിന്റെ മുഖേന പോയാൽ ശ്രീകൃഷ്ണഭഗവാൻ ക്ഷണം പ്രസാദിക്കുമത്രേ: അദ്ദേഹം കഴിക്കുന്ന വഴിവാടിന്നു് ഒരു പ്രത്യേകത ഉണ്ടത്രേ. നമുക്കെന്താ ഒന്നു പരീക്ഷിച്ചു നോക്കുന്നതിനു വിരോധം.

രാ. നാ—താടിനീട്ടിയ എമ്പ്രാന്തിരിമാരെക്കാൾ താടിയില്ലാത്ത പെണ്ണുങ്ങളോടാണു ശ്രീകൃഷ്ണനു പ്രേമം എന്നു് എല്ലാവൎക്കും നിശ്ചയമുണ്ടു്.

ക. അ—അതുകൊണ്ടു?

രാ. നാ—ഒരു അഴകുള്ള പെൺകിടാവിനെയാണു് ശ്രീകൃഷ്ണഭഗവാനു കാഴ്ചവെക്കേണ്ടതു്.

ക. അ—അങ്ങിനെയൊരു പെണ്ണിനെ വല്ലവരും തരുമോ?

രാ. നാ—തരുവാനാളുണ്ടോ എന്നു കണ്ടുപിടിക്കണം.

ക. അ—ലക്ഷത്തിൽ ഒരാളെ അങ്ങിനെ കാണുമോ എന്നു സംശയമാണു്.

രാ. നാ—കണ്ടിട്ടില്ലെങ്കിൽ വേണ്ട.

ക. അ—വഴിവാടുതന്നെ വേണ്ടെന്നോ?

രാ. നാ—വേണ്ടുന്നതു കിട്ടാഞ്ഞാൽ ചെയ്യേണ്ടതു് എങ്ങനെ ചെയ്യും.

ക. അ--കിട്ടാനുള്ളതെ വേണ്ടു എന്ന നില സ്വീകരിക്കണം.

രാ. നാ--നിന്റെ അഭിപ്രായത്തിൽ ഗുരുവായൂരപ്പന് എന്തിനോടാണ് വളരെ ഇഷ്ടം.

ക. അ--ആനയോട്.

രാ. നാ--അല്ല. ആനയാനോടാണ് ഇഷ്ടം.

ക. അ--അങ്ങിനെയെങ്കിൽ അങ്ങിനെയാകട്ടെ. പിന്നെയെന്താ.

രാ. നാ--അതുകൊണ്ട് നീ തന്നെ ഗുരുവായൂരിൽ പോയി ഇഷ്ടംപോലെ വഴിവാടു കഴിക്കണം.

ക. അ--നിങ്ങൾ എന്റെ കൂടെ വരുന്നില്ലെ

രാ. നാ--എന്റെ പണം നിന്റെകൂടെ വന്നാൽമതി.

ക. അ--അതു് എപ്പോഴും കൂടെ വരുന്നതല്ലെ.

രാ. നാ--ഇപ്പോഴും ഇരിക്കട്ടെ.

ക. അ--എനിക്കു തുണയായി ഒരാളാണ് വേണ്ടതു്.

രാ. നാ--ആണോ! പെണ്ണോ!

ക. അ--നിങ്ങളാണെങ്കിൽ ആണ്. മററുള്ളവരാണെങ്കിൽ പെണ്ണ്.

രാ. നാ--എന്നാൽ ഭാഗീരഥി മുത്തശ്ശിതന്നെ ആകട്ടെ.

ക. അ--ധാരാളംമതി.

രാ. നാ വേലക്കാരൻ വേലായുധനും ഇരിക്കട്ടെ.

ക. അ--മുത്തശ്ശിക്കു അവൻ ഉപകാരത്തിനെത്തും.

രാ. നാ--വേണമെങ്കിൽ നിനെക്കും

* * * *

ഗുരുവായൂരിൽ പോയ കൂട്ടർ പത്തുദിവസംകൊണ്ടു മടങ്ങിവന്നു. താനും വല്ലതും പ്രവർത്തിക്കേണമെന്നു വെച്ചു അതിന്നിടയിൽ രാമൻനായർ ദേഹസുഖത്തിനുവേണ്ടി ഒരു പ്രത്യേക (Patent) മരുന്നും കഴിച്ചു. കല്യാണി അമ്മ വളരെ ആശയോടും ആനന്ദത്തോടും തൃപ്തിയോടും നാളുകൾ കഴിച്ചു അങ്ങിനെ ഇരിക്കുമ്പോൾ "സുദക്ഷിണാദൌഹൃദലക്ഷണം ദധൌ" എന്നു പറഞ്ഞ കൂട്ടത്തിൽ കല്യാണിഅമ്മയും അസ്പഷ്ടമായ ഗർഭലക്ഷണങ്ങൾ കാണിച്ചു ഈ ഭാഗ്യം ഗുരുവായൂരിൽ ചെന്നു ഭജിച്ചതിന്റെ ഫലമാണെന്നു കല്യാണിഅമ്മയും താൻ കഴിച്ച 'Huxley's Nerve Vigour' എന്ന മരുന്നിന്റെ ഫലമാണെന്നു രാമൻനായരും വിശ്വസിച്ചു. ഒരു ശുഭമുഹൂർത്തത്തിൽ കല്യാണിഅമ്മ പ്രസവിച്ചു കൂട്ടരുടെ പരമഭാഗ്യത്തിനു് കുട്ടി ഒരു ആണായിട്ടുംവന്നു. ഗുരുവായൂരപ്പനെ ഭജിച്ചിട്ടുണ്ടായ സന്തതിയാണെന്നു് വിചാരിച്ചു കല്യാണിഅമ്മ കൃഷ്ണൻഎന്നു് കുട്ടിക്കു പേരിട്ടു് കുട്ടൻ എന്നു ഓമനപ്പേരും അവനു് വിളിച്ചു. 5 വയസ്സ് കഴിഞ്ഞപ്പോൾതന്നെ കുട്ടൻതീക്ഷ്ണബുദ്ധിയുടെ ലക്ഷണങ്ങൾ കാണിച്ചു. അവന്റെ ബുദ്ധിപൂർവകമായ ചോദ്യങ്ങൾക്കു ഉത്തരം പറയാൻ അമ്മയച്ഛന്മാർ കുഴങ്ങി.

ഒരുദിവസം ഒരു വയോവൃദ്ധൻ രാമൻനായരെ കാണാൻവന്നു കവിളുംഒട്ടി, പല്ലില്ലാത്ത ആ വൃദ്ധന്റെ ചിറികൾ ഉള്ളോട്ടു വലിഞ്ഞുപോയിരുന്നു. കുട്ടൻ അയാളെ വളരെ കൗതുകത്തോടെ സൂക്ഷിച്ചുനോക്കി. അയാൾ പോയ ഉടനെതന്നെ കുട്ടൻ അച്ഛനോട് ചില ചോദ്യങ്ങൾ തട്ടിമൂളിച്ചു.

കുട്ടൻ—എന്താണച്ഛാഇപ്പോൾപോയ കിളവന്റെ ചിറികൾ മലർന്നുകാണാതെ ഉള്ളോട്ടു വലിഞ്ഞുപോയതു്.

രാമൻനായർ—അയാൾക്കു പല്ലൊന്നും ഇല്ലാഞ്ഞിട്ട്.

കുട്ടൻ കുറെനേരം ആലോചിച്ചു.

കുട്ടൻ—അങ്ങേവീട്ടിലെ ദേവകിഅമ്മയുടെ മകനില്ലേ. എത്രയോചെറിയകുട്ടി. ശിന്നൻ എന്നു പേരായിട്ട്. ആ കുട്ടിക്കു പല്ലൊന്നുപോലുമില്ലല്ലൊ. എന്നിട്ടുകൂടി ആ കുട്ടിയുടെ ചുണ്ടുകൾ എത്ര നല്ലവണ്ണം മലർന്നു കാണുന്നുണ്ട്. അതെന്തുകൊണ്ടച്ഛാ അങ്ങനെ വരുന്നതു്.

രാമൻനായർ—അതു് അവൻ കുട്ടിയായതുകൊണ്ടായിരിക്കും.

കുട്ടൻ-പല്ലില്ലാഞ്ഞിട്ടാണെങ്കിൽ അവന്റെ ചുണ്ടുംഉള്ളോട്ടു വലിഞ്ഞുപോകണ്ടെ!

ഇവിടെ അച്ഛൻ തോററു.

പിന്നെ ഒരുദിവസം നല്ലൊരു കാററുവീശി മരത്തിന്റെ ഇലകൾ നൃത്തംവെച്ചു. കാററു ശമിച്ചപ്പോൾ ഇലകളുടെ നൃത്തവും ശമിച്ചു.

കുട്ടൻ--എന്തുകൊണ്ടാണച്ഛാ ഇലകൾ ഇത്രനേരം ഇളകിക്കളിച്ചതു്.

രാമൻനായർ--കാററു തട്ടീട്ട്.

കുട്ടൻ--കാററ് എന്നു പറഞ്ഞാലെന്താണച്ഛാ. അതിനെ എന്താണു കാണാത്തതു്.

രാ. നാ--അതിനെ നാം ഒരിക്കലും കാണില്ല.

കുട്ടൻ--പിന്നെ എങ്ങനെയാണ് അതു് കാററാണെന്നറിഞ്ഞതു്.

രാ. നാ-അനുഭവംകൊണ്ട്.

കുട്ടൻ-അനുഭവം എന്നു പറഞ്ഞാലെന്താണച്ഛാ.

രാ. നാ-ഇപ്പോൾ ഇലകൾഒന്നും ഇളകുന്നില്ലല്ലോ. നീ ഒരു ഇലയുടെ മേലെ ഒന്നു ഊതിനോക്കു.

കുട്ടൻ-(ഊതീട്ട്) അതെ ഇപ്പോൾ ഇളകുന്നുണ്ട്.

രാ. നാ-അതാണ് കാററ് എന്നു പറഞ്ഞതു്.

കുട്ടൻ-കാററെങ്ങിനെയാണച്ഛാ എല്ലാമരങ്ങളുടെയും ഇലകൾ ഇളക്കുന്നതു്?

രാ. നാ-അത് അതിന്റെ സഹജമായ ശക്തിയാണ്.

കുട്ടൻ-നാം ഒരു വസ്തുംകാണുന്നില്ലല്ലൊ. പിന്നെ സഹജമായ ശക്തി എന്നു പറഞ്ഞാലെന്താണച്ഛാ.

രാ. നാ-നമ്മുടെ കണ്ണുകൊണ്ടു കാററു കാണുകയില്ല.

കുട്ടൻ-നമുക്കു കണ്ണെന്തിനാണച്ഛാ. എല്ലാം കാണാനല്ലെ?

രാ. നാ-ചിലതൊക്കെ കാണാൻ.

കുട്ടൻ-എന്തുകൊണ്ടാണച്ഛാ മുഴുവൻ കാണാൻ നമ്മുടെ കണ്ണിന്ന് കഴിയാത്തതു്?

രാ. നാ-ഈശ്വരൻ നമ്മുടെ കണ്ണ് അങ്ങിനെയാണ് സൃഷ്ടിച്ചതു്.

കുട്ടൻ-ഈശ്വരൻ എന്തിനാണച്ഛാ നമ്മുടെ കണ്ണ് അങ്ങിനെ സൃഷ്ടിച്ചതു്?

രാ. നാ-അതു ഈശ്വരന്റെഇഷ്ടം

കുട്ടൻ-ഈശ്വരൻ എന്നു പറഞ്ഞാലാരാണച്ഛാ?

രാ. നാ-നാം കാണുന്ന സകലവസ്തുക്കളും സൃഷ്ടിച്ചവൻ.

കുട്ടൻ-ഈശ്വരൻ എവിടെയാണച്ഛാ പാർക്കുന്നതു്?

രാ. നാ-സകലദിക്കിലും ഉണ്ട്.

കുട്ടൻ-സകലദിക്കിലും ഉള്ളതു ആകാശമല്ലെ?

രാ. നാ-അതുംഉണ്ട്.

കുട്ടൻ—ആകാശമാണോ ഈശ്വരൻ.

രാ. നാ-അല്ല.

കുട്ടൻ-അതെങ്ങിനെയാണച്ഛാ അറിഞ്ഞതു്?

ഇവിടെയും അച്ഛൻ തോററു.

മറെറാരുദിവസം നല്ല ഒരു മഴ പെയ്തു പോന്നു. കുട്ടൻ മഴപെയ്യുന്നതു വളരെ ശ്രദ്ധയോടെ നോക്കി. പിന്നെ മഴപോന്നപ്പോൾ ആകാശവും നോക്കി.

കുട്ടൻ-എവിടുന്നാണച്ഛാ മഴപെയ്യുന്നതു്.

രാ. നാ-ആകാശത്തിൽനിന്ന്.

കുട്ടൻ-ഇത്രഅധികം വെള്ളം ആകാശത്തിൽ എവിടെയാണു നിൽക്കുന്നതു്?

രാ. നാ-മേഘത്തിൽ എന്നുവെച്ചാൽ കാറിൽ.

കുട്ടൻ-ഇത്രഅധികം വെള്ളം കാറിൽ എങ്ങിനെയാണ് നിൽക്കുന്നതു്?

രാ. നാ-കാറിന്ന് അങ്ങിനെ ഒരു ശക്തിഉണ്ട്.

കുട്ടൻ-പിന്നെ കാറ് അവിടെ തന്നെ നിർത്താതെ വെള്ളം ചിലപ്പോൾ എന്തിനാണ് താഴത്ത് വിടുന്നതു്?

രാ. നാ-നമുക്കൊക്കെ വെള്ളം തരുവാൻ.

കുട്ടൻ-നമുക്കു വെള്ളം വേണ്ടുന്നതെപ്പോഴാണെന്നു് കാറ് എങ്ങിനെയാണ് അറിയുന്നതു്?

രാ. നാ-അതു് എങ്ങിനെയെങ്കിലും അറിയും.


# ലനിൻ

ഞങ്ങളുടെ പുതിയ പ്രസിദ്ധീകരണം

ഈ ശതകം ലനിൻശതകമാണെന്ന് പ്രസിദ്ധ ചിന്തകനായ ബർട്രാൻഡ്റസൽ പറയുന്നു. തൊഴിലാളികളുടെ സാമ്രാജ്യസ്വർഗ്ഗം സംസ്ഥാപനം ചെയ്ത ആ മഹാനായ വിപ്ളവകാരിയുടെ കോൾമയിർക്കൊള്ളിക്കുന്ന ജീവിതകഥ നിങ്ങൾ ഗ്രഹിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ "ലനിൻ" എന്ന ഞങ്ങളുടെ പുതിയ പ്രസിദ്ധീകരണം വായിക്കുക. പല ഗ്രന്ഥങ്ങളും പരിശോധിച്ച് ഏററവും സമർത്ഥമായി എഴുതപ്പെട്ടിട്ടുള്ള ഒരു മാതൃകാജീവചരിത്രം. ലനിൻ, ലനിന്റെ പത്നി, ട്രാട്സ്കി, സ്റ്റാലിൻ എന്നിവരുടെ ബ്ളാക്കുകളോടു കൂടിയതു്.

ഗ്രന്ഥകർത്താ

കെ. സുകുമാരൻ ബി. എ.

വില ആറണമാത്രം

പുസ്തകവ്യാപാരികൾക്കു നല്ല കമ്മിഷൻ

മാനേജർ,
ഇന്ദിരാ ബുക്കുഡിപ്പോ,
പേട്ട-തിരുവനന്തപുരം.

കുട്ടൻ-കാറിന്ന് കാണാൻ കണ്ണും അറിവാൻ ബുദ്ധിയും ഉണ്ടൊ?

ഇവിടെയും അച്ഛൻ തോററു.

മറെറാരുദിവസം ഒരു നായ് വഴിയെ പാഞ്ഞിട്ട് ഒരു പശു മണ്ടുന്നതു കണ്ടു.

കുട്ടൻ-നമുക്കു നടക്കാനും ഓടാനും രണ്ടു കാലല്ലേ ഉള്ളു. നായ്ക്കും പശുവിന്നും മററും എന്തിനാണ് നാല് കാല്.

രാ. നാ-അതിവേഗത്തിൽ ഓട്ടുവാൻ വേണ്ടി.

കുട്ടൻ-കാല് അധികമുള്ളതിനു വളരെ വേഗത്തിൽ ഓടാൻ കഴിയുമൊ?

രാ. നാ-സംശയമില്ല. മാനിനെയും മററും കാണുന്നില്ലേ?

കുട്ടൻ-തേരട്ടക്കു എത്ര അധികം കാലുകളുണ്ട്. എന്നിട്ട് അതിനെന്താണച്ഛാ വേഗത്തിൽ ഓടാൻ കഴിയാത്തതു്?

രാ. നാ-ഒരു സമയം കാല് വളരെ കവിഞ്ഞുപോയതുകൊണ്ടായിരിക്കും.

കുട്ടൻ-അപ്പോൾ വളരെ വേഗത്തിൽ ഓടാൻ എത്ര കാലുകൾ വേണം.

രാ. നാ—നാല് കാലുകൾ മാത്രം മതി. അതു കൂടാതെ കഴികയില്ല.

കുട്ടൻ-പാമ്പിന്ന് കാല് കേവലമില്ലല്ലൊ. പിന്നെ അതെങ്ങിനെയാണച്ഛാ ഇത്ര വേഗത്തിൽ ഓട്ടുന്നതു്?

ഇവിടെയും അച്ഛൻ തോററു.

ഇങ്ങിനെ പല കാൎയ്യങ്ങളിലും മകൻെറ ആലോചനാപരമായ ചോദ്യങ്ങളാൽ അച്ഛൻ തോററു.

ഒരുദിവസം കുട്ടൻ കുറെ കോഴിക്കുഞ്ഞുകൾ തള്ളയുമായി മേയുന്നതു കണ്ടു. പൌഡറിടുന്ന വെൺനൂലുകളുടെ കെട്ട് (Powder Puff) പോലെ ഇരിക്കുന്ന കോഴിക്കുഞ്ഞുകളോട് കുട്ടന് വളരെ ഇഷ്ടവും കൌതുകവും തോന്നി. ആ കാൎയ്യം കുട്ടൻെറ മനസ്സിൽനിന്നു വിട്ടുപോകുന്നില്ല. വീട്ടിൽ എത്തിയ ഉടനേതന്നെ അച്ഛൻെറ അടുക്കെ പാഞ്ഞു ചെന്നു.

കുട്ടൻ-എവിടുന്നാണച്ഛാ കോഴിക്കുട്ടികൾ വരുന്നതു്?

രാ. നാ-അത് കോഴി ഇട്ടമുട്ടകളിൽനിന്ന് വിരിയുന്നതാണ്.

കുട്ടൻ--മുട്ടയിൽനിന്ന് വിരിയുക എന്നുവെച്ചാൽ എന്താണ്?

രാ. നാ—കുറെനാൾ കഴിഞ്ഞാൽ മുട്ടയുടെ ഉള്ളിൽനിന്ന് കോഴിക്കുഞ്ഞുകൾ പുറത്തുവരും.

കുട്ടൻ—മുട്ടയുടെ ഉള്ളിൽ വെള്ളയും ചോപ്പും പശപോലെ കിടക്കുന്നതല്ലേ ഉള്ളു?

രാ. നാ--അതിൽ നിന്നാണ് കോഴിക്കുഞ്ഞുകൾ ഉണ്ടാകുന്നതു്.

കുട്ടൻ--കോഴിക്കുഞ്ഞിന്ന് കൊക്കും കണ്ണും തൂവലും മററും ഉണ്ടല്ലൊ. മുട്ടയുടെ ഉള്ളിൽ അതൊന്നും കാണുന്നില്ലല്ലൊ?

രാ. നാ--മുട്ടയുടെവെള്ളക്കും ചോപ്പിന്നും അങ്ങിനെ ഒരു മാററമുണ്ടാക്കാൻ സാധിക്കും.

കുട്ടൻ--മുട്ടയുടെ വെള്ളയും ചോപ്പും എങ്ങിനെയാണച്ഛാ കോഴിക്കുഞ്ഞായി മാറിപ്പോകുന്നതു്?

രാ. നാ--അത് ഉഷ്ണം കൊണ്ടാണ് എന്നുവെച്ചാൽ ചൂട്കൊണ്ട്.

കുട്ടൻ--ചൂടാക്കിയാൽ മുട്ട വെന്തു ഉറച്ചുപോകുന്നതല്ലേ നാം കാണുന്നതു്?

രാ. നാ--നീ വേണ്ടാത്ത ചോദ്യങ്ങൾ ചോദിപ്പാൻ വലിയ വമ്പനാണ്.

ഈ അവസരത്തിൽ കല്യാണിക്കുട്ടിഅമ്മയും കേറിവന്നു. കുട്ടി തൻെറ സംശയം അമ്മയുടെ മുമ്പിലും വിചാരണെക്കുവെച്ചു.

ക. അ--നീചെന്നു ഉറങ്ങികൊൾ ക. സമയമായി.

കുട്ടൻ-മുട്ട ചൂടാക്കുമ്പോൾ എന്തുകൊണ്ടാണ് കോഴിക്കുഞ്ഞുകൾ പുറത്തുവരാത്തതു്?

ക. അ—വെള്ളത്തിൽ ഇട്ടു ചൂടാക്കുമ്പൊഴാ.

കുട്ടൻ-അതെ.

ക. അ-അപ്പോൾ പുറത്തുവന്നാൽ അതു് വെള്ളത്തിൽമുങ്ങിച്ചത്തുപോകയില്ലെ? ഒരുസമയം അതുകൊണ്ടായിരിക്കും പുറത്തുവരാത്തതു്.

കുട്ടൻ-മുങ്ങിച്ചാകുമായിരിക്കും എങ്കിലും എന്തുകൊണ്ടു പുറത്തുവരുന്നില്ല.

ക. അ-ചെറിയ കോഴിക്കുഞ്ഞുകൾക്കു തിളക്കുന്നവെള്ളം കണക്കിലേറെ ചൂടായിപ്പോകുന്നതുകൊണ്ടായിരിക്കും.

എത്ര ചൂടാണു വേണ്ടതു്?

ക. അ--കുറെ.

കുട്ടൻ-ഒരുവട്ടിയിൽകുറെഉമി ഇട്ടും അതിൽ മുട്ടവെച്ചു ഉമിക്കു തീകൊടുത്താൽ മുട്ട കോഴിക്കുഞ്ഞാകുമോ?

ക. അ--അപ്പോൾ മുട്ടവെന്തുപോകയേ ഉള്ളു.

കുട്ടൻ--ചൂട് കണക്കാക്കുന്നതു് എങ്ങിനെയാണ്?

ക. അ--മുട്ടമേൽ പിടക്കോഴിവന്നുകിടക്കുന്നത് നീ കാണുന്നില്ലെ! കോഴിയുടെ ദേഹത്തിന്മേൽ മിതമായ ചൂടുണ്ട്. ആ ചൂട് തട്ടീട്ടാണ് മുട്ട ക്രമേണ വിരിയുന്നത്. നീ ഉറങ്ങാൻ കിടക്കുമ്പോൾ കമ്പിളി പുതക്കുന്നില്ലെ? അപ്പോൾ നിൻെറ ദേഹം ചൂടാകുന്നില്ലെ? അത്ര ചൂട് മാത്രംമതി. ഇനി നീചെന്നു കിടന്നുറങ്ങിക്കൊ.

കുട്ടൻ--എനിക്കു ഉറക്കം വരുന്നില്ലമ്മെ!

രാ. നാ--അവൻ ഉറക്കം വരുന്നവരെ അവിടെ ഇരുന്നോട്ടെ.

ക. അ—അവനു നല്ലഉറക്കമുണ്ട്.

കുട്ടൻ--ഇല്ലമ്മ.

ക. അ.--നീ അല്ലേ ഇപ്പോൾ വായപൊളിച്ചുആവി ഇട്ടതു്? (കോട്ടുവാ)

കുട്ടൻ—ഞാൻ ആവി ഇട്ടതല്ല.

ക. അ--പിന്നെ എന്തായിരുന്നു നീ ചെയ്തതു്?

കുട്ടൻ—ഞാൻ എൻെറ വായ് പൊളിച്ചതേ ഉള്ളു.

ക. അ--വെറുതേ വായ പൊളിച്ചു എന്നോ? നീ ആരോടാണു ഇതൊക്കെ പറയുന്നതു്. നീ ആവി ഇടുമ്പോൾ നിൻെറ കണ്ണ് ഉറക്കംകൊണ്ടു കുന്നിക്കുരുപോലെ ചെവന്തായ്പോകുന്നതു ഞാൻ കണ്ടല്ലോ. പോരെങ്കിൽ നീ അതു് കൂടക്കൂടെ തിരുമ്മിക്കൊണ്ടിരിക്കുന്നല്ലോ.

രാ. നാ--അവന്ന് അത്രത്തോളം ഉറക്കമുണ്ടെന്നു തോന്നുന്നില്ല. നീ ഇങ്ങട്ട് വാ കുട്ടാ-നീ നിൻെറ അച്ഛൻെറ മടിയിൽ കുറെനേരം ഇരുന്നൊ

ക. അ--വേണ്ട വേണ്ട. അവൻ അവിടെകിടന്നുറങ്ങും. പിന്നെ അവനെ എടുത്തുകൊണ്ടുപോയിക്കിടത്താൻ എനിക്കു വലിയ പാടായിരിക്കും. ഇങ്ങട്ട്വാ.

കല്യാണി അമ്മ കുട്ടിയെ ഒരു വിധേനകൊണ്ടുപോയിക്കിടത്തി. എല്ലാവരുംക്രമേണപോയിക്കിടന്നു. പിറെറന്നുരാവിലെ തളർച്ചതീൎന്നു എല്ലാവരും എഴുന്നേററു. ഇങ്ങിനെ രണ്ടു മൂന്നു ദിവസം കഴിഞ്ഞു. ഒരു ദിവസം രാവിലെ പതിവുപോലെകുട്ടൻ എഴുന്നേററുവരുന്നതുകണ്ടില്ല. കല്യാണിഅമ്മ ചെന്നുവിളിച്ചിട്ടൊന്നും അവൻ കൂട്ടാക്കിയില്ല. കല്യാണിഅമ്മ അസാരം പരിഭ്രമത്തോടെ തൻെറഭൎത്താവിൻെറഅടുക്കെ ചെന്നു.

ക. അ--ഇന്നു അനദ്ധ്യായദിവസമാണ്. എന്നിട്ടുകൂടി കുട്ടൻ എഴുന്നേല്ക്കാൻ കൂട്ടാക്കുന്നില്ല. അവനു സുഖമില്ലെന്നു പറയുന്നു.

രാ. നാ--സുഖമില്ലെന്നോ? ഞാൻ ഒന്നു വന്നുനോക്കട്ടെ.

ക. അ--വേണ്ട. അവൻ ഇപ്പോൾ സുഖത്തിൽ കിടന്നുറങ്ങുകയാണെന്നു തോന്നുന്നു.

രാ. നാ--പിന്നെ എന്താണു സുഖമില്ലെന്നു പറഞ്ഞതു്.

ക. അ--എന്ത് അവൻ പറഞ്ഞതാണ്. ഇന്നലെ വൈകുന്നേരം അവനെ നടക്കാൻ കൂട്ടിക്കൊണ്ടു പോകുമ്പോൾ നിങ്ങൾ മിട്ടായി വാങ്ങിക്കൊടുത്തതു് തെററിപ്പോയെന്നാണു ഞാൻ വിചാരിക്കുന്നതു്.

രാ. നാ--അതൊന്നും സാരമില്ല. അവൻവേഗംഎഴുന്നേൽക്കും അവന്ന് ദണ്ഡം കലശലായിട്ടുണ്ടോ?

ക. അ--കലശലായദണ്ഡം ഒന്നും അവനില്ല. സുഖമില്ല എന്നു മാത്രമെ അവൻ പറഞ്ഞിട്ടുള്ളു. എന്നാലും എനിക്കു മനസ്സിനു ഒരു സമാധാനമില്ല.

രാ. നാ--ഇന്നലെ ഞാൻ അവന്നൊരു മുക്കാൽ കൊടുത്തിരുന്നു.

ക. അ- നിങ്ങളെന്തൊരാളാണ്?

രാ നാ--മുട്ടായി വാങ്ങരുതു എന്നു ഞാൻ പ്രത്യേകം താക്കീതു ചെയ്തിട്ടുണ്ട്. അവൻ വാങ്ങീട്ടുണ്ടായിരിക്കയില്ല.

ക. അ--ഒരു സമയം മററുവല്ല ദഹിക്കാത്ത സാധനവും അവൻ വാങ്ങിയിരിക്കും. ആരറിഞ്ഞു. നിങ്ങൾ എന്തിന്ന് അവന്ന് ഒരു മുക്കാൽ കൊടുക്കാൻ പോയി?.

രാ. നാ—അവൻ ചോദിച്ചു. ഞാൻ കൊടുത്തു.

കല്യാണി അമ്മ ഒരു അലമാരിയുടെ വാതിൽചെന്നു തുറന്നു. അപ്പോൾ —

രാ. നാ—"നീ അവന്ന് എണ്ണ (castor oil) കൊടുക്കാൻ ഭാവിക്കുന്നുണ്ടൊ"?

ക. അ—അവൻ ഉണരട്ടെ. എന്നിട്ടു കൊടുക്കാം. ഞാൻ നിങ്ങളോടൊന്നു പറയട്ടെ.

രാ. നാ—എന്ത്?.

ക. അ—കുട്ടൻ ചോദിക്കുന്നതൊന്നും നിങ്ങൾ കൊടുക്കരുതു്. കുട്ടികളല്ലേ! കുറെ സൂക്ഷിക്കേണ്ടേ? വരിൻ കാപ്പി തയ്യാറായിട്ടുണ്ട്.

കാപ്പി കഴിഞ്ഞ ഉടനെ കല്യാണി അമ്മ പിന്നെയും കുട്ടൻെറ അടുക്കെ ചെന്നു. അവൻ കണ്ണും തുറന്നു കിടക്കുന്നതു കണ്ടു.

ക. അ—മകനെ! ഇപ്പോൾ നിനക്കു അൽപം സുഖമുണ്ടൊ?

കുട്ടൻ—ഇല്ല.

ക. അ—നിനക്കെവിടെയാണ്സുഖമില്ലായ്മ തോന്നുന്നതു്.

കുട്ടൻ—ഞാൻ അറിയില്ലമ്മേ! എനിക്ക് ഇവിടുന്നു എഴുന്നെല്ക്കേണ്ട.

മുക്കാലിൻെറ കാൎയ്യമൊന്നും അമ്മ മകനോടു മിണ്ടിയില്ല.

ക. അ—നീ അല്പം എണ്ണ കഴിക്കണം എന്നു തോന്നുന്നു.

കുട്ടൻ മറുപടിയായി ഒരക്ഷരം മിണ്ടിയില്ല.

ക. അ—ഞാൻ അൽപം എണ്ണതരാം. ഉച്ചയാകുമ്പോൾ നിൻെറ സുഖക്കേടൊക്കെ പോകും. നിനക്കു നല്ലവണ്ണം ചോറുണ്ണാൻ കഴിയും.

കുട്ടൻ—നിങ്ങൾ പറയുംപോലെ ഞാൻ ചെയ്യാം.

എങ്ങിനേയെങ്കിലും കണ്ണുംപൂട്ടി, രുസാദൊന്നും ഗണിക്കാതെ കുട്ടൻ എണ്ണ കുടിച്ചു. ഉച്ചയായപ്പോൾ നല്ല കണക്കിൽ ചോറും തിന്നു. അമ്മയ്ക്കു അത്ഭുതം തോന്നി. പിന്നെ, കുറെക്കൂടെ കിടന്നുറങ്ങട്ടെ എന്നുംപറഞ്ഞു അവൻ വീണ്ടും കിടക്കാൻ പോ

യി. കല്യാണിഅമ്മ രാമൻനായരുടെ അടുക്കൽചെന്നു.

ക. അ—നോക്കിൻ. കുട്ടന് എന്തുവന്നു പിടിച്ചുപോയി എന്നു ഞാൻ അറിയുന്നില്ല. അവൻ നല്ല വിശപ്പുണ്ട്. കണക്കിലേറെ ഉറക്കവുമുണ്ട്. നിങ്ങൾ കൊടുത്ത മുക്കാൽ കൊണ്ട് അവൻ എന്തായിരിക്കും വാങ്ങിയത്? അതിൽ വല്ല വിഷവുംപെട്ടുപോയിരിക്കുമോ? തൊട്ടവീട്ടിലല്ലേ ദേവകിക്കുട്ടി. അവളുടെ മകൻ ഗോപാലന്റെ ഒന്നിച്ചു കുട്ടൻ കളിക്കുന്നതു കണ്ടിരുന്നു. ഒന്ന് അവിടെ ചെന്നു വിവരം അറിഞ്ഞാലോ?

രാ നാ—എന്തുകാര്യം—ഒരു സമയം ഗോപാലൻ കുട്ടനു വല്ലതും തിന്നാൻ കൊടുത്തിരിക്കും.

ക. അ—ഇനി ഞാൻ കുസ്നിയിൽ എന്റെ ജോലിക്കു പോകട്ടെ. ഞാൻ ഇല്ലാത്തപ്പോൾ കുട്ടൻ ഉണർന്നാൽ, നിങ്ങൾകൊടുത്ത മുക്കാൽ അവൻ എന്തുചെയ്തു എന്നു ചോദിക്കണം.

രാ. നാ—നീ എപ്പോഴും ആ മുക്കാലിന്റെ കാര്യംതന്നെ പറയുന്നു.

ക. അ—ആലോചിച്ചിട്ടേ വല്ലതും പ്രവർത്തിക്കാവൂ. ചെറിയ കുട്ടികളല്ലെ. പൈസ കയ്യിൽ കിട്ടിയാൽ അവർക്കു വല്ല അന്തവും കുന്തവും ഉണ്ടാകുമോ?

കല്യാണിക്കുട്ടികുസ്നിയിലേക്കുപോയി. രാമൻനായർ അസാരം നെഞ്ഞിടിപ്പോടെ തന്റെ മകൻ കിടക്കുന്നേടത്തുചെന്നു അവന്റെ മുഖം കുറെനേരം നോക്കി. ഉടനെതന്നെ കുട്ടൻ കണ്ണുമിഴിച്ചു.

രാ. നാ—എന്താ മകനേ നീ എഴുന്നേൽക്കുന്നില്ലേ?

കുട്ടൻ—ഇല്ല.

രാ. നാ—നിന്റെസുഖമില്ലായ്മ ഇനിയും ഭേദമായില്ലെ?

കുട്ടൻ—(ക്ഷീണഭാവത്തോടെ) ഇല്ല.

രാ. നാ—ഞാൻ നിനക്കുതന്ന മുക്കാൽകൊണ്ട് നീ എന്തുചെയ്തു.

കുട്ടൻ—ഞാൻ അതു ചിലവാക്കി.

രാ. നാ—എങ്ങനെ ചിലവാക്കി. നീ അതിനെക്കൊണ്ട് മുട്ടായിയൊ ഹലുവായോ മറ്റോ വാങ്ങിത്തിന്നോ?

കുട്ടൻ—ഇല്ല.

രാ. നാ—പൈസ നീ എന്തുചെയ്തു, നീ വാങ്ങിയതെന്താണ്?.

കുട്ടൻ—ആ കഥയൊക്കെ മറ്റൊരിക്കൽ പറയാം. ഇപ്പോൾഎനിക്കു നല്ല സുഖമില്ല.

രാ. നാ—നിനക്കു ഇന്നലെ വല്ല മധുരപദാർത്ഥവുംതിന്നാൻകിട്ടിയൊ.

കുട്ടൻ—ഇല്ല. അങ്ങനെ വല്ലതും തിന്നാൻ എനിക്കു വളരെ കൊതിയുണ്ട്. അച്ഛാ! നിങ്ങൾ എനിക്കു കൊണ്ടുവന്നു തരുമോ?

രാ. നാ—ഇപ്പോൾ നിനക്കതൊന്നുംപാടില്ല. സുഖക്കേടല്ലെ?

കുട്ടൻ—അയ്യൊ, എന്റെ സുഖക്കേട് തിന്നാൻ പാടില്ലാത്ത സുഖക്കേടൊന്നുമല്ല.

# അന്നും ഇന്നും

[ കോട്ടൂർ ]

സ്മരണയുടെ ചില്ലയിൽപൂവിട്ടുനില്പൂയാ-
ണതിമധുരമിന്നുമസ്സുഖവർണ്ണചിന്തകൾ.
പുളകമയമാത്മാഭിമാനംഹൃദന്തമദ-
പ്പുഴയിലുദകം കളിപ്പിക്കുന്ന സൗഭഗം.
സുകൃതമയിമജ്ജന്മഭൂവിന്റെ പൂർവിക
സുതഗണസമാർജ്ജിതം ദിവ്യാത്ഭുതികൾ
മറവിയുടെ ശുഷ്കിച്ചൊരുശ്മശാനഭൂവിലും
പരിമളമൊഴുക്കുമാറാടാമലരുകൾ.
കതിരൊളിവിരിച്ചുകൊണ്ടെന്നും വിളങ്ങുമ-
സ്മൃതിമധുരകാലം രചിച്ചകിനാവുകൾ

വരിവരിയണഞ്ഞണഞ്ഞന്നു സേവിച്ചപോൽ
സകലശുഭസിദ്ധിയും മന്മാതൃഭൂവിനെ.
കലിതതരകാന്തിയൊത്തിങ്ങെങ്ങുമേകദാ
അലയിളകിനിന്നപോൽ ശാന്തിതൻ സൗരഭം
നിരഘതരമേകാന്തതയിങ്കലൊക്കെയും
അറിവുമഭിമാനവും പുഷ്ടിച്ചുനിന്നപോൽ.
ഒരുമയുടെ തൂമലർക്കാവിൽ ലസിച്ചുപോ-
ലരിയസുഖമപ്പൊഴെൻ ഭാരതീയാംബിക.
ലളിതമണിവീണവായിച്ചുകൊണ്ടങ്ങനെ
വിലസിവിഹരിച്ചുപോൽ സ്വാതന്ത്ര്യദേവത.
ഒരുവിരഹചിത്തത്തിലേകാന്തരാത്രിയിൽ
ഒളിചിതറുമോമൽക്കിനാവുകൾ മാതിരി,
ഇതുവിധമൊരായിരമായിരം ചിന്തകൾ
നരയിടുകയാണുമൽ ചിത്തത്തിലെപ്പൊഴും.

മതി,മതി, നിറുത്തിടാം പൊയ്പോയ നാളിന്റെ
മഹിതതരമാഹാത്മ്യസമ്പൂജ്യകീർത്തനം
ശരി,ശരി, ഇതാ നിന്നു നോക്കുന്നുകൺതുറി-
ച്ചതിനിശിതമായിരം യാഥാർത്ഥ്യമങ്ങനെ.
കൊടുമയുമന്യോന്യ വൈരവും ദ്വേഷവും
ശിവ!ശിവ! മറച്ചെന്റെ നാടിന്റെ മേന്മകൾ.
കനകമഴപൊഴിയുമൊരു സ്വാതന്ത്ര്യമെപ്പോഴേ
വിടതൊഴുതുപോയെന്റെ നാട്ടിൽനിന്നെന്തിനോ
അലസതയിലൂടടിമതത്തിലേക്കുതാ-
നടിയിളകിവീണുപോയെങ്ങോ ഭാരതം.
മഹിതതരസമ്പൂതഭൂതകാലത്തിന്റെ-
യൊരുനിഴലുമാത്രമാണിപ്പൊഴെൻ ഭാരതം.
നിരഘതരകാന്തി വിളഞ്ഞൊരു നാട്ടിന്റെ
നിരസിതമൊരസ്ഥിമാടം നവഭാരതം.

ഉണരുവിനെഴീക്കിനെന്നോമൽ സഖാക്കളേ!
മറവിയുടെ നേത്രമാറാലമാറ്റീടുവാൻ.
സ്മരണവിരചിക്കുമക്കാന്തികണ്ടിന്നിമേ-
ലൊരുമയൊടു നമ്മൾക്കു മുന്നോട്ടു പോയിടാം.
വഴിമറയുമോരോ തടസ്സങ്ങളൊക്കെയും
തരിതരിതെറിപ്പിച്ചു മുന്നോട്ടു പോയിടാം.
അകലെ,യത,നമ്മൾക്കു കാണാംവരേണ്യയാം-
വിജയമമരുന്നൊരകല്യാണമണ്ഡപം.
നിരഘ നവഭാരതമെത്തുമാവീഥിയിൽ
നിറപറയൊരുക്കിക്കരംകൂപ്പിനിന്നിടാം.

---

രാമൻനായർ തന്റെ മകനെ നോക്കി, നിഷേധം കാണിക്കുവാൻ വേണ്ടി വ്യസനത്തോടെ തന്റെ തലയിളക്കി. പിന്നെ വളരെ നേരത്തോളം രണ്ടാളും ഒന്നും മിണ്ടാതെ നിന്നു.

കുട്ടൻ—അച്ഛാ.

രാ. നാ—എന്താ മകനെ.

കുട്ടൻ—ഞാൻ ഒന്നു ചോദിക്കട്ടെ.

രാ. നാ—ശരി.

കുട്ടൻ—മുട്ടയിൽനിന്ന് കോഴിക്കുഞ്ഞു വിരിഞ്ഞുവരാൻ എത്ര ദിവസം വേണ്ടിവരും

രാ.നാ—ഏ.എന്താണുപറഞ്ഞത്.

കുട്ടൻ—രണ്ടാമതുംമുൻപറഞ്ഞപ്രകാരം ചോദിച്ചു.

രാ. നാ—എനിക്കു തീർച്ച പറയാൻ സാധിക്കുകയില്ല. ഏതായാലും ഇരുപത്തൊന്നു ദിവസത്തിൽ കുറയില്ല.

കുട്ടൻ—അയ്യൊ! ഇത്ര ഒക്കെ വേണമോ?

തന്റെ മകന്റെ സ്വരത്തിന്റെ കാഠിന്യം കേട്ടപ്പോൾ രാമൻനായർതന്നെ ഒന്നു ഞെട്ടിപ്പോയി.

രാ. നാ—എന്താ മകനെ ഇതറിഞ്ഞതുകൊണ്ട് ഇത്ര സങ്കടം.

കുട്ടൻ—ഞാനും കിടക്കുന്നേടത്തിൽ നിന്ന് എഴുന്നേൽക്കാനാണ് ഭാവിക്കുന്നത്.

രാ. നാ—നിന്റെ സുഖക്കേടൊക്കെ പോയൊ?

കുട്ടൻ—ഒക്കെ പോയി.

രാമൻനായർ കുട്ടിയുടെ മുഖത്ത് വളരെ കനിവോട് നോക്കി.

രാ. നാ—എന്താ മകനെ! നിന്റെ ഉള്ളിൽ എന്തോ കിടന്നു കളിക്കുമ്പോലെ തോന്നുന്നത്. പറയൂ.

ഇങ്ങിനെ പറഞ്ഞു രാമൻനായർ വളരെ വാത്സല്യത്തോടെ തന്റെ മകനെ പൊത്തിപ്പിടിച്ചു മൂർദ്ധാവിൽ ഒന്നു ചുംബിച്ചു.

കുട്ടൻ ഞാൻ വിചാരിച്ചു കോഴിക്കുഞ്ഞുങ്ങൾ വേഗംവിരിയുമെന്ന്.

രാ. നാ—കോഴിക്കുഞ്ഞോ?

കുട്ടൻ—അതെ.

രാ. നാ—അതെങ്ങിനെ ഇവിടുന്നു വിരിയും?

കുട്ടൻ—വിരിയുമോ എന്ന് ഞാൻ നോക്കിയതാണ്. കോഴിയെപോലെ പൊരുന്തിരു കിടന്നു കോഴിക്കുഞ്ഞു വിരിഞ്ഞുവരുവാൻ വേണ്ടി ഞാൻ ശ്രമിച്ചു. മൂന്നാഴ്ചയോളം ഇങ്ങിനെ കിടക്കണം എന്ന് നിങ്ങൾ പറഞ്ഞത്കൊണ്ടാണ് ഞാൻ വേണ്ടെന്നുവെച്ചത്.

അപ്പഴാണ് രാമൻനായർക്കു കാര്യം മനസ്സിലായത്. കുട്ടൻ കിടക്കവിരിയിൽനിന്ന് ഒരു കമ്പിളിക്കഷണം വലിച്ചെടുത്തു അതിന്റെ ഉള്ളിൽ ഭദ്രമായ് സൂക്ഷിച്ചുവെച്ച ഒരു കോഴിമുട്ട എടുത്തു തന്റെ അച്ഛനു കാണിച്ചുകൊടുത്തു.

കുട്ടൻ—നിങ്ങൾ എനിക്കു തന്ന ഒരു മുക്കാലിന്ന് ഞാൻ ഒരു കോഴിമുട്ടയാണ് വാങ്ങിയത്. അതിൽ ഒരു കോഴിക്കുഞ്ഞില്ലെങ്കിലും, കോഴി കിടക്കുമ്പോലെ അതിന്മേൽ കിടന്ന് അത് ചൂട്പിടിപ്പിച്ചാൽ ആ മുട്ട വിരിഞ്ഞു ഒരു കോഴിക്കുഞ്ഞ് പുറത്തുവരും എന്നു നിങ്ങൾ പറഞ്ഞു. അത്കൊണ്ടാണ് ഞാൻ മുട്ട ഒരു കമ്പിളിയിൽ പൊതിഞ്ഞു അതിന്മേൽ കോഴികിടക്കുമ്പോലെ പൊരുന്തിന്ന് കിടന്നത്. ഒരു കോഴിക്കുഞ്ഞു അതിൽനിന്ന് വിരിഞ്ഞു കാണ്മാൻ എനിക്കു അത്ര ആശയായിരുന്നു. നിങ്ങളെയും അമ്മയെയും ഒന്നു പുതുമപ്പെടുത്തണം എന്നു ഞാൻ വിചാരിച്ചു. അത് കഴിഞ്ഞില്ല. കഷ്ടമായ്പോയി.

ഈ കാര്യത്തിൽ മകനും തോററു.

രാ. നാ—നീ ഒരു വല്ലാത്ത കുട്ടിതന്നെ.

കല്യാണിഅമ്മ അവിടെ എത്തി വിവരം കേട്ടപ്പോൾ ആ സ്ത്രീക്കു അത്ഭുതത്തെക്കാൾകരുണയാണുണ്ടായത്.

ക. അ—മകനെ! നീ വ്യസനിക്കേണ്ട. നിനക്കു ഞാൻ ആ മുട്ട നല്ലവണ്ണം പുഴുങ്ങിത്തരാം.

കുട്ടൻ—എനിക്കത് നെയ്യിൽ ഇട്ട് പൊരിച്ചിട്ടാണ് ഇഷ്ടം.

*    *    *

നിങ്ങൾക്കൊ? വായനക്കാരെ!

——

# പ്രണയവും സാമൂഹ്യജീവിതവും



കെ. ദാമോദരൻ, മലബാർ

മനുഷ്യജീവിതത്തിലെ അതിപ്രധാനഘടകമായ സ്ത്രീപുരുഷബന്ധം അശ്ലീലമാണെന്നും അതെപ്പോഴും ഒളിച്ചുവെയ്ക്കേണ്ടതാണെന്നും വിശ്വസിക്കുന്ന ചില ആളുകളുണ്ട്. നിർഭാഗ്യവശാൽ, അക്കൂട്ടരുടെ എണ്ണം കുറച്ചല്ലതാനും. ലൈംഗികജീവിതത്തെപ്പററിയുള്ള ശാസ്ത്രീയമായ അന്വേഷണം പാപമാണെന്ന് അവർ വിധിച്ചുകളയുന്നു. പൌരാണികങ്ങളായ പാരമ്പര്യങ്ങളുടേയും അന്ധവിശ്വാസജടിലമായ സാമൂഹ്യാചാരങ്ങളുടേയും അന്ധകാരത്തിൽ കിടക്കുന്ന ലൈംഗികസത്യങ്ങളുടെ നേർക്ക് വിജ്ഞാനത്തിന്റെ വെളിച്ചം കാണിക്കാൻ ധൈര്യപ്പെടുന്ന ശാസ്ത്രജ്ഞനെ അവർ എതിർക്കുകയും ബഹിഷ്ക്കരിക്കുകയും ചെയ്യുന്നു. എന്നാൽ, സ്ത്രീപുരുഷബന്ധത്തെപ്പററിയുള്ള ശാസ്ത്രീയജ്ഞാനത്തിന്റെ അഭാവം മററേതുവിഷയത്തിലുള്ള അജ്ഞതയേക്കാളുമധികം ആപൽക്കരമാണെന്നു വിശ്വസിക്കുന്ന നമുക്ക് ജീവിതയാഥാർത്ഥ്യങ്ങളുടെ മുമ്പിൽ കണ്ണചിമ്മുവാൻ നിവൃത്തിയില്ല. പ്രണയലോകത്തിൽ അരനിമിഷം നടന്നുകൊണ്ടിരിക്കുന്ന ജീവിതയാഥാർത്ഥ്യങ്ങളെ നിസ്സാരമാക്കി തള്ളിക്കളയുന്നത് ഒരിക്കലും ഉചിതമായിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ, ലൈംഗികജീവിതത്തിന്റെ മൌലികതത്വങ്ങളെയും മനഃശാസ്ത്രപരമായ അവയുടെ പ്രവർത്തനങ്ങളെയും മനസ്സിലാക്കുന്നവർക്കു മാത്രമേ തങ്ങളുടെ ജീവിതത്തെ കൂടുതൽ സുഖപ്രദമായ വിധത്തിൽ മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കൂ.

## സ്നേഹം ഒരു സാമൂഹ്യശക്തി

അപ്പോൾ, പ്രണയം അല്ലെങ്കിൽ സ്നേഹം എന്നാൽ എന്താണ്? ചുരുക്കിപ്പറയുകയാണെങ്കിൽ, സാമൂഹ്യജീവിതത്തിലെ വികാരപരമായ ഘടകത്തെയാണ് നമ്മൾ സ്നേഹമെന്നു പറയുന്നത്. അതു സ്ത്രീപുരുഷന്മാർതമ്മിലുള്ള ലൈംഗിക വികാരങ്ങളാവാം; അല്ലെങ്കിൽ സാമൂഹ്യവികാരങ്ങളാവാം. രണ്ടായാലും, അതിനെ കൌടുംബികവും വൈവാഹികവുമായ ജീവിതത്തിനുള്ളിൽ പരിമിതമാക്കി നിർത്താൻ പാടില്ല. അതൊരു സാമൂഹ്യശക്തിയാണ്. ഒരാൾ തന്റെ പത്നിയെ സ്നേഹിക്കുന്നു; അച്ഛനമ്മമാരെ സ്നേഹിക്കുന്നു; ഗുരുനാഥനെ സ്നേഹിക്കുന്നു; ഭൃത്യനെ സ്നേഹിക്കുന്നു; ഏതെങ്കിലുമൊരു സാധനത്തേയോ ആശയവിശേഷത്തേയോ സ്നേഹിക്കുന്നു. ഇങ്ങനെ—ലൈംഗികവും സാമൂഹ്യവുമായ രണ്ടുതരം വികാരങ്ങളേയും സാധാരണമായി 'സ്നേഹം' എന്ന വാക്കുകൊണ്ടാണ് വിവക്ഷിക്കാറുള്ളത്.

ഈ സ്നേഹം, വികാരപരമായ ഈ ബന്ധം, സാമൂഹ്യജീവിതത്തിന്റെ നിലനില്പിന്നും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണ്. എന്തുകൊണ്ടെന്നാൽ, മനുഷ്യർ തമ്മിലുള്ള ബന്ധമാണ് സമുദായത്തിന്റെ ജീവൻ. ഭാര്യയും ഭർത്താവും തമ്മിലുള്ളബന്ധം, അമ്മയച്ഛന്മാരും മക്കളും തമ്മിലുള്ള ബന്ധം, സ്നേഹിതന്മാർ തമ്മിലുള്ള ബന്ധം, ഗുരുശിഷ്യബന്ധം തുടങ്ങിയ സാമൂഹ്യബന്ധങ്ങളിലെ വികാരപരമായ ഭാഗം കുറയുകയോ നശിക്കുകയോ ചെയ്താൽ സമുദായജീവിതം ദുസ്സഹമായിത്തീരുമെന്നു തീർച്ചയാണ്. വാസ്തവത്തിൽ, സ്നേഹമാണ് സമുദായത്തെ നിലനിർത്തുകയും വളർത്തുകയും ചെയ്തുപോരുന്നത്. അതുകൊണ്ടാണ് അതു സമുദായത്തിന്ന് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു ശക്തിയാണെന്നു പറഞ്ഞത്. സ്നേഹത്തിന്നു പ്രതിനിധീഭവിയ്ക്കുന്ന എല്ലാത്തരം ആശയവിശേഷങ്ങൾക്കും ചിരപ്രതിഷ്ഠിതമായ സ്വീകരണം ലഭിക്കുന്നതും അതുകൊണ്ടാണ്. മതങ്ങളുടെ നിലനില്പിന്നുള്ള പ്രധാനകാരണങ്ങളിലൊന്ന് അവയിലടങ്ങിയിട്ടുള്ള വികാരപരമായ ആകർഷണമാണ്. ബുദ്ധനും യേശുവും മുഹമ്മദും വിവേകാനന്ദനും ഗാന്ധിജിയും ലെനിനും സമുദായത്തിന്റെ ആരാധനാപാത്രങ്ങളായിട്ടുണ്ടെങ്കിൽ അതിന്നുള്ള മുഖ്യകാരണം അവർ സാമാന്യജനങ്ങളുടെ ഉപബോധാവസ്ഥയിൽ അന്തർലയിച്ചു കിടക്കുന്ന സാമൂഹ്യസ്നേഹത്തിന്നു രൂപംകൊടുത്തുവെന്നതാണ്. സാമൂഹ്യവികാരങ്ങളെ ഉദ്ദീപിപ്പിക്കുവാൻ കഴിഞ്ഞതുകൊണ്ട് അവർക്കു ജനങ്ങളുടെ ഹൃദയത്തിൽ സ്ഥാനം ലഭിച്ചു. സ്നേഹം, ത്യാഗം, ദയ തുടങ്ങിയ സാമൂഹ്യങ്ങളും ഐഹികങ്ങളുമായ കാര്യങ്ങളെപ്പററി യാതൊന്നും പ്രതിപാദിച്ചിരുന്നില്ലെങ്കിൽ മതങ്ങൾക്കും അവയുടെ പ്രവാചകന്മാർക്കും സാമാന്യജനത്തെ ആകർഷിക്കുവാൻ സാധിക്കുമായിരുന്നില്ല. പുരാണങ്ങളുടെ സ്ഥിതിയും ഇതുതന്നെ. പുരാണങ്ങളിലെ കല്പിതകഥാപാത്രങ്ങൾ നുഷ്യഹൃദയത്തെ സ്പർശിച്ചുകൊണ്ട് വളരെക്കാലം ജീവിച്ചുപോന്നതിന്റെ യഥാർത്ഥകാരണം അവ സാമൂഹ്യബന്ധങ്ങളിലെ വികാരപരമായ ഭാഗത്തിന്നു പ്രകടനം നൽകിയെന്നതാണ്. അവയെല്ലാം കെട്ടുകഥകളായിരിക്കാം. എന്നിട്ടും, അവയിൽ വികാരപരമായ ആകർഷകത്വമുള്ളതുകൊണ്ട് അവയ്ക്കു ഹൃദയത്തെ സ്പർശിക്കുവാൻ കഴിഞ്ഞു. വികാരപരമായ ഈ ഘടകമാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്. ഏതൊരു കാലഘട്ടത്തിലായാലും ശരി, മനുഷ്യന്റെ സ്വഭാവങ്ങളെ നിർണ്ണയിക്കുവാനുള്ള മാനദണ്ഡം അവനു സമുദായത്തിലുള്ള വികാരപരമായ ബന്ധങ്ങളാണ്. വികാരപരമായ ഈ സാമൂഹ്യബന്ധങ്ങളാകട്ടെ, മനുഷ്യന്റെ സാമ്പത്തികജീവിതവുമായി കെട്ടിപ്പിണഞ്ഞു കിടക്കുകയും ചെയ്യുന്നു.

## സ്നേഹം ആത്മീയമല്ല, ഭൌതികമാണ്

മനുഷ്യർ തമ്മിലുള്ള ബന്ധം ഭൌതികമാണ്. എന്നു വെച്ചാൽ, അതിന്റെ അടിസ്ഥാനം സാമൂഹ്യവും സാമ്പത്തികവുമായ ഇഹലോകജീവിതമാണ്. ഭാര്യയും ഭർത്താവും തമ്മിലും അമ്മയച്ഛന്മാരും മക്കളും തമ്മിലും ഗുരുനാഥനും ശിഷ്യനും തമ്മിലും യജമാനനും കൂലിക്കാരനും തമ്മിലും ഉള്ള സ്നേഹബന്ധങ്ങളുടെ അടിസ്ഥാനം അതാതു കാലത്തെ സാമൂഹ്യജീവിതമായിരിക്കും. മറെറാരു പ്രകാരത്തിൽ പറഞ്ഞാൽ, മനുഷ്യന്റെ സാമ്പത്തികജീവിതത്തിലുണ്ടായിത്തീരുന്ന മാററങ്ങൾ അവന്റെ വികാരപരമായ ജീവിതത്തേയും ബാധിക്കുന്നു. സാമൂഹ്യഘടനയുടെ വികാസത്തോടൊപ്പം സാമൂഹ്യവികാരവും വികസിക്കുന്നു. മനുഷ്യസമുദായത്തിന്റെ വികാസചരിത്രം പരിശോധിച്ചുനോക്കിയാൽ ലൈംഗികജീവിതത്തിന്നും വിവാഹബന്ധങ്ങൾക്കും മറെറല്ലാത്തരം സാമൂഹ്യവികാരങ്ങൾക്കും ക്രമപ്രവൃദ്ധമായ വികാസമുണ്ടായിട്ടുണ്ടെന്നു വ്യക്തമാകാതിരിക്കുകയില്ല. അപ്പോൾ ശാശ്വതസ്നേഹം—ഒരിക്കലും മിളകാത്ത പ്രണയം—കവികളുടെയും കാമഭ്രാന്തന്മാരുടേയും മോഹനമായ ഭാവന മാത്രമാണ്. സമുദായഘടനയുടെ വികാസത്തിലെ ഒരു ദശാസന്ധിയായ ഫ്യൂഡലിസത്തിൻകീഴിൽ 'ധീരോദാത്തപ്രണയ'വും മുതലാളിത്തസമുദായഘടനയിൽ 'റോമാണ്ടിക്ക് പ്രണയ'വും കാണപ്പെടുവാനുള്ള കാരണം സാമൂഹ്യജീവിതത്തിന്റെ വളർച്ചയോടൊപ്പം സ്നേഹത്തിന്നും വളർച്ചയുണ്ടായതാണ്. നാടുവാഴിസമുദായത്തിലെ മരുമക്കത്തായ കുടുംബത്തിൽ കാണപ്പെട്ടിരുന്ന സ്നേഹബന്ധം ആധുനികകുടുംബങ്ങളിൽ കാണാതിരിക്കുവാനുള്ള കാരണവും ഇതുതന്നെയാണ്. പ്രാചീനകാലത്തെ എഴുത്തുപള്ളികളിലുണ്ടായിരുന്ന ഗുരുശിഷ്യബന്ധം ആധുനികകാലത്തെ ശമ്പളത്തിന്നുവേണ്ടിമാത്രം പഠിപ്പിക്കുന്ന പ്രൊഫസ്സർമാരും ഉദ്യോഗത്തിന്നുവേണ്ടിമാ



കെ. ദാമോദരൻ, മലബാർ

# കാമുകോപഹാരം

[പി. എം. മേനോൻ ബി. എ.]

[പാന]

അനുവദിച്ചുനീ, നിൻനൃപപ്രാഭവം
വിലയമാന്നിടാ, നെങ്കിലും, ഷാജിഹാൻ
അഭിലഷിച്ചുനീ രാഗനേത്രാംബുവാൽ
വിസരമൊന്നിനെ ശാശ്വതമാക്കുവാൻ.

പെരുതുമില്ലനുകമ്പ കാലത്തിനി-
നരഹൃദയത്തിനോടതോമ്മിക്കുവാൻ
അമിതദുസ്സഹക്ലേശം സഹിക്കുവ-
തപഹസിച്ചവൻ മൂകനുപുഞ്ചിരി.

അഴകുകൊണ്ടു വിമോഹിതനാക്കിനീ-
യവനെ ബന്ദിയായ് തിർത്തങ്ങരൂപിയാം
മൃതിയെമങ്ങവെഴാത്തൊരു വിഗ്രഹ-
മകുടമർപ്പിച്ചു ശോഭിതനാക്കിനീ.

ദയിതതൻകാതിലല്ലിൻപ്രശാന്തിയിൽ
മൃദുതരം നീമൊഴിഞ്ഞ രഹസ്യമൊ
ശിലയിതിൻെറയവസാന ഹീനമാം
ഭയദനിശ്ശബ്ദതയിലുമന്നപോയ്

* ടാഗോർ

---

ത്തും പഠിക്കുന്ന വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധംപോലെയായിരുന്നില്ല പഴയകാലത്തെ വീട്ടടമസ്ഥനും ഭൃത്യനും തമ്മിലുള്ള ബന്ധവും ഇന്നത്തെ ഫാക്ടറിയുടമസ്ഥനും തൊഴിലാളിയും തമ്മിലുള്ള ബന്ധവും വ്യത്യസ്ത രീതിയിലുള്ളവയാണ്. ഇത്രയും പറഞ്ഞതിൽനിന്നു സ്നേഹത്തെ സ്നേഹമാക്കുന്നതു സാമൂഹ്യജീവിതമാണെന്നു വ്യക്തമാകുന്നു. സാമൂഹ്യജീവിതമാണു സ്നേഹത്തിന്നു നിദാനം. എന്നാൽ, സ്നേഹത്തിന്നു സാമൂഹ്യജീവിതത്തിന്മേൽ ചെലുത്താൻ കഴിയുന്ന പ്രഭാവത്തെ വിസ്മരിക്കരുത്. സ്നേഹത്തിന്നു സാമൂഹ്യജീവിതം ആവശ്യമായിട്ടുള്ളതുപോലെ തന്നെ സാമൂഹ്യജീവിതത്തിന്നു സ്നേഹവും ആവശ്യമാണ്. മറെറാരുവിധത്തിൽ പറഞ്ഞാൽ, സാമ്പത്തിക ജീവിതത്തിൽ സ്നേഹം ഇടകലൻ ചേന്നിട്ടുള്ളതാണ് സാമൂഹ്യജീവിതം.

സാമ്പത്തിക ജീവിതം ഭൌതികമാണെന്നും പക്ഷെ സ്നേഹം ആത്മീയമോ സ്വർഗ്ഗീയമോ ആണെന്നും കരുതുന്നവക്ക് ഈ വിവരണം അത്ര രസിച്ചുവെന്നുവരില്ല. പക്ഷെ, ഭക്ഷണം കഴിയ്ക്കുകയും പ്രവൃത്തിയെടുക്കുകയും ചെയ്യുന്ന ശരീരം ഭൌതികമാണെങ്കിൽ സ്നേഹവും ഭൌതികമാണെന്നു സമ്മതിയ്ക്കേണ്ടിവരും. കാരണം, ശരീരമില്ലാതെ ആക്കും സ്നേഹിയ്ക്കാൻ സാധിക്കില്ലല്ലോ. സ്നേഹത്തിൻെറ അടിസ്ഥാനം ഭൌതികമായ ശരീരമാണ്. ഭൌതിക ജീവിതത്തിൻെറ അടിസ്ഥാനം അതാതു കാലത്തെ സാമൂഹ്യഘടനയുമാണ്. അപ്പോൾ, 'ആത്മീയവും ദിവ്യവുമായ സ്നേഹം' 'ശാശ്വതപ്രണയ'ത്തെപ്പോലെ തന്നെ അയഥാത്ഥവും കലാപരവുമായ ഒരു ഭാവനമാത്രമാണ്.

പരസ്പരം സ്നേഹിക്കുന്ന രണ്ടു യുവതീയുവാക്കന്മാരുടെ ജീവിതത്തിലേയ്ക്കു കണ്ണോടിച്ചു നോക്കിയാൽ ഇതു കുറേക്കൂടി വ്യക്തമാകും. അവർ പരസ്പരം അടുത്തു ജീവിക്കാനാഗ്രഹിക്കുന്നു. സമുദായത്തിനുള്ളിൽ ഒരേ തരത്തിലുള്ള ജീവിതം നയിക്കുവാൻ, സമുദായത്തിൻെറ ഒരേ സാമ്പത്തിക ഘടകത്തിനുള്ളിൽ കഴിച്ചുകൂട്ടുവാൻ അങ്ങിനെ എപ്പോഴും ഒരുമിച്ച് ഒന്നായി ജീവിക്കുവാൻ അവരാഗ്രഹിക്കുന്നു. ഭൌതികമായ സാമൂഹ്യജീവിതമാണ് അവരുടെ പ്രണയത്തിൻെറ അടിസ്ഥാനം.

## സ്നേഹത്തിൻെറ ഉൽഭവം:—

സ്നേഹം, അതിൻെറ ലൈംഗിക രൂപത്തിൽ, സാമൂഹ്യമായ സാമ്പത്തികോൽപ്പാദനത്തിന്നു മുമ്പുതന്നെ ഉണ്ടായിരുന്നുവെന്ന് ജീവശാസ്ത്രം തെളിയിച്ചു കഴിഞ്ഞിട്ടുണ്ട്. എന്നാൽ, സാമൂഹ്യമായ ഉൽപ്പാദനത്തിനു മുമ്പുതന്നെ വ്യക്തിപരമായ ഉൽപ്പാദനജീവിതമുണ്ടായിരുന്നുവെന്നു സമ്മതിയ്ക്കേണ്ടിവരും. നമുക്കു കുറേക്കൂടി പിന്നോട്ടേയ്ക്കു നോക്കുക. നമുക്കു മനുഷ്യൻെറ ശരീരത്തെത്തന്നെ ഒന്നു പരിശോധിച്ചു നോക്കുക. അതിസൂക്ഷ്മങ്ങളായ സെല്ലുകളാണ് (Cells) മനുഷ്യനുംപ്പെടെയുള്ള എല്ലാ ജീവികളുടേയും ശരീരങ്ങളെ രൂപവൽക്കരിച്ചിട്ടുള്ളതെന്ന് ശരീരശാസ്ത്രജ്ഞന്മാർ വ്യക്തമാക്കിയിട്ടുണ്ടല്ലോ. ഓരോ സെല്ലും ശരീരത്തിലെ ജീവനുള്ള ഓരോ അംഗമാണ്. മറെറല്ലാററിന്നുമെന്നപോലെ അതിന്നുമുണ്ട് വളർച്ചയും വർഗ്ഗപോഷണവും, അവസാനം മരണവും. ഓരോ സെല്ലിലും ഏററവും സൂക്ഷ്മങ്ങളും ചെറിയ ചരടിൻകഷണങ്ങളുടെ ആകൃതിയിലുള്ളവയും ആയ അനേകം ക്രോമസോമ (Chromosome) കളുണ്ട്. വിഭിന്ന വർഗ്ഗങ്ങളിലെ ജീവികളിലെ സെല്ലുകളിൽ ഉള്ളക്രോമസോമുകളുടെഎണ്ണംവ്യത്യസ്തമായിരിക്കും. (മനുഷ്യൻെറ സെല്ലിൽ നാല്പെത്തെട്ടുക്രോമസോമുകളുണ്ട്. എലിയുടേതിൽ 40 ക്രോമസോമുകളുള്ള) അച്ഛനമ്മമാരുടെ ബീജത്തിൽനിന്നുണ്ടാകുന്ന കുട്ടി അച്ഛൻെറയും അമ്മയുടേയും ചില പ്രത്യേക സെല്ലുകളുടെ രഞ്ജനത്തിൽ നിന്നാണുണ്ടാകുന്നത്. സ്ത്രീയുടേയും പുരുഷൻെറയും ക്രോമസോമുകൾ ഒന്നിച്ചുചേന്ന് ഒരൊററ സെല്ലായിത്തീരുന്നു. ഈ സെല്ല പെരുകിപ്പെരുകി ഭ്രൂണത്തിൻെറ രൂപമെടുക്കുകയാണു ചെയ്യുന്നത്.

സെല്ലുകൾക്കു ജീവനുണ്ടെന്നു പറഞ്ഞുവല്ലോ. പോഷണപദാത്ഥങ്ങൾ ജീവനുള്ള സെല്ലുകളായി മാറുന്ന പദ്ധതിക്ക് 'അപചയനം' അല്ലെങ്കിൽ 'മെററാബൊലിസം' (Metabolism) എന്നു പറയുന്നു. അപ്പോൾ സ്നേഹത്തിൻെറ ഉത്ഭവത്തിന്നു മുമ്പുതന്നെ 'മെററാബൊലിസം' ഉണ്ടാവണമെന്നു തീർച്ചയാണ്. സെല്ലുകൾ ആദ്യം കൂട്ടം കൂട്ടമായി സാമൂഹ്യമായി ജീവിക്കുന്നില്ല. വംശവൃദ്ധിക്കു വേണ്ടി ഇണയിണയായി, ലൈംഗികമായി, യോജിക്കുന്നില്ല. 'ഉപചയനം' അല്ലെങ്കിൽ 'അനാബൊലിസം' (Anabolism) എന്ന ഒരുതരം പദ്ധതിയനുസരിച്ച് അവ സ്വയം പെരുകുകയാണ് ചെയ്യുന്നത്. ഇങ്ങനെ പെരുകുന്നതിന് ഇംഗ്ലീഷിൽ ഫിഷൺ (Fission) എന്നു പറയുന്നു. ഈ വളർച്ചയിലും സ്നേഹബന്ധം കാണപ്പെടുന്നില്ല. ഇത്രയും പറഞ്ഞതിൽനിന്നു സ്നേഹമില്ലാതിരുന്ന ഒരു കാലഘട്ടത്തെപ്പററി നമുക്കനുമാനിക്കാൻ കഴിയും. എന്നാൽ ഭൌതിക പദാത്ഥത്തിൽ ആകസ്മികമായി പെട്ടെന്നുണ്ടായിത്തീന്നതാണ് സ്നേഹം എന്നു ധരിച്ചുപോകരുത്. പ്രാചീനമനുഷ്യൻെറ ജീവിതാരംഭത്തിൽ സ്നേഹത്തിന്നു മുമ്പ് മെററാബൊലിസം ഉണ്ടായിരുന്നുവെന്നു മാത്രമേ മനസ്സിലാക്കേണ്ടതുള്ളു. മെററാബൊലിസം ജീവൻെറ (Life) അടിസ്ഥാനമായ പ്രോട്ടിൻ (Protein) പദാത്ഥങ്ങളുമായി ബന്ധപ്പെട്ടുകിടന്നിരുന്ന ആദ്യ ദശയിൽത്തന്നെ അതിൽ പിന്നീടു സ്നേഹമായിത്തീന്ന ഗുണവിശേഷം അടങ്ങിയിട്ടുണ്ടായിരുന്നു. സ്നേഹം ഭൌതിക പദാത്ഥത്തിൻെറ ഒരു ഗുണവിശേഷമാണ്. പദാത്ഥത്തിൻെറ (Matter) വികാസത്തിലെ ഒരു പ്രത്യേക ദശാസന്ധിയിൽ മാത്രമേ ആ ഗുണവിശേഷം സ്നേഹരൂപത്തിൽ പ്രത്യക്ഷപ്പെടുന്നുള്ളു എന്നു മാത്രം.

## പ്രണയവും സാമൂഹ്യജീവിതവും

അപ്പോൾ മറെറല്ലാററിന്നുമെന്നപോലെ സ്നേഹത്തിന്നും ഉൽഭവവും വികാസവുമുണ്ടായിട്ടുണ്ട്. സംസ്കാരത്തിൻെറ വളർച്ചയോടൊപ്പം മനുഷ്യൻെറ വികാരങ്ങൾക്കും ക്രമാനുഗതമായ ആധിക്യമുണ്ടായിട്ടുണ്ട്. മുതലാളിത്തവ്യവസ്ഥ ആവിർഭവിച്ചപ്പോഴേയ്ക്കും ഇന്ദ്രിയാനുഭൂതിയുടെ അഗാധത മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം വദ്ധിച്ചുകഴിഞ്ഞു. അപരിഷ്കൃതമായ പ്രാചീനസമുദായഘടനയിൽ മനുഷ്യൻെറ മൃദുലവികാരങ്ങളെ ഉദ്ദീപിപ്പിക്കുവാൻ ശക്തിയേറിയ പ്രേരണകളാവശ്യമായിരുന്നു. ശൃംഗാരപ്രധാനങ്ങളായ പ്രാചീനനൃത്തകലകളുടെ ഉദ്ദേശ്യം വികാരോദ്ദീപനമായിരുന്നു എന്ന് ഒരു ഗവേഷകൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇന്നാണെങ്കിൽ, ഏററവും ചെറിയ പ്രേരണാശക്തികൾക്കുപോലും വികാരങ്ങളെ ഉദ്ദീപിപ്പിക്കുവാൻ കഴിയുന്നുണ്ടെന്നു കാണാം. പ്രത്യേകിച്ചും, വ്യവസായീകരണം വദ്ധിച്ചതിന്നുശേഷം മനുഷ്യൻെറ വികാരത്തിന്ന് എന്തെന്നില്ലാത്ത ഒരു പുളപ്പുണ്ടായിട്ടുണ്ട്. ഇതു ചെറിയൊരുദാഹരണംകൊണ്ടു തെളിയിക്കുവാൻ സാധിക്കും. ഒരു നാട്ടുകാരൻെറ വികാരത്തേക്കാൾ അധികം സംസ്കൃതവും ശക്തികൂടിയതുമായിരിക്കും വ്യവസായശാലകളുടെയിടയിൽ കഴിച്ചുകൂട്ടുന്ന ഒരു പട്ടണവാസിയുടെ വികാരം.

മുതലാളിത്തത്തിൻെറ ആരംഭകാലത്തുൽഭവിച്ച വ്യക്തിസ്വാതന്ത്ര്യവാദം ലൈംഗികജീവിതത്തിലും പ്രതിഫലിക്കാതിരുന്നില്ല. വ്യക്തിസ്വാതന്ത്ര്യവാദത്തെ കയറഴിച്ചുവിട്ട മുതലാളിത്തം ലൈംഗികപ്രണയത്തെ അതിൻെറ മൂദ്ധന്യദശയിലെത്തിച്ചു. ലൈംഗികമായ അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും മനുഷ്യൻ സ്വാതന്ത്ര്യമാവശ്യപ്പെട്ടു. സ്ത്രീപുരുഷന്മാരുടെ പരസ്പരാനുരാഗം ജീവിതത്തെ സുഖസമ്പൂർണ്ണ

മാക്കാൻ തുടങ്ങി. സ്ത്രീപുരുഷന്മാർ പരസ്പരം ആരാധിക്കുവാൻ തുടങ്ങി. സമാരാധ്യമായ അനുരാഗം—റോമാണ്ടിക്ക് പ്രണയം — ജീവിതത്തിന്റെ നാനാവശങ്ങളേയും ശോഭായമാനമാക്കി. പ്രണയപ്രധാനമായ ലൈംഗികജീവിതം സാമൂഹ്യബന്ധങ്ങളെ ഉജ്ജ്വലവും വികാരപൂർണ്ണവുമാക്കി.

എന്നാൽ, മുതലാളിത്തപരമായ സാമൂഹ്യഘടനയിൽ വലിയൊരു പരസ്പരവൈരുദ്ധ്യമുണ്ട്. വ്യക്തിയുടെ ലാഭമാണ്, സമുദായത്തിന്റെ പൊതുവിലുള്ള നന്മയല്ല, സർവ്വപ്രധാനമായി ഗണിക്കപ്പെടുന്നത്. മറെറാരുവിധത്തിൽ പറഞ്ഞാൽ, മുതലാളിത്തസമുദായഘടനയിലെ വ്യക്തിസ്വാതന്ത്ര്യം സാമൂഹ്യജീവിതത്തിന്നെതിരായ വ്യക്തിസ്വാതന്ത്ര്യമാണ്. മുതലാളികളെസംബന്ധിച്ചേടത്തോളം, മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം കമ്പോളങ്ങളുടെ ബന്ധം മാത്രമാണ്. അതിനാൽ, സ്നേഹം സാമൂഹ്യബന്ധത്തിന്റെ ഒരനിർവാര്യഘടകമാണെന്നു വിശ്വസിക്കുവാൻ അവക്കിഷ്ടമില്ലാതാവുന്നു. അങ്ങിനെ സ്നേഹം, പ്രണയം തുടങ്ങിയ മൃദുലവികാരങ്ങളെ അവർ അടിച്ചമർത്തുന്നു. ക്രമേണ മനുഷ്യനു സ്നേഹിക്കുവാനുള്ള ശക്തിതന്നെ കുറഞ്ഞുകുറഞ്ഞുവരുന്നു. സ്ത്രീപുരുഷബന്ധത്തിൽനിന്നു അതിലെ മൃദുലവികാരങ്ങൾ അധികമധികം അകന്നുപോവാൻ തുടങ്ങുന്നു. മുതലാളിത്തം മറെറല്ലാററിനേയുമെന്നപോലെ പ്രണയത്തേയും കാശുവിലയാക്കി മാററുന്നു. വിവാഹജീവിതം നൂറു ശതമാനവും സാമ്പത്തികജീവിതമായിത്തീരുന്നു.

ഇങ്ങിനെ, മുതലാളിത്തത്തിന്റെ ആരംഭകാലത്ത് അനുരാഗത്തിന്നു ലഭിച്ച ഊർജ്ജസ്വലത അതിന്റെ അവസാനകാലത്തു ക്ഷയോന്മുഖമായിത്തീരുന്നു. അഗാധമായിത്തീർന്ന വികാരാധിക്യത്തെ സംസ്കരിച്ച വഴികളിലൂടെ സംതൃപ്തിപ്പെടുത്തുവാൻ മുതലാളിത്തസമുദായഘടന സമ്മതിക്കുന്നില്ല. സാമ്പത്തികാവശതകൾ വിവാഹജീവിതത്തെ തടസ്സപ്പെടുത്തുന്നു. പരസ്പരം സ്നേഹിക്കുന്ന യുവതീയുവാക്കന്മാക്കു വിവാഹംകഴിക്കാൻ നിവൃത്തിയില്ലാതാവുന്നു. സാമ്പത്തിക സ്വാതന്ത്ര്യമില്ലാത്ത യുവതി പലപ്പോഴും തനിക്കിഷ്ടമില്ലാത്ത പുരുഷനെ വിവാഹംകഴിക്കുവാൻ നിർബ്ബന്ധിതയായിത്തീരുന്നു. നിരാശതകളും ആത്മഹത്യകളും വർദ്ധിക്കുന്നു. ഇതിന്നു മറെറാരു വശംകൂടിയുണ്ട്. എല്ലാററിനേയും കച്ചവടക്കണ്ണുകൊണ്ടു നോക്കുന്ന മുതലാളിത്തം വിവാഹത്തേയും പണംകൊണ്ടാണളക്കുന്നത്. സ്ത്രീയുടെ സ്വഭാവഗുണങ്ങളല്ല, അവളുടെ സൌന്ദര്യവുമല്ല, പിന്നെയോ, അവളുടെ സ്ത്രീധനമാണു പുരുഷനെ വിവാഹത്തിനു പ്രേരിപ്പിക്കുന്നത്. അതില്ലെങ്കിൽ വിവാഹത്തിന് അത്ര തിരക്കൊന്നുമില്ല. വിവാഹം ചെലവു വർദ്ധിപ്പിക്കും! അതുകൊണ്ടു കഴിയുന്നേടത്തോളം താമസിച്ചു മാത്രമേ വിവാഹജീവിതത്തിലേപ്പെടേണ്ടതുള്ളൂ. പിന്നെ കുട്ടികളുടെ കാര്യം. കുട്ടികളധികമുണ്ടായാൽ ചെലവു വർദ്ധിക്കും. ഇവിടെ കൃത്രിമങ്ങളായ സന്താനനിയന്ത്രണോപകരണങ്ങൾ പ്രവൃത്തിയിൽ വരുന്നു. വിവാഹജീവിതത്തെ ഏതാണ്ടൊരു ഭയപ്പാടോടുകൂടി നോക്കുന്ന പുരുഷൻ വേശ്യാലയത്തെ അഭയംപ്രാപിക്കുന്നു. പരസ്പരാനുരാഗത്തിന്റെ സ്ഥാനത്ത് അപരിഷ്കൃതമായ സ്ത്രീപുരുഷസംയോഗം നുഴഞ്ഞുകയറുന്നു. മുതലാളിത്തം താൻതന്നെ ലാളിച്ചുവളർത്തിയ റോമാണ്ടിക്ക് പ്രണയത്തെ ചങ്ങലയ്ക്കിടുന്നു. സുഖകരവും ആരോഗ്യപൂർണ്ണവുമായ സ്ത്രീപുരുഷബന്ധത്തിന്റെ അഭാവം യുവത്വത്തെ ഉച്ഛൃംഖലതയിലേക്കു പിടിച്ചുതള്ളുന്നു. സാമൂഹ്യങ്ങളായ മൃദുലവികാരങ്ങളെ സംസ്കൃതമാർഗ്ഗങ്ങളിലൂടെ സംതൃപ്തിപ്പെടുത്തുവാൻ വഴി കാണാത്ത മനുഷ്യൻ മതം, നോവലുകൾ, സിനിമ മുതലായവയിൽ ലയിക്കുവാൻ തുടങ്ങുന്നു. വർഗ്ഗസംഭോഗം തുടങ്ങിയ കൃത്രിമജീവിതങ്ങൾ പകർച്ചവ്യാധിപോലെ പരന്നു പിടിക്കുന്നു. മനുഷ്യൻ മൃഗീയതയിലേയ്ക്ക് അധികമധികം അധഃപതിക്കുവാനാരംഭിക്കുന്നു.

ജന്മവാസനകളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും അവയെ സാമൂഹ്യബന്ധങ്ങളുമായി കൂട്ടിയിണക്കുകയുമാണല്ലോ സബോധജീവിതത്തിന്റെ ഒരു പ്രധാനപ്രവൃത്തി. എന്നാൽ, ഇന്നത്തെ സമുദായത്തിൽ പണത്തിന്റെ ചാലിലൂടെ മാത്രമേ ജന്മവാസനകൾക്കു പ്രവഹിക്കുവാൻ സാധിക്കുന്നുള്ളൂ. അതിന്റെ ഫലമായി, സാമ്പത്തികബന്ധങ്ങൾ ജന്മവാസനകളുടേയും ലൈംഗികവാസനകളുടേയും മുമ്പിൽ വിലങ്ങടിച്ചു നിൽക്കാൻ തുടങ്ങുന്നു. അപ്പോഴാണ് വ്യക്തിക്ക് ബാഹ്യലോകം അസ്വാസ്ഥ്യകരവും ഉപയോഗശൂന്യവുമായിത്തോന്നുന്നത്. ജന്മവാസനകളും അവയുടെ സന്താനങ്ങളും ബാഹ്യപരിതഃസ്ഥിതികളാൽ ആവശ്യത്തിലധികം അടിച്ചമർത്തപ്പെടുന്നുവെന്ന് വ്യക്തികൾ വിചാരിക്കാൻ തുടങ്ങുന്നു എന്നാൽ, ആ ക്രൂരങ്ങളായ ബാഹ്യപരിതഃസ്ഥിതികളോടെതിരിടുവാൻ അവക്കു ധൈര്യമില്ല. അതിനാൽ അവർ ജന്മവാസനകൾക്കും അനുരാഗത്തിനും അവയർഹിക്കുന്ന സ്ഥാനം കൊടുക്കുവാൻ വേണ്ടി അവയെ ആരാധിക്കുവാനും 'ദൈവീകരി'ക്കുവാനും ശ്രമിക്കുന്നു. പ്രണയത്തെ ദിവ്യവും ആത്മീയവുമായി വ്യാഖ്യാനിക്കുവാനുള്ള ആഗ്രഹം പ്രബലപ്പെടുന്നു. ഇന്നത്തെ ചെറുകഥകളിലും കവിതകളിലും കാണുന്ന പ്രണയങ്ങളുടെ മനശ്ശാസ്ത്രപരമായ അടിസ്ഥാനം കലാകാരന്മാരുടെ മുകളിൽ പറഞ്ഞ അധഃപതനമാണ്. ഇങ്ങിനെ പ്രണയസംബന്ധിയായ വിഷാദാത്മകത്വം വർദ്ധിക്കുകയും മനുഷ്യൻ പിന്നോട്ടേയ്ക്ക്'—അന്ധകാരത്തിലേയ്ക്ക്—നോക്കാൻ തുടങ്ങുകയും ചെയ്യുന്നു.

## പുറത്തേയ്ക്കുള്ള വഴി

സാമ്പത്തിക ജീവിതത്തിൽസ്നേഹം തുടങ്ങിയ മൃദുലവികാരങ്ങൾക്കു ടിക്കലെന്നതാണ് എന്നു പറഞ്ഞുവല്ലോ. സാമൂഹ്യജീവിതം ഇന്നാകട്ടെ, സാമൂഹ്യജീവിതത്തിലെ സ്നേഹവും സാമ്പത്തികഘടകവും അകന്നാകന്ന് ഒരിക്കലും യോജിക്കാൻ വയ്യാത്ത രണ്ടററത്തെത്തിയിരിക്കുന്നു. സാമൂഹ്യജീവിതം ആകപ്പാടെ വിരസവും ദുസ്സഹവുമായിത്തീർന്നിരിക്കുന്നു. ഇതിൽനിന്നു പുറത്തുകടക്കുവാൻ ഒരൊററ മാർഗ്ഗംമാത്രമേയുള്ളൂ. ഇന്നത്തെ സാമൂഹ്യഘടനയുടെരൂപം മാറണം; ഒരു സാമൂഹ്യവിപ്ലവത്തി

# സംതൃപ്തി

[എം. ചക്രപാണി ബി. എ.]

നിഷ്കളങ്കത്വവും നിഷ്കളങ്കത്വവും
നിൽക്കയാണക്കുടിൽ ചെററമുൻപിൽ;
'അമ്മിണി'കൈകളാൽ 'കുട്ടനെ'ത്താങ്ങുന്നു-
ണ്ടമ്മയെക്കാത്തിവർ നിൽക്കയത്രേ.

സന്ധ്യവരെയ്ക്കും പ്രതീക്ഷിച്ചമോദവും
സന്തതമോദവുംകൂട്ടിമുട്ടി:
കണ്ഠത്തിൽ ചേർപ്പൂ രണ്ടെണ്ണത്തെയുമാ
കണ്മണിപ്പെതലും കണ്ടുമുട്ടി.

വേണ്ടുവതെന്തു? മകനെയെടുത്തമ്മ
വേഗംമുകർന്നുമുലകൊടുപ്പൂ.



പുഞ്ചിരിപൂണ്ടുചരിഞ്ഞവൻ നോക്കുന്നു
പുഷ്കലസ്നേഹയാം പെൺകിടാവെ.
കാമ്യമായുള്ളോരാ രമ്യമാംനോട്ടത്തിൽ
കാണ്മതു സംതൃപ്തിപൂരമല്ലോ.
അമ്മയുമമ്മിഞ്ഞപ്പാലുമുണ്ടെങ്കിലപ്പി-
ന്നിമ്മണിക്കുട്ടികൾക്കെന്തുവേണ്ടൂ?
കാംക്ഷിതലോകസാമ്രാജ്യം ജയിച്ചാലും
കാണുകില്ലാക്കമിത്തൃപ്തിയൊട്ടും.
സംതൃപ്തി സാമ്രാജ്യച്ചെങ്കോൽ വഹിപ്പതു
സംപന്നമാകുമിപ്പിഞ്ചുകൈകൾ.
നിഷ്കളങ്കത്വമേ നീമുളയ്ക്കുന്നതു
നില്ലാക്കളങ്കത്തിൻ ചോട്ടിലല്ലോ!
മുററിക്കളങ്കങ്ങൾ പാറാതിപ്പല്ലവ-
ത്തൊത്തുകളൊട്ടഹോ നിന്റെ പക്കൽ!

---

# ഹരിജനോദ്ധാരകൻ

(കെടാമംഗലം)

അദ്ദേഹം മിക്കപ്പോഴും ഗൌരവഭാവത്തിൽ അതിലെ കടന്നുപോകാറുണ്ട്. മററുവഴികളുണ്ടായിരുന്നെങ്കിലും നാട്ടിൻപുറത്തെ വിജനമായ ആ തോട്ടിൻവക്കിൽക്കൂടിയുള്ള ചെളിനിറഞ്ഞ ഒററടിപ്പാതയാണ് അദ്ദേഹത്തിനു വളരെ ഇഷ്ടപ്പെട്ടത്. അദ്ദേഹം ഒരു ഹരിജനോദ്ധാരകനായിരുന്നു. ആ നിലയ്ക്കു ദുർഗ്ഗന്ധമലീമസമായ അത്തരം മാർഗ്ഗങ്ങളും ഇടിഞ്ഞുപൊളിഞ്ഞ ചെററക്കുടിലുകളും കൂടുതൽ ആകൃഷ്ടമായിത്തോന്നിയതിൽ അത്ഭുതമില്ലല്ലോ.

ആ വഴിയരികിൽ നിരന്നിരുന്നു പെണ്ണുങ്ങൾ തൊണ്ടുതല്ലുക പതിവായിരുന്നു. നീണ്ടുതൂങ്ങുന്ന ഖദർ 'ജുബ്ബാ'യും ധരിച്ച്, തലയിലൊരു ഗാന്ധിത്തൊപ്പിയും ചൂടി, കയ്യിലൊരു സഞ്ചിയും തൂക്കിക്കൊണ്ട് മുമ്പോട്ടു നീങ്ങുന്ന ആ രൂപത്തെ പലപ്പോഴും തൊണ്ടടിനിർത്തി പെണ്ണുങ്ങൾ തുറിച്ചുനോക്കും. അവരിൽ ചിലരുടെ രൂപം ഹരിജനോദ്ധാരകന്റെ ഒളികണ്ണിലുംപതിയും. അദ്ദേഹം കുറേക്കൂടി മുമ്പോട്ടു പോയിട്ടു ചിലപ്പോൾ ഒന്നു തിരിഞ്ഞുനോക്കും—ഒന്നു ചുണ്ടു കടിക്കും—പെണ്ണുങ്ങളിൽ ചില വല്യമ്മമാർ ഒന്നു താനേ ചിരിക്കും. പെൺകുട്ടികളിൽ ചിലർ അന്യോന്യം നോക്കി ഒന്നു പിറുപിറുക്കും. ഗ്രാമീണ രീതിയിലുള്ള ചില നിരൂപണങ്ങൾക്കുശേഷം അവർ പിന്നേയും തൊണ്ടടിക്കും.

മാല—ഒരു ഹരിജനയുവതിയാണ്. അവളും ആ കൂട്ടത്തിലുണ്ട്. അവൾ പരമാർത്ഥത്തിൽ ഒരു സൌന്ദര്യവതിതന്നെ. നാടോടിഭാഷയിൽ പറഞ്ഞാൽ ഒരു മുടി ചുരുണ്ട 'എണ്ണക്കറുമ്പി', പ്രകൃതിയുടെ ഒരു അനുഗൃഹീതസന്താനം. ഉരുണ്ടുകൊഴുത്ത ആ നഗ്നവക്ഷസ്സിനെ തുള്ളിച്ചുകൊണ്ട് അവൾ പൊടിപൊടിപ്പോടെ തൊണ്ടടിക്കുന്നതു കണ്ടാൽ, ഭാമ തേർതെളിച്ചതും മററും സത്യംതന്നെയെന്ന് നാം സശിരഃകമ്പം സമ്മതിച്ചുപോകും.



അവൾക്കു മറെറാരു വിശേഷതകൂടിയുണ്ട്. അവളുടെ സംസാരം. ചുവയില്ലാത്ത ശുദ്ധഭാഷയിലുള്ള ആ ലളിതമായ സംസാരം. ആ കൂട്ടത്തിലുള്ള എല്ലാവർക്കും അകമേ അസൂയ വളർത്തിയിട്ടുള്ള ഒന്നാണത്. എന്നാലും ആർക്കും അവളെ വെറുക്കാൻ കഴിഞ്ഞില്ല. അത്രയ്ക്കു സൌമ്യമായ ഒരു പെരുമാററം അവളുടെ കൂടെപ്പിറപ്പായിരുന്നു.

മാല രണ്ടു കൊല്ലം ഒരു ഹരിജനസദനത്തിൽ താമസിച്ചിട്ടുണ്ട്. അന്നാണവൾ എഴുത്തും വായനയും പഠിച്ചത്. ആ സംഭാഷണശുദ്ധിയും അവിടന്നാണു ലഭിച്ചത്. എന്നാൽ സദനത്തിന്റെ നിർദ്ധനത്വംമൂലം അവൾ പുറംതള്ളപ്പെട്ടു. വീണ്ടും കുടിലിലേക്കുതന്നെ മടങ്ങിപ്പോന്നു. ദരിദ്രരായ മാതാപിതാക്കന്മാർ അവളെ ഒരു നിധിപോലെ സ്വീകരിച്ചു. അവൾ വേലയെടുക്കാനും തുടങ്ങി. പക്ഷേ ആ അച്ഛനമ്മമാർ അവളെ കഴിയുന്നതും പുറത്തു വേലയ്ക്കു വിട്ടില്ല. അവരുടെ കുബേരത്വംകൊണ്ടല്ല. ദുരഭിമാനംകൊണ്ടുമല്ല. അവളോടുള്ള വാത്സല്യാതിരേകംകൊണ്ടു മാത്രം.

ഇന്നു മാലയ്ക്കു പതിനാറു വയസ്സാണ്. ഒരു 'കൊടിച്ചി'പ്പെണ്ണുപോലും ലോകത്തെ ഒന്ന് അമ്പരപ്പിക്കുന്ന പ്രായം. അവളുടെ മാതാപിതാക്കന്മാരും സഹോദരന്മാരും ഇന്നും നല്ല വേലക്കാരാണ്. അവരുടെ പ്രയത്നഫലംകൊണ്ട് ആ ചെറുമാടം സുഭിക്ഷതയിലുമാണ്. മാലയ്ക്കിന്നു വേലയ്ക്കു പോകേണ്ട ആവശ്യമില്ല. പോകേണ്ടെന്നു വീട്ടുകാർ വിലക്കിയിട്ടുമുണ്ട്. എന്നാലും അവൾ മിക്ക ദിവസവും തൊണ്ടടിക്കുവാൻ പോകും. അതിലവൾക്കൊരു നിർബ്ബന്ധംതന്നെയുണ്ട്. വേലയിലുള്ള വിശ്വാസവും അഭിമാനവുംകൊണ്ടല്ല, വേറെയുണ്ടു രണ്ടു കാരണങ്ങൾ. അവളുടെ ഹൃദയത്തിന് നിഗൂഢപ്രചോദനം നൽകുന്ന രണ്ടു കാരണങ്ങൾ. അതിലൊന്നവൾ വീട്ടുകാരോടു തുറന്നു പറഞ്ഞു. ചില കൂട്ടുകാരോടും പറഞ്ഞു. എന്നാൽ അതിന്റെ മറവിൽ അവൾ മററു കാരണങ്ങളെ ഒളിക്കുകയും ചെയ്തു. അതേപ്പററി അവളുടെ ഹൃദയത്തോടു മാത്രമേ അവൾ മന്ത്രിച്ചിട്ടുള്ളു.

മാലയ്ക്ക് ഒരു മാലപണിയിക്കണം. ഒരു സ്വർണ്ണമാല. അവൾ ഹരിജനസദനത്തിൽ നിന്നും മടങ്ങുമ്പോഴുള്ള ഒരു ആഗ്രഹമായിരുന്നു അത്. അതിനൊരു സാമ്പിളും അവൾ കണ്ടുവച്ചിരുന്നു. ഒരു ദിവസം സദനം സന്ദർശിച്ച ഒരു വക്കീലിന്റെ മകളുടെ കഴുത്തിൽ കിടന്ന ഡൈമൺ മാലയുടെ സാമ്പിൾ. പരമാർത്ഥത്തിൽ ആ മാല കണ്ടപ്പോൾ മുതലാണ് അവൾക്ക് അങ്ങിനെയൊരു കൊതിയുണ്ടായത്. പക്ഷേ അതു നിസ്സഹായതയിൽപൊതിഞ്ഞ് അവൾ മനസ്സിൽതന്നെ വച്ചു. വീട്ടിൽ വന്നതിനുശേഷം—ഒരു ദിവസം വേലക്കു പോയപ്പോൾ—ആ ആശ വീണ്ടും തലപൊക്കി. സ്വപ്രയത്നംകൊണ്ട് അതു സഫലീകരിക്കാമെന്നുംഅവൾക്കുധൈര്യംതോന്നി. അതാണ് നിർബ്ബന്ധിച്ചിട്ടുംനിൽക്കാതെ അവൾ വീണ്ടുംവേലയ്ക്കുപോയത്. അതുതന്നെയാണ് അവൾ വീട്ടുകാരോടും കൂട്ടുകാരോടും തുറന്നുപറഞ്ഞ കാരണവും—

ഒരു ദിവസം—അവൾ വേലയ്ക്കു പോയിത്തുടങ്ങിയതിനുശേഷമല്ല, അതിനുമുമ്പ്---ആ ഹരിജനോദ്ധാരകനെ അവൾ വഴിയിൽവച്ചു കണ്ടു. അദ്ദേഹത്തെ അതിനുമുമ്പ് ഒരിക്കൽക്കൂടി അവൾ കണ്ടിട്ടുണ്ടായിരുന്നു. ഒരു സായാഹ്ന സമയത്ത്. ആ സദനത്തിൽവച്ച്. ആ സദനാധിപനുമായി എന്തോ രഹസ്യം പറഞ്ഞുകൊണ്ടു നിൽക്കുന്നത്. വീണ്ടും തന്റെ നാട്ടിൽവച്ചു കണ്ടപ്പോൾ അവൾക്കൊരു കൌതുകംതോന്നി. കേവലം ഒരു കൌതുകംമാത്രം. പിന്നീടവളറിഞ്ഞു, അദ്ദേഹം അതിലെ നടക്കാറുണ്ടെന്ന്. ആ ഗ്രാമത്തിൽ ചില കുടിലുകൾ സന്ദർശിക്കാറുണ്ടെന്ന്. അവൾക്കു അദ്ദേഹത്തോടു ഒരു സ്നേഹമാണു പിന്നെ തോന്നിയത്. ബഹുമാനംകലർന്ന ഒരു സ്നേഹം. തന്റെ വർഗ്ഗക്കാരെ ഉദ്ധരിക്കുകയെന്നുള്ളതു ജീവിതവൃത്തിയാക്കിയിരിക്കുന്ന അദ്ദേഹത്തിന്റെ ത്യാഗസൌശീല്യങ്ങളെ അഭിനന്ദിച്ചുകൊണ്ടുള്ള ഒരു സ്നേഹം. അദ്ദേഹത്തെ വീണ്ടും കാണുവാൻ അവൾ ആഗ്രഹിച്ചു. പ്രേമത്തിന്റെ പുളപ്പുകൊണ്ടല്ല. കാമത്തിന്റെ കലർപ്പുകൊണ്ടുമല്ല. ആ ആരാധനയുടെ അന്തസ്തലത്തിൽനിന്നുണ്ടായ ഒരു അഭിനിവേശംകൊണ്ടു മാത്രം. അതാണവൾ നിഗൂഢമായി വച്ചിരുന്ന രണ്ടാമത്തെ കാരണം.

ഇങ്ങിനെ മാലയുടെ ഹൃദയത്തിലുണ്ടായിരുന്ന സദനസംബന്ധിയായ ആ രണ്ടു ആശാമാലകൾമൂലം അവൾ നിത്യവും തൊണ്ടടിക്കേണ്ടിവന്നു. അവളുടെ ഉദ്ദേശ്യങ്ങളിൽ ഒന്നിനെ സഫലമാക്കിയും മറേറതിന്റെ ലക്ഷ്യത്തോടു ക്രമേണ സമീപിച്ചും അവൾ അതീവ സന്തുഷ്ടയായി. ആ ഹരിജനോദ്ധാരകൻ അവളുടെ ഹൃദയഗതിയെ മനസ്സിലാക്കിയില്ലെങ്കിലും അവളുടെ കൊഴുത്തശരീരം വേർതിരിച്ചറിഞ്ഞു. അന്നുമുതൽ ആ വഴി അദ്ദേഹത്തിനു ഹൃദ്യമായും തീർന്നു. തൊണ്ടടിക്കുന്ന പെണ്ണുങ്ങൾ ആ ഹരിജനോദ്ധാരകന്റെ കൊള്ളരുതാത്ത നോട്ടംകണ്ടു ചിലപ്പോൾ ചിലതെല്ലാം പറഞ്ഞുതുടങ്ങി. മാല അവരെ തിരുത്തി. അദ്ദേഹത്തിന്റെ മഹനീയമായ ജീവിതമാർഗ്ഗത്തെ അവൾ വിശദീകരിച്ചു. ആവേശത്തോടെയുള്ള ആ സംസാരത്തിനിടയിൽ അവളുടെ പൂർവ്വപരിചയവും പുറത്തുചാടി. "മല്ലീശരന്റെ ഒടിഞ്ഞ വില്ലുപോലെ"യിരുന്ന ഒരു സ്ത്രീ അതുകേട്ട് ചൊവ്വതായൊന്നുമൂളി. ആ മൂളലിന്റെ പൊരുൾ മനസ്സിലാക്കിയ ചി

---

ന്റെ ഫലമായി ഇന്നത്തെ ഉൽപ്പാദനവിതരണങ്ങളിലുള്ള പരസ്പര വിരുദ്ധതകളും സാമ്പത്തിക ജീവിതത്തിലുള്ള കേടുപാടുകളും അവസാനിച്ചാൽ മാത്രമേ മനുഷ്യന്റെ ലൈംഗികജീവിതം സുഖസംപൂർണ്ണമായിത്തീരുകയുള്ളു. അപ്പോൾ പിന്നെ വേശ്യാലമ്പടത്വം വർഗ്ഗസംഭോഗം തുടങ്ങിയ സാമൂഹ്യദോഷങ്ങൾക്കു ഭൂമുഖത്തു യാതൊരു സ്ഥാനവുമുണ്ടാവുകയില്ല.

നിഷ്കന്മഷമായ പ്രണയം മനുഷ്യജീവിതത്തെ ആനന്ദമയമാക്കും. മനുഷ്യൻ സാമ്പത്തികമായി മാത്രമല്ല, വികാരപരമായും അഭിവൃദ്ധിപ്പെടും. നവ്യമായ ഒരുജ്ജ്വല സംസ്കാരം സാമൂഹ്യജീവിതത്തെ അനുഗ്രഹിക്കും അതാണ് സോഷ്യലിസം കാണിച്ചുതരുന്ന വഴി.

—

ലർ തലതിരിച്ചൊന്നുനോക്കി. പക്ഷേ, മാല കൂട്ടാക്കിയില്ല. അവൾ അദ്ദേഹത്തിനുവേണ്ടി ആത്മാർത്ഥതയോടെ വാദിച്ചു. അദ്ദേഹത്തെ നിരീകരിച്ചു മററു പെണ്ണുങ്ങളെ തോൽപിച്ചു. അവൾ കൃതാർത്ഥതയുമടഞ്ഞു.

അന്നുമുതൽ സ്ഥിതിഗതികളൊന്നു മാറി. പിന്നെ ഹരിജനോദ്ധാരകൻ അടുത്തെത്തിയാൽ അദ്ദേഹത്തെ അവരാരുംതന്നെ നോക്കാറില്ല. എല്ലാവരും കൂടി മാലയെ നോക്കും. ഒളിഞ്ഞും തെളിഞ്ഞും നോക്കും. അവളുടെ മുഖം നോക്കും, കണ്ണുനോക്കും, ഭാവംനോക്കും, ചലനം നോക്കും, ആകപ്പാടെ നഖശിഖാന്തം സൂക്ഷിച്ചുനോക്കും—മാലക്കും കാര്യംമനസ്സിലായി. അവൾ ലജ്ജിച്ചു തലകുനിച്ചുതുടങ്ങി. അതു കൂട്ടുകാരുടെ ഉൽസാഹത്തെവദ്ധിപ്പിച്ചു. സംശയങ്ങൾക്കുംമാററംകൂട്ടി. എന്നാലും മാലയ്ക്കു് ഒരു അഭിമാനം തന്നെ തോന്നി. ഒരു മഹാത്മാവിനു വേണ്ടിയല്ലേ ഇതെല്ലാംസഹിക്കുന്നതെന്നുള്ള ഒരു അഭിമാനം. അതിലവൾക്കു ഒരുവിധത്തിൽ സന്തുഷ്ടിയും തോന്നി.

"മാലേ! നിൻെറയോഗം—" ഹരിജനോദ്ധാരകൻ കടന്നുപോയപ്പോൾ തൊണ്ടുതല്ലുകാരിലൊരുത്തി പതുക്കെ പറഞ്ഞു.

"അതേ—അതെ. ഒണ്ടുമൂന്നു ജാതിക്കും മോള് ലൊള്ള ഒരാളെ—" വേറൊരുത്തി പിൻതാങ്ങി.

മാലയ്ക്കു് അനന്യാദൃശമായിട്ടു കോപം വന്നു. അവൾ അവരെ കുറെ ശുണ്ഠിപറഞ്ഞു. അവർക്കും രസം കൂടി. സംശയവും വദ്ധിച്ചു. "അദ്ദേഹമെങ്ങാനും ഇതു കേട്ടാൽ—ഇതെല്ലാം അറിഞ്ഞാൽ " എന്നായിരുന്നു അപ്പോഴും ശുദ്ധഹൃദയയായ മാലയുടെ ചിന്ത.

ദിവസങ്ങൾ ചിലതു പോയി. അന്നു തൊണ്ടു തല്ലുവാൻ മാല മാത്രമേയുള്ളു. മററുള്ളവരാരും തന്നെയില്ല കാരണം അന്നൊരു ഒഴിവു ദിവസമായിരുന്നു. എന്നാൽ തലേദിവസം സുഖമില്ലാഞ്ഞതു മൂലം മാല വന്നിരുന്നില്ല. അങ്ങിനെ അവളുടെ കുറെ തൊണ്ടു ബാക്കിവന്നു. അതവൾ ഒഴിവുദിവസത്തിൽ വന്നു് തല്ലി തീക്കുകയാണു്. തൊണ്ടുകൾ പകുതിയോളം തീന്നു. മാല സൂര്യനെ ഒന്നു നോക്കി. അവൾക്കൊരു സംഭ്രമം തുടങ്ങി. നെഞ്ചിടിപ്പിൻെറ വേഗതയും കൂടി. അവളുടെ ഹൃദയത്തിൽ പല ചിന്തകളും കിടന്നു പുളഞ്ഞു. ലജ്ജയും വിഭ്രാന്തിയും അവളുടെ മുഖത്തു് മാറിമാറി പ്രത്യക്ഷപ്പെട്ടു. അവൾ വീണ്ടും ആകാശത്തിലേക്കു നോക്കി. അതേ—ആ ഹരിജനോദ്ധാരകൻ സാധാരണ വരാറുള്ള സമയം എതാണ്ടായിക്കഴിഞ്ഞു. അവൾ ഒററയ്ക്കായതിൽ ഒരു വല്ലാത്ത വിഷമം തോന്നി. എന്നാൽ അതേസമയത്തു തന്നെ മററാരുമില്ലാത്തതിൽ ഒരു പ്രത്യേക സന്തോഷവും തോന്നാതിരുന്നില്ല. അവൾകിഴക്കോരു വെളുപ്പുകണ്ടു സസംഭ്രമം ഒന്നു തലയുയത്തി സൂക്ഷിച്ചുനോക്കി. പെട്ടന്നവൾ മുഖം കുനിച്ചു. അതേ—ആ ഹരിജനോദ്ധാരകൻ തന്നെ.

അദ്ദേഹം അടുത്തെത്തി. ആ കാലിൻെറ മനോഹരമായ വിരലുകൾ അവൾ കണ്ടു. പക്ഷേ, ആ ഖദർമുണ്ടിൻെറ 'വിളുമ്പു' വിട്ടു് അവളുടെ വീക്ഷണം മേല്പോട്ടുയന്നില്ല. അവൾ ഒന്നുകൂടി പരിഭ്രമിച്ചു. ആ പാദങ്ങൾ മുമ്പോട്ടു നീങ്ങുന്നില്ല. അവളുടെ ഏററവും അടുത്തു തന്നെ ഉറച്ചു നിൽക്കുകയാണു്. മാല തലയുയത്തി ഒന്നുനോക്കിപ്പോയി—

"എങ്കിലും എത്രകാലമായി, ഒന്നു കണ്ടു സംസാരിക്കണമെന്നു ആഗ്രഹിച്ചിട്ടു്—" ആ ഹരിജനോദ്ധാരകൻ അത്യാകർഷകമായ ഒരു പുഞ്ചിരിയോടെ പറഞ്ഞു. അവളുടെ കണ്ണുകൾക്കു് അതു പീയൂഷംതന്നെയായിരുന്നു. ഒരു നിസ്സാരജീവിയായ തന്നിലും ആ ത്യാഗസമ്പന്നനുള്ള പ്രതിപത്തിയിൽ അവൾ ആഹ്ലാദിച്ചു. എന്നാലും അവൾ ഒന്നും പറഞ്ഞില്ല. വല്ലതും പറയണമെന്നു തോന്നി. പക്ഷേ വാക്കുകൾ കിട്ടിയില്ല. മാലയുടെ മുഖം പിന്നേയും കുനിഞ്ഞു.

"സദനത്തിൽനിന്നും പോന്നതിനുശേഷവും ഞാൻ മാലയുടെ ജീവിതം ശ്രദ്ധിക്കുന്നുണ്ടു്. പക്ഷേ, ഇങ്ങിനെ കാണുന്നതിൽ എനിക്കു വല്ലാത്ത സങ്കടമുണ്ടു്—" അദ്ദേഹം പിന്നെയും പറഞ്ഞു.

"എങ്ങിനെ കാണുന്നതിൽ—?" അവൾ ചോദിച്ചതല്ല. അവളുടെ ഹൃദയത്തിൽ ഉൽക്കണ്ഠയോടെ ഉയന്നു പൊങ്ങിയ ഒരു ചോദ്യമായിരുന്നു അതു്. അവൾ വീണ്ടും മുഖമുയത്തി അദ്ദേഹത്തെ ജിജ്ഞാസയോടെ നോക്കി.

"എന്തിനാണിങ്ങനെ തൊണ്ടുതല്ലി കഷ്ടപ്പെടുന്നതു്—" ആ ഹരിജനോദ്ധാരകൻ വീണ്ടും അനുഭാവത്തോടെ ചോദിച്ചു" ആ ചോദ്യം അത്ഥമില്ലാത്തതാണെന്നു അവൾക്കു തന്നെതോന്നി. ആ തോന്നൽ അവൾക്കൊരു ശക്തിയും നൽകി.

"പിന്നെ വേലയെടുക്കാഞ്ഞാൽ—" എന്നാലും അവൾ മുഴുവനാക്കാതെ ഇടയ്ക്കുതന്നെ നിത്തി.

"അതേ, ഹരിജനങ്ങളായ സാധുക്കൾക്കു് വേലയെടുക്കാതെ നിത്യവൃത്തികഴിക്കുവാൻ നിവൃത്തിയില്ല—" ആ പൊതുജനസേവകൻ അതു പൂത്തീകരിച്ചു.

"മാലയുടെ വീട്ടിൽ അത്രയ്ക്കു ദാരിദ്ര്യമാണോ—" അദ്ദേഹം വീണ്ടുംചോദിച്ചു. ദയാപുരസ്സരമുള്ള ആ ചോദ്യത്തിനു് അവളെങ്ങനെ കളവുപറയും. അതിലവൾക്കു പരിശീലനവുമില്ല.

"അത്രയ്ക്കു ബുദ്ധിമുട്ടില്ല. വേലയ്ക്കു പോകേണ്ടെന്നു് വീട്ടുകാർ നിർബ്ബന്ധിക്കുന്നുമുണ്ടു്. പക്ഷേ—" ശുദ്ധഹൃദയയായ മാല തുറന്നുപറഞ്ഞു അദ്ദേഹത്തിൻെറ ചോദ്യത്തിനും മറുപടിയായി, അറിയേണ്ടതും അറിഞ്ഞു. പക്ഷേ, ആ ഹരിജനോദ്ധാരകനു് അതുകൊണ്ടും മതിയായില്ല.

"പക്ഷേ—പിന്നെന്താണു്. ഈ ശരീരം വെറുതേ നശിപ്പിക്കുവാനോ—"

അദ്ദേഹം ഏതാണ്ടൊരു ശാസനാസ്വരത്തിൽ ചോദിച്ചു. ഒരു ഹരിജനവ്യക്തിയുടെ ആരോഗ്യത്തിൽ പോലും ആകാംക്ഷ പ്രദശിപ്പിക്കുന്ന മഹാനുഭാവതയാണു് ആ ചോദ്യത്തിൽ നിന്നും മാല ധരിച്ചതു്. പിന്നെങ്ങനെ അവൾ അതു പൊതിഞ്ഞുവയ്ക്കും. അല്ലെങ്കിൽ വിശാലഹൃദയനും അഭ്യുദയകാംക്ഷിയുമായ അദ്ദേഹത്തിൽ നിന്നു് അവളെന്തിനു് അതു ഒളിച്ചുവയ്ക്കണം.

"അതു് എൻെറ ഒരു സ്വകാര്യ ആവശ്യത്തിനാണു്—" അവൾ കൂസൽ കൂടാതെതന്നെ പറഞ്ഞു.

"എന്താണതു്—" ഹരിജനോദ്ധാരകൻ പിന്നെയും വിട്ടില്ല.

"എനിക്കൊരു സ്വണ്ണമാല പണിയിക്കുന്നതിനാണു്—" അല്പം ലജ്ജയോടെ അവൾ വിശദീകരിച്ചു.

"കഷ്ടം! ഇതാണോ കാര്യം! ഇതിനു വേണ്ടിയാണു് ഈ മനോഹര ശരീരം പാഴാക്കിക്കളയുന്നതു്. കഷ്ടം തന്നെ. ഇതെന്നെ ഒന്നറിയിച്ചിരുന്നെങ്കിൽ——" അദ്ദേഹം ഒരു ഹാസ്യരസത്തിലാണു് ഇത്രയും പറഞ്ഞതു്. തൻെറ ആഭരണ ഭ്രമത്തെ അപഹസിക്കുകയാണോ എന്നു ശങ്കിച്ചു മാലയ്ക്കു പരിഭ്രമമായി. അവൾ ഒന്നു പകച്ചു നോക്കി.

"മാലയ്ക്കു് ആഗ്രഹമുണ്ടെങ്കിൽ ഒന്നല്ല രണ്ടു സ്വണ്ണമാലകൾ ഞാൻ വാങ്ങിത്തരുമായിരുന്നല്ലോ—" അദ്ദേഹം ആത്മാർത്ഥതയോടെ പിന്നെയും പറഞ്ഞു. അവൾക്കു് ആശ്വാസവുമായി. ദൂരെ നിന്നും ആരോ വരുന്നതു കണ്ടു് അവൾ നെഞ്ചിടിപ്പോടെ ഒന്നു തിരിഞ്ഞു നോക്കി. ഹരിജനോദ്ധാരകനും അതു കണ്ടു കഴിഞ്ഞു.

"ഏതായാലും ഇതിനു വേണ്ടി ഇനി കായക്ലേശം ചെയ്യേണ്ട. ആ കാര്യം ഞാൻ ഏററു. പിന്നെ ചിലതു കൂടി സംസാരിക്കാനുണ്ടു്. ഈ തോടിൻെറ കിഴക്കേ അററത്തു് കുറേ വടക്കോട്ടു നീങ്ങി ഒരു ഇടിഞ്ഞു പൊളിഞ്ഞ കുടിൽ കണ്ടിട്ടില്ലേ? ആ കമ്മട്ടിക്കാടിൻെറ മറവിൽ. അവിടെ ആരുമില്ല. നാളെ നാലു മണിക്കു് അവിടെ വരണം. ഞാൻ അതിനകത്തു് ഉണ്ടാകും. എന്താ പകച്ചു നോക്കുന്നതു്. ഞാനല്ലേ പറയുന്നതു്. ഒട്ടും പേടിക്കേണ്ട. വരണം ചിലതു സംസാരിക്കാനുണ്ടു്—"

ഒരുവിധത്തിൽ ഇത്രയും വെമ്പി പറഞ്ഞുകൊണ്ടു് ആ ഹരിജനോദ്ധാരകൻ വേഗം നടന്നുപോയി. മാല വിറച്ചുതുടങ്ങി. തൊണ്ടടിക്കുവാൻ അവളുടെ കൈ പൊങ്ങിയില്ല. അവൾ സസംഭ്രമം ഒന്നു ചുററും നോക്കി. കാററിലിളകിയ തെങ്ങോലകളെപ്പോലും അവൾ സംശയിച്ചു. തോട്ടിലെ ചെറുകല്ലോലങ്ങളെ അവൾ കണ്ണു മറിക്കാതെതന്നെ നോക്കി. സാവധാനം നടന്നുവന്ന ഒരു പട്ടിക്കുട്ടിയുടെ പാദശബ്ദം കേട്ടു് അവൾ നടുങ്ങിത്തെറിച്ചു "വല്ലവരും അതു കേട്ടോ—" അവളുടെ ഹൃദയം മന്ദം മന്ത്രിക്കുകയാണു്. അദ്ദേഹത്തിൻെറ വാക്കുകൾ ഓരോന്നും അവളുടെ മനസ്സിൽ കിടന്നു മറിഞ്ഞു. "നാലുമണിക്കു്—ഇടിഞ്ഞുപൊളിഞ്ഞ കുടിൽ—കമ്മട്ടിക്കാടിൻെറ മറവിൽ—ആരുമില്ല—ഒട്ടും പേടിക്കേണ്ട—ഞാനല്ലേ പറയുന്നതു്--" അവളുടെ ചുണ്ടുകൾ ഭയത്തോടുകൂടി അതിൽ ചിലതു് ആവർത്തിച്ചു പറഞ്ഞു. അവൾ വീണ്ടും ഭയപരവശയായി, വികാരഭരിതയായി, ക്ഷീണിതയായി. അതേ, കളങ്കം കറപിടിപ്പിക്കാത്ത ഒരു കന്യകയുടെ സ്വാഭാവികമായ അസ്വസ്ഥതകൾ അവളെ ഗ്രസിച്ചുകഴിഞ്ഞു. ശേഷിച്ച തൊണ്ടുകൾ തല്ലിത്തീക്കുവാൻ അന്നവൾക്കു കഴിഞ്ഞില്ല. നല്ല സുഖമില്ല എന്നു ആദ്യമായിട്ടൊരു കളവും പറഞ്ഞു് അവൾ ഉടനെ വീട്ടിലേയ്ക്കുപോന്നു.

* * * *

പിറേറദിവസമായി. അവളുടെ പാദങ്ങൾ വല്ലാതെ വിറച്ചു. നെഞ്ചിടിശബ്ദം ഘോരമായിട്ടു അവളുടെ ചെവിയിൽ മുഴങ്ങി. ഒരുവിധത്തിൽ അവൾ ആ കുടിലിനകത്തേയ്ക്കു വലിഞ്ഞു കയറി. ആ ഹരിജനോദ്ധാരകൻ സുസ്മേരവദനനായി അതിനകത്തു നിൽക്കുന്നുണ്ടു്. മാല എന്തിനു് അതിനകത്തേയ്ക്കു വന്നു? അതു് അവൾക്കു തന്നെ അറിഞ്ഞുകൂടാ. കഴിഞ്ഞ ദിവസംമുതൽ ആ നിമിഷം വരെ അവളുടെ ഹൃദയം വികാരത്തിരകളിൽ പൊങ്ങിക്കിടന്നു് തേങ്ങിക്കളിക്കുകയായിരുന്നു. പക്ഷേ ആ സമയം വന്നപ്പോൾ അവളറിയാതെതന്നെ പാദങ്ങൾ മുമ്പോട്ടു നടന്നതാണു്.

"ആരും കണ്ടില്ലല്ലോ—" ഹരിജനോദ്ധാരകൻ പതുക്കെ ചോദിച്ചു.

"ഇല്ല—" മാല മറുപടിപറഞ്ഞു.

"അഥവാ കണ്ടാൽതന്നെയെന്തു്? അവിടെയിരിക്കു മാലേ!—" അടുത്തു കിടന്ന ഓലക്കീറിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു. അവൾ മടിച്ചുനിന്നു.

"എന്തിനു ലജ്ജിക്കാൻ. വന്നിരിക്കു—" അവളുടെ കൈക്കുപിടിച്ചുവലിച്ചുകൊണ്ടു് അദ്ദേഹം ഓലക്കീറിലിരുന്നു, അവളുടെ ശരീരം കോരിത്തരിച്ചു. ഒരു മിന്നൽ അവളുടെ

അകമേ പാഞ്ഞു. അശക്തയായി ഏതാണ്ടു മറിഞ്ഞുവീണതുപോലെ അവൾ അതിൽ ചാഞ്ഞിരുന്നു.

"ഇതാ ഇതു നോക്കൂ—" ഒരു ചെറിയ ഡപ്പി തുറന്നു കാണിച്ചിട്ട് ഹരിജനോദ്ധാരകൻ പുഞ്ചിരിയോടെ പറഞ്ഞു. അവളുടെ കണ്ണുകൾ അഞ്ചിപ്പോയി. ഹൃദയമൊന്നു കുതിച്ചു. അവൾക്കു നയനങ്ങളെ വിശ്വസിക്കുവാൻതന്നെ കഴിഞ്ഞില്ല. ഒന്നാംതരം ഒരു സ്വർണ്ണമാല അതിലിരുന്ന് അവളെ നോക്കി പുഞ്ചിരിതൂകുന്നു. അതേ അവൾ ആഗ്രഹിച്ചിരുന്ന വിധത്തിലുള്ള ഡൈമൺ മാലതന്നെ. അതു പെട്ടെന്നു തട്ടിപ്പറിച്ചു കഴുത്തിലിടുവാൻ അവൾക്കുകൊതിതോന്നി. പക്ഷേ അവളുടെ കൈകൾ പൊങ്ങിയില്ല.

"ഇതു ഞാൻതന്നെ ആ മനോഹരമായ കണ്ഠത്തിലർപ്പിച്ചുകൊള്ളട്ടെ–" അദ്ദേഹം ഒരു മധുരമായ അപേക്ഷാസ്വരത്തിൽ ചോദിച്ചു. അവൾ മിണ്ടിയില്ല. മൗനം സമ്മതമാക്കിക്കൊണ്ട് അദ്ദേഹം അതവളുടെ കഴുത്തിലിട്ടു. അതു കഴുത്തിൽവീണപ്പോൾ ശരീരമൊന്നു തണുത്തു. അവൾ ഒരു ദീർഘനിശ്വാസവും വിട്ടു.

"മാലയേറ്റു കഴിഞ്ഞല്ലൊ. ഇനി—" ഒരു കള്ളച്ചിരിയോടെ ആ ഹരിജനോദ്ധാരകൻ, പറഞ്ഞുകൊണ്ട് അവളുടെ മാർവിടത്തിലേയ്ക്കൊന്നു നോക്കി. അവളൊന്നു നടുങ്ങി. വീണ്ടും ലജ്ജിതയായി തലകുനിച്ചു.

"മാലെ! എന്റെ തങ്കം! ഇനിയും എന്തൊ വിഷമിപ്പിക്കുന്നുവോ—" കുറേക്കൂടി അടുത്തിരുന്നിട്ട് അദ്ദേഹം ആവേശത്തോടെ പറഞ്ഞു. അവൾ പരിഭ്രമിച്ചുനോക്കി. ഒന്നു പിടഞ്ഞു. അല്പം അകന്നു.

"നിന്നോടെനിക്കുള്ള സ്നേഹം! ഹാ! അതീശ്വരനമാത്രമേ അറിയാവൂ എന്റെ ഓമനേ!—" അദ്ദേഹത്തിന്റെ ഒരു കൈയ് അവളുടെ തുടിക്കുന്ന തോളിലായി. തീപ്പൊരി വീണതുപോലെ അവൾ പിന്നെയും പിടഞ്ഞു.

"ഇനിയും എന്നെ സംശയിക്കുകയാണോ ഓമനേ! ഞാൻ വെറുതേ മാലയിട്ടു എന്നാണോ വിചാരിക്കുന്നത്? ഒരു ഹരിജനോദ്ധാരകൻ അങ്ങനെ ചെയ്യുമോ ഓമനെ! നീ എന്റെ സ്വന്തമാണ്. എന്റെ തങ്കം എന്റെ പ്രാണേശ്വരി!—" ആ വാക്കുകൾ അവളുടെ ഹൃദയത്തിന്റെ അടിത്തട്ടിലേക്കു ഒഴുകിച്ചെന്നു. അവളുടെ കാലും കരളും കുളുത്തു. പക്ഷേ, ലജ്ജ അവളെ പിന്നെയും വരിഞ്ഞുകെട്ടിയിരിക്കയാണ്.

"തങ്കം! ഒന്നു നോക്കൂ! ഒന്നു ചിരിക്കൂ! ഓമനേ ഒരു ചുംബനം" അവളുടെ കവിളിൽ തലോടിക്കൊണ്ട് അദ്ദേഹം പിന്നെയും പറഞ്ഞു. അവൾ മിഴിക്കോണൊന്നുയർത്തി. ഹാ! അവൾ അകപ്പെട്ടുകഴിഞ്ഞു. ഹരിജനോദ്ധാരകൻ ആവേശത്തോടെ അവളെ പരിരംഭണംചെയ്തു. വികാരഭരിതനായി ചുംബനവർഷം നടത്തി. പിന്നെ നടന്നതൊന്നും അവൾക്കുതന്നെ അറിഞ്ഞുകൂട. ഏതാണ്ടൊരു ആനന്ദത്തിൽ അവളും മയങ്ങിയിരുന്നു. അങ്ങിനെ 'ആരും തിരിഞ്ഞു നോക്കാതിരുന്ന' ആ കുടിൽ കാമലീലകളുടെ ഒരു കലവറയുമായിത്തീർന്നു. ചേക്കപ്പക്ഷികളുടെ ശബ്ദമാണ് അവളെ ആ മോഹനിദ്രയിൽ നിന്നുണർത്തിയതു്. ക്ഷീണിച്ചു കുഴഞ്ഞിരിക്കുന്ന ആ ഹരിജനോദ്ധാരകന്റെ മടിയിൽനിന്നും അവൾ പിടഞ്ഞെഴുന്നേററു. അവൾ വെമ്പലോടെ പുറത്തേയ്ക്കു ചാടി. അപ്പോഴാണ് കഴുത്തിൽകിടക്കുന്നമാലയുടെ കാര്യം ഓർത്തതു്. വേഗംതന്നെ അതു് ഊരി അവൾ മടിയിൽ തിരുകി. അതുവരെ അനുഭവപ്പെടാത്ത ഒരു അസ്വാസ്ഥ്യതയോടെ അവൾ വീട്ടിലെത്തി. സമയം വൈകിയതിന്നു അന്നും കളവുകളെതന്നെ കടന്നുപിടിച്ചു അവൾ രക്ഷനേടി

അദ്ധരാത്രിയായി. വീട്ടിലെല്ലാവരും ഉറങ്ങി. മാല ഉണർന്നിരിക്കയാണ്. അവൾ ആ സായാഹ്ന സംഭവങ്ങളെപ്പററി ഓർക്കുകയാണ്. അവൾ വല്ലാതെ ലജ്ജിച്ചു. ആ സ്വർണ്ണമാല അപ്പോഴും അവളുടെ മടിയിൽ തന്നെ ഇരിക്കുകയാണ്. അതവൾ വലിച്ചുപുറത്തേയ്ക്കെടുത്തു. ചെററവാതിലിൽക്കൂടി മാല മുററത്തേയ്ക്കൊന്നു നോക്കി. മനോഹരമായ ചന്ദ്രിക. മണ്ണു തരിപോലും തെളിഞ്ഞുകാണാവുന്ന പൂനിലാവ്. നല്ല കുളുർമയുള്ള ഇളം കാററ്. രാപ്പാടിപ്പക്ഷികളുടെ ഹൃദയം കവരുന്ന നേരിയ നിനദം. അവൾ പതുക്കെ പുറത്തേയ്ക്കിറങ്ങി. വടക്കുവശത്തു പുത്തുനില്ക്കുന്ന ഇലഞ്ഞിച്ചുവട്ടിൽ അവൾ ചെന്നിരുന്നു. ഇളങ്കാററ് അവളെ പരിമളത്തിൽ കുളിപ്പിച്ചു. ആ മാല—നിലാവൊളിയിൽ മിന്നിത്തിളങ്ങുന്ന ആ സ്വർണ്ണമാല—അവൾ കൈയിൽവച്ചു നോക്കി. അവൾ ആനന്ദപുളകിതയായി. അതവൾ കഴുത്തിലണിഞ്ഞു. അതിന്റെ അററം അവൾ ഇടതിങ്ങിയ വക്ഷോജഗോളങ്ങൾക്കിടയിലേയ്ക്കു വലിച്ചിട്ടു. അനന്തരം കുനിഞ്ഞ് അവളതിന്റെ ഭംഗിനോക്കി. അവൾക്കു പിന്നേയും ലജ്ജതോന്നി. ആ സായാഹ്നസംഭവം വീണ്ടും അവളോർത്തു. കീഴ്ചുണ്ടിലെ ഒരു ചെറിയ മുറിവ് അവൾ വിരലുകൊണ്ടു തടഞ്ഞുനോക്കി. ഉയർന്ന വക്ഷസ്ഥലം നിലാവൊളിയിൽ ഒന്നു പരിശോധിച്ചു. വസ്ത്രത്തിലങ്ങിങ്ങായി അവൾ കുനിഞ്ഞു നോക്കി. മാല വല്ലാതെ നാണിച്ചു മുഖംപൊത്തി. ഉള്ളുമുററി അവൾ തന്നത്താൻ ചിരിച്ചു. ശരീരത്തിലെങ്ങും ഒരു ഇക്കിളിയുണ്ടായതുപോലെ അവൾ ഞെളിഞ്ഞുപിരിഞ്ഞു. പിന്നെയും ശബ്ദമുണ്ടാക്കാതെ കിലുകിലെ ചിരിച്ചു. ആ അന്തരീക്ഷത്തെത്തന്നെ അവൾ കെട്ടിപ്പിടിച്ചു സ്വന്തകൈപ്പടങ്ങളിൽ തന്നെ ഉമ്മവച്ചു. അവൾ പിന്നെയും ലജ്ജയിൽ മുങ്ങി. കഴിഞ്ഞുപോയ ആ ആനന്ദത്തെ അയവിറക്കിക്കൊണ്ട് അവളങ്ങിനെ പിന്നെയുമിരുന്നു. പൂങ്കോഴികളുടെ പ്രഭാതകാഹളം അവളുടെ കണ്ണുപുടങ്ങളിൽ മുഴങ്ങി. അവൾ പിടഞ്ഞെഴുന്നേററു. പക്ഷേ അവൾക്കു മതിയായില്ല. ആ രസകരമായ ഭാവനാസ്വപ്നത്തെവിട്ടുപിരിയുവാൻ അവൾക്കു മടിതോന്നി. എന്നല്ല, ആനന്ദകരമായ ആ രമ്യ സമാഗമം ഒന്നുകൂടി ഉണ്ടാകുവാൻ അവൾക്കു കൊതിതോന്നുകയും ചെയ്തു. ആ ഇടിഞ്ഞു പൊളിഞ്ഞ കുടിലിലെ ഓലക്കീറിനെ കിനാവുകണ്ടുകൊണ്ടു തന്നെ അവൾ ഗൃഹാന്തർഭാഗത്തേയ്ക്കു കയറി.

അവൾ കൊതിച്ചതു സാധിച്ചു. പിന്നെയും ആ കൂടിക്കാഴ്ച രണ്ടു മൂന്നു തവണയുണ്ടായി. സമയവും കുറേ കൂട്ടിയെടുത്തു. മാലയുടെ ധൈര്യവും സ്വാതന്ത്ര്യവും അവളെ കുറേക്കൂടുതൽ ആനന്ദിപ്പിച്ചു. ഒടുവിലൊടുവിൽ ആ ഹരിജനോദ്ധാരകൻഅല്പാല്പം വിരസത പ്രദർശിപ്പിച്ചു. തിളച്ചുമറിയുന്നവികാരങ്ങളുടെ പേക്കൂത്തിൽ പക്ഷേ മാലയതു കണ്ടില്ല. എന്നാൽആ അവസാന സമാഗമം കഴിഞ്ഞിട്ട് ഇപ്പോൾ മാസം ഒന്നു രണ്ടായി. ഏററവും സുശക്തമായ ഒരുവാഗ്ദാനത്തോടുകൂടിയാണ് അന്നദ്ദേഹം പിരിഞ്ഞതു്. എന്നാൽ പിന്നീടു ആ ഹരിജനോദ്ധാരകനെ കാണാതെയായി. അവൾ അന്വേഷിച്ചു. യാതൊരു തുമ്പുമില്ല. മാല രണ്ടുമൂന്നുദിവസം തുടർന്നു തൊണ്ടടിക്കാൻ പോയിനോക്കി. പിന്നീടു വഴിയിൽ കാത്തുനിന്നുനോക്കി. എന്നിട്ടും കാണുന്നില്ല. അവൾ ആ കുടിലിൽ പോലും ചെന്ന് ഒന്നു രണ്ടു ദിവസം കാത്തിരുന്നു. എന്നിട്ടും ഇല്ല. അവൾക്കു സംഭ്രമമായി. ആധിയായി. "അദ്ദേഹത്തിനു വല്ലഅപായവുംപററിയിരിക്കുമോ—" ആ ചിന്തയായിരുന്നു അതിനുകാരണം. മറെറാന്നുംതന്നെ അവൾക്കു സാരമില്ല. വ്യസനിക്കേണ്ട മററുകാര്യങ്ങളുണ്ടെന്നു അവൾക്കറിയാം. പക്ഷേ, അതിലൊന്നിലുമായിരുന്നില്ല അവളുടെ ശ്രദ്ധ.

ഒരുപ്രഭാതത്തിൽ മാല അടുക്കളപ്പടിയിന്മേൽ മൂടിപ്പുതച്ചുകൊണ്ടിരിക്കയാണ്. അവൾക്കു വല്ലാത്തൊരു അസുഖം. ഒരു കുളിരും പനിയും—ഒരു തലച്ചുററ്—ഒരു മനംപിരട്ടൽ. അവൾക്കു ആകപ്പാടെവയ്യ. പാടത്തു പണിക്കുപോകുവാൻ ധൃതികൂട്ടുന്ന അവളുടെ അമ്മ ആ ഇരിപ്പുകണ്ടു. അവർ മകളെയൊന്ന് അടി മുതൽ മുടിവരെ സൂക്ഷിച്ചുനോക്കി.

"എന്താണെടി മോളേ! നെനക്ക്—"അവർ വാത്സല്യപുരസ്സരം ചോദിച്ചു.

"ഒരു തലവേദന—"മാല മറുപടിപറഞ്ഞു.

"അപ്പഴേ, വാവുംകഴിഞ്ഞ്, മുപ്പെട്ടും കഴിഞ്ഞില്ലേ മോളെ നീ പൊററത്തായിട്ട്—ഒന്നുപോയി ഇപ്പരണ്ടായല്ല മാസക്കുളി മൊടങ്ങുന്നുമോളേ! ഇതെന്താണപൊന്നേ! വല്ല—" ആർദ്രമാനസയായ ആ മാതാവ് സ്വല്പം സംശയത്തോടെ പിന്നെയും സാവധാനം ചോദിച്ചു.

"ഒന്നുമിണ്ടാതിരിക്കൂ അമ്മേ! വല്ല അനാവശ്യവും പറയാതെ—" മകളുടെ എടുത്തുചാട്ടംകണ്ടു പിന്നെ ആ തള്ള ഒന്നും മിണ്ടിയില്ല. അവർ വേഗം പാടത്തേയ്ക്കുപോയി. പക്ഷേ,മാലയുടെ മനസ്സിൽനിന്നും ഒരു തീജ്വാലയാണ് എരിഞ്ഞുയർന്നതു്. അമ്മയുടെ സൂക്ഷ്മനിരീക്ഷണം അവളെ കിടുകിടാവിറപ്പിച്ചു. അവൾ ക്ഷീണപരവശയായി മുഖംതാഴ്ത്തിയിരുന്നു. അവളുടെ കപോലങ്ങളിൽ കൂടി കണ്ണുനീർ ഒഴുകി. അതു തുള്ളി തുള്ളിയായി അവളുടെ എരിയുന്ന വക്ഷസ്ഥലത്തിലേയ്ക്ക് അടന്നു വീണു. കുറേനേരം അവളങ്ങിനെയിരുന്നു.

എല്ലാവരും പണിക്കുപോയിക്കഴിഞ്ഞു. ആ വീട്ടിൽ മാലമാത്രമായി ശേഷിച്ചു. അവൾ കണ്ണുനീർ തുടച്ചുകൊണ്ട് എഴുന്നേററു. കിടക്കുന്ന മുറിയുടെ ഒരു മൂലയിൽചെന്ന് അവൾ തറതിരഞ്ഞു തുടങ്ങി. അവൾക്കവിടെ ഒരു നിക്ഷേപമുണ്ടായിരുന്നു. ഹരിജനോദ്ധാരകൻ നൽകിയ ആ സ്വർണ്ണമാല—അതവൾ ആരെയും കാണിക്കാതെ ഒരു കുടുക്കയിലിട്ട് കുഴിച്ചിട്ടിരിക്കയാണ്. അതെടുത്ത് ഒന്നു കണ്ണിൽവച്ച് ചുംബിച്ചെങ്കിലും ആശ്വസിക്കാമെന്ന് അവൾ കരുതി. അവളുടെ കദനഭാരം അങ്ങിനെയെങ്കിലും ലഘൂകരിക്കട്ടെ എന്നവൾ വിചാരിച്ചു. അതിനാണവൾ തിരയുന്നതു്.

കുടുക്കയുമെടുത്ത് മാല ഇറയത്തു വന്നിരുന്നു. അവളുടെ ഹൃദയം പിടഞ്ഞു. കരൾതുടിച്ചു. നയനം നിറഞ്ഞു. പൂർവ്വകാലസ്മരണയാൽ അവൾ വികാരഭരിതയായി. കുടുക്ക തുറന്ന് അവൾ മാല കുടഞ്ഞു കയ്യിലിട്ടു. അവൾ അത്യുച്ചത്തിൽ ഒന്നു നിലവിളിച്ചുകൊണ്ട് നടുങ്ങിത്തെറിച്ചു. വിറകൊള്ളുന്ന കയ്യിൽ അവൾ ഒന്നുകൂടി നോക്കി, അവളുടെ ഹൃദയത്തിൽ ഒരു ഇടി മുഴക്കമുണ്ടായി. അവൾ കണ്ണുതുടച്ചിട്ട് ഒന്നുകൂടിനോക്കി. അതേ അന്നത്തെ ആ തിളങ്ങിയ സ്വർണ്ണമാലതന്നെ! ഇന്നോ? വെറും ക്ലാവുപിടിച്ച കറെ പിച്ചളക്കണ്ണികൾമാത്രം. "ചതി! ചതി!" അവളുടെ ഹൃദയത്തിൽ വീണ്ടും ആ ഇടിത്തീയുണ്ടായി. അവൾ അസഹ്യവേദനയോടെ ഒന്നുകൂടി നിലവിളിച്ചു. അവളുടെ ശരീരം ശക്തിയററു വാടിത്തളർന്നു. അവൾ ബോധരഹിതയായിമറിഞ്ഞു. അവളുടെ തല വാതിൽപ്പടിയിൽ ചെന്ന് ശക്തിയായിട്ടൊന്നടിച്ചു.

—— —

# പ്രജായത്തഭരണവും — ഏകതന്ത്രഭരണവും

## ഇന്ത്യക്കു സ്വീകാര്യമേത്? ഇന്ത്യയുടെ ഗതി ഏതിലേക്ക്?

[നെട്ടൂർ പി. ദാമോദരൻ ബി. എ.]

ഇന്നത്തെപരിഷ്കൃതരാഷ്ട്രങ്ങളെല്ലാംതന്നെ, ഒന്നുകിൽ പ്രജായത്തഭരണസിദ്ധാന്തപ്രകാരമോ അല്ലെങ്കിൽ ഒരു ഏകാധിപതിയുടെ യഥേഷ്ടപ്രകാരമോ ഭരിക്കപ്പെടുന്നവകളാണ്. അമേരിക്ക, ഫ്രാൻസ്, ബ്രിട്ടൺ എന്നിവകൾ ആദ്യം പറഞ്ഞതിന്നും, ജർമ്മനി, ഇററലി, റഷ്യ മുതലായവകൾ ഒടുവിൽ പറഞ്ഞതിന്നും മതിയായ ഉദാഹരണങ്ങളാണ്. ബ്രിട്ടണിൽ പേരിന്നു ഒരു രാജാവുണ്ടെങ്കിലും, കാര്യം നോക്കുന്നതും ഭരണം നടത്തുന്നതും പ്രജകളാൽ തിരഞ്ഞെടുക്കപ്പെട്ട്, പ്രജകൾക്കുവേണ്ടി ഭരണം നടത്തുന്ന പാർലിമെൻറാണ്. പേരിന്ന്, ഭരണകൂടത്തിൻെറ ഉച്ചിയിൽ രാജാക്കന്മാരിരിക്കുന്ന രാഷ്ട്രങ്ങൾ വേറെയും ചിലതു ഉണ്ടെങ്കിലും, കാര്യത്തിൽ അവയെയെല്ലാം ഒന്നുകിൽ പ്രജായത്തഭരണരാഷ്ട്രങ്ങളോ, അല്ലെങ്കിൽ ഏകതന്ത്രഭരണരാഷ്ട്രങ്ങളോ ആയി തരംതിരിക്കാവുന്നതാണ്. ഇററലിയിൽ ഒരു ചക്രവർത്തിയുണ്ടെങ്കിലും ഭരണം നടത്തുന്നത് ഒരു സർവ്വാധിപതിയാണ്. ബ്രിട്ടനിൽ ജനപ്രതിനിധിസഭയും. കൂടുതൽ വിജയകരവും ഉപകാരപ്രദവുമായ ഭരണമാർഗ്ഗം ഏതാണ്? പ്രജായത്തഭരണസിദ്ധാന്തങ്ങൾക്കനുകൂലമായതോ, ഏകതന്ത്രഭരണ നിർദ്ദേശങ്ങൾക്കനുയോജ്യമായതോ? നോക്കാം. നമുക്കു ആധുനികരാഷ്ട്രങ്ങളിൽ നിന്നു പാഠങ്ങളെടുക്കാം. പ്രജായത്തഭരണമാണ് മററുള്ള സകല ഭരണസമ്പ്രദായങ്ങളെക്കാളും നല്ലതെന്നത് ഏതാണ്ട് അടുത്തകാലംവരെക്കും ഒരു 'രാഷ്ട്രീയപഴമൊഴി' തന്നെ ആയിരുന്നു. എന്നാൽ, ലോകമഹായുദ്ധത്തിന്നു ശേഷം, പ്രജായത്തഭരണത്തിൻെറ ശക്തി ചോദ്യം ചെയ്യപ്പെടുകയാണ്. യുദ്ധാനന്തരമുണ്ടായ ഏകതന്ത്രഭരണരാജ്യങ്ങളുടെ വളർച്ച, പ്രജായത്തഭരണത്തിന്നു ഇന്നത്തെ വിഷമപ്രശ്നങ്ങൾക്ക് ഉത്തരംകാണുവാൻ സാധിക്കുമോഎന്നുള്ള ചോദ്യത്തെ ആവിർഭവിപ്പിച്ചിട്ടുണ്ട്. ഹിററ്ലരും മുസ്സോളിനിയും, യുദ്ധംകൊണ്ടു കലങ്ങിമറിഞ്ഞ യൂറോപ്പിൻെറ രാഷ്ട്രീയാന്തരീക്ഷത്തിൽനിന്ന് പെട്ടെന്നങ്ങുപൊട്ടിപ്പുറത്തുവന്ന രണ്ടു 'ധൂമകേതു'ക്കളാണ്. അവക്ക് ഇന്നു കാര്യങ്ങൾ ചെയ്യുവാൻ മററാരോടും അന്വേഷിക്കേണ്ട ആവശ്യമില്ല. ജനസമ്മതിക്കോ നിയമസഭയുടെ തലയാട്ടലിനോ കാത്തുനിൽക്കേണ്ടതായിട്ടില്ല. ചേയിംബർലെയിന്നാണെങ്കിൽ പാർലിമെൻറ വിളിച്ചുകൂട്ടണം, നൂറാളോടു ചോദിക്കണം, പത്തുവട്ടം ബർല്ലിനിലേയ്ക്കും, റോമിലേയ്ക്കും, പാരീസിലേയ്ക്കും മാറിമാറി ഓടിനടക്കണം. ജർമ്മനിക്കും ഇററലിക്കും സർവ്വാധിപതികളായതുകൊണ്ടു, അവിടങ്ങളിലെ വിഷമതകൾ വളരെ വേഗം പരിഹരിക്കപ്പെടുന്നുണ്ടല്ലോ എന്നു ചിലർ പറയുന്നുണ്ട്. ശരിയായിരിക്കാം. പക്ഷെ അവരുടെ വിജയങ്ങളും, വിഷമതാപരിഹാരങ്ങളും താല്ക്കാലികമായവയുമായിരിക്കാം. ജർമ്മനിയിലും, ഇററലിയിലും, റഷ്യയിലും, ഒരുപക്ഷേ ടർക്കിയിലും ഏകതന്ത്രഭരണത്തിന്ന് ഒരുമാതിരി വിജയം സിദ്ധിച്ചിട്ടുണ്ടെന്നു പറയാവുന്നതാണ്. പക്ഷെ അവിടങ്ങളിൽ ഒന്നും തന്നെ ഒരിക്കലും ഒരു പ്രജായത്തഭരണം നടപ്പിലുണ്ടായിരുന്നില്ലെന്നുള്ള വസ്തുത നാം വിസ്മരിക്കരുത്. പഴയകാലത്തിൻെറ അവശിഷ്ടങ്ങളായ അപരിഷ്കൃതഭരണങ്ങളിൽനിന്ന്, ഏകതന്ത്രഭരണത്തിലേയ്ക്കു കടന്നുചാടിയ രാഷ്ട്രങ്ങളാണവ. പ്രജകൾക്കു ഭരണകാര്യങ്ങളിൽ അന്നും ഒരു കയ്യുമുണ്ടായിരുന്നില്ല. ഇന്നും അവക്കേന്നുമില്ല. അന്നത്തെക്കാൾ ഇന്നത്തെ സ്ഥിതി അല്പം ഭേദപ്പെട്ടിട്ടുണ്ടെന്നു അവക്കറിയാം. അവക്കതു മതി.

ബ്രിട്ടനും അമേരിക്കയും ഫ്രാൻസും വളരെകാലമായി പ്രജാധിപത്യഭരണതത്വപ്രകാരം ഭരിക്കപ്പെടുന്ന രാഷ്ട്രങ്ങളാണ്. പ്രസ്തുത രാഷ്ട്രങ്ങൾ ഇന്നും വളരെ ശക്തിയുള്ള രാഷ്ട്രങ്ങളായിതന്നെ നിലനിൽക്കുന്നുമുണ്ട്. അതുകൊണ്ടു പ്രജായത്തഭരണം പരാജയപ്പെട്ടു എിക്കിൽ ഏകതന്ത്രഭരണം വിജയിച്ചിരിക്കുന്നുവെന്നു പറയുന്നതു തെററായിരിക്കും. പ്രജായത്തഭരണത്തിൻെറ വിജയം ഫലംകൊണ്ടല്ല, ഫലത്തിലെത്തിക്കുന്ന മാർഗ്ഗങ്ങൾ കൊണ്ടാണ് മനസ്സിലാക്കേണ്ടതു്. പ്രജകളെ ഭരണത്തിൽ പങ്കുകൂട്ടുക എന്നുള്ളതാണ് പ്രജായത്തഭരണത്തിൻെറ മൂലതത്വം. "പ്രജകളാൽ പ്രജകൾക്കുവേണ്ടി പ്രജകൾനടത്തുന്ന ഗവർമ്മെണ്ടാ"(Government of the people, by the people, for the people) ണ് പ്രജായത്തഗവർമ്മെണ്ട്. പ്രജകളുടെ പ്രാതിനിധ്യം വഹിക്കുന്ന പ്രതിനിധി സഭകളുടെയും, തദ്വാരാ പ്രജകളുടെയും അനുമതിയും അംഗീകരണവും ലഭിച്ചല്ലാതെ ഭരണാധികാരികൾ രാഷ്ട്രത്തെ സംബന്ധിക്കുന്ന യാതൊരു പ്രധാന തീരുമാനങ്ങളും പ്രജാധിപത്യരാഷ്ട്രങ്ങളിൽ ചെയ്യുകയില്ല. ഏകാധിപതികളും ചിലപ്പോഴെല്ലാം തങ്ങളുടെ പദ്ധതികൾക്കും തീരുമാനങ്ങൾക്കും ജനങ്ങളുടെ പിൻതുണയുണ്ടെന്നും, ആകെയുള്ള ജനസംഖ്യയുടെ തൊണ്ണൂററൊൻപതോ, നൂറോ, വേണമെങ്കിലും സാദ്ധ്യമാണെങ്കിലും നൂററൊന്നോ, ശതമാനത്തിൻെറ സമ്മതവും അംഗീകരണവും തങ്ങളുടെ പദ്ധതികൾക്കും തീരുമാനങ്ങൾക്കും ഉള്ളതായും ഇടയ്ക്കെല്ലാം പ്രസ്താവിച്ചുകേൾക്കാറുണ്ടല്ലോ, എന്നു ചോദിക്കുമായിരിക്കാം. എന്നാൽ അവരുണ്ടെന്നു പറയുന്ന സമ്മതവും, അവക്കു ലഭിച്ചിരിക്കുന്നുവെന്നു പറയുന്ന അംഗീകരണവും വാളിൻെറ അലകും, കുന്തത്തിൻെറ മുനയും, തോക്കിൻെറ മുനമ്പും ചൂണ്ടിക്കൊണ്ടു മേടിച്ച സമ്മതവും അംഗീകരണവുമാണ്. ഹിററ്ലർ ജർമ്മൻകാരുടെ സമ്മതത്തോടുകൂടിയല്ലേ ഭരണംനടത്തുന്നതെന്നും, ഹിററ്ലരുടെ ഭരണം പ്രജായത്തഭരണമല്ലേ എന്നും ചോദിക്കുകയാണെങ്കിൽ, അതൊരു അർത്ഥമില്ലാത്ത ചോദ്യമാണെന്നുവെച്ചു തള്ളുവാനേ നിവൃത്തിയുള്ളു. ഹിററ്ലർ മേടിച്ചിട്ടുണ്ടെന്നു പറയുന്ന സമ്മതമല്ല പ്രജായത്തഭരണത്തിലുള്ള സമ്മത. അതു മററതിൽനിന്നു കേവലം വ്യത്യസ്തമാണ്. അതു ഭൂരിപക്ഷം പ്രജകളുടെ ഹിതസൗകര്യങ്ങളെ ആദരിക്കുന്ന സമ്മതമാണ്. മററതു കുന്തത്തിൻെറ മുനകൊണ്ടു തള്ളി, പ്രജാവക്ത്രങ്ങളിൽകൂടി പുറത്തുചാടിക്കുന്ന സ്വേച്ഛാധിപതിയുടെ ആശയാഭിപ്രായങ്ങളാണ്. അവിടെ സമ്മതം 'കെട്ടുകഥ'യാണ്.



നെട്ടൂർ പി. ദാമോദരൻ ബി എ.

പ്രസംഗസ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം മുതലായവ പ്രജായത്തഭരണത്തിൻെറ അടിക്കല്ലുകളാണ്. യഥാർത്ഥമായ പ്രജായത്തഭരണത്തിൽ ശക്തിയായ എതിർകക്ഷികൾ ഉണ്ടായിരിക്കണം. കക്ഷികളില്ലാത്ത പ്രജായത്തഭരണം, എതിർപ്പും വാദപ്രതിവാദവുമില്ലാത്ത പ്രജായത്തഭരണം, 'കടലാസിൽ' മാത്രം കാണുന്ന പ്രജായത്തഭരണമാണ്. ഏകതന്ത്രഭരണവും, പ്രജായത്തഭരണവും തമ്മിലുള്ള അതിപ്രധാനമായ വ്യത്യാസം ഇതാണ്. ആദ്യത്തേതിൽ എതിർപ്പിന്നുസ്ഥാനമില്ല. രണ്ടാമത്തേതിൽ അതുണ്ട്. ഏകതന്ത്രഭരണരാഷ്ട്രങ്ങളിൽ ഒരു പരിവർത്തനം വേണമെങ്കിൽ, അതു രക്തച്ചൊരിച്ചിലോടു കൂടിയ ഒരു വിപ്ലവംകൊണ്ടു മാത്രമേ സാധിക്കയുള്ളു. ഫ്രഞ്ചു വിപ്ലവത്തെയും റഷ്യൻ വിപ്ലവത്തെയും നമുക്കു

ഉദാഹരണങ്ങളായെടുക്കാം. സ്വേച്ഛാധികാരികളായ ഏകാധിപതികളുടെ താളത്തിനൊത്തു നൃത്തം ചവിട്ടുന്ന രാഷ്ട്രങ്ങളിൽ, ചോരപുരണ്ട ഒരു വിപ്ളവംകൊണ്ടല്ലാതെ, ചെറിയൊരു പരിവത്തനംപോലുമുണ്ടാ



ലിയോൺ ബ്ളം

യതായി ചരിത്രം നമുക്കു ഉദാഹരണങ്ങൾ തരുന്നില്ല. പ്രജായത്തഭരണ രാഷ്ട്രങ്ങളിൽ, പരിവത്തനം വേണമെന്നു തോന്നുമ്പോൾ, ഭരണം നടത്തുന്ന കക്ഷിയുടെ സ്ഥാനത്തു് മറെറാരു കക്ഷി കയറിയാൽ മതിയാവുന്നതാണ്. ഒരു തുണ്ടു കടലാസിൽ ഒരു അവിശ്വാസ പ്രമേയം. ഭൂരിപക്ഷത്തോടുകൂടി പ്രമേയം പാസ്സായാൽ, ഭരണം നടത്തുന്നകക്ഷി രാജിവെക്കുകയായി, ഭൂരി



ചേംബർ ലയിൻ

പക്ഷം പ്രജകളുടെ പ്രാതിനിധ്യം വഹിക്കുന്നകക്ഷി സ്ഥാനത്തുവന്നു ഭരണം നടത്തുകയായി. ഘോരസമരങ്ങളില്ല, ജീവനാശമില്ല, രക്തച്ചൊരിച്ചിലില്ല. ബ്രിട്ടനിലും ഫ്രാൻസിലും എറിയകാലമായി അനവധികക്ഷികൾ ഇങ്ങിനെ സ്ഥാനഭേദമറിയും, ഒഴിഞ്ഞും, കഴിഞ്ഞിട്ടുമുണ്ട്, കഴിയുന്നുമുണ്ട്. ഓന്തു വർണ്ണം മാറുന്നതുപോലെയാണ് ഫ്രാൻസിൽ കക്ഷികൾ മാറുന്നതു്. ഓരോ കക്ഷികൾക്കും ഉള്ള വ്യത്യസ്തപരിപാടികൾ നടപ്പിൽ വരുത്തുവാൻ ശ്രമിച്ചു, പന്തിയല്ലെന്നു കാണുമ്പോൾ, ഇറങ്ങിപ്പോകുന്ന പതിവു ഫ്രാൻസിൽ ഇപ്പോൾ സാധാരണമായിരിക്കുന്നു. ഇതു ഇത്ര എളുപ്പത്തിൽ രക്തച്ചൊരിച്ചിൽ കൂടാതെ സാദ്ധ്യമാവുന്നതു ദാലാഡിയരും ബ്ളമ്മും ഹിററ്ലരും മുസ്സോളിനിയുമല്ലന്നുള്ളതുകൊണ്ടാണ്. ആദ്യത്തെ രണ്ടുപേരും പ്രജാധിപത്യ ഫ്രാൻസിലെ പ്രബലങ്ങളായ രണ്ടു കക്ഷികളുടെ നേതാക്കന്മാർ മാത്രമാണ്. ഒടുവിൽ പറഞ്ഞ രണ്ടുപേരും യൂറോപ്പിലെ രണ്ടു രാഷ്ട്രങ്ങളിലെ സ്വേച്ഛാധികാരികളായ ഏകാധിപതികളാണ്. ഹിററ്ലരെയും മുസ്സോളിനിയെയും അവരു

ത്തിലേക്കുമാററ് കുതിക്കുന്നതെന്നു മനസ്സിലാക്കണം. ഇക്കാരണം പറഞ്ഞു, ഇന്ത്യയിൽ ഇന്നു മിക്ക സംസ്ഥാനങ്ങളിലും ഭരണം നടത്തുന്ന കാൺഗ്രസ്സ് കക്ഷിയെ അപലപിക്കുകയും അധിക്ഷേപിക്കുകയും ചെയ്തുകൊണ്ടു പട്ടണങ്ങൾ തോറും നടന്നു നെടുനീളൻ പ്രസംഗങ്ങൾ ചെയ്തു, പ്രജായത്തഭരണത്തിൻെറ വിശ്വസ്ത പ്രണേതാക്കളെന്നു സ്വയം ഉൽഘോഷിച്ചു കൊണ്ടു നടക്കുന്ന ചില രാഷ്ട്രീയ 'ചിന്തക'ന്മാരുടെ എണ്ണം ഇയ്യിടെയായി വദ്ധിച്ചു വരുന്നതു കാണുമ്പോൾ അവരുടെ ശ്രദ്ധ പ്രകൃതത്തോടു ചേന്ന മറെറാരു കാര്യത്തിലേക്കു ആകർഷിക്കുവാൻ തോന്നുന്നു. ഇതുവരെ പറഞ്ഞതെല്ലാം സ്വാതന്ത്ര്യങ്ങളായ രാഷ്ട്രങ്ങളെപ്പററിയാണ്. അവിടങ്ങളിൽ ഭരണസംബന്ധമായി രണ്ടു കക്ഷികളേ ഉള്ളൂ. ഭരണാധികാരികളും ഭരണീയരും. ഇന്ത്യ ഒരു സ്വതന്ത്ര രാഷ്ട്രമല്ല. ഇ



മഹാത്മാഗാന്ധി

ടെ അധികാരസ്ഥാനങ്ങളിൽനിന്നു അല്പനേരത്തേക്കെങ്കിലും ഒന്നു മാററിനിത്തണമെങ്കിൽ, ജമ്മനിയേയും ഇററലിയേയും കലക്കിമറിക്കുന്ന രക്തപങ്കിലമായ രണ്ടു വിപ്ളവങ്ങൾവേണ്ടിവരും. അതാണ് വ്യത്യാസം. അതുതന്നെയാണ് പ്രജായത്തഭരണവും ഏകതന്ത്രഭരണവും തമ്മിലുള്ള വ്യത്യാസം. ഫ്രാൻസിൽ പ്രജായത്തഭരണമാണ്. ഇററലിയിലും ജമ്മനിയിലും ഏകതന്ത്രഭരണവും.

രാഷ്ട്രീയ ജീവിതത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ വളരത്തണ്ടതു് അത്യാവശ്യമാണ്. 'രാഷ്ട്രീയഐക്യം' എന്ന വാക്കു് പ്രജായത്ത ഭരണത്തെ സംബന്ധിച്ചു പറകയാണെങ്കിൽ കേവലം നിരത്ഥകമാണ്. അഭിപ്രായവ്യത്യാസങ്ങളില്ലാത്ത ഒരൊററ കക്ഷിമാത്രമാണ് ഒരു രാഷ്ട്രത്തിലുള്ളതെങ്കിൽ, ആ രാഷ്ട്രം ഏകതന്ത്രഭരണത്തിലേക്കും 'ഫാസിസ്റ്റ്' ഭരണ

വിടെ മേല്പറഞ്ഞ രണ്ടു കക്ഷികൾക്കു പുറമെ, മൂന്നാമതൊരു കക്ഷി കൂടിയുണ്ട്. ബ്രിട്ടീഷ് ഗവമ്മെൻറ് ഈ മൂന്നാമത്തെ കക്ഷിയെ, കാൺഗ്രസ്സ് ഭരണത്തെ പഴിക്കുന്ന പ്രജായത്ത ഭരണപ്രണേതാക്കൾ വിസ്മരിച്ചിരിക്കുകയാണ്. വാസ്തവത്തിൽ ഇന്ത്യയിലെ ഭരണാധികാരികൾ ബ്രിട്ടീഷ് ഗവമ്മെൻറും, ഭരണീയർ കാൺഗ്രസ്സ് മന്ത്രിമാരടക്കമുള്ള ഇന്ത്യാക്കാരുമാണ്. ഇവിടെ പ്രജായത്തഭരണപ്രശ്നത്തിനു പ്രസക്തി ഇല്ലെന്നു തന്നെ പറയാം. ബ്രിട്ടീഷ് മേൽക്കോയ്മയുടെ മേൽനോട്ടത്തിൽ, സംസ്ഥാന സ്വയംഭരണമെന്ന പേരിൽ ഒരു ഭരണപ്രഹസനം ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നടന്നു വരുന്നുണ്ടെന്നുള്ളതു വാസ്തവം തന്നെ. പക്ഷെ, ആ ഭരണം പ്രജായത്തഭരണസിദ്ധാന്തങ്ങൾക്കു യോജിച്ച വിധത്തിലാണോ നടത്തുന്നതെന്നു ഇവിടെ നോക്കേണ്ടുന്ന ആവശ്യമില്ല. പ്രജായത്ത ഭരണത്തിൻെറ മേന്മ, ലോകസമക്ഷം എടുത്തു കാട്ടുവാനല്ല കോൺഗ്രസ്സ് ഭരണം കയ്യേററിരിക്കുന്നതു്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനു എതിരായുള്ള അവസാന സമരത്തി



ഹിററ്ലർ

നു ഇന്ത്യൻ പടയാളികളെ അണിനിരത്തുവാനാണ്. പരിപൂർണ്ണമായ രാഷ്ട്രീയ ഐക്യത്തിൽ വിശ്വസിക്കുന്ന ഏകീകൃതമായ ഒരു ദേശീയ കക്ഷിയായ കോൺഗ്രസ്സ് എണ്ണത്തക്ക എതിർപ്പുകളൊന്നുമില്ലാതെ നിയമസഭകളിൽ കടന്നുവന്നിട്ടുള്ളതു്, പൊതുശത്രുവിനോടു പോരാടി, ഇന്ത്യൻ ജനതയെ സ്വാതന്ത്ര്യസോപാനത്തിലേക്കു നയിക്കുവാനുള്ള മറെറാരു പോംവഴി കണ്ടു പിടിക്കുവാനാണ്. സ്വരാജ്യലബ്ധിക്കു ശേഷം പ്രജായത്തഭരണത്തെപ്പററിയും മററും ആലോചിക്കുവാൻ നമുക്കു ധാരാളം സമയം കിട്ടുന്നതായിരിക്കും. അപ്പോൾ, നമ്മു



മുസ്സോലിനി

ടെ പ്രജായത്തഭരണ വൈതാളികന്മാരുടെ ആക്ഷേപങ്ങൾക്കും അഭിപ്രായങ്ങൾക്കും ഇന്ത്യൻ ജനത ചെവികൊടുക്കുന്നതായിരിക്കും. അവരുടെ ഇന്നത്തെ ആക്ഷേപങ്ങൾ കേട്ടാൽ, കോൺഗ്രസ്സ്, പ്രജായത്ത ഭരണസംബന്ധമായ പരീക്ഷണങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഒരവസരമാണ് ഇതെ

# വ്രണിതഹൃദയം

[കിളിമാനൂർ എൻ. കേശവൻ]

അനവരതമിങ്ങനെ തേടിഞാൻനിന്നെയു-
മനഘതരജീവിതംപാതിയും പാഴിലായ്.
മധുരമയമായിട്ടും പൊന്നിൻകിനാവുകൾ
മനതളിരിൽനിന്നു മറഞ്ഞുഡുരാജിപോൽ
ചെറുചിറകുചഞ്ചലിപ്പിച്ചു ചലിക്കുമെ-
ന്നരിയയൊരു ഭാവനാഭൃംഗം പതിച്ചുപോയ്!
ഒരുദിനവുമെന്നെപ്പിരിയാതെ വാണൊരു-
പ്പുരുമഹിമചാർത്തുമെന്നാശയും പോയഹോ!
കുതുകമൊടതെന്നെത്തന്നെത്താരാട്ടിടും സുമം
ലതികയൊടുവേർപെട്ടുപാരിൽ വീഴുന്നപോൽ.
ഇനിയുമിതുപോലെ ഞാനെത്രനാൾ വാഴ്കിൽ
കനിവിയലുമെൻദേവി! നിന്നെപ്പുണർന്നിടാം.
ഗഗനതലചുംബിയാമംബുദപാളിയെ-
ക്കലിതരസമാനയിക്കുന്ന സമീരണൻ!
വിജന വനമദ്ധ്യത്തു നിന്നുജപാംകുരൻ
അജനിരയെമന്ദം നയിക്കുന്നമാതിരി.
പരഭൃതകുലങ്ങളോടൊത്തിച്ചിടുന്നനിൻ
സ്വരമിയലുമാനന്ദഗാനം പൊഴിച്ചിടാൻ!
ഒരുനിമിഷമെന്നെയൊട്ടാശ്വസിപ്പിക്കുവാം-
നരുമയൊടു പൂമൊട്ടുപുഞ്ചിരിതഞ്ചിടും.
കരിമുകിലൊളിച്ചെന്നെനോക്കവേതാവകം
പുരികുഴലതെന്നുഞാനെന്നും നിനച്ചിടും.
അളി മിളിതകൗതുകം നീളെക്കളിക്കവേ
മിഴിയുഗളമെന്നു ഞാൻ പാഴായ്ക്കരുതിടും
അരുണതരുണാംശുവാലെന്നെപ്പുണർന്നിടും;
പരിമൃദുലമേനി നീയെന്നു ഞാനോർത്തിടും.

*     *     *     *

*     *     *     *

ഉലകമൊരു മൂടൽമഞ്ഞാകുംപുതപ്പിനാൽ
പുലരിജവമെന്തിനായ് മൂടണംനിത്യവും
അനുനിമിഷമിത്തരം സങ്കല്പചിന്തയാൽ
മനമുരുകി വാഴ്കിൽ ജീവിതം പാഴിലാം.

---

ന്നു അവർ ധരിച്ചുവെച്ചിട്ടുള്ളതായി തോന്നും. പരിപൂർണ്ണമായ രാഷ്ട്രീയ ഐക്യത്തോടുകൂടി, പറയത്തക്ക എതിർപ്പുകളൊന്നുമില്ലാത്ത പ്രബലമായ ഒരു കക്ഷി ഇന്നും ചില സംസ്ഥാനങ്ങളിൽ ഭരണം നടത്തുന്നുണ്ടെങ്കിൽ, അതു ആ കക്ഷിക്കുള്ള 'ഫാസിസ്റ്റ്' വാസനയേയും പ്രജായത്ത ഭരണത്തിലു



ലനിൻ

ള്ള വിശ്വാസക്കുറവിനെയുമാണ് കുറിക്കുന്നതെന്നു ദുർവ്യാഖ്യാനം ചെയ്യു മറവുള്ളവരെ ധരിപ്പിക്കുവാൻ ശ്രമിക്കുന്നവർ ആദ്യം മനസ്സിലാക്കേണ്ടതു് പൊതുശത്രുവായ ബ്രിട്ടീഷ് ഗവമെൻ്റിനോടു പോരാടി ജയിച്ചു സ്വരാജ്യം സമ്പാദിക്കുവാൻ ഇന്ത്യൻ ജനതയെ ഏകീകൃതമായ ഒരു രഷ്ട്രീയ കക്ഷിയാക്കി നിർത്തേണ്ടതത്യാവശ്യമാണെന്നു മനസ്സിലാക്കിയിരിക്കു



സ്റ്റാലിൻ

ന്ന രാജ്യാഭിമാനികൾ, അവരുടെ അത്തരം പ്രവൃത്തനങ്ങളുടെ ഒരു വകഭേദമായിട്ടാണ് നിയമസഭകൾക്കുള്ളിലും രാഷ്ട്രീയ ഐക്യം പ്രസംഗിക്കുന്നതെന്നാണ്. അല്ലാതെ, പ്രജായത്ത ഭരണ പ്രശ്നത്തിൽ കോൺഗ്രസ്സിനെവലിച്ചിഴച്ചുകൊണ്ടുവന്നു് അപലപിക്കുന്നതു് ഒരിക്കലും ന്യായീകരിക്കുവാൻ നിവൃത്തിയില്ല. സംസ്ഥാനസ്വയംഭരണംകൊണ്ടും, പുത്രികാരാജ്യപദവികൊണ്ടും തൃപ്തിപ്പെടുന്നവർക്കു പ്രജായത്തഭരണം സ്ഥാപിച്ചുകാണുവാൻ വളരെ തിടുക്കമുണ്ടായിരിക്കും. പക്ഷെ, കോൺഗ്രസ്സിനു് ഇതിലും മഹനീയങ്ങളായ ചില ആദർശങ്ങളുണ്ടു്. ചില ലക്ഷ്യസ്ഥാനങ്ങളുണ്ടു്. അവിടെ എത്തിക്കഴിഞ്ഞാലല്ലാതെ, വഴിയിൽവച്ചു കിട്ടിയതു പങ്കിട്ടെടുത്തു വിശ്രമിച്ചുടങ്ങുന്ന പതിവു കോൺഗ്രസ്സിനില്ല. അതു് ആപല്ക്കരമാണെന്നുകൂടി കോൺഗ്രസ്സ് വിശ്വസിക്കുന്നു.

സംസ്ഥാനനിയമസഭകളിലുള്ള കോൺഗ്രസ്സ്കക്ഷിയുടെ പ്രാബല്യം കണ്ടിട്ടു്, ഇന്ത്യയുടെ പോക്കു 'ഫാസിസ'ത്തിലേക്കും ഏകാധിപത്യത്തിലേക്കുമാണെന്നു പറയുന്നതിനു യാതൊരർത്ഥവുമില്ലെന്നു്, അടുത്തു നടന്നതും ഇപ്പോൾ നടക്കുന്നതുമായ പല സംഗതികളും സംഭവങ്ങളും അസന്ദിഗ്ദ്ധമായ നിലയിൽ തെളിയിച്ചിട്ടുണ്ടു്, തെളിയിക്കുന്നുമുണ്ടു്. പ്രബലന്മാരായ നേതാക്കന്മാരുടെ ശുപാർശക്കു് എതിരായി ഇന്ത്യൻജനത കോൺഗ്രസ്സദ്ധ്യക്ഷനെ കഴിഞ്ഞതവണ തെരഞ്ഞെടുത്തുവെന്നതുതന്നെ, ഇന്ത്യയുടെ പോക്കു് ഏകാധിപത്യത്തിലേക്കല്ല, പ്രജാധിപത്യത്തിലേക്കാണെന്നുള്ളതിനു മതിയായ തെളിവാണ്. നേതാക്കന്മാരുടെ ശുപാർശ അവരുടെ 'ഫാസിസ്റ്റ്' വാസനയെ കുറിക്കുന്നതാണെന്നു ദുർവ്യാഖ്യാനം ചെയ്യുന്നതു തെററായിരിക്കും. അതിന്, ഈ ലേഖനത്തിൻ്റെ പരിധിയിൽപെടാത്ത പല കാരണങ്ങളുമുണ്ടു്. കോൺഗ്രസ്സദ്ധ്യക്ഷൻ്റെ തെരഞ്ഞെടുപ്പു് 'ഫാസിസ്റ്റ്' വാസനയും പ്രജാധിപത്യവും തമ്മിലുള്ള ഒരു വടംവലി ആയിരുന്നില്ല. ഗാന്ധിസവും സോഷ്യലിസവും തമ്മിലുള്ള മൽപിടിത്തവുമായിരുന്നില്ല. ഗാ



ട്രാഡ്സ്കി

ന്ധിസവും സോഷ്യലിസവും പരസ്പരവിരുദ്ധങ്ങളായ രണ്ടു് ആശയങ്ങളെയാണു പ്രതിനിധീകരിക്കുന്നതെന്നുള്ള അഭിപ്രായം തെററായാലും ശരിയായാലും, —കോൺഗ്രസ്സദ്ധ്യക്ഷൻ്റെ തിരഞ്ഞെടുപ്പിൽ, —അതു രണ്ടും രണ്ടാണെങ്കിൽ തന്നെ, അതിനു ഒരു പങ്കുമുണ്ടായിരുന്നില്ല എങ്കിലും ഇതിനു മുമ്പുള്ള കൊല്ലങ്ങളിലെ കോൺഗ്രസ്സദ്ധ്യക്ഷൻ്റെ തിരഞ്ഞെടുപ്പുകൾ ഇന്ത്യയുടെ പ്രജാധിപത്യഭരണവാസ



സുബാഷ് ചന്ദ്രബോസ്

നയെ ശരിക്കുതെളിയിച്ചിട്ടില്ലെങ്കിൽ, ഇക്കൊല്ലത്തെ തിരഞ്ഞെടുപ്പുകൊണ്ടു അതു സാധിച്ചിരിക്കുന്നുവെന്നു നിസ്സംശയം പറയാം.

ഇന്ത്യയിലെ ഹിന്ദുമുസ്ലിം വഴക്കുകൾ, സാമുദായിക അവശതകൾ മു

# കർമ്മസിദ്ധാന്തസൂക്തികൾ

[സ്വാമി ശ്രീ നാരായണതീർത്ഥർ]

i

1. ദാസ്യമനോവൃത്തി ദുഃഖസഞ്ചയത്തിന്റെ തെരാളിയാണ്. ദാസ്യമനോഭാവം ജീവിതരണാംകണത്തിൽ അപജയകർമ്മഫലം അനുഭവിക്കുന്നു.

2. ആത്മശക്തിയാകുന്ന വജ്രായുധംകൊണ്ട് ദുരാശാഗർഭങ്ങളേയും തൽഫലങ്ങളേയും അറിഞ്ഞൊടുക്കണം. അവൻ ജീവിതരംഗത്തിൽ ചിരാജീവിയാകുന്നു.

3. മനഃശക്തി സെർച്ച്ലൈററിനെപ്പോലെയാണെന്നു പറയാം. പക്ഷബുദ്ധിയാകുന്ന 'സ്വിച്ച്' ഇല്ലെങ്കിൽ ലൈററു നിഷ്പ്രയോജനമാണ്.

4. സന്നിപാതജ്വരം പിടിച്ചവനെപ്പോലെയാണ് ദുഃഖിതന് ഈ ലോകത്തെപ്പററിയുള്ള തോന്നൽ. സുഖിമാന് ഈ ലോകം ചതുർവിധഭോജനം കഴിച്ചിരിക്കുന്നവനെപ്പോലെ തോന്നുകയും ചെയ്യും.

5. ബന്ധമേറിയ കർമ്മംകൊണ്ട് പ്രപഞ്ചം ക്ലേശഭൂയിഷ്ഠവും ബന്ധവിമോചനമായ കർമ്മംകൊണ്ട് ലോകം സുഖഭൂയിഷ്ഠവും ആയി തോന്നും.

6. കാട്ടാളന്റെ വലയിൽ അകപ്പെട്ട വ്യാഘ്രത്തെപ്പോലെ മനസ്സു കർമ്മത്തിൽ അകപ്പെടരുത്. കർമ്മത്തിൽനിന്നുമുള്ള മോചനമാണു ദുഃഖനിവൃത്തി.

7. ഒന്നിനോടും ആസക്തിയില്ലാത്തവൻ സ്ഥിരമായി ഒന്നിനേയും സ്നേഹിക്കുന്നില്ല. ഇക്കൂട്ടർ മൂന്നുതരക്കാരാണ്. അവർ ഭ്രാന്തൻ, ദുഃഖിതൻ, അവധൂതൻ എന്നിവരാകുന്നു.

8. ഒന്നിനേയും സ്നേഹമില്ലാത്തവൻ ഒന്നിനോടും സ്ഥിരമായി ബന്ധപ്പെടുന്നില്ല. അനിഷ്ടങ്ങളേയോ ആശാബന്ധങ്ങളേയോ അവൻ വലിച്ചിഴച്ചു തലയിൽ കയററുന്നുമില്ല.

9. പാകമാകാത്ത ചെടികളിൽനിന്നുമുള്ള ഫലം ശൂന്യമായിരിക്കുന്നതുപോലെയാണ് ശൈശവാവസ്ഥയിലുള്ള കർമ്മങ്ങളുടെ ഫലവും.



സ്വാമി ശ്രീ നാരായണതീർത്ഥർ

10. ദുഷ്കർമ്മികളോടു ബന്ധിക്കുന്നവൻ ചേര (ചാര) വൃക്ഷത്തിന്റെ കറപുരണ്ടവനെപ്പോലെയാകും. അവരിൽനിന്നും ഏററവും അകന്നിരിക്കുന്നവൻ മഹാ ധന്യനാണ്.

ii

1. സൽകർമ്മത്തിനു സുഖവും ദുഷ്കർമ്മത്തിനു ദുഃഖവുമാണ് ഫലം. എന്നാൽ മനസ്സാകുന്ന മൂശയിൽ ഈ സൽകർമ്മ ദുഷ്കർമ്മങ്ങളുടെ ഉരുക്കിഒഴിപ്പിൽ പരോക്ഷമായിട്ടെങ്കിലും കലർപ്പുണ്ടായാൽ ഫലം സമ്മിശ്രമോ മിശ്രമോ ആയി തീരുന്നതാണ്.

2. ക്ഷണഭംഗുരമായ കർമ്മഫലങ്ങൾ ഭൗതികസുഖങ്ങളേയും ദുഃഖങ്ങളേയും വിവിധമാർഗ്ഗങ്ങളിൽ കൂടി അടിക്കടി ഉണ്ടാക്കും. ആ കർമ്മങ്ങൾ അത്ര അതിപാവനങ്ങളായിരിക്കുകയുമില്ല.

3. ഏതൊരു കർമ്മത്തിലും ഭിക്ഷക്കാരന്റെ മനോവൃത്തിയേക്കാൾ ശ്രേഷ്ഠം പ്രഭുവിന്റെ സ്വതന്ത്രമായ മനോഭാവമാണ്. എന്നാൽ അഹന്താകലുഷിതമായ പ്രഭുവിന്റെ മനോവൃത്തി പരിത്യാജ്യവുമാകുന്നു.

4 ഫലാപേക്ഷയോടുകൂടി കർമ്മം ചെയ്യുന്നവൻ ഭിക്ഷക്കാരനെപ്പോലെയുള്ളവനാകുന്നു. അവൻ അസ്വാതന്ത്ര്യത്തേയും അസംതൃപ്തിയേയും വലിച്ചിഴച്ചു പിടലിയിൽ കയററുന്നവനാണ്.

5. ഓരോരുത്തരും ലോകത്തിൽ ഓരോതരം വ്യവസായികളാകുന്നു. ധർമ്മവ്യവസായം, അധർമ്മവ്യവസായം, സ്നേഹവ്യവസായം എന്നിത്യാദികളെന്നേയുള്ളു. കർമ്മമില്ലാതെ അടങ്ങിയിരുന്നു കാര്യംനേടുവാൻ ഇവയിൽ ഒന്നിനും സാദ്ധ്യമല്ല.

6. മനുഷ്യൻ പോത്തിനേപ്പോലെതിന്നു, വണ്ടിവലിക്കുന്നതിനല്ല ജനിച്ചിട്ടുള്ളത്; പ്രത്യുത, വിശുദ്ധവും സുന്ദരവുമായ കർമ്മളു സൃഷ്ടിക്കുക എന്നുള്ളതാണ് മനുഷ്യന്റെ മുഖ്യമായ കർത്തവ്യം.

7. കണ്ണാടിയിലെ ചിത്രംപോലെയും 'സിനിമാ'യിലെ കാഴ്ചപോലെയുമുള്ള കർമ്മങ്ങളിൽ ഭ്രമിക്കരുത്. പക്ഷെ അതു ഭൗതിക വിജ്ഞാനത്തിനു പര്യാപ്തമായി തീർന്നേക്കാം.

8. സ്വാർത്ഥപരന്മാർ മററു ജീവികളൊടൊപ്പം ഒരു വക ജീവികൾ എന്നേയുള്ളു. അവർ സഹൃദയന്മാരോ സാക്ഷാൽ മനുഷ്യരോ ആയിതീരുന്നില്ല. സ്വകുക്ഷിപൂരണത്തിനു എന്തു അധർമ്മങ്ങൾ പറയുന്നതിനും ചെയ്യുന്നതിനും അവർ മടിക്കുന്നവരുമല്ല.

9. ലോകത്തിൽനിന്നുമുള്ള തിരോധാനത്തിൽ ഏവനും വെറും കയ്യോടുകൂടിയാണ് പോകുന്നത്. നിസ്സ്വൻ ഇതു പ്രത്യേകം അറിഞ്ഞിരിക്കുന്നതുകൊള്ളാം.

10. ഹൃദ്യവും ചേതോഹരങ്ങളുമായ വിവിധവിഭവങ്ങൾ കാലാകാലങ്ങളിൽ പ്രകൃതി നമുക്കു സംഭാവന ചെയ്യുന്നു. ഇതുപോലെ മനുഷ്യനും അവന്റെ കർമ്മഫലങ്ങൾക്കു ഉപകാരമുണ്ടാകത്തക്കവിധം ചെയ്യേണ്ടതാകുന്നു.

iii

1. സ്നേഹമാകുന്ന ഉറവുകൾ ഏതൊരു കർമ്മങ്ങളിലും തെളിഞ്ഞുകാണണം. അതു കർമ്മങ്ങളുടെ വിജയത്തിനുള്ള അസ്തിവാരമാകുന്നു.

2. സ്നേഹത്തിനു ആലക്തികമഹാശക്തിയെപ്പോലെ ആത്മാക്കളെ ബന്ധിക്കുവാൻ ഒരു പ്രത്യേകവാസനയുണ്ട്. അതു അസ്ഥാനസ്ഥിതമാകാതിരുന്നാൽ വിശ്വോത്തരവും അനുഗ്രഹപ്രദവും ആയിത്തീരുന്നു.

3. മൗനമായും അസംഗമായും ഇരുന്നു കർത്തവ്യകർമ്മം ചെയ്യണം. അല്ലാതിരുന്നാൽ അവന്റെ കർമ്മം ഫലപ്രാപ്തിയിൽ വരുവാൻ വിഷമം നേരിടും. അവ ചിലപ്പോൾ വിഘ്നകരങ്ങളായും തീർന്നേക്കാം.

4. അനുകമ്പയില്ലാത്തവന്റെ ഹൃദയം 'സഹാറ' മണലാരണ്യം പോലെയാണ്. അവന്റെ കർമ്മഫലങ്ങൾ അവനുതന്നെ ദോഷകരങ്ങളായി തീരുന്നു.

5. പ്രകൃതിയുടെ നീരൊഴുക്കിൽ ആരും അകപ്പെടും. സ്വാർത്ഥൻ കെട്ടിപ്പടുത്തുവച്ചിരിക്കുന്നതൊന്നും അപ്പോൾ അവനുതകുന്നില്ല. എന്നാൽ അവൻ അതിൽ ആണ്ടുപോകയും നിസ്വാർത്ഥൻ മരിച്ചാലും മരിക്കാതിരിക്കയും ചെയ്യുന്നു.

6. മനോഹരങ്ങളായ മഹാരണ്യം പ്രകൃതി, ഇവ: പക്ഷിമൃഗാദികൾക്കഭയം നൾകുന്നു. അവിടം വെട്ടിവിതച്ചാൽ ഫലഭൂയിഷ്ഠമായും തീരുന്നു. പ്രകൃതിയുടെ നൈസർഗ്ഗികമായ ഈ സംഭാവന ബുദ്ധിമാനായ മനുഷ്യൻ അറിഞ്ഞിരിക്കേണ്ടതാണ്.

7. ആദിത്യൻ തന്റെ കിരണാവലികളാൽ ജലം ആകർഷിച്ചെടുക്കുന്നു. ജീവികളുടെ ഐശ്വര്യസമ്പൂർണ്ണത വർഷരൂപേണ അതു പിന്നീടു ദാനം ചെയ്യുകയും ചെയ്യുന്നു. നിഷ്കാമകർമ്മിയായ ആദിത്യന്റെ ഈ കർത്തവ്യകർമ്മവും കൃത്യനിഷ്ഠയും മനുഷ്യൻ പൂർണ്ണമായി അറിഞ്ഞിരുന്നെങ്കിൽ ലോകം സമാധാനസമ്പൂർണ്ണമായ സ്വർഗ്ഗീയസാമ്രാജ്യം ആകുമായിരുന്നേനെ.

8. കർമ്മഫലങ്ങൾ ദാനം ചെയ്യേണ്ടതാകുന്നു. കാരണം; ഫലം അവ

---

തലായവക്കെല്ലാം ഉടനടി ഒരു പരിഹാരം കാണണമെങ്കിൽ, സ്വതന്ത്രഭാരതത്തിന്റെ നായകനായി 'സ്റ്റാലി'നെപ്പോലെയോ 'ഹിററ്ലരെ'പ്പോലെയോ ഉള്ള ഒരു ഏകാധിപതിയുടെ ആവിർഭാവമായിരിക്കുകയില്ലേ ഇന്ത്യക്കു കാമ്യമായിരിക്കുക എന്ന ഒരു ചോദ്യം പലരും ചോദിക്കാറുണ്ട്. അനേകം മതങ്ങളുടെ ജന്മഭൂമിയും, അനേകലക്ഷം വരുന്ന നാനാ ജാതിമതസ്ഥരായ ജനങ്ങളുടെ വാസഭൂമിയുമായ ഇന്ത്യയിൽ പ്രജായത്തഭരണം വിജയിക്കുകയില്ലെന്നും, സ്വതന്ത്ര ഇന്ത്യയിൽ കരുത്തേറിയ ഒരു ഏകാധിപതിയുടെ 'ഇരുമ്പുകൈ'കൊണ്ടല്ലാതെ വിജയകരമായ ഭരണം സാദ്ധ്യമല്ലെന്നും പറയുന്നവരുണ്ട്. അതെല്ലാം കാലം തീർച്ചപ്പെടുത്തേണ്ടുന്ന കാര്യങ്ങളാണ്. ഏകാധിപതി വേണമെന്നു തോന്നുമ്പോൾ ഇന്ത്യയിൽ ഏകാധിപതി ഉണ്ടാകും. ഇപ്പോൾ ഇന്ത്യ കുതിക്കുന്നതു് പ്രജാധിപത്യത്തിലേക്കാണ്. ഏകാധിപതിയുടെ ഉദയംവരെ ഇന്ത്യ പ്രജാധിപത്യത്തിലേക്കുതന്നെ പൊയ്ക്കൊള്ളട്ടേ പ്രജാധിപത്യത്തിന്റെ കീഴിൽ തന്നെ ജീവിക്കട്ടെ.

— —

# ജീവൽ സാഹിത്യം

പി. കേശവദേവ്

## ജീവിതവും സാഹിത്യവും

തത്വചിന്തകൾ, വിശ്വാസങ്ങൾ, ആചാരമര്യാദകൾ, നിയമങ്ങൾ മുതലായവയെപ്പോലെതന്നെ സാഹിത്യവും, ജീവിതത്തിൽനിന്നുൽഭവിക്കുന്നതും ജീവിതത്തോടു പററിച്ചേർന്നു നിൽക്കുന്നതും ആണു്. ജീവിതക്രമത്തിലുണ്ടാകുന്ന മാററത്തിൻെറ തോതനുസരിച്ചു തത്വചിന്തകളിലും, വിശ്വാസങ്ങളിലും, ആചാരമര്യാദകളിലും, നിയമങ്ങളിലുമെന്നപോലെതന്നെ സാഹിത്യത്തിലും മാററമുണ്ടാവുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ, സാഹിത്യനിർമ്മാണത്തിനു നിദാനമായ വികാരങ്ങളും, വിചാരങ്ങളും, ഭാവനയും ജീവിതത്തിൽനിന്നു മാത്രം ഉൽഭവിക്കുന്നവയാകുന്നു. അവയ്ക്കു ജീവിതത്തിൽ നിന്നു സ്വതന്ത്രമായ ഒരു നിലനില്പില്ലതന്നെ. ശാസ്ത്രീയമായ ഈ യാഥാർത്ഥ്യത്തെ അംഗീകരിച്ചെങ്കിലല്ലാതെ, സാഹിത്യത്തെപ്പററി ശരിയായ ഒരു വിചാരണ നടത്തുവാൻ സാധ്യമല്ല.

കുറെ നാൾ മുൻപു് ഒരു എഴുത്തുകാരൻ എഴുതിയിരിക്കുന്നതു കണ്ടു, സാഹിത്യത്തെപ്പററി വിചാരണ നടത്തുമ്പോൾ ജീവിതത്തിൽനിന്നു അകന്നുനിൽക്കണമെന്നു്. അജ്ഞത ചിലപ്പോൾ ആനന്ദകരവും, പലപ്പോഴും ആപൽക്കരവും ആകാറുണ്ടു്. ജീവിതത്തെപ്പററിയും സാഹിത്യത്തെപ്പററിയും ആ എഴുത്തുകാരനുള്ള അജ്ഞത ആപൽക്കരമാണു്. എന്തുകൊണ്ടെന്നാൽ ജീവിതത്തിൽനിന്നു അകന്നുനിന്നാൽ പിന്നെ സാഹിത്യത്തെപററി മാത്രമല്ല, ഒന്നിനെപ്പററിയും വിചാരണ നടത്തുവാൻ സാധ്യമല്ല. സാധ്യമായാൽതന്നെ, ആ വിചാരണകൾ യാഥാർത്ഥ്യങ്ങളോടു സംബന്ധമില്ലാത്തതായിരിക്കുകയേ ഉള്ളൂ. തന്നിമിത്തം, അത്തരം വിചാരണകൾ അവയുടെ ഫലത്തെ അംഗീകരിക്കുന്നവരിൽ മാത്രമല്ല, വിചാരണ നടത്തുന്നവരിൽകൂടിയും ആപൽക്കരങ്ങളായ ഫലങ്ങളെ ഉളവാക്കും.

ഒരു സാഹിത്യകാരനും ജീവിതത്തിൽനിന്നു് ഒഴിഞ്ഞു നിൽക്കുവാൻ സാധ്യമല്ല—എന്നുവച്ചാൽ, അയാളുടെ ദൈനംദിന ജീവിതത്തിൻെറയും, അയാളുടെ ചുററുമുള്ള ജീവിതത്തിൻെറയും സ്വാധീന ശക്തിയിൽനിന്നു് ഒഴിഞ്ഞു നിൽക്കുവാൻ അയാൾക്കു സാധ്യമല്ല. എന്തുകൊണ്ടെന്നാൽ, സാഹിത്യനിർമ്മാണത്തിനു പ്രേരകമായ വികാരങ്ങളും, വിചാരങ്ങളും ഭാവനയും മററും സാമൂഹ്യജീവിതത്തിൻെറ അലകൾ മാത്രമാണു്. തന്നിമിത്തം അയാൾ നിർമ്മിക്കുന്ന സാഹിത്യം അയാളുടെ ദൈനംദിന ജീവിതത്തിൻെറയും സാമൂഹ്യ പരിസരങ്ങളുടെയും, നേരിട്ടുള്ളതോ, പ്രകാരാന്തരേണയുള്ളതോ ആയ പ്രതിഫലനമായിരിക്കാതെ നിവൃത്തിയില്ല. ലോകസാഹിത്യത്തിൻെറ ചരിത്രം തന്നെയാണു്, മേൽപറഞ്ഞ പരമാർത്ഥങ്ങൾക്കുള്ള തെളിവു്. ഏതൊരു കാലത്തും ദേശത്തും ഉണ്ടായിട്ടുള്ള സാഹിത്യകാരന്മാർ, അതാതു കാലത്തിൻെറയും ദേശത്തിൻെറയും പ്രതിനിധികളായിരുന്നു—എന്നു വച്ചാൽ, അവരുടെകാലത്തിൻെറയും ദേശത്തിൻെറയും, സാമൂഹ്യ പരിസരങ്ങളാണു് അവരുടെ സാഹിത്യത്തിൽ പ്രതിഫലിച്ചു കാണുന്നതു്.

ഏതാനും മാസങ്ങൾക്കുമുമ്പു് കേരളത്തിലെ പ്രസിദ്ധനായ ഒരു കവി ചെയ്ത ഒരു പ്രസംഗത്തിൽ പറയുകയുണ്ടായി, കവി പ്രകൃതിയുടെ വെളിച്ചപ്പാടാണെന്നു്. ഒരു വലിയ സത്യമാണതു്. കവി മാത്രമല്ല, കലാകാരന്മാരെല്ലാം പ്രകൃതിയുടെ വെളിച്ചപ്പാടന്മാരാകുന്നു. അവർ കലാകലികൊണ്ടു തുള്ളിപ്പറയുന്നതും, കാണിക്കുന്നതുമെല്ലാം പ്രകൃതിയുടെ വികാരങ്ങളും വിചാരങ്ങളും ആകുന്നു. പക്ഷെ, ഇവിടെ ഒരു കാര്യം പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ടു്. പ്രകൃതി എന്നു പറയുന്നതു് മനുഷ്യൻ ഒഴിച്ചുള്ള ചരാചരങ്ങളാണെന്നു് ഒരു തെററിദ്ധാരണ കണ്ടുവരുന്നു. മനുഷ്യൻ പ്രകൃതിയുടെ ഏററവും പ്രധാനപ്പെട്ട ഒരു ഭാഗമാണെന്നു മാത്രമല്ല, പ്രകൃതിയിൽതന്നെ അത്ഭുതകരമായ മാററങ്ങളുണ്ടാക്കുവാൻ ത്രാണിയുള്ളവനാണെന്നുംകൂടി നാം വിസ്മരിച്ചുകൂടാ. ഇങ്ങനെ നോക്കുമ്പോൾ മനുഷ്യരും പക്ഷിമൃഗാദികളും, വൃക്ഷലതാദികളും ആകാശവും, സമുദ്രവും, നദികളും എന്നുവേണ്ട എല്ലാം ഉൾപ്പെട്ടതായ പ്രകൃതിയുടെ വെളിച്ചപ്പാടാണു് കലാകാരൻ എന്നു കാണാവുന്നതാണു്. മനുഷ്യരടക്കമുള്ള പ്രകൃതിയുടെ വികാരങ്ങളും, വിചാരങ്ങളും, ജീവിതക്രമങ്ങളും ആണു് കലാകാരൻെറ മനസ്സിൽ പ്രതിഫലിക്കുന്നതും, കലയായി രൂപാന്തരപ്പെടുന്നതും. എന്നാൽ കലാകാരനും മനുഷ്യനായതുകൊണ്ടു്, അയാളുടെ വികാരങ്ങളെ ഉണർത്തുന്നതും, ചിന്തയെ ഉദ്ദീപിപ്പിക്കുന്നതും, ഭാവനയെ വികസിപ്പിക്കുന്നതും, അയാളുടെയും അയാളുടെ ചുററുമുള്ള മനുഷ്യരുടേയും ജീവിതമാണു്. അതുകൊണ്ടു്, കലാകാരൻ പ്രഥമമായും പ്രധാനമായും, മനുഷ്യരുടെസാമൂഹ്യ ജീവിതത്തിൻെറ—അഥവാ, സാമൂഹ്യ പരിസരങ്ങളുടെ—വെളിച്ചപ്പാടാകുന്നു.


JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY MANNARGHAT

പി. കേശവദേവ്

### സാഹിത്യത്തിൻെറ വർഗ്ഗസ്വഭാവം

സാമൂഹ്യ ഘടനയുടെ അടിസ്ഥാനമെന്തെന്നുകൂടി അറിഞ്ഞാൽ മാത്രമേ ഓരോ ദേശത്തും കാലത്തും ഉള്ള സാമൂഹ്യ സ്ഥിതിയിൽ നിന്നുത്ഭവിക്കുന്ന സാഹിത്യത്തിൻെറ യഥാർത്ഥസ്വഭാവം നമുക്കു മനസ്സിലാവുകയുള്ളൂ.

ജീവിതവിഭവങ്ങളുടെ ഉല്പാദനവിതരണസമ്പ്രദായങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു്—അഥവാ, സാമ്പത്തികഘടനയെ അടിസ്ഥാനപ്പെടുത്തിയാണു്—സാമൂഹ്യഘടനകൾ രൂപീകൃതങ്ങളാകുന്നതു്. എന്നുവച്ചാൽ, ഏതൊരു സാമ്പത്തികവർഗ്ഗം ജീവിതവിഭവങ്ങളുടെ ഉല്പാദനവിതരണങ്ങളെ നിയന്ത്രിക്കുന്നുവോ, ആ സാമ്പത്തികവർഗ്ഗത്തിൻെറ താല്പര്യങ്ങളെ സംരക്ഷിക്കുവാൻ ഉതകുന്ന ഭരണവും, നിയമങ്ങളും, ആചാരങ്ങളും, വിശ്വാസങ്ങളും മററുമായിരിക്കും ആ സാമൂഹ്യഘടനയെ നിയന്ത്രിക്കുന്നതു്. അങ്ങിനെ വർഗ്ഗസ്വഭാവത്തോടുകൂടിയസാമൂഹ്യഘടനയാണു്—ആ സാമൂഹ്യഘടനയിലുള്ള ജീവിതരീതിയും, വിശ്വാസാദർശങ്ങളും മററുമാണു്—സാഹിത്യകാരനിൽ ഉൽഭവിക്കുന്ന വികാരങ്ങളുടേയും, വിചാരങ്ങളുടേയും, ഭാവനയുടേയും അടിസ്ഥാനം. അതായതു്, ഏതുകാലത്തേയും ദേശത്തേയും സാഹിത്യം, വർഗ്ഗസ്വഭാവത്തോടുകൂടിയ സാമൂഹ്യഘടനയുടെ, വ്യക്തമോ അവ്യക്തമോ, ആയ പ്രതിഫലനമായിരിക്കും.

ജീവിതവിഭവങ്ങളുടെ ഉല്പാദനക്രമത്തിൽ എപ്പോഴും മാററം സംഭവിച്ചുകൊണ്ടിരിക്കുമെന്നുള്ളതിനാൽ, സാമൂഹ്യഘടനയ്ക്കും തദനുകൂലമായ മാററമുണ്ടാവുകയും, അതോടുകൂടി സാഹിത്യവും മാറുകയും ചെയ്യും. ഫ്രെഞ്ചു വിപ്ലവത്തിനുമുൻപു നാടുവാഴി പ്രഭുക്കളുടേയും, രാജാക്കന്മാരുടേയും, പുരോഹിതന്മാരുടേയും സ്തുതികൾകൊണ്ടും കഥകൾകൊണ്ടും നിറയപ്പെട്ടിരുന്ന യൂറോപ്യൻ സാഹിത്യം, ഫ്രെഞ്ചു വിപ്ലവത്തിൻെറ ആവിർഭാവത്തോടുകൂടി ഉയർന്നുവന്ന മുതലാ

---

ൻേറതല്ലാത്തതുകൊണ്ടു തന്നെ. അഹന്താപരമായി കർമ്മഫലങ്ങൾ അവൻേറതാണെന്നുള്ള ബോധമുണ്ടായാൽ നിശ്ചയമായും അതു ദാനംചെയ്യേണ്ടതുതന്നെയാണു. അല്ലാതിരുന്നാൽ അവ അവനെതന്നെ നാശത്തെ ചെയ്യുന്നതാണു്.

9. മനുഷ്യൻ പ്രകൃതിയുടെ ഒരു മരപ്പാവ, മാത്രമായി തീരരുതു്. എന്നാൽ അവൻ ജീവിച്ചിരിക്കുന്നവനേ അല്ല.

10. വഴിക്കുള്ള വിഷമതകൾ പ്രവർത്തകൻ വകവയ്ക്കുന്നില്ല. നിസ്വാർത്ഥനാണെങ്കിൽ ക്ലേശങ്ങൾ അവൻ സുഖങ്ങളായി ഗണിക്കുന്നു. അതുകൊണ്ടു നിസ്വാർത്ഥിക്കു ദുഃഖമെന്നു ഒന്നില്ല. അവൻെറ പ്രവൃത്തികൾ ശീഘ്രതരങ്ങളും വിജയപ്രദങ്ങളും ആയിത്തീരുന്നു.

— —

ളിവർഗ്ഗത്തിന്റെയും, ഇടത്തരക്കാരുടേയും, മർദ്ദിതരായ ജനസാമാന്യത്തിന്റെയും സ്വാതന്ത്ര്യവാദത്തെ പ്രതിഫലിക്കുവാൻ തുടങ്ങി. അതുപോലെതന്നെ, മുതലാളിത്വത്തിന്റെ പാർലമെന്ററി ഭരണത്തെയും അതിന്റെ സിദ്ധാന്തങ്ങളേയും, ആദർശങ്ങളേയും പ്രകീർത്തിച്ചിരുന്ന സാഹിത്യത്തിന്, ലോകമഹായുദ്ധത്തിന്റെയും റഷ്യൻ വിപ്ലവത്തിന്റെയും ആവിർഭാവത്തോടുകൂടി മാററം സംഭവിച്ചുപോയി. ഇന്നത്തെ പാശ്ചാത്യസാഹിത്യമാകട്ടെ, മുതലാളിത്വത്തോടും, അതിന്റെ ഭരണത്തോടും, അതിന്റെ സിദ്ധാന്തങ്ങളോടും, അതിന്റെ ആചാരമര്യാദകളോടും എതിർക്കുന്നതും, ജനസാമാന്യത്തിന്റെ സ്വാതന്ത്ര്യകാഹളത്തെ മാറെറാലിക്കൊള്ളിക്കുന്നതും, ജനസാമാന്യത്തിന്റെ ആധിപത്യത്തെ ദീർഘദർശനം ചെയ്യുന്നതും ആണ്. ഇപ്രകാരമുള്ള മാററങ്ങൾ ഭാരതീയസാഹിത്യത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇന്നലെവരെ പുരോഹിതന്മാരേയും, പ്രഭുക്കന്മാരേയും, രാജാക്കന്മാരേയും കീർത്തിച്ചുകൊണ്ടിരുന്ന സാഹിത്യം, ഇന്നു പ്രജായത്തസിദ്ധാന്തങ്ങളുടേയും സാമാന്യജനങ്ങളുടെ സ്വാതന്ത്ര്യവാദത്തിന്റെയും ഭാഗം ചേർന്നിരിക്കുന്നു. എന്താണു കാരണം? സാമൂഹ്യഘടനയിൽ മാററം സംഭവിച്ചുകൊണ്ടിരിക്കുന്നു; തന്നിമിത്തം ഭരണഘടനയിലും ആദർശങ്ങളിലും സിദ്ധാന്തങ്ങളിലും മററും മാററമുണ്ടായിക്കൊണ്ടിരിക്കുന്നു—അതാണു കാരണം.

ഇവിടെ ഒരു സംഗതി വ്യക്തമാക്കുവാൻ ആഗ്രഹിക്കുന്നു. സമുദായത്തിലുള്ള എത്രയും നിസ്സാരമായ മാററം, വിരുദ്ധശക്തികൾ തമ്മിലുള്ള മത്സരങ്ങളും, മററുള്ളവരേക്കാൾ അധികമായി സാഹിത്യകാരന്റെ മനസ്സിലാണു പ്രതിഫലിക്കുന്നത്. അങ്ങനെ പ്രതിഫലിക്കുന്ന മാററങ്ങളേയും മത്സരങ്ങളേയും സാഹിത്യകാരൻ അയാളുടെ ഭാവനയിൽക്കൂടി വലുതാക്കിക്കാണിക്കുന്നതു നിമിത്തം, മാററങ്ങൾക്കു വേഗത കൂട്ടുന്നതും മത്സരങ്ങളുടെ ശക്തി വദ്ധിപ്പിക്കുന്നതും സാഹിത്യകാരനാകുന്നു.

ചില സാഹിത്യകാരന്മാർ പറയാറുണ്ട്, അവർ വർഗ്ഗങ്ങൾക്കും വർഗ്ഗമത്സരങ്ങൾക്കും അതീതരായി നിൽക്കുന്ന നിഷ്പക്ഷ നിരീക്ഷകന്മാരാണെന്ന്. അസംബന്ധം! അവക്കു അങ്ങനെ വർഗ്ഗങ്ങൾക്കും വർഗ്ഗമത്സരങ്ങൾക്കും അതീതരായി നിൽക്കുവാൻ സാദ്ധ്യമല്ലെന്ന് അവർ ഓക്കുന്നില്ല. ജീവിതവിഭവങ്ങളുടെ ഉല്പാദനത്തിന്റെ ആധിപത്യത്തിനുവേണ്ടി വർഗ്ഗങ്ങൾ തമ്മിൽ നടത്തുന്ന മത്സരത്തിൽ അധിഷ്ഠിതമായിരിക്കുന്ന സാമൂഹ്യജീവിതമാണ് അവരുടെ വിചാരങ്ങൾക്കും വികാരങ്ങൾക്കും നിദാനമെന്നും, അങ്ങനെ ഉത്ഭവിക്കുന്ന സാഹിത്യം വർഗ്ഗസ്വഭാവത്തോടുകൂടിയതായിരിക്കുമെന്നും ഉള്ള പരമാത്ഥം ഒന്നുകിൽ അവർ അറിയുന്നില്ല, അല്ലെങ്കിൽ ആ പരമാത്ഥത്തെ അവർ മനഃപൂർവം മറച്ചുവയ്ക്കുന്നു. എതായാലും ഇപ്രകാരം നിഷ്പക്ഷത ഭാവിക്കുന്ന സാഹിത്യകാരന്മാർ എല്ലാവരും, അധികാരിവർഗ്ഗത്തിന്റെ പ്രചാരകന്മാരായ പിന്തിരിപ്പൻ സാഹിത്യകാരന്മാരായിട്ടാണു കണ്ടുവരുന്നത്. ഒരു പ്രകാരത്തിൽ നോക്കിയാൽ, പിന്തിരിപ്പൻ പക്ഷത്തു പരസ്യമായി നിൽക്കുന്ന സാഹിത്യകാരന്മാരേക്കാൾ ആപൽക്കാരികളാണ്, നിഷ്പക്ഷത നടിക്കുന്ന സാഹിത്യകാരന്മാർ. അവർ വർഗ്ഗമത്സരങ്ങളിൽനിന്നു ഉയന്നു നിൽക്കുന്നു എന്ന നാട്യത്തിൽ, മർദ്ദിതവർഗ്ഗങ്ങളുടെ പുരോഗമനപരമായ പ്രസ്ഥാനങ്ങളെ തന്ത്രത്തിൽ എതിർക്കുകയാണു ചെയ്യുന്നത്.

പുരോഗമന സാഹിത്യവും ഉണ്ടായിട്ടുണ്ട്., ഫ്യൂഡലിസത്തിന്റെ ശവക്കുഴിയിൽ നിന്നുയന്ന മുതലാളി വർഗ്ഗം അന്നത്തെ പുരോഗമനവർഗ്ഗമായിരുന്നതിനാൽ, മുതലാളി സാഹിത്യം അന്നത്തെ പുരോഗമനസാഹിത്യമായിരുന്നു. മുതലാളിത്വത്തിന്റെ വളർച്ച അവസാനിച്ചപ്പോൾ—അതിന്റെ ചരിത്രപരമായ ഭാഗങ്ങൾ അഭിനയിച്ചു തീന്നപ്പോൾ—അതൊരു പിന്തിരിപ്പൻ ശക്തിയായി തീന്നപ്പോൾ—അതിന്റെ സാഹിത്യവും പിന്തിരിപ്പൻ സാഹിത്യമായിതീന്നു. ഇന്നത്തെ പുരോഗമനവർഗ്ഗങ്ങളുടെ പ്രാതിനിദ്ധ്യം വഹിക്കുന്നതായ ഒരു പുതിയ സാഹിത്യം—മുതലാളിത്വത്തിന്റെയും ഫാസിസത്തിന്റെയും പിന്തിരിപ്പൻ ശക്തികളോട് എതിർക്കുന്നതായിട്ടൊരു സാഹിത്യം—ഇപ്പോൾ ഉൽഭവിച്ചിരിക്കുന്നു. ആ സാഹിത്യമാണ് ഇന്നത്തെ ജീവൽ സാഹിത്യം



മഹാകവി കുട്ടമത്ത്

## യഥാസ്ഥിതിക സാഹിത്യവും പുരോഗമന സാഹിത്യവും

ഇപ്രകാരം വർഗ്ഗീയസ്വഭാവത്തോടുകൂടിയ സാഹിത്യത്തെ നമുക്ക് രണ്ടായി തരംതിരിക്കാം. യഥാസ്ഥിതിക വർഗ്ഗങ്ങളും പുരോഗമനവർഗ്ഗങ്ങളും ഉള്ളപോലെ, സാഹിത്യത്തെ യഥാസ്ഥിതികസാഹിത്യമെന്നും പുരോഗമന സാഹിത്യമെന്നും രണ്ടായി തിരിക്കേണ്ടിയിരിക്കുന്നു. ഇതിൽ പുരോഗമന സാഹിത്യത്തെ സംഘടിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ഉള്ളതാണ് ജീവൽ സാഹിത്യ പ്രസ്ഥാനം.

മനുഷ്യസമുദായത്തിൽ എല്ലാ കാലത്തും യഥാസ്ഥിതികശക്തികളും പുരോഗമന ശക്തികളും ഉണ്ടായിരുന്നതുപോലെ തന്നെ, എല്ലാകാലത്തും യഥാസ്ഥിതിക സാഹിത്യവും

ഇപ്രകാരം സാഹിത്യത്തിന്റെ ചരിത്രത്തെ പരിശോധിക്കുന്ന പക്ഷം, സമുദായത്തിന്റെ വികാസത്തോടൊപ്പം സാഹിത്യവും വികസിച്ചിട്ടുണ്ടെന്നും, പിന്തിരിപ്പൻ വർഗ്ഗങ്ങളും പുരോഗമന വർഗ്ഗങ്ങളും തമ്മിൽ മത്സരിച്ചുകൊണ്ടിരുന്നതു പോലെ തന്നെ പിന്തിരിപ്പൻ സാഹിത്യവും പുരോഗമനസാഹിത്യവും തമ്മിൽ മത്സരിച്ചുകൊണ്ടിരുന്നു എന്നും കാണാവുന്നതാണ്. ചുരുക്കത്തിൽ, സമുദായത്തിലുള്ള വൈരുദ്ധ്യങ്ങൾ തമ്മിലുള്ള മത്സരങ്ങളുടേയും, മത്സരങ്ങളിൽ കൂടിയുള്ള വികാസത്തിന്റെയും ചരിത്രം തന്നെയാണ് സാഹിത്യത്തിന്റെയും ചരിത്രം.

സമുദായത്തിന്റെ ഏതെങ്കിലും ഒരു വികാസദശയിലുള്ള പുരോഗമന സാഹിത്യം, അടുത്ത വികാസദശയിൽ പിന്തിരിപ്പൻസാഹിത്യമായിമാറിഎന്നുവരാം. അപ്രകാരം സമുദായത്തിലുള്ള നിലയും വിലയും നശിച്ച് നാശോന്മുഖരായിത്തീരുന്ന പിന്തിരിപ്പൻസാഹിത്യത്തിന്റെ കൂട്ടാളികളിൽ നിന്നാണ്, "കലകലയ്ക്കുവേണ്ടി" എന്നും "സാഹിത്യം സാഹിത്യത്തിനുവേണ്ടി" എന്നും ഉള്ള വിളികൾ പുറപ്പെടുന്നത്. ഒരു കാലത്തും, കല കലയ്ക്കുവേണ്ടി ആയിരുന്നിട്ടില്ല. സാഹിത്യം സാഹിത്യത്തിനുവേണ്ടിയും ആയിരുന്നിട്ടില്ല. കലകളും സാഹിത്യവും, അവ നിമ്മിക്കപ്പെടുന്ന കാലത്തെ സാമൂഹ്യ വിശ്വാസങ്ങളുടേയും ആദർശങ്ങളുടേയും ആചാരമര്യാദകളുടേയും പ്രതിഫലനമായിരുന്നിട്ടേ ഉള്ളൂ. അവ മനുഷ്യരാൽ മനുഷ്യക്കുവേണ്ടി നിമ്മിക്കപ്പെട്ടവയും ആണ്. സാഹിത്യം സാഹിത്യത്തിനുവേണ്ടി എന്നുള്ള വിളി, സാഹിത്യത്തിന്റെ സാമൂഹ്യമായ വില നശിക്കുമ്പോൾ അതിന്റെ കലാപരമായ വിലയെ ഉയർത്തിക്കാണിക്കുവാനുള്ള ഒരു തന്ത്രം മാത്രമാകുന്നു.

## സാഹിത്യത്തിലെ വികാരാത്മകത്വം

വികാരങ്ങളെ കൈമാററംചെയ്യുന്ന (സംക്രമിപ്പിക്കുന്ന) വിദ്യയാണ് കല, എന്നുള്ള ടോൾസ്റ്റോയിയുടെ കലാനിർവ്വചനത്തെ ജീവൽസാഹിത്യകാരന്മാർ പ്രതിഷേധിക്കുന്നില്ല. പക്ഷെ, കലകളിൽ പ്രതിഫലിപ്പിക്കുന്ന—അഥവാ, കലകളിൽക്കൂടി കൈമാററംചെയ്യുന്ന—വികാരങ്ങളെനാം രണ്ടായി തരംതിരിക്കേണ്ടിയിരിക്കുന്നു. യാഥാർത്ഥ്യങ്ങളോടു സംബന്ധമില്ലാത്തതായി വെറും ഭാവനയിൽനിന്നുമാത്രം ഉൽഭവിക്കുന്നതായി ഒരുതരം വികാരങ്ങളുണ്ട്. അത്തരം അയഥാർത്ഥവികാരങ്ങളെ കൈമാററം ചെയ്യുക എന്നതിൽ കൂടുതലായ ഉദ്ദേശങ്ങളൊന്നുമില്ലാത്തതായ കലാകാരന്മാരും ഉണ്ട്. അത്തരം കലകൾ—വികാര കൈമാററങ്ങൾ—ഭ്രാന്തന്റെയോ മദ്യപാനിയുടേയോ വികാരപ്രകടനങ്ങളേക്കാൾ മെച്ചമാണെന്നു പറയാവുന്നതല്ല. അത്തരം കലാകാരൻമാർ ജീവിതത്തിൽ നിന്നു പിന്തിരിഞ്ഞു നിൽക്കുന്നവരാകയാലും അവരുടെ കലകൾ മുഖേന കൈമാററം ചെയ്യപ്പെടുന്ന വികാരങ്ങൾ ജീവിതത്തോടു ബന്ധമില്ലാത്തവയാകയാലും, ആ കലകൾ നമ്മെ സജീവതയിൽനിന്നു നിർജ്ജീവതയിലേക്കും, കർമ്മോന്മുഖതയിൽനിന്ന് കർമ്മവൈമുഖ്യത്തിലേക്കും, യഥാർത്ഥതയിൽനിന്നു അയഥാർത്ഥതയിലേക്കും നയിക്കുവാൻമാത്രമേ ഉപകരിക്കുകയുള്ളൂ. ഒരു ശിലാഖണ്ഡത്തിൽ സൗന്ദര്യമുണ്ടെന്നു സങ്കല്പിച്ച് ആനന്ദിക്കുകയും ആനന്ദിപ്പിക്കുകയുംചെയ്യുന്ന സാഹിത്യകാരനും, ചത്തുകിടക്കുന്ന കഴുതയെച്ചൊല്ലി കരയുക

യും കരയിക്കുകയും ചെയ്യുന്ന സാഹിത്യകാരനും, ശൂന്യതയിലെങ്ങും നിത്യശാന്തിയുണ്ടെന്നു ഭാവിക്കുകയും ഭാവിപ്പിക്കുകയും ചെയ്യുന്ന സാഹിത്യകാരനും, മുൻപറഞ്ഞ തരത്തിലുള്ള കലാകാരന്മാരാകുന്നു. സാഹിത്യകാരന്മാർ രാഷ്ട്രീയവും സാമ്പത്തികവും ആയ കാര്യങ്ങളിൽനിന്ന് ഒഴിഞ്ഞു നിൽക്കണമെന്നും പ്രകൃതി സൗന്ദര്യത്തിൽ (അവരുടെ "പ്രകൃതി"യിൽ മനുഷ്യർ ഉൾപ്പെടുകയില്ല) മുഴുകിക്കഴിഞ്ഞുകൊള്ളണമെന്നും, അവർ "ആത്മീയസൗന്ദര്യത്തിൽ" ആറാടി പ്രമോദനം കൊള്ളണമെന്നും ഉപദേശിക്കുന്നത്, അക്കൂട്ടരാണ്. ഭ്രാന്തന്റേയൊ മദ്യപാനിയുടേയൊ ജീവിതത്തെപ്പോലെ അവരുടെ ജീവിതവും അയഥാർത്ഥമായ സ്വപ്നമാകുന്നു. തന്നിമിത്തം, അവർ നിർമ്മിക്കുന്ന സാഹിത്യത്തിൽനിന്ന് ലഭിക്കുമെന്നു പറയപ്പെടുന്ന ആനന്ദവും സ്വപ്നപ്രായമായിരിക്കുകയേ ഉള്ളു. കലക്ക് ജീവിതവുമായി പ്രത്യേക ബന്ധമൊന്നുമില്ലെന്നും, ആനന്ദമാണ് കലാനിർമ്മാണത്തിന്റെ പരമോദ്ദേശമെന്നും പറയുന്ന ഇക്കൂട്ടരും, "കല കലയ്ക്കുവേണ്ടി" എന്നു വിളിച്ചുപറയാറുണ്ട്.

അപ്രകാരമുള്ള വികാരാത്മകത്വത്തെ ജീവൽസാഹിത്യകാരന്മാർ കഠിനമായിവെറുക്കുന്നു. സാഹിത്യത്തിൽക്കൂടി കൈമാററംചെയ്യപ്പെടുന്ന വികാരങ്ങൾ, ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്നു ജനിക്കുന്നവയും, ജീവിതയാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കാൻ പ്രേരിപ്പിക്കുന്നവയും ആയിരിക്കണം. ഒരു സാഹിത്യകാരൻ വായനക്കാരിൽ ഉണർത്തിവിടുന്ന വികാരങ്ങൾ അവരെ കർമ്മവിമുഖതയിലേക്കല്ലാ, കർമ്മോന്മുഖതയിലേക്കാണു നയിക്കേണ്ടതു്. അതു സാദ്ധ്യമാകണമെങ്കിൽ സാഹിത്യകാരന്റെ വികാരങ്ങൾ ജീവിതത്തിൽനിന്ന്—കർമ്മത്തിൽനിന്ന്—ജനിക്കുന്നവയായിരിക്കണം; മാത്രമല്ല, ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്നുതന്നെ അയാൾ കലാനിർമ്മാണത്തിനുള്ള പ്രമോദനം എടുക്കുകയുംവേണം. ജീവിതത്തിന്റെ പരുപരുത്ത വാസ്തവങ്ങളെ അഭിമുഖീകരിക്കാൻ തക്ക ധീരതയുള്ള സാഹിത്യകാരനു മാത്രമേ, ജീവിതത്തെ പ്രദാനം ചെയ്യുവാൻ, ജീവിതത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ സാധിക്കുകയുള്ളു. ജീവിതത്തിൽനിന്നു പിൻതിരിഞ്ഞു നിൽക്കുന്ന സാഹിത്യകാരന്മാർ നിർജ്ജീവതയെ സ്വപ്നംകണ്ടുകൊണ്ട്, വായനക്കാരെ അന്ധകാരത്തിലേക്കു നയിക്കുന്നു.

സാഹിത്യകാരൻ, അയാളുടെ സാഹിത്യത്തിൽക്കൂടി വികാരങ്ങളെ കൈമാററം ചെയ്യുമ്പോൾ അതിനു നിശ്ചിതമായ ഒരു ഉദ്ദേശമുണ്ടായിരിക്കണം. അതായതു്, ഒരു സാഹിത്യകൃതി ആസ്വദിക്കുന്ന ഒരാളിൽ ഉളവാകുന്ന വികാരങ്ങൾ അയാളുടെ മനസ്സിനേയും ബുദ്ധിയേയും ഏതു ലക്ഷ്യത്തിലേക്കാണു കൊണ്ടുപോകേണ്ടതെന്ന്, ആ സാഹിത്യകൃതിയുടെ നിർമ്മാതാവിനു വ്യക്തമായ ബോധമുണ്ടായിരിക്കണം. വായനക്കാരിൽ വികാരങ്ങളെ ഉണർത്തിവിടുക മാത്രമല്ല, ആ വികാരങ്ങളെ സംസ്കരിക്കുകയും, അവയെ അയാൾക്കും, സമുദായത്തിനും ഗുണകരമായ മാർഗ്ഗത്തിൽ കൂടി നയിക്കുകയും ചെയ്യേണ്ട കടമകൂടി സാഹിത്യകാരനുണ്ട്. സാഹിത്യകാരന് അങ്ങനെ ചെയ്യുവാനുള്ള പ്രാപ്തിയുണ്ടാകണമെങ്കിൽ ആദ്യമായി അയാളുടെ വികാരങ്ങളെ തന്നെ അയാൾ നിയന്ത്രിക്കുകയും സംസ്കരിക്കുകയും ചെയ്യാതെ നിവൃത്തിയില്ല. നേരെമറിച്ച് സാഹിത്യകാരന്റെ അനിയന്ത്രിതവും അസംസ്കൃതവുമായ വികാരങ്ങളെ അയാളുടെ കലകളിൽക്കൂടി സ്വതന്ത്രമായി പ്രവഹിക്കുവാൻ അനുവദിക്കുന്നു എങ്കിൽ അയാൾ സമുദായദൃഷ്ടിയിൽ ഒരു കുററക്കാരനാണ്. എന്തുകൊണ്ടെന്നാൽ നിയന്ത്രണമില്ലാത്തതും സംസ്കരിക്കപ്പെടാത്തതുമായ വികാരങ്ങൾ അപഥസഞ്ചാരം ചെയ്ത വ്യക്തികൾക്കും സമുദായത്തിനും ആപത്തുകൾ ഉണ്ടാക്കും.

ഒരു ഉദാഹരണം എടുക്കാം. ചില സാഹിത്യകാരന്മാർ, പ്രണയത്തിന്റെ മഹിമയേയും ദിവ്യത്വത്തേയും പാടിപ്പുകഴ്ത്തുകനിമിത്തം, അനവധി യുവതീയുവാക്കന്മാരുടെ ജീവിതം മരുഭൂമിപോലെ തരിശായോ, നരകത്തെപ്പോലെ ദുരിതമയമായോ, തീർന്നിട്ടുണ്ട്. പ്രണയനൈരാശ്യത്താൽ ആത്മഹത്യ ചെയ്യുന്നതായ സാഹിത്യകഥകൾ, ചില യുവതീയുവാക്കന്മാരുടെ ആത്മഹത്യയ്ക്കു കാരണമായിത്തീർന്നിട്ടുണ്ട്. നിശ്ചിതമായ ഉദ്ദേശങ്ങളൊന്നുമില്ലാതെ വികാരക്കൈമാററം ചെയ്യുന്നതുകൊണ്ടുള്ള ആപത്താണിതു്. സാഹിത്യകാരൻവെറുമൊരു സ്വപ്നദർശകനാണെന്നും, അയാൾക്കു സമുദായത്തോടു ഉത്തരവാദിത്വമൊന്നുമില്ലെന്നും, ജീവിതപ്രശ്നങ്ങളെപ്പററി ശാസ്ത്രീയപരിശോധന നടത്തേണ്ടയാവശ്യമില്ലെന്നും, അത്തരം വികാരപ്പുഴുക്കൾ തെററിദ്ധരിച്ചിട്ടുണ്ട്. ആ തെററിദ്ധാരണയിൽ നിന്നാണ് ഇത്തരം ആപത്തുകൾ ഉൽഭവിക്കുന്നതു്.



ബർണാഡ് ഷാ

പ്രണയകഥകൾ കൊണ്ടുണ്ടാകുന്ന ആപത്തിനെപ്പററി പറഞ്ഞതുകൊണ്ട്, ജീവൽ സാഹിത്യകാരന്മാർ പ്രണയവിദ്വേഷികളാണെന്നു ആരും ധരിച്ചുപോകരുതു്. പ്രണയത്തിന്റെ കാമ്യതയേയും, അതിൽനിന്നുളവാകുന്ന ആഹ്ലാദത്തെയും ജീവൽസാഹിത്യകാരൻ തികച്ചും വകവച്ചുകൊടുക്കും. പക്ഷെ പ്രണയവികാരത്തിനു ജീവിതത്തിൽ അനർഹമായ പ്രാധാന്യം കല്പിക്കുവാനൊ, അതു് ദിവ്യവും പരിപാവനവുമാണെന്നുള്ള വിഡ്ഢിത്തം ഘോഷിക്കുവാനൊ, ജീവൽസാഹിത്യകാരൻ തയ്യാറാവുകയില്ല. എന്തുകൊണ്ടെന്നാൽ, ജീവിതത്തെ ശാസ്ത്രീയമായി പരിശോധിക്കുവാനും, ജീവിതപ്രശ്നങ്ങളെപ്പററി യുക്തിപൂർവ്വം ചിന്തിക്കുവാനും അയാൾക്കു കഴിവുണ്ട്. മാത്രമല്ല, സാഹിത്യകാരനു സമുദായത്തോടുള്ള ഉത്തരവാദിത്വത്തെപ്പററിയും ജീവൽസാഹിത്യകാരനു ബോധമുണ്ട്.

സാഹിത്യനിർമ്മാണം ഒരു തമാശയല്ല, എത്രയും ഗൗരവമേറിയ ഒരുകാര്യമാകുന്നു. എന്തുകൊണ്ടെന്നാൽ, സാഹിത്യകാരൻ മനുഷ്യരുടെ വികാരങ്ങളിലാണു കൈവയ്ക്കുന്നതു്. മനുഷ്യരുടെ വികാരങ്ങളെ സ്പർശിക്കുക എന്നതു്—ഉണർത്തി വിടുകയെന്നതു് അത്യധികം സൂക്ഷ്മതയോടും, ഉത്തരവാദിത്വബോധത്തോടും കൂടി ചെയ്യേണ്ടതാകുന്നു. സാഹിത്യകാരൻ അയാൾക്കുവേണ്ടി മാത്രം സാഹിത്യം നിർമ്മിക്കുകയും, അതിനെ പ്രസിദ്ധീകരിക്കാതിരിക്കുകയും ചെയ്യുന്നിടത്തോളംകാലം, സാഹിത്യനിർമ്മാണത്തെ അയാൾ ഒരു തമാശയായി ഗണിക്കുന്നതിൽ ആക്ഷേപം എതിരില്ല. പക്ഷെ അയാളുടെ കൃതികളെ സമുദായത്തിന്റെ ഉപയോഗത്തിനായി പ്രസിദ്ധീകരിക്കുന്നപക്ഷം അയാൾ സമുദായത്തോടു ഉത്തരവാദിത്വമുള്ളവനായിരുന്നേ മതിയാവൂ. ഒരുസാഹിത്യകാരനും അയാൾക്കുവേണ്ടി മാത്രമായി സാഹിത്യനിർമ്മാണം ചെയ്യാത്തതുകൊണ്ട്, അങ്ങനെ തന്റെ താവശ്യത്തിനു മാത്രമായി സാഹിത്യനിർമ്മാണം ചെയ്യാൻ സാഹിത്യകാരനു സാധ്യമല്ലാത്തതുകൊണ്ട്, സാഹിത്യകാരന്മാരെല്ലാം സമുദായത്തോടു ഉത്തരവാദിത്വമുള്ളവരാണ്.

ജീവിതത്തെ ശാസ്ത്രീയമായിപരിശോധിക്കുകയും, ഉത്തരവാദിത്വബോധത്തോടുകൂടി സാഹിത്യ നിർമ്മാണ

ത്തിൽ ഏർപ്പെടുകയും ചെയ്യുന്ന ഒരു യഥാർത്ഥ സാഹിത്യകാരന്, മനുഷ്യരുടെ ഏറ്റവും മാർദ്ദവമേറിയ വികാരങ്ങളെ മാത്രമല്ല, ഏറ്റവും ആപൽക്കരമായ വികാരങ്ങളെയും ഉണർത്തിവിടുവാനും, അവയെ അയാൾ ഉദ്ദേശിക്കുന്ന ലക്ഷ്യത്തിലേക്കു നയിക്കുവാനും കഴിയും. മുൻപു പറഞ്ഞതായ ഉദാഹരണംതന്നെ എടുക്കാം. പ്രണയനൈരാശ്യത്താൽ ആത്മഹത്യചെയ്യുന്ന ഒരു യുവാവിനെ, ഉത്തരവാദിത്വബോധമുള്ള ഒരു സാഹിത്യകാരൻ ചിത്രീകരിക്കുന്നപക്ഷം, ആ യുവാവിന്റെ പ്രവൃത്തിയിൽ നമുക്കു തെല്ലൊരു സഹതാപവും അധികം വെറുപ്പും ഉണ്ടാകുമെന്നല്ലാതെ, അങ്ങനെ ചെയ്യുവാൻ നമുക്കു തോന്നുകയില്ല. അതുപോലെതന്നെ, ജീവിതത്തെ ശാസ്ത്രീയമായി പരിശോധിക്കുന്ന ഒരു സാഹിത്യകാരൻ പ്രണയത്തെപ്പററി ഒരു കവിതയൊ കഥയൊ നിർമ്മിച്ചാൽ, കാമ്യമായ ആ വികാരത്തെ തെല്ലുപോലും അവഹേളിക്കാതെ തന്നെ അതിൽ നിന്നുളവാകുന്ന ആഹ്ലാദത്തെ അല്പംപോലും കുറയ്ക്കാതെതന്നെ അതിന്റെ പരുപരുത്ത വാസ്തവങ്ങളെക്കൂടി അയാൾ നമുക്കു കാണിച്ചുതരും. വഴിയിൽകിടക്കുന്ന യാചകന്റെ ദയനീയസ്ഥിതിയെ വർണ്ണിച്ച് അയാൾ നമ്മുടെ കാരുണ്യത്തെയും സഹതാപത്തെയും പൂർണ്ണമായി ഉണർത്തിവിടുമെന്നു മാത്രമല്ല, ആ വികാരങ്ങളെ യാചകന്റെ ദയനീയസ്ഥിതിക്കു കാരണമായ സാമൂഹ്യപ്രശ്നങ്ങളിലേക്കു നയിക്കുകയും ചെയ്യും. ഒരു വേശ്യയെ ചിത്രീകരിച്ച് വേശ്യാവൃത്തിയെപ്പററി നമുക്ക് അറപ്പുംവെറുപ്പും ഉണ്ടാക്കുകമാത്രം ചെയ്യുന്ന സാഹിത്യകാരൻ, അയാളുടെ ജോലി പൂർണ്ണമാക്കുന്നില്ല. പ്രത്യുത, വേശ്യാവൃത്തിയോട് നമുക്കു അറപ്പുംവെറുപ്പും ഉണ്ടാക്കുന്നതോടുകൂടിത്തന്നെ ആ വേശ്യാവൃത്തിക്കു പ്രേരകമായിരിക്കുന്ന സാമൂഹ്യദോഷങ്ങളെ അയാൾ നമുക്ക് കാണിച്ചുതരികയൊ, അല്ലെങ്കിൽ ആ സാമൂഹ്യദോഷങ്ങളെ അന്വേഷിച്ചു കണ്ടുപിടിക്കുവാൻ നമ്മെ പ്രേരിപ്പിക്കുകയൊ ചെയ്യുന്നപക്ഷം, അയാളുടെ ഉദ്ദേശം പൂർത്തിയായതായി കരുതാം. ഇങ്ങനെ നോക്കുന്നപക്ഷം, മറെറാരുപ്രവൃത്തിയെക്കാളും അധികമായി ശാസ്ത്രീയപരിശോധനയും ഉത്തരവാദിത്വബോധവും സാഹിത്യനിർമ്മാണത്തിലാണ് ആവശ്യമായിരിക്കുന്നതെന്നു കാണാം. സാഹിത്യകാരൻ ഉത്തരവാദിത്വബോധമുള്ള ഒരു സേവകനും, പുരോഗമനേച്ഛുവായ ഒരു ശാസ്ത്രീയപരിശോധകനും, ഒരു ആചാര്യനും ആയിരുന്നേ മതിയാവൂ.

## പ്രചരണസാഹിത്യം

ജീവൽസാഹിത്യം ഏതാനും നവീനാശയങ്ങളെ പ്രചരിപ്പിക്കുവാനുള്ള സാഹിത്യമാണെന്നും, അപ്രകാരമുള്ള പ്രചരണസാഹിത്യത്തിന് കലാപരമായ മേന്മ ഉണ്ടാവുകയില്ലെന്നും, യാഥാസ്ഥിതികസാഹിത്യകാരന്മാർ പറയുന്നു. ഞാൻ ചോദിക്കട്ടെ: ഏതു സാഹിത്യമാണ് പ്രചരണസാഹിത്യമല്ലാത്തതു്? ഒരു സാഹിത്യകൃതി— അതു് ജീവൽസാഹിത്യമായാലും, യാഥാസ്ഥിതിക സാഹിത്യമായാലും— പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞാൽ, അതു പ്രചരണസാഹിത്യമായി. എന്തുകൊണ്ടെന്നാൽ, പ്രചരണമാണ് പ്രസിദ്ധീകരണത്തിന്റെ ഉദ്ദേശം. സാഹിത്യകാരന്റെ കൃതിയിൽ അടങ്ങിയിരിക്കുന്ന വിചാരങ്ങളും വികാരങ്ങളും അന്യരിൽ സംക്രമിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അയാൾ പ്രസിദ്ധീകരണത്തിനു മുതിരുന്നതു്. ഇവിടെ ഒരു സംഗതികൂടി ഓർമ്മിക്കേണ്ടതുണ്ട്. സാഹിത്യത്തിനു ലഭിക്കുന്ന പ്രചാരവും അഭിനന്ദനവുമാണ്, സാഹിത്യനിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുന്നതു്. അതിനാൽ എല്ലാതരം സാഹിത്യവും പ്രചരണസാഹിത്യമാണ്; എല്ലാ സാഹിത്യകാരന്മാരും പ്രചാരകന്മാരുമാണ്.

“എന്റെ സാഹിത്യം പ്രചരണസാഹിത്യമല്ലെ”ന്നു പറയുന്ന ആൾ, പ്രചരണമല്ലെന്നു പറഞ്ഞുകൊണ്ടു പ്രചരണം നടത്തുന്നു എന്നുമാത്രമേ ഉള്ളു. ഈ വിഷയത്തിൽ യാഥാസ്ഥിതിക സാഹിത്യകാരന്മാരും ജീവൽസാഹിത്യകാരന്മാരും തമ്മിൽ ഒരൊററവ്യത്യാസമേ ഉള്ളു: യാഥാസ്ഥിതികസാഹിത്യകാരന്മാർ പിന്തിരിപ്പൻ ആശയങ്ങളെ പ്രചരിപ്പിക്കുന്നു; ജീവൽസാഹിത്യകാരന്മാർ പുരോഗമനപരമായ ആശയങ്ങളെ പ്രചരിപ്പിക്കുന്നു.

എല്ലാ സാഹിത്യവും പ്രചരണസാഹിത്യമാകയാൽ, പ്രചരണസാഹിത്യത്തിൽ കലാപരമായ മേന്മയുണ്ടാവുകയില്ലെന്നു പറയുന്നതിൽ അർത്ഥമില്ല. യഥാർത്ഥത്തിൽ വ്യക്തമായ പ്രചരണോദ്ദേശത്തോടുകൂടി നിർമ്മിക്കുന്ന സാഹിത്യത്തിലാണ് കലാപരമായ മേന്മ അധികമുണ്ടാകാൻ മാർഗ്ഗമുള്ളതു്. എന്തുകൊണ്ടെന്നാൽ, ഒരു സാഹിത്യകൃതിയിലുള്ള കലാപരമായ മേന്മയെ അടിസ്ഥാനപ്പെടുത്തിയാണു്, അതിലടങ്ങിയിരിക്കുന്ന ആശയങ്ങൾക്കു പ്രചാരം സിദ്ധിക്കുന്നതു്. അതിനാൽ, ആശയപ്രചരണമെന്ന ഉദ്ദേശത്തോടുകൂടി സാഹിത്യനിർമ്മാണം ചെയ്യുന്നവർ അതിന്റെ കലാപരമായ മേന്മയിൽ ശ്രദ്ധയുള്ളവരായിരിക്കുമെന്നതിൽ സംശയമില്ല.

## രാഷ്ട്രീയസാഹിത്യം

ജീവൽ സാഹിത്യകാരന്മാർ രാഷ്ട്രീയവിഷയങ്ങളെപ്പററിയും, ദൈനംദിന ജീവിതത്തെപ്പററിയും സാഹിത്യം നിർമ്മിക്കുന്നവരാണെന്നും, രാഷ്ട്രീയകാര്യങ്ങളും ദൈനന്ദിന ജീവിതക്രമങ്ങളും എപ്പോഴും മാറിക്കൊണ്ടിരിക്കുന്നവയാകയാൽ ജീവൽസാഹിത്യത്തിനു ചിരസ്ഥായിത്വമുണ്ടാവുകയില്ലെന്നും, യാഥാസ്ഥിതികസാഹിത്യകാരന്മാർ പറയുന്നു. ഞാൻ ചോദിക്കട്ടെ: യാഥാസ്ഥിതിക സാഹിത്യകാരന്മാർ ഏതുതരം വിഷയങ്ങളെപ്പററിയാണു സാഹിത്യം നിർമ്മിക്കുന്നതു്? രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും രാഷ്ട്രീയമത്സരങ്ങളും അവരുടെ ദൈനന്ദിനജീവിതവും, അവരുടെ പ്രണയകാര്യങ്ങളും മററുമല്ലെ, യാഥാസ്ഥിതികസാഹിത്യത്തിലെ വിഷയങ്ങൾ? മഹാഭാരതവും, രാമായണവും രാഷ്ട്രീയസാഹിത്യമല്ലെങ്കിൽ പിന്നെ എന്താണ്? പാണ്ഡവരും കൗരവരുംതമ്മിൽ രാഷ്ട്രീയാധികാരത്തിനു വേണ്ടി നടത്തിയ യുദ്ധങ്ങളും, അവരുടെ ജീവിതക്രമങ്ങളും, അവരുടെ പ്രണയകഥകളും, അവരുടെ വിശ്വാസങ്ങളും ആദർശങ്ങളും അല്ലേ മഹാഭാരതത്തിൽ കാണുന്നതു്? അയോദ്ധ്യയിലെയും ലങ്കയിലെയും രാഷ്ട്രീയകാര്യങ്ങളും, ശ്രീരാമന്റെയും രാവണന്റെയും കുടുംബകാര്യങ്ങളും, അക്കാലത്തെ ആളുകളുടെ വിശ്വാസങ്ങളും ആദർശങ്ങളും മററുമല്ലാതെ, രാമായണത്തിൽ വേറെ എന്തുണ്ടു്? കാളിദാസന്റെയും, ഭവഭൂതിയുടെയും, ഷേക്സ്പീയറിന്റെയും, മിൽട്ടന്റെയും എന്നുവേണ്ട ഏതൊരു വിശ്വസാഹിത്യകാരന്റെയും കൃതികളിൽ അവരുടെ കാലത്തെയും ദേശത്തെയും രാഷ്ട്രീയസ്ഥിതിയും, ദൈനന്ദിനജീവിതവും, വ്യക്തമായൊ അവ്യക്തമായൊ, പ്രതിഫലിക്കാതിരുന്നിട്ടുണ്ടോ? പിന്നെ എന്താണു്, ജീവൽസാഹിത്യകാരന്മാർ മാത്രം രാഷ്ട്രീയകാര്യങ്ങളേയും ദൈനന്ദിനജീവിതത്തെയുംപററി സാഹിത്യംനിർമ്മിക്കുന്നതിൽ ഇത്രവലിയ ആക്ഷേപം? യഥാർത്ഥത്തിൽ രാഷ്ട്രീയകാര്യങ്ങളെയും ദൈനന്ദിന ജീവിതത്തെയുംപററി സാഹിത്യം നിർമ്മിക്കുന്നതിലല്ല യാഥാസ്ഥിതിക സാഹിത്യകാരന്മാർക്കു എതിർപ്പുള്ളതു്. പിന്നെയോ? മർദ്ദിതരായ ജനസാമാന്യത്തിന്റെ രാഷ്ട്രീയാവകാശങ്ങളെ പററിയും, അവരുടെ ദൈനന്ദിന ജീവിതത്തെപ്പററിയും സാഹിത്യനിർമ്മാണം ചെയ്യുന്നതിലാണ്, യാഥാസ്ഥിതിക സാഹിത്യകാരന്മാർക്കു എതിർപ്പുള്ളതു്.

രാഷ്ട്രീയസ്ഥിതികൾ എപ്പോഴും മാറിക്കൊണ്ടിരിക്കുന്നതാകയാലാണത്രെ, രാഷ്ട്രീയസാഹിത്യത്തിനു ചിരസ്ഥായിത്വമില്ലാത്തതു്! ഞാൻ ചോദിക്കട്ടെ; ഏതു കാര്യത്തിനാണു മാററമില്ലാത്തതു്? ആത്മീയ കാര്യത്തിനാണോ മാററമില്ലാത്തതു്? കഷ്ടം! ആത്മീയകാര്യങ്ങളിലുള്ള വിശ്വാസങ്ങളും മാററത്തിനു വിധേയമാണെന്നു അവർ അറിയുന്നില്ല. രാഷ്ട്രീയകാര്യങ്ങളെപോലെതന്നെ തത്വശാസ്ത്രങ്ങളും, വിശ്വാസങ്ങളും, ആചാരങ്ങളും എല്ലാം മാറിക്കൊണ്ടിരിക്കുന്നു. എല്ലാ കാര്യങ്ങളും അങ്ങനെ മാററത്തിന് അധീനമാകയാൽ, മാററമില്ലാത്ത വിഷയത്തെപ്പററി സാഹിത്യം നിർമ്മിക്കുവാൻ സാദ്ധ്യമല്ല. പഴയ സാഹിത്യകാരന്മാരുടെ കാലത്തെ രാഷ്ട്രീയസ്ഥിതികളുംവിശ്വാസങ്ങളും, ആചാരങ്ങളും മററും ഇന്ന് മാറിക്കഴിഞ്ഞിരിക്കുന്നു. അവയുടെ പ്രതിനിധിയെന്നോണം അന്നത്തെ സാഹിത്യം ഇന്നും ഗണിക്കപ്പെടുന്നുണ്ടു്. അതുപോലെതന്നെ ഇന്നത്തെ രാഷ്ട്രീയസ്ഥിതിയും സാമൂഹ്യസ്ഥിതിയും മററും നാളെ മാററമായിരിക്കാം. പക്ഷേ, ആ മാററത്തിനു ശേഷവും ഇന്നത്തെ സാഹിത്യത്തിന് ഇന്നത്തെ സ്ഥിതികളുടെപ്രതിനിധി എന്ന സ്ഥാനം ലഭിക്കുകതന്നെ ചെയ്യും. വിശ്വസാഹിത്യം ലോകസംസ്കാരത്തിന്റെ കലവറയാണ്. യാഥാസ്ഥിതിക സാഹിത്യകാരന്മാർ സംസ്കാരാഭിവൃദ്ധിയുടെ ശത്രുക്കളായതുകൊണ്ടാണ്, അവർ ജീവൽസാഹിത്യത്തെ എതിർക്കുന്നതു്.

ജീവൽ സാഹിത്യകാരന്മാർ സംസ്കാരത്തിന്റെ സംരക്ഷകന്മാരാണ്. അവർ പുരോഗതിയുടെ മാർഗ്ഗദർശികളാണ്. അവർ പരിവർത്തനത്തിന്റെ യോദ്ധാക്കളാണ്; അവർ യാഥാർത്ഥ്യങ്ങളുടെ പ്രവാചകന്മാരാണ്.

—— ——

# റോറിക്കിൻ്റെ കല

അദ്ദേഹത്തിൻ്റെ ചിത്രങ്ങൾ ഭാരതവർഷത്തിൻ്റെ ബാഹ്യസൌന്ദര്യത്തേയും ആന്തരചൈതന്യത്തേയും ഒന്നുപോലെ പ്രദർശിപ്പിക്കുന്നവയാണ്. ഭാരതത്തിൻ്റെ ആർഷതേജസ്സിനെ മറ്റൊരു ചിത്രകാരനും ഇത്ര സമഗ്രമായും തീവ്രമായും, വർണ്ണത്തിലും വരയിലും പകർത്തിയിട്ടില്ല. ഉജ്ജ്വലമായ വികാരത്താൽ ദീപ്തിമത്താണ് "റോറിക് ചിത്രങ്ങൾ"

(തമ്പി കെ. പി. പത്മനാഭൻ ബി. എ.)

1935 സെപ്റ്റംബർ 25-നു ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട് ഉൽഘാടനം ചെയ്ത "ശ്രീ ചിത്രാലയം" ചിത്രകലയുടെ നിർമ്മല സൌന്ദര്യം ആസ്വദിക്കാനും സത്യസൌന്ദര്യങ്ങൾ നിറഞ്ഞുതുളുമ്പുന്ന ഒരു ദിവ്യലോകത്തേക്കു പ്രേക്ഷകരെ ഉന്നയിക്കുന്നതിനും തികച്ചും പര്യാപ്തങ്ങളാണ്. ഈ മഹത്തായ കലാസ്ഥാപനം കേവലസൌന്ദര്യത്തെ സാക്ഷാത്കരിക്കുന്നതിനും പരിപാവനമായ ആത്മാവിൻ്റെ അചഞ്ചലവും അനശ്വരവുമായ സത്തിനെ ഗ്രഹിക്കുന്നതിനും കലാബോധമുള്ള മനുഷ്യരെ സഹായിക്കുന്നു. പൌരാണിക ഈജിപ്തിലെ ചിന്തകന്മാർ, കലാകാരന്മാരെ "ഉദ്ബോധകന്മാർ" എന്നാണ് സംബോധന ചെയ്തുപോന്നത്. ഇതിൽ അടങ്ങിയിരിക്കുന്ന തത്വത്തെ ശ്രീ ചിത്രാലയത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള അമൂല്യങ്ങളായ ചിത്രങ്ങൾ വെളിപ്പെടുത്തുന്നു. ചിത്രാലയത്തിൻ്റെ പരമവും പ്രധാനവുമായ ഉദ്ദേശ്യം സൌകുമാര്യത്തെ വീക്ഷിക്കുന്നതിനും അതിൽക്കൂടി പരമാത്മസ്വരൂപൻ്റെ ചൈതന്യം ബോധപ്പെടുന്നതിനുമാണ്. മഹാചിന്തകനായ പ്ലേറ്റോ ഒരവസരത്തിൽ പറയുകയുണ്ടായി: "സൌന്ദര്യത്തെപ്പറ്റി ചിന്തിക്കുക എന്നതുതന്നെ നമ്മെ സംസ്കാരമതികളാക്കിത്തീർക്കുന്നു," എന്ന്.

ശ്രീ ചിത്രാലയത്തിൽ സംഭരിച്ചിട്ടുള്ള വിശേഷോത്തരങ്ങളായ ചിത്രങ്ങളിൽ വിശ്രുത തത്വജ്ഞാനി നിക്കോളാസ് റോറിക്കിൻ്റെയും (Nicholas Roerich) അദ്ദേഹത്തിൻ്റെ പുത്രനായ സ്വെട്ടോസ്ലാവ് റോറിക്കിൻ്റെയും (Svetoslav Roerich) അഞ്ചു ചിത്രങ്ങൾ പ്രേക്ഷകരുടെ ശ്രദ്ധയെ ഹഠാത് ആകർഷിക്കുന്നു. ഈ ചിത്രങ്ങളെല്ലാം ഹിമാലയപർവ്വതത്തിൻ്റെ സൌകുമാര്യത്തേയും വശ്യതയേയുമാണ് ആവിഷ്കരിക്കുന്നത്. രമണീയവും രസാത്മകവുമായ ഈ വിശിഷ്ടചിത്രങ്ങൾ കലാലോകത്തിൽ സംപൂജ്യസ്ഥാനം അർഹിക്കുന്നു. ഭാവസമ്പൂർണ്ണങ്ങളും ശക്തിപ്രകർഷങ്ങളും ആയ റോറിക്ക് ചിത്രങ്ങളിൽ കലാപരിപൂർത്തിയും, പ്രപഞ്ചതേജസ്സിൻ്റെയും, ആത്മീയലാവണ്യത്തിൻ്റെയും അവർണ്ണനീയമായ ആവിഷ്കരണവും സമ്മേളിച്ചിരിക്കുന്നു.

അഭംഗുരമായ കീർത്തി സമാർജ്ജിച്ചിട്ടുള്ള നിക്കോളാസ് റോറിക്കിനെപ്പറ്റി അറിയാത്തവർ അഭ്യസ്തവിദ്യരുടെ ഇടയിൽ വിരളമായിരിക്കും. കലാകാരൻ, ഭൂഗർഭശാസ്ത്രജ്ഞൻ, വിദ്യാഭ്യാസവിചക്ഷണൻ, തത്വജ്ഞാനി, ഗ്രന്ഥകാരൻ, ലോകസംസ്കാരത്തിൻ്റെ പ്രവാചകൻ എന്നീ നിലകളിലെല്ലാം ഒന്നുപോലെ പ്രശസ്തനാണ് ഈ ദിവ്യപുരുഷൻ. അധുനാതന ചിത്രകാരന്മാരിൽ പ്രഥമഗണനീയനാണ് റോറിക്ക്. പ്രകൃതിയെ ചിത്രീകരിക്കുന്നതിൽ അദ്ദേഹത്തിനുള്ള പ്രത്യേക പ്രവീണത. ഹിമാലയ പർവ്വതത്തിൻ്റെ ബാഹ്യവും, ആന്തരവും, ആദ്ധ്യാത്മികവും ആയ തേജസ്സിനെ ചിത്രങ്ങൾ മുഖേന ലോകർക്കു കാണിച്ചുകൊടുത്തിട്ടുള്ള ഏക ചിത്രകാരൻ ഇദ്ദേഹമാണ്. ശ്രീ ചിത്രാലയത്തിലെ ഒരു മുറിയിൽ നിക്കോളാസ് റോറിക്കിൻ്റെയും അദ്ദേഹത്തിൻ്റെ മകൻ്റെയും ചിത്രങ്ങൾ ഏറ്റവും ആകർഷകമായ രീതിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ശ്രീ ചിത്രാലയത്തിലും രംഗവിലാസം കൊട്ടാരത്തിലും ഡാക്ടർ കസിൻസിൻ്റെ അതിവിദഗ്ദ്ധമായ മേൽനോട്ടത്തിൽ സംവിധാനം ചെയ്തിട്ടുള്ള "റോറിക്ക് ചിത്രങ്ങൾ" സംസ്കാരത്തിൻ്റെയും, കലയുടെയും അത്യുൽകൃഷ്ട നിദർശനങ്ങളായി പരിലസിക്കുന്നു.



തമ്പി കെ. പി. പത്മനാഭൻ ബി. എ.

സന്താന - അഥവാ ജീവിതനദി (Santana the Stream of Life) റോറിക്കിൻ്റെ കലയുടെ മൂർദ്ധാഭിഷിക്തമാതൃകയാണ്. വർണ്ണത്തിലും, വരയിലും, ആശയാവിഷ്ക്കരണത്തിലും കലാസൌകുമാര്യത്തിലും മനോധർമ്മപ്രകടനത്തിലും, വികാരതീക്ഷ്ണതയിലും ഇത് അത്യുൽകൃഷ്ടമാണ്. ബാഹ്യലോകത്തുനിന്നും ആദ്ധ്യാത്മികലോകത്തിലേക്കു പ്രേക്ഷകരെ ഉയർത്തുന്നതിനു പര്യാപ്തമാണത്രെ ഈ ചിത്രം. ഒരു വലിയ പർവ്വതത്തിൽനിന്നും ജീവിതമാകുന്ന മഹാനദി പൊട്ടിപ്പുറപ്പെടുന്ന കമനീയദൃശ്യം, അതിവേഗത്തിലും ഒഴുകുന്ന ഈ നദിയുടെ ചിത്രീകരണം കലാകുതുകികളെ വിസ്മയിപ്പിക്കുന്നു. ക്ഷണികതയെ സൂചിപ്പിക്കുന്ന മഴവില്ലിൻ്റെ ഒരു അംശം നദിയുടെ കരയ്ക്കു കാണുന്നുണ്ട്. ഹിമത്താൽ ആവൃതമായ പർവ്വതശിഖരങ്ങൾ ജാജ്ജ്വല്യമാനമായ ആകാശത്തെ ഭേദിച്ചു നിൽക്കുന്നു. ചിത്രത്തിൻ്റെ വലത്തു ഭാഗത്തു നിഷ്ഠയിൽ ഇരിക്കുന്ന ഒരു യോഗിവര്യനെ നാം ദർശിക്കുന്നു. അദ്ദേഹത്തിൻ്റെ വലത്തു കൈയിൽ ഒരു ജപമാലയുണ്ട്. മറ്റേ കൈയ് ആകാശത്തിലേക്കു ഉയർത്തി ഇരിക്കുന്നു. നിശ്ചേഷ്ടനായി, ബാഹ്യലോകവുമായി യാതൊരു സമ്പർക്കവുമില്ലാതെ ആദ്ധ്യാത്മിക ചിന്തയിൽ മുഴുകിയിരിക്കുന്ന ആ യതിവര്യൻ്റെ ചിത്രീകരണവും, അതിശീഘ്രം ഗമിക്കുന്ന ആ നദിയുടെ ഭയങ്കരതയും, തമ്മിലുള്ള അന്തരം വളരെ സ്പഷ്ടമായി പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നു. പ്രകൃതിയുടെമേൽ മനുഷ്യഹൃദയത്തിനുള്ള ശക്തിയെ ഈ ചിത്രം വെളിപ്പെടുത്തുന്നു. പർവ്വതത്തെ ഒരു പശ്ചാത്തലമായിട്ടു മാത്രമാണ് നാം വീക്ഷിക്കുന്നത്. തടുത്തു നിർത്താൻ പാടില്ലാത്ത നദിയുടെ ദ്രുതപ്രയാണവും സ്വയം സമാർജ്ജിച്ച ഋഷിവര്യൻ്റെ അക്ഷോഭ്യതയും തമ്മിലുള്ള അന്തരത്തേയാണ് ഈ ചിത്രത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്. ഇന്ദ്രിയങ്ങൾക്ക് അതീതമായി മനുഷ്യനിലുള്ള അവബോധത്തിന്, സാന്ദ്രാനന്ദം ഉളവാക്കുന്നതായ ഈ ചിത്രത്തിൽ ബ്രഹ്മതേജസ്സ് നാം വീക്ഷിക്കുന്നു. ഈ ആലേഖ്യത്തിലുള്ള വികാരതീക്ഷ്ണത പ്രേക്ഷകൻ്റെ ഹൃദയത്തിൽ കൊടുങ്കാറ്റു വീശുന്നു.

ടിബറ്റിലെ സൂര്യോദയം (Sunrise in Tibet) ഹിമാലയത്തിലെ സൂര്യോദയത്തെ നിസർഗ്ഗസുന്ദരമായി ചിത്രീകരിച്ചിരിക്കുന്നു. ഈ ചിത്രത്തിലെ വർണ്ണങ്ങളെല്ലാം കടുത്തതും ശോഭയേറിയതുമാണ്. ആളിജ്വലിക്കുന്ന ഒരു സൌന്ദര്യപ്രവാഹം ഈ ചിത്രത്തെ മഹനീയമാക്കുന്നു.

1936-ൽ തുറക്കപ്പെട്ട രംഗവിലാസം കലാലയത്തിൽ റോറിക്കിൻ്റെ "ഉജ്ജ്വലചിന്തകൾ" (Fiery Thoughts) എന്ന ചിത്രം പ്രദർശിപ്പിച്ചിട്ടുണ്ട്. രണ്ടുവർഷക്കാലം കൊണ്ടാണ് ഈ ചിത്രം പൂർത്തിയായത്. അത്യുൽകൃഷ്ടമായ മനോധർമ്മപ്രകടനത്തിന് മകുടോദാഹരണമായ ഈ ചിത്രത്തിൽ സർവ്വോപരി ദൃശ്യമാകുന്നത് സൌകുമാര്യവും കലാചാപലവത്വവും അനന്യസുലഭമായ ഒരു വശ്യതയുമാണ്. ഹിമാലയപർവ്വതത്തിൻ്റെ ഉന്നതശൃംഗങ്ങളിൽ തപസ്സുചെയ്യുന്ന ഒരു യതീശ്വരൻ്റെ ചിത്രമാണിത്. ആകാശം ഭയങ്കരമായ മേഘങ്ങളിൽ ആവൃതമായിരിക്കുന്നു. ഋഷീശ്വരൻ്റെ പരിശുദ്ധഹൃദയം മനുഷ്യവർഗ്ഗത്തിൻ്റെ അഭ്യുദയത്തിനും രക്ഷയ്ക്കും വേണ്ടി തുടിക്കുന്നു. സ്വർണ്ണച്ചിറകുകളുള്ള ചെറുപക്ഷികളുടെ ശു

പത്തിൽ "ഉജ്ജ്വലചിന്തകൾ" അന്തരീക്ഷത്തെ ഭേദിച്ച് അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിന്നു പൊട്ടിപ്പുറപ്പെടുന്നു. പർവതത്തിലെ താഴ്വരകൾ അന്ധകാരത്താൽ മൂടപ്പെട്ടിരിക്കുന്നു. എന്നാൽ കുറച്ചു ദൂരത്തിൽ ഹിമവാന്റെ ഉത്തുംഗശൃംഗങ്ങൾ സമുജ്ജ്വലിക്കുന്നു. സനാതനവും, സച്ചിദാനന്ദദവും, ഏകമേവാദ്വിതീയവും ആയ ഒരു മഹാസാമ്രാജ്യത്തിലേക്കാണ് ഈ ചിത്രം നമ്മെ ആനയിക്കുന്നത്.

ആദ്ധ്യാത്മിക ചൈതന്യപ്രസരം, സൌന്ദര്യാസ്വാദകശക്തമായ അന്തഃകരണപ്രചോദനം, സന്മാർഗ്ഗബോധം, ആത്മവിജ്ഞാനം, വികാരപരിപൂർണ്ണത, മനോധർമ്മവൈശിഷ്ട്യം, സൂക്ഷ്മനിരീക്ഷണശക്തി, എന്നിവയത്രേ പ്രതിഭാസമ്പന്നനായ റോറിക്കിന്റെ കലയുടെ വിശിഷ്ടഗുണങ്ങൾ. "റോറിക്കിന്റെ കല മഹത്തായതാണ്. അതിന്റെ സ്വാതന്ത്ര്യബുദ്ധി അത്ഭുതാവഹമാണ്," എന്നത്രേ മഹാകവി ടാഗൂർ അഭിപ്രായപ്പെട്ടിട്ടുള്ളത്.

റോറിക്കിന്റെ ഒരു ചിത്രം കാണുക എന്നുള്ളത് ഒരു പുതിയലോകം വീക്ഷിക്കുന്നതിനു തുല്യമാണ്. നവീനവും മാമൂൽധ്വംസകവും, ഹൃദയാവർജ്ജകവും ആയ ഒരു കലാപഥത്തിന്റെ സ്ഥാപകനാണ് റോറിക്ക്. "കല മനുഷ്യന്റെ ഹൃദയമാണ്. വിജ്ഞാനം മനുഷ്യന്റെ തലച്ചോറുമാണ്. ഹൃദയം മുഖേനയും ബുദ്ധിശക്തികൊണ്ടും മാത്രമേ മനുഷ്യനു ഐക്യതയെ പ്രാപിക്കാനും സഹോദരബുദ്ധിയോടുകൂടി വർത്തിക്കാനും സാധിക്കുകയുള്ളൂ" എന്നത്രേ റോറിക്കിന്റെ അഭിമതം.

അദ്ദേഹത്തിന്റെ ചിത്രങ്ങൾ ഭാരതവർഷത്തിന്റെ ബാഹ്യസൌന്ദര്യത്തെയും ആന്തരചൈതന്യത്തെയും ഒന്നുപോലെ പ്രദർശിപ്പിക്കുന്നവയാണ്. ഭാരതത്തിന്റെ ആർഷതേജസ്സിനെ മറെറാരു ചിത്രകാരനും ഇത്ര സമഗ്രമായും തീവ്രമായും, വർണ്ണത്തിലും വരയിലും പകർത്തിയിട്ടില്ല. ഉജ്ജ്വലമായ വികാരത്താൽ ദീപ്തിമത്താണ് "റോറിക്ക് ചിത്രങ്ങൾ." അല്പനേരം ഇദ്ദേഹത്തിന്റെ ഏതെങ്കിലും ഒരു ചിത്രം നാം സൂക്ഷിച്ചു നോക്കുന്നപക്ഷം അതിതീവ്രമായ വികാരത്തിന്റെ മഹനീയ സന്നിധാനത്തിലാണ് നാം സ്ഥിതി ചെയ്യുന്നതെന്നുള്ള ബോധം നമ്മിൽ ഉളവാകും. റോറിക്കിന്റെ കല, തത്വപ്രതിബിംബവാചകവും വിജ്ഞാനഭൂയിഷ്ഠവുമാണ്. അദ്ദേഹം പ്രകൃതിയിലുള്ള വസ്തുക്കൾക്കും രൂപങ്ങൾക്കും അവാച്യവും ഗൂഢവും ആയ ഒരു ബന്ധമുണ്ടെന്നു വിശ്വസിക്കുകയും അവയിലുള്ള അജ്ഞാതമായ മഹാശക്തിയെ സൂചനാരൂപത്തിൽ, ഗൂഢാർത്ഥപുഷ്ടിയോടുകൂടി തന്റെ ചിത്രങ്ങളിൽ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ റോറിക്കിന്റെ കല വിജ്ഞാനപ്രദവും വ്യംഗ്യാർത്ഥപ്രധാനവുമാണ്. ഭാവനാശക്തി, സംസ്കാരം എന്നിവയാൽ അനുഗൃഹീതരായ ഒരു ന്യൂനപക്ഷജനതയ്ക്കു മാത്രമേ അദ്ദേഹത്തിന്റെ ചിത്രങ്ങളെ പരിപൂർണ്ണമായി ആസ്വദിക്കാൻ കഴികയുള്ളൂ. അവഗാഹചിന്തകന്മാരെ ആനന്ദപ്പുഴയിൽ ആറാടിക്കുന്നവയാണ് അവ. മനുഷ്യഗോചരമല്ലാത്ത ഒരു ദിവ്യലോകത്തെ അവ സൃഷ്ടിക്കുന്നു. സഹൃദയന്മാരുടെ സശ്രദ്ധശ്രദ്ധയെ പ്രപഞ്ചത്തിന്റെ ഗൂഢതയിലേയ്ക്കു അവ ആകർഷിക്കുന്നു. ജീവാത്മാവിന്റെ അത്യഗാധതയെ നമുക്കു മനസ്സിലാക്കിത്തരാൻ അവ പര്യാപ്തങ്ങളാണ്. അതിസ്വതന്ത്രമായ ചിന്താഗതിയുടെ പ്രകാശപ്രവാഹമാണ് റോറിക്കിന്റെ കല. അതിന്റെ അഭിനവത്വം രമണീയമാണ്. അര ക്ഷണത്തിനുള്ളിൽ പ്രേക്ഷകന്റെ കണ്ണും കരളും തന്റെ ചിത്രത്തിൽ കേന്ദ്രീകരിപ്പിക്കുന്നതിനുള്ള അത്ഭുതശക്തി അദ്ദേഹത്തിനുണ്ട്. മനുഷ്യജീവിതത്തെ നിയന്ത്രിക്കത്തക്ക പ്രാഭവമുള്ള അദൃശ്യവും അപരിമേയവും ആയ മഹാശക്തികളുടെ ഹൃദയസ്പൃക്കായ വിശിഷ്ടപ്രകടനങ്ങളാണു റോറിക്കിന്റെ സംസ്കാരോദ്ദീപകങ്ങളും ഗൂഢാർത്ഥസമ്മൃദ്ധങ്ങളും ആയ ചിത്രങ്ങൾ.

"കല മനുഷ്യസമുദായത്തെ ഐക്യതയിലേക്കു നയിക്കും. എല്ലാ പരിശുദ്ധ കവാടങ്ങളും കല തുറപ്പിക്കും. സൌന്ദര്യത്തെ സൃഷ്ടിക്കുകയാണ് ഉത്തമകലയുടെ കർമ്മം. സൌന്ദര്യത്തിൽകൂടി നാം വിജയം പ്രാപിക്കുന്നു. സൌന്ദര്യം മുഖേന നാം ദൈവത്തെ പ്രാർത്ഥിക്കുകയും ദർശിക്കുകയും ചെയ്യുന്നു" എന്നത്രേ ഈ കലാകാരൻ ഉൽഘോഷിക്കുന്നത്.

അതി വിശിഷ്ടമായ ഒരു കലാസാമ്രാജ്യത്തെ ഭൂമിയിൽ സ്ഥാപിക്കുകയാണ് ഈ മഹാപുരുഷൻ സാധിച്ചിട്ടുള്ളത്. പ്രകൃതിയുടെ ചിത്രീകരണത്തിൽ റോറിക്ക് സുപ്രസിദ്ധ ചിത്രകാരനായ ടർണറി (Turner)നെ തന്നെയും അതിശയിക്കുന്നു. ഭൂമിയുടെയും ആകാശത്തിന്റെയും ആന്തരചൈതന്യത്തെ പ്രദർശിപ്പിക്കാൻ ഇദ്ദേഹത്തിനുള്ള പ്രാഗൽഭ്യം അന്യാദൃശമാണ്. "ആത്മീയചൈതന്യപ്രസരത്താൽ അനുഗൃഹീതമാണ് ഹിമാലയത്തിലെ സമീരണൻ" എന്നത്രേ ഈ മഹാകവി അഭിപ്രായപ്പെടുന്നത്. ആർഷധർമ്മം ആദ്യമായി ആവിർഭവിച്ച പഞ്ചനദത്തിൽ-ഭാരതത്തിന്റെ ഹൃദയമായ പഞ്ചാബിൽ ഉള്ള കുളു (Kulu) താഴ്വരയിൽ ഒരു ആശ്രമത്തിലാണ് ഈ ഗുരുദേവൻ നിവസിക്കുന്നത്.

ന്യൂയാർക്കിൽ റോറിക്ക് മ്യൂസം (Roerich Museum) എന്ന പേരിൽ ഒരു കലാസ്ഥാപനമുണ്ട്. ഇരുപത്തൊൻപതു നിലകളുള്ള ഈ സൌധത്തിൽ റോറിക്കിന്റെ അനവധി ചിത്രങ്ങൾ സംവിധാനം ചെയ്തിട്ടുണ്ട്. ഹിമാലയപർവതത്തിന്റെ മഹനീയതയേയും, പ്രകൃതിരമണീയതയേയും, വെളിപ്പെടുത്തുന്ന ആയിരത്തിൽപരം ചിത്രങ്ങൾ ഈ കലാകൃത്ത് ലോകത്തിനു നൽകീട്ടുണ്ട്. അവയിൽ പലതും ലോകത്തിലെ പ്രസിദ്ധപ്പെട്ട കലാസ്ഥാപനങ്ങളിൽ മററു അമൂല്യങ്ങളായ ആലേഖ്യങ്ങളോടൊപ്പം പ്രദർശിപ്പിച്ചിട്ടുണ്ട്. റോറിക്കമ്യൂസ്യത്തിലും ഹിമാലയത്തിന്റെ ചിത്രങ്ങൾ ഉണ്ട്.

"ഞാൻ ഭാരതത്തെ സ്നേഹിക്കുന്നു, ബഹുമാനിക്കുന്നു, ഹിമാലയത്തെ വർണ്ണത്തിലും വരയിലും പ്രകാശിപ്പിക്കുന്നതിനുള്ള മഹാഭാഗ്യം എനിക്കു സിദ്ധിച്ചിട്ടുണ്ട്." എന്നാണു റോറിക്കു അഭിമാനപൂർവ്വം പറയുന്നത്.

ഫെയിഡിയാസ് (Pheidias) ദൈവികലാവണ്യത്തെയും, ഗിയാട്ടോ (Giotto) ആത്മചൈതന്യത്തെയും ചിത്രീകരിക്കുന്നതിൽ അനശ്വരയശസ്സാർജ്ജിച്ച കലാകാരന്മാരാണ്. എന്നാൽ, ബ്രഹ്മാണ്ഡതേജസ്സിനെ പ്രദർശിപ്പിക്കുന്നതിലത്രേ റോറിക്കിന്റെ അപൂർവ്വശ്രേയസ്കരമായ ബുദ്ധിവൈഭവം. ഒരു നവീനയുഗത്തിന്റെ പ്രവാചകനും, വ്യാഖ്യാതാവുമാണ് റോറിക്ക്. അദ്ദേഹത്തിന്റെ കല ശാസ്ത്രത്തെയും, മതത്തെയും സംയോജിപ്പിക്കുന്നു. ഫെയിഡിയാസ്, എസ്സ്കിലസ്സിനോടും, (Aeschylus) ഗിയാട്ടോ (Giotto) ഡാൻറിയോടും (Dante), റോറിക്ക് ഗീതേയോടും (Goethe) സാദൃശ്യം വഹിക്കുന്നു. ഗീതേകാവ്യങ്ങൾ മുഖേന സംസ്കാരത്തെ വർദ്ധിപ്പിച്ചു. റോറിക്ക് ചിത്രങ്ങൾ മുഖേന സംസ്കാരത്തെ വർദ്ധമാനമാക്കുന്നു. ഐക്യത ആണ് റോറിക്കിന്റെ കലയുടെ മൌലികതത്വം. അദ്ദേഹം ആത്മാവിലും, വപുസ്സിലും ഉള്ള ഐക്യത്തെ ദർശിക്കുന്നു. ലീയോണാ ഡിവിൻസി, റെംബ്രാൻറ്, ഡൂറർ, ബ്ലേക്ക്. എന്നീകലാകാരന്മാരുടെ ഗണനാപ്രസംഗത്തിൽ മാത്രമേ റോറിക്കിനെ ഉൾപ്പെടുത്താൻ പാടുള്ളൂ.

——



ഹിമാലയം



# സ്ത്രീകളും മലയാളസാഹിത്യവും

മിസ്സ് ചിന്നമ്മ കുര്യൻ

ഈ ലേഖനത്തെക്കുറിച്ചു ഞാനാലോചിച്ചപ്പോൾ സ്ത്രീകളും സാഹിത്യവും എന്നു പേരുവയ്ക്കാതെ സ്ത്രീകളും മലയാളസാഹിത്യവും എന്നു പേരുവയ്ക്കുവാനുള്ള കാരണം ആദ്യംതന്നെ പറയേണ്ടിയിരിക്കുന്നു. മാതൃഭാഷ എല്ലാ മലയാളി സ്ത്രീകൾക്കും അക്ഷരജ്ഞാനത്തോടുകൂടിയോ കൂടാതെയോ അറിയാമല്ലോ. ഉപരി വിദ്യാഭ്യാസത്തിനു മലയാളികൾ ഇപ്പോൾ പഠിച്ചുവരുന്നതു ഇംഗ്ലീഷാകുന്നു. ഇംഗ്ലീഷ് ഭാഷയിൽ അനേകം സാഹിത്യഗ്രന്ഥങ്ങൾ ഉള്ളവയിൽ കൂടുതൽ പങ്കു പുരുഷന്മാരുടേതുതന്നെയെങ്കിലും ഒരു നല്ല പങ്കു സ്ത്രീകളുടേതും കൂടി ആണെന്നു പറയേണ്ടതില്ലല്ലോ. ഇംഗ്ലീഷ് സ്ത്രീകളെഴുതിയ ഗ്രന്ഥങ്ങൾ തന്നെ ഇന്ത്യൻ സ്കൂളുകളിലും കാളേജുകളിലും പാഠപുസ്തകമായി അംഗീകരിച്ചിട്ടുണ്ട്. ഇംഗ്ലീഷ് പഠിച്ചു ബി. എ., എം. എ., മുതലായ പരീക്ഷകൾ പാസ്സായിട്ടുള്ള സ്ത്രീകൾ മലയാളികളിലും വളരെ പേർ ഇപ്പോഴുണ്ടെങ്കിലും അവരിൽ സാഹിത്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ദുർല്ലഭമാകുന്നു. മലയാളി സ്ത്രീകളിൽ സാഹിത്യത്തിൽ വല്ല സ്ഥാനവുമുള്ളവർ ഇംഗ്ലീഷ് പഠിച്ചിട്ടില്ലാത്തവരോ അല്പം വല്ലതും പഠിച്ചവരോ ആണ്. നല്ല സാഹിത്യഗ്രന്ഥങ്ങൾ എന്നു സാധാരണ പറയാറുള്ളവയുടെ കൂട്ടത്തിൽ ചേർക്കാവുന്ന ചില കൃതികൾ നിർമ്മിച്ചിട്ടുള്ള സ്ത്രീകളുടെ പേരു നാം കേൾക്കാറുണ്ടല്ലോ. മനോരമ തമ്പുരാട്ടി, കുട്ടിക്കുഞ്ഞുതങ്കച്ചി, തോട്ടയ്ക്കാട്ട ഇക്കാവമ്മ, കെ. ബാലാമണിഅമ്മ, ലളിതാംബികാ അന്തർജ്ജനം, മുതുകുളം പാർവതിഅമ്മ, കെ. മാധവിഅമ്മ, മേരിജോൺ തോട്ടം, മുതലായവരുടെ പേരുകൾ ഈ കൂട്ടത്തിൽ പറയാവുന്നതാണ്. ഇവരാരുംതന്നെ ഇംഗ്ലീഷ് വിദുഷികളല്ല. ചിലർക്ക് അല്പസ്വല്പം ഇംഗ്ലീഷുംകൂടി അറിയാമായിരിക്കാം. ഇപ്പറഞ്ഞവരൊക്കെ കവിതയെഴുത്തുകാരാണ്. ഗദ്യകൃതികൾ നിർമ്മിച്ചിട്ടുള്ളവരായി രണ്ടുമൂന്നു പേരുടെ പേരെ ഞാൻ ഓർക്കുന്നുള്ളു. അവരിൽ പ്രഥമ ഗണനീയ വ്യാഴവട്ട സ്മരണകൾ എഴുതിയ ബി. കല്യാണിഅമ്മയും മറ്റേതു തോട്ടയ്ക്കാട്ട ടി. സി. കല്യാണിഅമ്മയുംആകുന്നു. നല്ല ഗദ്യഗ്രന്ഥങ്ങൾ പലതും എഴുതിയിട്ടുള്ള തരവത്തു അമ്മാളുവമ്മയെ മറക്കുവാൻ സാധിക്കുന്നതല്ലല്ലോ. പക്ഷെ ഇവരെല്ലാവരും നിർമ്മിച്ചിട്ടുള്ള ഗ്രന്ഥങ്ങളും ഇവരുടെ സാഹിത്യവ്യവസായ കാലത്തു പുരുഷന്മാർ നിർമ്മിച്ചിട്ടുള്ള സാഹിത്യഗ്രന്ഥങ്ങളും കണക്കാക്കി നോക്കിയാൽ ആടും ആനയും പോലെയുള്ള വ്യത്യാസം പോലെയെന്നോ കടുകും മലയും പോലെയുള്ള വ്യത്യാസം പോലെയെന്നോ പറയാവുന്നതാണ്. സ്ത്രീകൾ പരീക്ഷകൾ പാസ്സാകുന്നതിൽ പുരുഷന്മാരോടു തുല്യമായ സാമർത്ഥ്യം കാണിക്കാറുണ്ടെങ്കിലും സാഹിത്യവ്യവസായത്തിൽ അതുപോലെയുള്ള സാമർത്ഥ്യം കാണിക്കാതിരിക്കുന്നതിനുള്ള കാരണം എന്താണെന്നു ആലോചിച്ചിട്ടു തൃപ്തികരമായ ഒരു കാരണവും പറവാൻ കാണുന്നില്ല. സ്ത്രീകൾ സ്വതേ ഭീരുക്കളാണെന്നു പറയാറുണ്ടെങ്കിലും എമി ജോൺസൻ മുതലായി പുരുഷന്മാരുമായി മത്സരിച്ചു അററ്ലാൻറിക്കു സമുദ്രത്തിന്മീതെ ഒരു ക്ലേശവും കൂടാതെ വിമാന പര്യടനം നടത്തുന്ന സ്ത്രീകളുടെ കഥ നാം കേൾക്കാറുണ്ടല്ലോ. മററു യൂറോപ്പുരാജ്യങ്ങളിൽ പര്യടനം നടത്തുന്ന സ്ത്രീകൾ മലയാളിസ്ത്രീകളുടെ കൂട്ടത്തിൽ ഉണ്ടെന്നുമാത്രമല്ല, പാശ്ചാത്യപര്യടനത്തെക്കുറിച്ചു മിസിസ്സ് സി. കുട്ടൻനായർ ഇംഗ്ലീഷിൽ ഒരു നല്ല പുസ്തകവും അതിന്റെ തന്നെ ഒരു മലയാള തർജ്ജമയും എഴുതിയിട്ടുണ്ടല്ലോ. ഭീരുതമല്ല, സാഹിത്യവ്യവസായത്തിൽ ഏർപ്പെടുന്നതിൽ സ്ത്രീകൾ അമാന്തം കാണിക്കുന്നതിനുള്ള ഹേതുവെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. യുദ്ധക്കളത്തിലിറങ്ങി ശത്രുക്കളുടെ കയ്യിൽ പിടികിട്ടിയേക്കുവാൻ സംഭാവ്യതയുണ്ടെന്നു അറിയാമായിരുന്നിട്ടുകൂടിയും സ്ത്രീകൾ ഒരു ക്ലേശവും കൂടാതെ യുദ്ധപരിശീലനം നടത്തിവരുന്ന ഇക്കാലത്തു സ്ത്രീകൾ ഭീരുക്കളാണെന്നു പറയുന്നതു മുഴുവൻ നേരാണെന്നു വിശ്വസിക്കുവാൻ തരമില്ല. പുരുഷന്മാരിൽ ഭീരുക്കൾ ഉള്ളതുപോലെ സ്ത്രീകളിലും ഭീരുക്കൾ ഉണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.



മിസ് ചിന്നമ്മകുര്യൻ

സാഹിത്യത്തിൽ പ്രവേശിക്കുവാൻ സ്ത്രീകൾക്ക് ഒരു ഭീരുത ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. "ഇക്കാലത്തൊരു പെണ്ണു തെററുകളകന്നുള്ളോരെഴുത്തെങ്കിലും മുക്കാലും ശരിയാക്കിയങ്ങെഴുതിയാലൊട്ടല്ലതാശ്ചര്യമാം" എന്നിങ്ങനെ കേരളവർമ്മ വലിയകോയിത്തമ്പുരാൻപോലും ജനസാമാന്യസ്വഭാവത്തെ നല്ലപോലെ അറിഞ്ഞു പറഞ്ഞിട്ടുണ്ടല്ലോ.

"പത്തോ നൽ പതിനാറതെന്നെയൊ,
വയസ്സാകുമ്പോഴേയ്ക്കും മുറി-
ക്കത്തോരോന്നെഴുതീടണം പലതരം
ശ്ലോകങ്ങളാകുംവിധം
ഇത്രത്തോളമൊരുത്തി വല്ലവിധവും
മെല്ലെ പഠിച്ചീടുകിൽ,
വിദ്യാഭ്യാസമവൾക്കു നല്ല തികവെ-
ന്നിട്ടിക്കിലെ സമ്മതം"

എന്നു മററൊരു കവിയുടേതായും ഒരു ശ്ലോകം കേട്ടിട്ടുണ്ട്. കവിയാരെന്നും "ഇട്ടിക്ക്" ഏതെന്നും എനിക്കു നിശ്ചയമില്ല. കവി പറയുംപോലെ വല്ലവിധവും "മെല്ലെ" പഠിച്ചാൽമുറിക്കത്തും മുറിശ്ലോകവും എഴുതുവാനല്ലാതെ കഴിവുണ്ടാകയില്ലല്ലൊ. സ്ത്രീകൾ വിദ്യാഭ്യാസം ചെയ്യുന്നതുതന്നെ അനാവശ്യമാണെന്നും വിദ്യാഭ്യാസം ചെയ്ത സ്ത്രീകൾ ദുർവൃത്തകളായിരിക്കുമെന്നും ഇടക്കാലത്തു ജനങ്ങളുടെ ഇടയിൽ അഭിപ്രായം പ്രചരിച്ചിരുന്നു.

"പാതിവ്രത്യംപരമയിപയോജാക്ഷി!
ഈ നാട്ടിലെ സ്ത്രീ-
ജാതിക്കില്ലെന്നൊരു പഴി
ചിരാജ്ജാതമായി....."

ഉണ്ടായിരുന്നുവെന്നു വലിയകോയിത്തമ്പുരാൻതന്നെ മയൂരസന്ദേശത്തിൽ സന്ദർഭവശാൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ ചിരാജ്ജാതമായ പഴിയെ ഭയപ്പെട്ടു സ്ത്രീകൾ വിദ്യാഭ്യാസം സമ്പാദിച്ചാലും കുടത്തിലെ വിളക്കുപോലെ പ്രകാശം പുറത്തുകാട്ടാതെ കഴിഞ്ഞുകൂടുന്നതുനിമിത്തമല്ലയോ സാഹിത്യവ്യവസായത്തിൽ പ്രവേശിക്കുന്നതിനു സ്ത്രീകൾ ഭയപ്പെട്ടുവന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. സകല വസ്തുക്കൾക്കും, സകല വിഷയങ്ങൾക്കും ഓരോരോ ദേവതകളെ സങ്കല്പിച്ച് ആരാധിച്ചുവന്നിരുന്നഹിന്ദുക്കൾ സംഗീത സാഹിത്യാദി സകല കലകൾക്കും ദേവതയായി കല്പിച്ചാരാധിച്ചുവന്നതും ഇപ്പോഴും ആരാധിച്ചുവരുന്നതും സരസ്വതീദേവിയെ ആണല്ലോ. സാഹിത്യത്തിന്നൊരു ദേവത വേണമെന്നു നിശ്ചയിച്ചപ്പോൾ ആ ദേവതയെ പുരുഷനായി സങ്കല്പിക്കാതെ സ്ത്രീയായി സങ്കല്പിച്ചതു തന്നെ സ്ത്രീകളായിരിക്കുകയില്ല പുരുഷന്മാരാണെന്നു തോന്നുന്നു. സാഹിത്യദേവത സ്ത്രീയായിരിക്കെ സ്ത്രീകൾ സാഹിത്യത്തിൽ പ്രവേശിക്കുവാൻ സങ്കോചിക്കുന്നതിന്റെ ഹേതു മനസ്സിലാക്കുവാൻ പ്രയാസമായിരിക്കുന്നു. സ്ത്രീകൾ സാഹിത്യവിഷയമായി എന്തെങ്കിലും എഴുതിയാൽ അതു പുരുഷന്മാരാരെങ്കിലും എഴുതികൊടുത്തതാണെന്നു അപവാദം പരത്തുവാൻ സന്നദ്ധരായ പുരുഷന്മാർ നമ്മുടെ ഇടയിൽ ധാരാളമുണ്ട്. വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു പറയുംപോലെ മുക്കാലും തെററുകളകന്ന ഒരു കത്തു തന്നെ സ്ത്രീകൾ എഴുതികണ്ടാൽ അതും പുരുഷന്മാരാരോ എഴുതികൊടുത്തതു

# സാമ്പത്തികാസമത്വം

"വ്യക്തികളുടെ സാമ്പത്തികസ്ഥിതിയിൽ പരിപൂർണ്ണസമത്വമുണ്ടാക്കുവാൻ ഒരിക്കലും സാധിക്കുകയില്ല"

കെ. പി. ശങ്കരമേനോൻ ബി. എ. ബി. എൽ.

നാം നമ്മുടെ ചുററുപാടുകളുടെ സ്ഥിതി സൂക്ഷ്മമായി പരിശോധിക്കുന്നതായാൽ പലവിധത്തിലുള്ള അസമത്വങ്ങൾ ലോകത്തിലുണ്ടെന്ന് നിഷ്പ്രയാസം കാണാൻ കഴിയും. സാമ്പത്തികമായ അസമത്വമാണ് ഇവയിൽ ഏററവും പ്രധാനമായിരിക്കുന്നത്. അതിനെപററി ആലോചിക്കുമ്പോൾ സമ്പന്നന്റെയും ദരിദ്രന്റെയും ജീവിതങ്ങൾ, അവർ നയിച്ചുവരുന്നത് വ്യത്യസ്തലോകങ്ങളിൽ അല്ലയെന്ന കൂടി തോന്നാൻ ഇടയാകുന്നു.

ഒരു സമുദായത്തിൽ സമാധാനം പരിപൂർണ്ണമായി ഉണ്ടാകണമെങ്കിൽ അതിലെ അംഗങ്ങൾ ആ ഉദ്ദേശ്യത്തെ മുൻനിറുത്തി സൌഹാർദ്ദതയോടെ സഹകരിച്ച് പ്രവർത്തിക്കണം. എന്നാൽ സാമ്പത്തികമായ അസമത്വങ്ങളാൽ വിവിധലോകങ്ങളിൽ ജീവിക്കുവാൻ—വിവിധ ആദർശങ്ങളെ പിൻതുടരുവാൻ—നിർബന്ധിതരാവുന്നവർ തമ്മിൽ സൌഹൃദവും സമത്വവും ഉണ്ടാവുമെന്ന് ഇപ്പോഴത്തെസ്ഥിതിക്ക് ആക്കും ആശിക്കുവാൻകഴിവുള്ളതല്ല. വ്യക്തികളുടെ സാമ്പത്തികസ്ഥിതിയിൽ പരിപൂർണ്ണസമത്വം ഉണ്ടായിരിക്കണം എന്ന തത്വം നടപ്പിൽ കൊണ്ടുവരുവാൻ ഒരു കാലത്തും സാധിക്കുന്നതല്ല. മനുഷ്യരുടെയിടയിൽ ശാരീരികവും, മാനസികവും, കർമ്മക്ഷമതാപരവുമായ സമത്വങ്ങൾ നിലവിലിരിക്കുന്നിടത്തോളം കാലം സാമ്പത്തിക സമത്വത്തിന് അപ്രാപ്യമായ ഒരു ആദർശമെന്ന നിലയിൽ മാത്രമെ സത്തയുള്ളു. എന്നാൽ സാമ്പത്തികസമത്വത്തെ ആദർശമാക്കിവച്ചും കൊണ്ട് രാഷ്ട്രങ്ങൾക്ക് മനുഷ്യരുടെയിടയിൽ ഇന്നു കാണുന്ന വിപുലമായ നിമ്നോന്നതകൾക്ക് ഏറെക്കുറെ പരിഹാരം ഉണ്ടാക്കി, അവരുടെ ദൂരന്തരങ്ങൾക്ക് സാരമായ കുറവുവരുത്തുവാൻ വേണ്ട ചില നടപടികൾ നടപ്പിലാക്കാൻ സാധിക്കുന്നതാണ്. അപ്രകാരം ചെയ്യേണ്ടതു അത്യാവശ്യവുമാണ്.

ഈ നടപടികളിൽവച്ച് ഏററവും പ്രാധാന്യം അർഹിക്കുന്നത് തൊഴിലാളികളുടെ കൂലി പ്രശ്നമാണ്. ചില മുതലാളിത്വ രാജ്യങ്ങളിൽ തൊഴിലാളികളുടെ കൂലി നിരക്കിനെ പററി പല പുതിയ നിയമങ്ങളും ഇയ്യിടെ നടപ്പാക്കിയിട്ടുണ്ട്. മുതലാളികൾ തൊഴിലാളികൾക്ക് കൊടുക്കേണ്ട ഏററവും ചുരുങ്ങിയ കൂലി (Minimum wages) യെപ്പോലെ തന്നെ അവക്ക് കൊടുക്കാവുന്ന ഏററവും കൂടിയ കൂലിയേയും (Maximum wages) വ്യവസ്ഥപ്പെടുത്തുന്നതിൽ ഈ രാഷ്ട്രങ്ങൾ ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. ഒരു വ്യക്തിയുടെ മുതലും (Capital) വരവും (Income) ക്ലിപ്തതുകകളിൽ കൂടുതൽ ആകരുതെന്ന നിയന്ത്രിക്കുന്നതിനുകൂടി ഇയ്യിടെയായി രാഷ്ട്രങ്ങൾ യത്നിച്ചുവരുന്നു. ഇതു രാഷ്ട്രങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്ന പുതിയ ഒരു നയമാണ്. ഇംഗ്ലണ്ടിലും, ഫ്രാൻസിലും, അമേരിക്കയിലും ഓരോ ധനികന്റെ മരണവും, അവന്റെ കുടുംബത്തിന്റെ സാമ്പത്തികനിലയെ കീഴോട്ടു കൊണ്ടുവരുന്നു, എന്തെന്നാൽ ആ രാജ്യങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള മരണക്കരങ്ങൾമൂലം, മരിച്ച ആളിന്റെ സമ്പാദ്യത്തിൽ ഒരു നല്ല ഭാഗം അതു പത്തിൽ ഒന്നുമുതൽ മുക്കാൽ ഭാഗം വരെ ആകാം.—രാഷ്ട്രത്തിലേക്കു കരമായി എടുത്തു മുതൽ കൂട്ടുന്നു. ഇതിൽനിന്നും സാമ്പത്തികനിയന്ത്രണത്തിൽ രാഷ്ട്രത്തിനുള്ള അധികാരത്തെ ധനവാന്മാർപോലും പ്രത്യക്ഷമായിട്ടല്ലാ, പരോക്ഷമായിട്ടെങ്കിലും സ്വീകരിച്ചിട്ടുണ്ടെന്നു വെളിപ്പെടുന്നു. ആ സ്ഥിതിക്ക് ഒരുത്തന് ആർജ്ജിക്കാവുന്ന സമ്പത്തിന് ഒരു പരമമായ പരിധി ഏർപ്പെടുത്തുന്നതിലും രാഷ്ട്രങ്ങൾക്കു വലിയ പ്രയാസം നേരിടാൻ ഇടയില്ലെന്നുവേണം അനുമാനിക്കാൻ. അതുകൊണ്ട് വ്യക്തിയുടെ ധനാർജ്ജനത്തിനും, രാഷ്ട്രം ഒരതിരു കല്പിക്കുവാൻ താമസംവിനാ ഒരുങ്ങിയേക്കാം.

ഏററവും കൂടിയ കൂലിനിരക്കു നിർണ്ണയിക്കുന്നത് അത്യധികം വിഷമമേറിയ ഒരു പ്രശ്നമാണ്. സാധാരണ മനുഷ്യന്റെ ആദായത്തെയും അവന്റെ സൌഭാഗ്യത്തെയും താരതമ്യപ്പെടുത്തി, ലണ്ടനിലെ ബാങ്ക്റപ്ട്സി കോർട്ടിൽനിന്നും, ദീർഘകാലത്തെ സേവനത്തിനുശേഷം പെൻഷൻ പററി പിരിഞ്ഞ ഒരു ജഡ്ജി ഒരു വിലയേറിയ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു വ്യക്തിയുടെ വർഷംതോറുമുള്ള ആദായം അയ്യായിരം പവൻ ആകുന്നതുവരെ സമ്പാദ്യത്തിൽ ഉണ്ടാവുന്ന ഓരോ പവന്റെ വർദ്ധനയും അതിനനുരൂപമായ വിധത്തിൽ ആ വ്യക്തിയുടെ സൌഭാഗ്യത്തെ വർദ്ധിപ്പിക്കുന്നുവെന്നാണ് അദ്ദേഹം പറയുന്നത്. ആണ്ടുതോറുമുള്ള ആദായം അയ്യായിരം പവനിൽ കൂടുതലായാൽ അതിനുപരിയുണ്ടാകുന്ന ആദായത്തിന് അനുപാതമായിട്ടുള്ള സൌഭാഗ്യം വ്യക്തികൾക്കു കൈവരികയില്ലെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. വേണ്ടിടത്തോളം വിഭവങ്ങൾ ഇല്ലാത്ത ഒരുത്തൻ ഏതു പ്രകാരം വിശപ്പുകൊണ്ടും മററുൽക്കണ്ഠകൾകൊണ്ടും കഷ്ടപ്പെടുന്നുവോ അതുപോലെ തന്നെ ആവശ്യത്തിൽ കൂടുതൽ ധനമാർജ്ജിച്ചിട്ടുള്ള ഒരാൾ ധനത്തിനുമാത്രംവേണ്ടി ജീവിച്ച് അസുഖത്തോടും അസംതൃപ്തിയോടുംകൂടി ജീവിതം കഴിച്ചുകൂട്ടുന്നു" എന്നുള്ള ആൽഡോസ് ഹക്സ്ലിയുടെ അഭിപ്രായം അതിശ്രദ്ധേയമായ ഒന്നാണ്.

ഒരു തൊഴിലാളിക്ക് അവന്റെ സാദ്ധ്യതകൾ—ബുദ്ധിപരവും, ശാരീ



കെ. പി. ശങ്കരമേനോൻ
ബി. എ. ബി. എൽ.

---

ണ്ടെന്നു പറവാൻ സന്നദ്ധതയുള്ള പുരുഷന്മാർ ഉള്ളപ്പോൾ മുഴുവൻതെററുകൾ തീർന്ന ലേഖനമോ ഒരു പ്ലോട്ടോ ഒരു സ്ത്രീയുടെ പേരിൽ കണ്ടാൽ അതാരോ പുരുഷൻ എഴുതികൊടുത്തതു തന്നെയെന്നു ശപഥം ചെയ്‌വാൻപോലും പുരുഷന്മാർ തയ്യാറായിരിക്കും. സ്ത്രീകളെ പരിഹസിക്കുവാനുള്ള രസം കൊണ്ടാണു പുരുഷന്മാർ ഈ അപവാദം പറഞ്ഞു നടക്കുന്നതെങ്കിലും സ്ത്രീകൾക്കു മുറിക്കത്തും മുറിശ്ലോകങ്ങളും എഴുതി കൊടുക്കുന്ന കോമാളികളാണു പുരുഷന്മാരെന്നുവരുത്തുന്ന ഈ അപവാദവ്യവസായത്തിൽനിന്നവർവിരമിക്കാത്തതു ആശ്ചര്യംതന്നെ. സാഹിത്യവ്യവസായത്തിൽ നല്ല ഉദ്ധത വന്നവർപോലും എന്തെങ്കിലും എഴുതിയാൽ അതു തങ്ങളെക്കാൾ അഭിജ്ഞരെന്ന് അവർക്കു വിശ്വാസമുള്ളവരെ കാണിച്ചു ആവശ്യമുള്ള തിരുത്തലുകൾ ചെയ്തു പ്രസിദ്ധപ്പെടുത്താറുള്ളു എന്നു പല ഗ്രന്ഥങ്ങളുടെയും മുഖവുരകളിൽ നാം വായിച്ചു കാണാറുണ്ടല്ലോ. ഇതുപോലെ സ്ത്രീകളും അവരെഴുതുന്നതു പുരുഷന്മാരിലാരെയെങ്കിലും കാണിച്ചു തെററു തിരുത്തി എന്നു വരാവുന്നതു സ്വാഭാവികമാണ്. എന്റെ കാര്യം പറകയാണെങ്കിൽ ഞാൻ വല്ലതും എഴുതുന്നതു തന്നെയും എനിക്കഭിജ്ഞരെന്നു വിശ്വാസമുള്ളവരെ കാണിച്ച് അവരുടെ സമ്മതം വാങ്ങിയല്ലാതെ ഞാൻ പ്രസിദ്ധീകരണത്തിനു കൊടുക്കാറില്ല. പുരുഷന്മാരുടെ അപവാദവ്യവസായം എങ്ങനെയും ഇരിക്കട്ടെ. സാഹിത്യദേവതയായ സരസ്വതീദേവി സ്ത്രീയാകയാൽ സാഹിത്യവ്യവസായത്തിൽ പ്രവേശിക്കുന്നതിനു പുരുഷന്മാരുടെ അപവാദവ്യവസായത്തെ ഭയന്നിട്ട് അടങ്ങിയിരിക്കേണ്ട ആവശ്യം ഇല്ലെന്നാണ് എനിക്കു തോന്നുന്നതു്.

— —

# മാററം

(കവനാലയം)



i

കനകമണികാഞ്ചനച്ചക്രവാളത്തിലും
ദിനമണി കരോജ്ജ്വലം സൗരയൂഥത്തിലും
പല പല കിനാവു കണ്ടിരുന്നുംനാം കവേ!
ശലഭ ചപലോചിതം ചുററി നീ നീളവേ
മദസരസരിൽ കല്ലോലലോല കല്ലോലമായ്
മധുരമദസിന്ധുവിൽ നീന്തിക്കളിച്ചു നീ
മദിരമധുരാസവം വാന്തിടും മാധവീ-
ലതിക മുട്ടമൊട്ടിടും വാസന്തകാന്തിയിൽ
മധുപകരാഗനിർലീനനായ് പൂങ്കുയിൽ
മധുവിധുനകന്ന പിന്നെത്രനാൾ നീ കവേ!

പ്രണയമണിവീണയും നൃത്തഗീതങ്ങളും
പ്രണവമതയന്ത്രവും മന്ത്രതന്ത്രങ്ങളും
ഇനിയുമയി! സൽക്കവേ നിന്നെ വഞ്ചിക്കുവാ-
നനുമതി ലഭിക്കുവാൻ കാത്തുനിൽക്കുന്നിതാ.

ii

പ്രകൃതിയുടെ ചില്ലിവില്ലാട്ടവും കാമുകീ-
സുകൃതമദനോജ്ജ്വലപ്രമദചാപല്യവും
വിരസത വിരിച്ചിടും നിമ്മിഴിക്കോണിലും
കരുണയുടെ കണ്ണുനീർത്തുള്ളിയും കവേ.
ഹൃദയമുകുളം വിടർത്തുന്ന സൌന്ദര്യവും
തദനലയസൽക്കലാസാന്ദ്രമാധുര്യവും
അധികമധികം നുകർന്നാത്തസംതൃപ്തമാം
ഹൃദയമുരുകുംക്രമാൽ ദീനദീനം കവേ

ഒരു ചെറിയ തൂവലിൻതുണ്ടുമായ് കോളുകൊ-
ണ്ടലറിമറിയുന്നൊരീ ജീവിതം താങ്ങുവാൻ
കഠിനവ്രതമെന്തിടും സൽക്കവേ! കേൾക്ക നീ
മുറവിളിയുമേങ്ങലും ഹൃത്തടംപൊട്ടലും
ചിലസമയമെൻസഖേ! തൂവൽ നീയായിടും
കരമതിലണച്ചു നിസ്സംശയം, ദീനനായ്
കരയുമൊരു സാധുവിനായ്, വലംകൈകൊട്ട-
ത്തരികിലണയിക്കുതാൻ വേണ്ടതായുംവരും.

വനികയുടെ ദാനമാം കാട്ടുപുല്ലാങ്കുഴൽ
കനകമണി നാണയകൂമ്പാരമുണ്ടാകണം!
വയറുപൊരിയുമ്പൊഴും ഹന്ത! നീ പാടണം
പ്രിയതയൊടു കൌബേരനാമസങ്കീർത്തനം!

iii

മുട്ടലഹൃദയത്തിനും നൊമ്പരംതട്ടിടാം
മുദിതജിതജീവിതത്തിന്നുമുണ്ടാം വ്രണം.
അതുലിതനിരാശയാൽ ചിത്രപക്ഷങ്ങള-
റെറാരു ചെറിയ കീടമായ് വീണിടാം താഴെ നീ.
അടിമുടികൾതൊററിനിൻ ഭാവനാസൗധവും
തവിടുപൊടിയായ്തകർന്നുഴിയിൽ താണിടാം.
മധുരതരമാധവമാസസംഗീതവും
മധുവിധുമദാലസലാസ്യസൗഭാഗ്യവും
കരുണകരുണാർദ്രദാരിദ്ര്യശോകാത്മക-
ഝരികകളിലിലധരാമണ്ഡലം മുക്കിടാം.

വയറിനെരിതീപിടിച്ചാർത്തനായ്, നാവിൽ നീ-
രൊരു കണവു മൂറിടാതസ്തചേഷ്ടാംഗനായ്,
വിരവിലൊരു കുന്നിൽവന്നെത്തി മുട്ടുന്നകാ-
ട്ടരുവിയൊടു തുല്യമായ് നീ കുഴങ്ങാം കവേ!

അമരപദ വീഥിയിൽ ഗന്ധർവദേവനായ്,
സുമവനിയിലുല്ലസൽ പൂങ്കുയിൽപൂൺപുമായ്,
സുഖിതമയഭാവിയിൽ പൊൻകിനാവായ്, ഇനി
പ്പകലിരവു പാകുവാനില്ലകാലം സഖേ!

സമതയുടെ യാനവും സ്വാതന്ത്ര്യഗാനവും
സമരഭേരിപ്ലവാഹ്വാനവും ധ്യാനവും
വിവശതയിൽ വീണനിൻ ജീവിതത്തെയുമു-
ജ്ജ്വലിതതരമാക്കിടുന്നില്ലയോ സൽക്കവേ!?

---

രികവും ആയുള്ള സാദ്ധ്യതകൾ—എല്ലാംതന്നെ പ്രദർശിപ്പിക്കത്തക്ക കാര്യക്ഷമത ഉണ്ടാകുവാൻ പ്രേരകമാകുന്ന വിധത്തിൽ ജീവിക്കുന്നതിനു സാദ്ധ്യമാക്കുന്ന കൂലിയാണ് അവനു ലഭിക്കേണ്ട ഏററവും കൂടിയ കൂലിനിരക്ക്. ഒരു വ്യക്തിക്ക് ആരോഗ്യകരമായ പരിതഃസ്ഥിതികളിൽ ജീവിക്കുന്നതിനും അവന്റെ ശിശുക്കൾക്കു കാര്യക്ഷമതയും, വാസനയും വളർക്കത്തക്ക വിദ്യാഭ്യാസം നൽകുന്നതിനും, അവനും കുടുംബത്തിനും ആവശ്യമുള്ള വിശ്രമം, വിനോദം, വൈദ്യസഹായം മുതലായവ ലഭിക്കുന്നതിനും അവനെ പ്രാപ്തനാക്കുന്നതായിരിക്കണം ഈ കൂലി. ഇതെല്ലാം ആലോചിച്ചുനോക്കുമ്പോൾ വർഷത്തിൽ അറുനൂറോ, എഴുനൂറോ പവൻ വീതം ഓരോ തൊഴിലാളികൾക്ക് ഇംഗ്ലണ്ടിൽ കൊടുക്കേണ്ടിവരുമെന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നത്. ലോകത്തിൽ ഇന്നു തൊഴിലാളികളിൽ അധികംപേരും ഈ സംഖ്യയുടെ ഒരു വെറും ചെറിയ ഭാഗംകൊണ്ടുമാത്രം കഴിഞ്ഞുകൂടുന്നവരാണെന്ന സംഗതി സ്മരണീയമാണ്.

സാമ്പത്തിക അസമത്വത്തിന്റെ തോതുതന്നെ പല രാജ്യങ്ങളിലും പലതാണ്. സർക്കാരുദ്യോഗസ്ഥന്മാരുടെയിടയിൽ ഫ്രാൻസിലുള്ളതിനെക്കാൾ കൂടുതലാണ് ഇംഗ്ലണ്ടിൽ ഈ അസമത്വം. ഇംഗ്ലണ്ടിൽ ഏററവും ഉയർന്ന ഒരു ഗവൺമെൻറുദ്യോഗസ്ഥനു, ഏററവും താഴ്ന്ന ഉദ്യോഗസ്ഥന്റെ ശമ്പളത്തിന്റെ നാല്പതോ അൻപതോ ഇരട്ടിയാണ് ആദായം. ഫ്രാൻസിലാകട്ടെ ഈ വ്യത്യാസം ഇരുപതിരട്ടിയെയൊള്ളു. ഈ അസമത്വം എല്ലാ മുതലാളിത്വരാജ്യങ്ങളിലെക്കാളും അത്ഭുതകരമായ വിധത്തിൽ അത്രവളരെ കൂടുതൽ ഉള്ളതു് സോവിയററ് റഷ്യയിൽ ആണത്രേ! അമേരിക്കയിൽ ഒരു ഖനി മാനേജരുടെ വരവു് ആ ഖനിയുടെ അകത്തുപോയി വേലചെയ്യുന്ന ഒരു സാധാരണ വേലക്കാരന്റെ കൂലിയുടെ ഉദ്ദേശം നാലിരട്ടിയാണ്. എന്നാൽ സോവിയററ് റഷ്യയിൽ ഇപ്രകാരമുള്ള ഒരു ഖനി മാനേജർക്ക് ഏററവും താഴ്ന്ന ശമ്പളക്കാരന്റെ എൺപതിരട്ടിയോ കൂടുതലോ ആണ് വരുമാനം ലഭിക്കുന്നതെന്ന് കുറച്ചുകാലം മുൻപു സോവിയററ് റഷ്യ സന്ദർശിച്ച മാക്സ് ഈസ്റ്റ്മാൻ (Max East man) പ്രസ്താവിക്കുന്നു. നമ്മുടെ രാജ്യത്തെ ഉദ്യോഗസ്ഥന്മാർ തമ്മിലുള്ള സാമ്പത്തിക അസമത്വങ്ങളെ പററി പാശ്ചാത്യ രാജ്യങ്ങളിൽ ഈ കണക്കുകൾ എത്തുന്നവർക്ക് അറിവില്ലെന്നാണു തോന്നുന്നത്. അല്ലെങ്കിൽ സോവിയററ് റഷ്യക്ക് ഈ അപമതി ഏല്ക്കേണ്ടി വരികയില്ലായിരുന്നു.

ഒരു രാജ്യത്തിലോ സമുദായത്തിലൊ ഉണ്ടായിരിക്കാൻ അനുവദിക്കാവുന്ന സാമ്പത്തിക അസമത്വത്തിന്റെ തോതു് എന്തായിരിക്കണം? ഇതു നിർണ്ണയിക്കുക പ്രയാസമേറിയ ഒരു കൃത്യമാണ്. എന്നു മാത്രമല്ല ഇപ്പോഴത്തെ സ്ഥിതിക്കു ഈ പ്രശ്നത്തിനു സകലരാജ്യക്കാർക്കും ഒരുപോലെ സ്വീകാര്യമായിട്ടുള്ള ഒരു പരിഹാരം കാണുവാൻ പ്രയാസവുമാണ്. ഏററവും കുറഞ്ഞ കൂലിനിരക്ക് നിലവിലുള്ള ഒരു രാജ്യത്തു്, സംതൃപ്തിയോടുകൂടി ജീവിക്കുവാൻ വേണ്ടസംഖ്യ കൂലിയായി ലഭിച്ചുവരുന്ന തൊഴിലാളികളുള്ള രാജ്യത്തെക്കാൾ, ഈ അസമത്വം കൂടുതലായിരിക്കാനാണിടയുള്ളതു്. തങ്ങളുടെ പരിപൂർണ്ണമായ വളർച്ചയ്ക്കു ആവശ്യമായ ഒരു തുക ആദായമായി കിട്ടുന്ന വ്യക്തികൾ ഇല്ലാത്ത യാതൊരു സമുദായവും പുരോഗതിയെ പ്രാപിക്കുകയില്ല. ഉത്തമജീവിതം തങ്ങൾക്കും കുടുംബങ്ങൾക്കും നയിക്കുവാൻ പ്രാപ്തമാകുന്നവിധത്തിലുള്ള ഒരു കൂലിനിരക്ക് ഏതു രാഷ്ട്രം സകലതൊഴിലാളികൾക്കും കൊടുക്കുവാൻ നിർബന്ധിക്കുന്നുവോ അവിടെയായിരിക്കും ഈ സാമ്പത്തികാസമത്വം ഏററവും കുറഞ്ഞുകാണുവാൻ ഇടയുള്ളതു്. അവിടെ മാനേജർക്കും കൂലിക്കാരനും ഏററവും ഉയർന്ന ഉദ്യോഗസ്ഥനും, ഏററവും താഴ്ന്ന ഉദ്യോഗസ്ഥനും തമ്മിലുള്ള സാമ്പത്തികാസമത്വങ്ങൾ താരതമ്യേന കുറവായിരിക്കും. ഈ അസമത്വം എത്രത്തോളം കുറയുന്നുവോ, അത്രത്തോളം ആ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി ഉൽക്കർഷോന്മുഖമായിരിക്കും. അതായിരിക്കണം ഏതു രാഷ്ട്രത്തിന്റെയും ഐശ്വര്യത്തിന്റെ മാനദണ്ഡം.

———

# ഇഖ്ബാലിൻെറ തത്വചിന്ത

[വക്കം എം. അബ്ദുൽഖാദർ]

അന്തഃപക്ഷണീയമായ രാഷ്ട്രീയാവശ്യങ്ങൾക്കു വിധേയനായി, തൻെറ അവസാനകാലത്തു ഇഖ്ബാൽ അപ്രതിരോധ്യമായ വിധത്തിൽ സാമുദായികപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവെങ്കിലും 'മാനവവംശത്തിൻെറ ഒരു കവി' എന്ന അദ്ദേഹത്തിൻെറ അഭിധാനം എളുപ്പത്തിൽ സ്ഥാപിക്കപ്പെടാൻ കഴിയുന്നതാണ്. പ്രകൃതിയുടെ മറെറല്ലാ മഹാകവികളെപ്പോലെ സൗന്ദര്യത്തിൻെറയും പ്രഭാവത്തിൻെറയും സാർവത്രികന്മരായകളെക്കുറിച്ചുള്ള ഗാനങ്ങളാൽ അദ്ദേഹം ഹൃദയങ്ങളെ ഇളക്കിയിരിക്കുന്നു. എന്നാൽ അദ്ദേഹത്തിൻെറ യഥാർത്ഥമായ ജീവിതോദ്ദേശ്യം, ഒരു ആത്മീയവീക്ഷണത്തിൽ അധിഷ്ഠിതമായ വീരകർമ്മങ്ങൾകൊണ്ടും സുധീരമായ ആത്മപരിത്യാഗംകൊണ്ടും ആളുകൾക്കു മനോജ്ഞീവനം നൽകുകയാണ്. അസുലഭസൗന്ദര്യവും മനോഹാരിതയും നിറഞ്ഞ തൻെറ 'ഷാമാഒർഷാഹിർ' എന്നകവിതയിൽ, കലയെ സംബന്ധിച്ചു കാണുന്ന തത്വജ്ഞാനപരമായ വീക്ഷണം ഉറുദുസാഹിത്യത്തിന് തീരെ അപരിചിതമായിരുന്നു. അബദ്ധരഹിതമായിട്ടാണ് ഞാൻ അതിനെ ഗ്രഹിച്ചിട്ടുള്ളതെങ്കിൽ അദ്ദേഹത്തിൻെറ കലാപരമായ വീക്ഷണം രവീന്ദ്രനാഥടാഗൂറിൻെറ സിദ്ധാന്തങ്ങളോടു വളരെ സമീപിക്കുന്നതായികാണുന്നു. പരിപൂർണ്ണമായ അർത്ഥത്തിലുള്ള യാഥാർത്ഥ്യം അറിവിൽകൂടി ഗ്രഹിക്കുവാൻ സാധിക്കയില്ലെന്നും അതിൻെറ വാസ്തവപ്രകൃതി, സൗന്ദര്യത്തിൻെറ ശക്തിവ്യാപാരത്താൽ മാത്രമെ മനുഷ്യഹൃദയത്തിൽ വെളിപ്പെടുകയുള്ളുവെന്നും അദ്ദേഹം വിശ്വസിക്കുന്നു. നക്ഷത്രം, പുഷ്പം മുതലായ എല്ലാ മനോഹരവസ്തുക്കളും മനസ്സിൻെറയും യാഥാർത്ഥ്യത്തിൻെറയും മദ്ധ്യേ ഒരു നിവേദനമാർഗ്ഗം സ്ഥാപിച്ചുകൊണ്ടു സത്യത്തിൻെറ ഹൃദയത്തിൽ ഒരു കവാടം ഉൽഘാടനം ചെയ്യുന്നു. ദിവ്യസൗന്ദര്യത്തിൻെറ വിഭാഗങ്ങളായ എല്ലാ വസ്തുക്കളിലും അതേ സൗന്ദര്യത്തെ വെളിപ്പെടുത്തുകയാണ് യഥാർത്ഥകലയുടെ ഉദ്ദേശം. ഇഖ്ബാൽ പറയുന്നു —

അഖിലപ്രപഞ്ചത്തെയും ഉൾക്കൊള്ളുന്ന ആ സൗന്ദര്യത്തെ നിൻെറ അസംതൃപ്തമായ നയനങ്ങൾക്കു വെളിപ്പെടുത്തിക്കൊടുക്കുക.

മഞ്ഞു കണ്ണുനീർകണങ്ങളായി വീഴുന്നു. തൈജസകീടത്തിൻെറ അപൂർണ്ണപ്രഭയാൽ ഹൃദയവേദന അനുഭവിക്കുന്നു.

നമ്മുടെ മങ്ങിയകാഴ്ചനിമിത്തം വസ്തുക്കളെ വ്യത്യസ്തങ്ങളായി നാം കാണുന്നു. അതേ സൗന്ദര്യംതന്നെയാണ് എല്ലാരൂപങ്ങളിലും തെളിഞ്ഞുകാണുന്നതു്. (ബാങ്കെ-ദറാ)

സർവ് വസ്തുക്കളിലും കണ്ടുപിടിക്കുവാൻ കഴിയുന്ന ഈ ദിവ്യ ഗുണവിശേഷങ്ങളെ മനുഷ്യഹൃദയത്തിൽ ആനന്ദവികാരങ്ങളെ ഉണർത്തുകയും അവനെ ജീവിതത്തിലെ സ്വാത്ഥവൃത്തികൾക്കുപരിയായി ഉയർത്തുകയും ചെയ്യുന്നു. ഈ സൗന്ദര്യദർശനത്താൽ



ഉജ്ജ്വലിക്കുന്നഹൃദയത്തിൽ കൂടിയല്ലാതെ മനുഷ്യന് അവനെ അവനിൽനിന്നു മാററുവാനോ അവൻെറ വിരസതകളെ വിസ്മരിക്കുവാനോ കഴിയുന്നതല്ല.

നിൻെറ പ്രണയം മരുഭൂമിയിൽ ചാലു നിർമ്മിക്കുന്നു. സൗന്ദര്യത്തിൻെറ അക്ഷയനിധികൾ കുഴിച്ചെടുക്കപ്പെടാതെ നിൻെറ സ്വന്ത ഹൃദയത്തിൽ സ്ഥിതിചെയ്യുന്നു (ബാങ്കെ:ദറാ)

ഈ പുനഃസംഘടിതമായ കാഴ്ചകൊണ്ടു ചന്ദ്രനെ കത്തിക്കുന്ന ആ സൗന്ദര്യം ഓരോ നക്ഷത്രത്തിലും ദർശനീയമാണ്.

വിഭിന്നതയിലെ സംയോജിപ്പിൻെറ ഒരു 'തമാശ'യാകുന്നു എൻെറ ആസ്തിക്യം. ഞാൻ പ്രണയിയാണ്, ഞാൻ പ്രണയഭാജനമാണ്, ഞാൻ വേർപാടിൻെറ വേദനയുമാകുന്നു.

ഞാൻ മധുവോ പാനപാത്രമോ ലഹരിയോ അല്ല.

മനുഷ്യൻ ഒരു ആത്മീയജീവിയാണ്. ഈ സത്യത്തിനനുസരണമായി ലോകത്തെ വ്യാഖ്യാനിക്കുന്നതാണ് മനസ്സിൻെറ ശരിയായ ജോലി. ഇത്തരത്തിൽമാത്രമാണ് ഭൗതിക കാര്യങ്ങളെനിയന്ത്രിക്കുന്നതു്. എല്ലാ മനുഷ്യനും ആത്മീയമായി ബലവാനാണ്. പരിപൂർണ്ണ സൗന്ദര്യത്തെ ദർശിക്കുന്നതിന്, കലയുടെ സഹായത്തോടുകൂടിയോ അല്ലാതെയോ അവൻ തൻെറ കണ്ണുകളെ തുറക്കുക മാത്രമെ ചെയ്യേണ്ടതുള്ളു. ഒരുവനിൽ ആനന്ദമായ വികാരങ്ങളുളവാക്കി അവനെ ജീവിതബന്ധനത്തിൽ നിന്നു വിമോചിപ്പിക്കുക മാത്രമല്ല, ഒരു മഹാകവി ചെയ്യേണ്ടതു്. യാഥാർത്ഥ്യപ്രകൃതിയെ സംബന്ധിച്ച ആദ്ധ്യാത്മികസത്യവും അദ്ദേഹം അവനെ ഗ്രഹിപ്പിക്കണം. മസ്തിഷ്ക സംബന്ധിയല്ലാത്ത ഈ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള അനുഭവപരമായ പരിജ്ഞാനത്തിന് ഇഖ്ബാൽ തൻെറ കവിതയിൽ ഇഷ്ക് (പ്രണയം)എന്നാണു പേരു നൽകിയിരിക്കുന്നതു്.

മതത്തിലും ഭക്തിയിലും അധിഷ്ഠിതമായിട്ടുള്ള പ്രസ്തുത യാഥാർത്ഥ്യത്തെ സംബന്ധിച്ച വീക്ഷണം കൊണ്ടു ഇഖ്ബാൽ ഭൗതികതത്വത്തെയും ധിഷണാപ്രസ്ഥാനത്തെയും ദേശീയത്തെയും എതിർക്കുന്നു.

ദിവ്യസൗന്ദര്യത്തെ സംബന്ധിച്ച അനുഭവപരമായ പരിജ്ഞാനം (പ്രണയം) മാണ് ഒരുവനെ സ്വാർത്ഥരഹിതനാക്കി നിഷ്കാമകർമ്മങ്ങൾക്കു പ്രേരിപ്പിക്കയും അവനിൽ സദാചാരപരമായ അനുസരണാബോധം വളർത്തി, അവനെ ആലസ്യജന്യമല്ലാത്ത ആത്മപരിത്യാഗം പഠിപ്പിക്കുകയും ചെയ്യുന്നതു്. അതു (പ്രണയം) അവനിൽ കരുത്തും ധീരതയും മനുഷ്യത്വവും വളർത്തുന്നു. ദിവ്യപ്രണയഭരിതമായ ഒരു ഹൃദയം, വിശ്വത്തെ മുഴുവനും സൃഷ്ടിക്കുവാനോ നശിപ്പിക്കുവാനോ കഴിവുള്ള പൊട്ടിത്തെറിച്ച ഒരു പരമാണുവിനെപ്പോലെ പ്രബലമായി ഭവിക്കുന്നു.

പ്രണയത്തിൻെറ കെണിയിൽ അകപ്പെട്ടാൽ മാത്രമെ ഹൃദയം മോചിതമാകുകയുള്ളു.

ജീവിതരഹസ്യപ്രശ്നത്തിന് പരിഹാരം കണ്ടുപിടിക്കുന്നതിന് പ്രണയത്തെ അപേക്ഷിച്ചു യുക്തിക്കുള്ള ഇടങ്ങഅററത്തെ അശക്തിയെ ഇഖ്ബാൽ അനിയന്ത്രിതമായഊർജ്ജിതത്തോടുകൂടി വെളിപ്പെടുത്തുന്നു. യുക്തിയെ നിശ്ശേഷം അവിശ്വസിച്ചു കൊണ്ട്, ശാസ്ത്രത്തിൻെറയും തത്വജ്ഞാനത്തിൻെറയും അസ്ഥിരവും ദുർബ്ബലവും (സദാചാരപരമായി) ആയ സത്യത്തിൻെറ നേക്കു ഇഖ്ബാൽ അക്ഷീണനായി വിരുദ്ധഭാവേന കുതിച്ചുകയറുന്നു. 'പ്രവൃത്തിയെക്കൂടാതുള്ള ചിന്ത ഒരു രോഗമാണ്' എന്നു അദ്ദേഹം പറയുന്നു. പ്രണയത്തിൽ കൂടി പ്രകാശിതമായ ആത്മീയത്വര മാത്രമാണ് മനുഷ്യൻെറ യഥാർത്ഥമായ മാർഗ്ഗദർശി. വമ്പിച്ച കർമ്മങ്ങളും വമ്പിച്ച വിശ്വാസത്താലാണ് നിർവ്വഹിക്കപ്പെടുന്നതു്. വെറും യുക്തി യാഥാർത്ഥ്യത്തെ സംബന്ധിച്ച നിർജ്ജീവവും പ്രായോഗികമായി അപ്രധാനവും നീതിപരമായി അപ്രചോദിതവും ആയ ഒരു വീക്ഷണത്തെയാണ് നൽകുന്നതു്. മനുഷ്യഹൃദയരുധിരംകൊണ്ടുഎഴുതപ്പെടാത്ത തത്വജ്ഞാനപരമായ ഒരു ഗ്രന്ഥംഉപയോഗശൂന്യമായ ഒരുകെട്ട കടലാസ്സ് മാത്രമാണ്.

ഒരു മാതൃകാമർത്ത്യൻ അനുഭവങ്ങളെയും ധീരവും നിസ്വാർത്ഥവും ആയ കർമ്മങ്ങളെയും വേർപെടുത്തുന്നുകൂടാ. നിരന്തര കർമ്മങ്ങളുടെ കാരണം ദിവ്യപ്രണയമാകുന്നു. ബന്ധനവിമോചനം നൽകുന്നതു പ്രണയമാണ്. സന്ദേഹചിത്തരായ ചിന്തകന്മാർ പ്രായേണ കർമ്മധീരന്മാരല്ല. പ്രണയാധിഷ്ഠിതമായ വിശ്വാസവും ആശയും ഭാവനയുംകൊണ്ടു ഇച്ഛാശക്തി ഭാസുരമാകുമ്പോൾ വിഷമമേറിയ ജോലികൾ എളുപ്പമായിത്തീരുന്നു. പ്രണയത്തിൻെറ യാഥാർത്ഥ്യത്തിലുള്ള വിശ്വാസമാണ് മനുഷ്യ ജീവിതത്തിലെ ഏററവും മഹത്തായ നിയമം. "അക്ൽ ഔർദിൽ" (ബുദ്ധിയും ഹൃദയവും) എന്ന കവിതയിൽ ഇഖ്ബാൽ ഇതിനെ ശക്തിപൂർവം വെളിപ്പെടുത്തുന്നു. ബുദ്ധിയെ സംബോധനചെയ്തുകൊണ്ടു അദ്ദേഹം പറയുകയാണ്—

ജീവിത രഹസ്യത്തെ മനസ്സിലാക്കുവാനാണ് നീ ശ്രമിക്കുന്നതു്.

പ്രണയദീപ്തമായ ഹൃദയമുള്ള എനിക്കു ഈ യാഥാർത്ഥ്യത്തെ സംബന്ധിച്ച് വക്രരഹിതവും നിർവിഘ്നവും ആയ ഒരു വീക്ഷണമുണ്ട്.

സാമ്പത്തികശാസ്ത്രവും രാജ്യതന്ത്രവും സ്വാർത്ഥത്തിനു വേണ്ടിയുള്ള കളികളാണെന്നു അഭിപ്രായപ്പെട്ടതു കാറൽമാർക്സാണ്. ഇഖ്ബാൽ നിധിധരത്വ (മുതലാളിത്വം)ത്തിൻെറ ബദ്ധശത്രുവാണെങ്കിൽ അദ്ദേഹത്തിനു പ്രസ്തുത അഭിപ്രായത്തോടു വെറും നിന്ദയാണു തോന്നുന്നതു്.

'തന്നെത്താനറിയുക' എന്നാതാണു ഇഖ്ബാലിൻെറ ആത്മീയ സിദ്ധാന്തം.

"നിൻെറ ആത്മാവിൻെറനിഗൂഢശക്തികളെ വെളിക്കു കൊണ്ടുവരിക. അപ്പോൾ ജീവിതത്തിൻെറ തിപ്പൊരി വികസിച്ചു അനശ്വരമായ ഒരു അഗ്നിപ്പടർപ്പായി തീരും.

ആത്മപരിജ്ഞാനവും ആത്മവിശ്വാസവും ആണ് ആത്മാവിൻെറ പ്രദീപ്തി. ഈ പ്രദീപ്തികൊണ്ടു വേണം മനുഷ്യൻ ഒരു വീരാത്മാവായി തീരുവാനെന്നു കാർലൈൽ പറയുന്നു.

വർഗ്ഗീയവും ദേശാഭിമാനപരവും ആയ സംഘടനകളാണ് ഇസ്ലാമിൻെറ രാഷ്ട്രീയവും മതസംബന്ധവും ആയ ഐക്യത്തിൻെറഏററവുംവലി

---

പ്രൊഫസർ സുന്ദരദാസ് എം. എ. ഇൻഡ്യൻറവ്യൂവിൽ എഴുതിയിരുന്നലേഖനം.



# നിശാഗന്ധി

എസ്. കെ. പൊറെറക്കാട്ട്

എനിക്ക് ഏററവും ഇഷ്ടപ്പെട്ട ഒരുപരിമളം, "നിശാഗന്ധി"യുടെതാണ്. "രാത്രിയിലെ റാണി" (Night queen) എന്ന് ഇംഗ്ലീഷിൽ പറയപ്പെടുന്ന ഈ ചെടിയുടെ ചെറിയ വിരിമലരുകളിൽനിന്നും വഴിയുന്ന പരിമള ധോരണിയെപ്പോലെ, എന്നെ ആകർഷിക്കുന്നതായി മറെറാന്നുമില്ല. വേലിയ്ക്കരികിലെ പടർപ്പുകളിൽനിന്നും, ഉദ്യാനങ്ങളുടെ കോണുകളിൽനിന്നും, മതിലുകളുടെ മറവിൽനിന്നും പുറപ്പെട്ടുവരുന്ന ആ പുതുമണം, അന്ധകാരത്തിൽക്കൂടി ഇഴഞ്ഞുവന്നു എന്റെ അന്തരംഗത്തെ ഒരാനന്ദോന്മാദത്തിൽ ആറാടിക്കാറുണ്ട്. നിശാറാണി പുഷ്പങ്ങളിലെ വേശ്യയാണ്. പകൽ മുഴുവനും കിടന്നുറങ്ങി, അന്തികഴിഞ്ഞാൽ അന്ധകാരത്തിൽക്കൂടി പതുങ്ങിച്ചെന്നു അറിയാതെ ആളുകളെ അവൾ ആലിംഗനംചെയ്തു വശീകരിച്ചുകളയും—അതെ ആ മനംമയക്കുന്ന മണം, ഒരു വേശ്യയുടെ പററിയതാണ്.

പക്ഷെ, എന്റെ സ്വന്തം തോട്ടത്തിൽ, ഒരു നിശാഗന്ധിച്ചെടിയെ വെച്ചുപിടിപ്പിക്കുവാൻ, ഞാൻ ഒരിക്കലും അനുവദിക്കയില്ല. പലതരം പൂച്ചെടികളാൽ അലംകൃതമായ



എന്റെ മനോഹരാരാമത്തിൽ ഒരൊററ നിശാഗന്ധിച്ചെടിപോലും, നിങ്ങൾ കാണുകയില്ല. അതിന്ന് ഒരു പ്രത്യേക കാരണമുണ്ട്; അതിന്റെ പിന്നിൽ ഒരു പഴയ കഥയുണ്ട്.

ഞാനതു പറയാം. അന്നു ഞാൻ 17 വയസ്സുചെന്ന ഒരു കാളേജ്‌വിദ്യാർത്ഥിയായിരുന്നു. ഒരു യുവാവിന്റെ ജീവിതത്തിൽ പതിനേഴാം വയസ്സ് കുറെ അപകടം പിടിച്ച ഒരു ഘട്ടമാണ്. ഇംഗ്ലീഷ്കാർ ഈ പതിനേഴാംവയസ്സിനെ "Sweet seventeen" (മധുരപ്പതിനേഴ്" "എന്നു പറയുന്നുണ്ടെങ്കിലും, ഞാനതിനെ "മാരണപ്പതിനേഴ്" എന്നാണു നാമകരണം ചെയ്തിരിക്കുന്നതു്. ഒരു പുതുമയുടെ ലഹരിയിൽ ഈ പതിനേഴുകാരനു പലതും തോന്നും. വേണ്ടാത്ത പ്രണയസംരംഭങ്ങളിൽ തല കടത്തി, കിണഞ്ഞുപിണഞ്ഞും, പുതുതായിക്കേൾക്കുന്ന ഓരോ ആദർശത്തിന്റെയും പിന്നാലെ പാഞ്ഞു തടഞ്ഞു വീണു മണ്ണു കപ്പിയും, കണ്ടാൽ കൊള്ളാവുന്ന പെൺകുട്ടികളെയെല്ലാം, ദേവതകളാക്കി സങ്കല്പിച്ചു ഗൂഢാരാധനനടത്തി നിരാശപ്പെട്ടും, നടക്കുന്ന നിരുപദ്രവിയായ ഒരു സ്വപ്നോപജീവിയായിരിക്കും അവൻ. ഈ പതിനേഴുകാരനെക്കൊണ്ടു പത്രാധിപന്മാർ വല്ലാതെ ബുദ്ധിമുട്ടാറുണ്ട്. കാരണം ഏതു കഴുതബുദ്ധിക്കും, കവിത തോന്നുന്ന ഒരു കാലമാണതു്. അവൻ, മിക്കവാറും, ഭൗതിക വാദിയാകുവാനിഷ്ടപ്പെടാത്ത, ആത്മീയ വാദിയായ ഒരു തരം വേദാന്തിയായിരിക്കും. അവന്റെ പ്രേമത്തിന്റെ പോക്കും അത്തരത്തിൽ തന്നെ. "വിലാസലതിക"യിലെ പ്രേമത്തേക്കാളും അവൻ ഇഷ്ടപ്പെടുക, "നളിനി"യിലെയോ "ലീല"യിലെയോ പ്രേമമായിരിക്കും. ഇററാലിയൻ "ഡാൻറി"യായിരിക്കും അവന്റെ ആദർശ കാമുകൻ.

അവരുടെ അറിവോ സമ്മതമോ കൂടാതെ പല പെൺകുട്ടികളുടെ സൌന്ദര്യത്തെയും, സ്വഭാവത്തെയും, പ്രേമത്തെയും പററി ഗവേഷണങ്ങൾ നടത്തി, ഒടുവിൽ എന്റെ Ideal Girl (ആദർശ ബാലിക) ആയിത്തീരുവാനുള്ള മഹാഭാഗ്യം സിദ്ധിച്ചതു് മാലതിക്കാണ്. മാലതി, ഹൈസ്കൂളിലെ ഒരു വിദ്യാർത്ഥിനിയായിരുന്നു. വെളുത്തു്, സാമാന്യം തടിച്ചു, കുറുതായി പരന്ന ദേഹം. ഉരുണ്ടു കൂടിവരുന്ന മാറു്. പൂന്തിങ്കൾ പോലത്തെ മുഖം. അവളുടെ മദ്യം സേവിച്ച കണ്ണുകളാണ്, എന്നെ ആദ്യമായി ആകർഷിച്ചതു്. ആകപ്പാടെ അവളിലെങ്ങും, ഒരഴകിന്റെ ഒഴുക്കുണ്ടായിരുന്നു. ഒരിക്കലും ചിരിക്കാത്ത ഒരു കൊച്ചു ഗൗരവക്കാരിയാണ് മാലു. അവളുടെ ഗൌരവം എനിക്കുതന്നെ പിടിച്ചു. പെൺകുട്ടികൾ അങ്ങിനെയിരിക്കണം ചിരിച്ചു മയങ്ങി, കണ്ണും തുള്ളിനടക്കുന്ന പെൺകുട്ടികളെ, അന്നെനിക്കു കണ്ടുകൂടായിരുന്നു. പച്ചനിറത്തിലുള്ള പരുത്ത ഖദറിന്റെ പാവാടച്ചുററി, ചുകന്ന പുള്ളികളുള്ള ഒരു വെള്ളഖദർ ബ്ളൗസ് ധരിച്ചു, മാറിൽ വലിയൊരു പുസ്തകക്കെട്ട് അമർത്തിപ്പിടിച്ച്, ഇടതു കയ്യിൽ അണ്ടിപോയ പറങ്കിമാങ്ങയുടെ ആകൃതിയിലുള്ള പിടിയോടുകൂടിയ ഒരു കൊച്ചുകുട തൂക്കിപ്പിടിച്ചു, റോഡിന്റെ ഒരരികിൽക്കൂടി മുഖംതാഴ്ത്തി, ഒരരയന്നപ്പിടപോലെ, അവൾ നടന്നുപോകുന്ന മഹോത്സവം കാണുവാൻ അത്യുൽസുകനായി, നിത്യവും വൈകുന്നേരം എന്റെ മാളികയുടെ മുകളിലത്തെ പ്രാന്തയിൽ ഞാൻ ഹാജർകൊടുക്കും. അവളറിഞ്ഞിരുന്നില്ല, ഞാനവളെ രാപ്പകൽ ആരാധിക്കുന്നുണ്ടെന്ന്. ഞങ്ങളുടെ മേതമാററിക്സ് പ്രൊഫസർ, രാമനാഥയ്യരുടെ "ലോഗരിത"വും "കോടാഞ്ജൻറും" കിണ്ണാംകുതിയും നിറഞ്ഞ വീട്ടുകണക്കുകളെല്ലാം ഒരിടത്തേക്കു നീക്കിവെച്ചു. ഞാൻ മാലതിയെപ്പററിയും അവളുടെ നടത്തയെപ്പററിയും ആ പുസ്തകക്കെട്ടിനെപ്പററിയും കവിതകൾ രചിക്കുവാൻ തുടങ്ങി.

> 'കൂൺകണക്കെ വളർന്നു വരും മാറു
> കാൺകയെന്റെ കരളും കരിയുന്നു'

ഭേഷ്; ആ വരികൾ എനിക്കുതന്നെ നന്നേ പിടിച്ചു. പക്ഷെ, കവിത അങ്ങനെ എഴുതിപ്പോയെങ്കിലും ഒരു വിഷയാസക്തിയോടെ അവളെപ്പററി വിചാരിക്കരുതു് എന്നെനിക്കു നിർബന്ധമുണ്ടായിരുന്നു. അന്യൂനമായ ആദർശാത്മകതയോടു കൂടിയ ഒരു ദിവ്യപ്രേമം! അതിൽ ഒരു വിഷാദാത്മകത്വം, നൈരാശ്യം, ഇതൊക്കെ ഉൾക്കൊള്ളുകയും വേണം. മദനനെപ്പോലെ, പ്രേമനൈരാശ്യം പൂണ്ട് ആദ്ധ്യാത്മഗാനങ്ങൾ പാടിക്കൊണ്ടു നടക്കുവാൻ എനിക്കൊരവസരം കിട്ടുവാൻ ഞാൻ പ്രാർത്ഥിച്ചു. "കേതുവിൽ താണു പാറിയ പതാകപോലവെ" മാലു എന്റെ ചുമലിലേക്കു പാഞ്ഞു വീഴുന്ന ആ രംഗം ഞാൻ മുമ്പിൽ ദർശിച്ചു.

മാലതി താമസിച്ചിരുന്നതു് ഞങ്ങളുടെ ഗൃഹത്തിന്റെ രണ്ടു ഫർല്ലാംഗ് പടിഞ്ഞാറുഭാഗത്തുള്ള വിശാലമായ ഒരു പറമ്പിലെ മാളികപ്പുരയിലായിരുന്നു. അവളുടെ അച്ഛനും ഞാനുമായി "എന്താ?"—"നല്ലതു്" എന്നു കണ്ടാൽ മിണ്ടുന്ന ഒരു നേരിയ പരിചയമല്ലാതെ അതിലധികമൊന്നും ഉണ്ടായിരുന്നില്ല. താഴോട്ടു നോക്കി നടക്കുന്ന മാലതി എന്റെ മുഖം വല്ലപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ എന്നുതന്നെ സംശയമാണ്.

രാത്രിയിൽ ഊണുകഴിഞ്ഞാൽ ഞാനൊന്നു ലാത്തുവാൻ പോകും. നിരത്തിൽനിന്നു പിരിഞ്ഞുപോകുന്ന ആ നടവരമ്പു് മാലതിയുടെ ഗൃഹത്തിന്റെ പടിഞ്ഞാറുവശത്തുള്ള ഒരു 'ആനവാതില'ന്നടുത്തു ചെന്നവസാനിക്കുന്നു. അതിന്റെ ഒരു നാലുവാര അകലെയായി ആ പറമ്പിന്റെ മൂലയിൽ നിശാഗന്ധിയുടെ വലിയൊരു പൊന്ത ഒരാൾ പൊക്കത്തിൽ സ്ഥിതിചെയ്തിരുന്നു.

ആ പൊന്തയിൽ കടന്നിരുന്നാൽ, മാലതി അവളുടെ മുറിയിലിരുന്നു

---

യ ശത്രുക്കളെന്നു ഇഖ്ബാൽ ഗണിക്കുന്നു. ഈ ബന്ധനങ്ങൾ മുസൽമാന്മാരെ സുധീരകർമ്മങ്ങൾക്കു അപ്രാപ്തന്മാരാക്കുന്നു. ഇസ്ലാമിന്റെ മതപരമായ ദേശീയത്വത്തിനു ചുററുമാണ് ഇഖ്ബാലിന്റെ ഏററവും പ്രദീപ്തമായ കാവ്യപ്രഭാവം വീശുന്നതു്.

മുസൽമാന്മാരുടെ ലക്ഷ്യം നീലാകാശത്തിന്നുപരിയായി സ്ഥിതിചെയ്യുന്നു. ഈ യാത്രാസംഘം (മുസൽമാന്മാർ) വഴിയരികിൽ ഉയർത്തിയ കൊടിപടലങ്ങളാണ് നക്ഷത്രങ്ങൾ. മുസൽമാന്മാർ സൃഷ്ടിച്ചിട്ടുള്ള കപടദൈവങ്ങളിലൊന്നാണ് രാജ്യമെന്നുള്ളതു്. ഒരാൾതന്നെ ഇന്ത്യാക്കാരനെന്നും മറെറാരാൾ അവനെ പെർസ്യാക്കാരനെന്നും മൂന്നാമതൊരുവൻ അയാളെ ഉസ്മാനിയൻ എന്നും വിളിക്കുന്നു. അപമാനകരമായ പരിധികൾ! അല്ലയോ മുസൽമാന്മാരെ! നിങ്ങൾ ഈ അതിരുകളെ അതിലംഘിച്ചു ഒരു വമ്പിച്ച തരംഗമായിത്തീരുവിൻ"

മുസ്ലിം യുവജനങ്ങൾക്കു ഇഖ്ബാൽ ഒരു നവീന ചിന്താസരണിയെ തുറന്നുകൊടുക്കുന്നു. മുസ്ലിംസംസ്കാരത്തിന്മേൽ അദ്ദേഹം തന്റെ പ്രഭാവത്തെ അചഞ്ചലമായി പതിച്ചിരിക്കുന്നു. എല്ലാ മുസ്ലിംസ്റേററുകളുടെയും രാഷ്ട്രീയവും മതപരവും ആയ ഒരു സംയുക്തഭരണമായിരുന്നു ഇഖ്ബാലിന്റെ ആശ.

---

വായിക്കുന്നതു് ജാലകപ്പഴുതിലൂടെ ശരിക്കു കാണാം എന്നു് ഞാൻ ഒരിക്കൽ കണ്ടുപിടിച്ചു.

ആ മേശവിളക്കിന്റെ ദീപ്തി അവളുടെ ഭാവഭേദങ്ങളെ വ്യക്തമാക്കിക്കാണിച്ചിരുന്നു. മാറ് വളരെ തുറന്നു കിടക്കുന്ന ഒരു ബ്ളൗസാണു് അവൾ ധരിച്ചിരിക്കുന്നതു്. അഴിച്ചിട്ട കൂന്തൽഭാരം ഇരു ചുമലുകളിൽ കൂടിയും ആ മാറിലേക്കു വീണു ആ ബ്ളൗസിനെ മറയ്ക്കുകയാൽ പാറക്കെട്ടിനുള്ളിൽ നിന്നും പൊട്ടിപ്പുറപ്പെടുന്ന വെള്ളച്ചാട്ടംപോലെ അവളുടെ വെളുത്ത മാറിന്റെ കുറെഭാഗം മാത്രം കാണാം. മുമ്പിൽതന്റെ ഇംഗ്ലീഷ് റീഡർ നിവർത്തിവച്ചു് ഇടതുകൈകൊണ്ടു നെററിത്തടം താങ്ങി മേശമേലേക്കു് തെല്ലൊന്നു കുനിഞ്ഞിരുന്നു് അവൾ വായിക്കുവാൻ — അല്ല, ജപിക്കുവാൻ തുടങ്ങും. ഉറക്കെ വായിക്കുന്ന പതിവു് ആ പെൺകുട്ടിക്കില്ല. "ആൻഡ് സീതാ വാണ്ടഡ് ടു ഗോ വിത് റാമാ" അങ്ങനെ അവൾ ആർക്കാനും വേണ്ടി മുരുമുരുക്കും. വായിച്ചു വായിച്ചു ചിലപ്പോൾ ആ സാധുപെൺകുട്ടി ഉറക്കം തൂങ്ങും; നിദ്രയുടെ തൂക്കം കൂടിക്കൂടി വരുംതോറും തുലാസ്സിന്റെ തട്ടുപോലെ ആ മുഖം താഴ്ന്നു താഴ്ന്നു ഒടുവിൽ മേശമേൽ ചെന്നു പതുക്കെയൊന്നു മുട്ടുമ്പോൾ, അവൾ ആ മൈക്കണ്ണു യാത്രനിത്തി, കണ്ണുമിഴിച്ചു മുഖമുയർത്തി പതുക്കെ പരിസരത്തെ ഒന്നു പരിശോധിക്കും. പിന്നെ ആ ജനാലപ്പഴുതിലൂടെ ഇരുട്ടിലേക്കു കുറെനേരം മിഴിച്ചു നോക്കിക്കൊണ്ടിരിക്കും. പൊന്തയിലിരുന്നു അതെല്ലാം കാണുന്ന എനിക്കു് അനുകമ്പയുടെ തള്ളൽമൂലം "ഓമനേ, മതി; ഇനി പോയ്ക്കിടന്നുറങ്ങിക്കോ" എന്നു വിളിച്ചുപറയുവാൻ കൂടി തോന്നിപ്പോകാറുണ്ടു്. പക്ഷെ കുറേനേരം കണ്ണു തിരുമ്മിക്കൊണ്ടിരുന്നതിനുശേഷം അവൾ പിന്നെയും ഇരുന്നു വായിച്ചുതുടങ്ങും. നിദ്രാലസയായ എന്റെ ഹൃദയദേവതയെ നിർന്നിമേഷനായ് ശ്വാസമടക്കിപ്പിടിച്ചുകൊണ്ടു ഞാൻ നോക്കിനില്ക്കും. അപ്പോൾ നിശാഗന്ധിയുടെ നവോന്മാദകമായ സാന്ദ്രസൗരഭം എന്റെ നാസാരന്ധ്രങ്ങളിൽ നിറഞ്ഞു ഹൃദയത്തിലേക്കു വഴിഞ്ഞൊഴുകും. ആ നികുഞ്ജത്തിലെ ഓരോ നിമിഷവും എനിക്കു നിർവ്വാണസുഖം നൽകിയിരുന്നു. സുരഭിലമായ ഒരു ചെറുനിദ്രയിൽ കൂടി ദർശിക്കുന്ന ഒരു സുരസ്വപ്നംപോലെ, ആ സുന്ദരീരത്നം എന്റെ മുമ്പിൽ അങ്ങനെ വിലസിക്കൊണ്ടിരിക്കും........എന്റെ ചിന്തകളിലും, സ്വപ്നങ്ങളിലും, എല്ലാം ആ നിശാഗന്ധിയുടെ സുഗന്ധം ഒട്ടിപ്പിടിക്കുന്നതുപോലെ തോന്നി.

ചിലപ്പോൾ അവൾ മലയാളം കവിത വായിക്കും "മഞ്ജരി" അവൾ ഭംഗിയായി ചൊല്ലും.

"...........അമ്മയ്ക്കു മാത്രമല്ലാക്ഷേമ ചെന്നെന്നുമ്മവച്ചീടുവാൻ തോന്നുമല്ലോ........" ഹാ! ആ വരികൾ അവൾതന്നെ പാടിക്കേൾക്കണം........ അപ്പോൾ അവളുടെ ചുണ്ടിൽത്തന്നെ ഒരുമ്മവെയ്ക്കുവാൻ തോന്നിപ്പോകും.

അങ്ങനെ ഒരൊററ ദിവസംപോലും ഇടവിടാതെ, മൂന്നുമാസക്കാലത്തോളം ഓരോ രാത്രിയിലും ഓരോ മണിക്കൂർ സമയം, ആ നിശാഗന്ധിയുടെ നികുഞ്ജത്തിൽ പതിയിരുന്നുകൊണ്ടു്, ആ സൗന്ദര്യത്തെ ഞാൻ നിശ്ശബ്ദം ആരാധിച്ചു. നിശാഗന്ധിയുടെ പരിമളവും, മാലതിയുടെ മുഖകമലവും എന്റെ മനസ്സിൽ ഇഴുകിപ്പിടിച്ചു. സുരഭിലമായ ഒരു സുരസൗന്ദര്യത്തെ അനുദിനം ഞാൻ ആസ്വദിച്ചു.

* * *

വർഷകാലംതുടങ്ങി. ഇടവപ്പാതി കഴിഞ്ഞു, തിരുവാതിരഞാററുവേലയും പിറന്നു.

പേമാരിയൊന്നും എന്റെ പോക്കിനു പ്രതിബന്ധമായില്ല പക്ഷെ ചിലപ്പോൾ മഴച്ചാറൽ അസഹ്യമാകുമ്പോൾ, അവർ ആ ജനവാതിൽ അടച്ചുകളയും. അയ്യോ! എന്റെ ഹൃദയകവാടവും അതോടുകൂടി അടഞ്ഞുപോകും. നിരാശനായി ആ മഴയിൽ ആകെ നനഞ്ഞൊലിച്ചു, കനത്തിരുണ്ട ഹൃദയത്തെയും താങ്ങിക്കൊണ്ടു ഞാൻ ഗൃഹത്തിലേക്കു മടങ്ങും.

ഒരുദിവസം ആ നികുഞ്ജത്തിലിരിക്കുന്ന എനിക്കു് അവളുടെ അച്ഛൻ അവളുടെ സഹോദരനോടു ഇപ്രകാരം പറയുന്നതു കേൾപ്പാനിടയായി "നാളെ നമുക്കു് നമ്മുടെ തോട്ടത്തിലെ ചെടികളെല്ലാം വെട്ടിക്കഴിച്ചിടണം. തൊടിയിലും അവിടവിടെ ഓരോന്നു കാടുകെട്ടിക്കിടക്കുന്നുണ്ടു. അതും വെട്ടിയൊഴിക്കണം."

എന്റെ ഹൃദയത്തിനു തീപിടിച്ചു അവരുടെ തൊടിയിലും തോട്ടത്തിലുമുള്ള ചെടികളുടെ, തലയുംകെ നൃകമ്പും കവരവും വെട്ടിക്കഴിച്ചിട്ടു വേരുപിടിപ്പിക്കുവാനുള്ള പുറപ്പാടിനു ആ നിശാഗന്ധിയുടെ പൊന്തയും അവർ വെട്ടിക്കളയുമെന്നതു് തീർച്ചതന്നെ. ആ ചെടി വല്ലാതെ മുററി വളർന്നു കെട്ടിപ്പടർന്നു കിടന്നിരുന്നു. എന്റെ ആ പ്രേമസങ്കേതം, അങ്ങിനെ നശിച്ചുപോവുകയാണെങ്കിൽ എന്റെ പിന്നത്തെ അവസ്ഥയെന്തു? എന്റെ സുഖങ്ങളും സ്വപ്നങ്ങളും എല്ലാം നിക്ഷേപിച്ചിരിക്കുന്നതു് അവിടെയാണു് — കൂടുപൊളിഞ്ഞ കിളിയെപ്പോലെ ഞാൻ പിന്നെ എവിടേക്കു പോകും? ഏകാന്തതയിൽ ആ മുഖമൊന്നു കാണുവാൻ പിന്നെ എന്തൊരുപായം.

യാതൊരു ഗത്യന്തരവുമില്ല. ആ നികുഞ്ജത്തെ രക്ഷിക്കണമെന്നപേക്ഷിച്ചുകൊണ്ടു, മാലതിക്കു, ഒരു കത്തയക്കുകതന്നെ എന്നു ഞാൻ തീർച്ചയാക്കി.

അന്നു രാത്രി മൂന്നുമണിവരെ ഇരുന്നാലോചിച്ചു, ഇപ്രകാരം ഒരു കത്തു് രചിച്ചു.

"ഹൃദയനായികെ,

മൂന്നുമാസമായി, നിത്യവും രാത്രിയിൽ, ഭവതിയുടെ മുറിയുടെ അടുത്തുള്ള നിശാഗന്ധിപ്പടപ്പിലിരുന്നുകൊണ്ടു, ഭവതിയെ ഞാൻ ആരാധിക്കുവാൻ തുടങ്ങീട്ടു്: അങ്ങിനെ, ആരെയും- ഭവതിയെപ്പോലും—അറിയിക്കാതെ, ഒരു നിശ്ശബ്ദാരാധകനായി അബ്ദങ്ങൾ കഴിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. പക്ഷേ "വിധിവിഹിതമേവനും ലംഘിച്ചുകൂടുമോ" ഹാ! വിചാരിക്കക്കൂടിവയ്യ ആ നികുഞ്ജം നാളെ രാവിലെ, നിന്റെ താതനാൽ നിഹനിക്കപ്പെടുവാൻ പോകുന്നു എന്റെ തപശ്ചര്യമുടങ്ങും. ഭവതി, ആ പൊന്തയേയും, തദാരാ ഈയുള്ളവനെയും, ഈ അത്യാഹിതത്തിൽനിന്നു രക്ഷിക്കണമെന്നൊരപേക്ഷ. ഇത്രയും പരിപാവനവും, നിസ്വാർത്ഥവും ആയ എന്റെ പ്രേമപരിപാടി പരിരക്ഷിക്കപ്പെടണമെങ്കിൽ, ഭവതിയുടെ കരുണാകടാക്ഷം മാത്രമൊരാശ്രയം—ഓം ശാന്തി. ശേഷം വഴിയെ.

ഭവതിയുടെ പ്രണയദാസൻ
(ഒപ്പു്)

കത്തു് കഴിയുന്നതു നേരത്തെ അവൾക്കു് എത്തിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി, അതിരാവിലെതന്നെ ഞാൻ മാലതിയുടെ ഗൃഹത്തിലേക്കു പുറപ്പെട്ടു. ഒരു വെളുത്ത "പ്രിൻസ്-ഓഫ് വേൽസ്" ചെടിയുടെ കൊമ്പു് ചോദിച്ചു വാങ്ങുവാനെന്ന വ്യാജേന, ഞാൻ ആ പറമ്പിലേക്കു കടന്നു. അപ്പോൾ അവിടെ ഒരു ചെറിയ ബഹളം. അയൽ പക്കക്കാരായ അഞ്ചു പത്തുപേർ ആ മററത്തു കൂടി നിൽക്കുന്നു. ഞാൻ അവരുടെയിടയിലേക്കു തന്നെത്താൻ കുത്തിത്തിരുകി ഒന്നെത്തിനോക്കി.

ഭയങ്കരനായ ഒരു സർപ്പത്തെ അടിച്ചുകൊന്നു മുററത്തിട്ടിരിക്കുന്നു. അതിനു സുമാറ് മൂന്നു്-നീളം കാണും. ഒന്നാന്തരം ഒരു മൂർഖൻപാമ്പു്!

"ഇതാ ആ "അന്തിക്കമണക്കുന്ന" പൂച്ചെടിയുടെ പൊന്തിയിലായിരുന്നു ഇവന്റെ താമസം. ഇപ്പോൾ ഞങ്ങൾ ആ പൊന്ത വെട്ടിനീക്കിയപ്പോൾ അതിൽ ഒരു വലിയ മാളം കണ്ടു. അള കുറച്ചൊന്നു ഇടിച്ചപ്പോഴല്ലെ ഇവൻ പുറത്തു ചാടിയതു്. ഇക്കാലമൊക്കെ ഈ സർപ്പം, ഇത്ര അടുത്തു പാർപ്പാക്കീട്ടു്, ഞങ്ങളാരും അറിയാത്തതല്ലെ അതിശയം" എന്നു അതിനെ തല്ലുകൊന്ന വേലുആശാരി തന്റെ മൂക്കത്തു് വിരൽവെച്ചുകൊണ്ടു എന്റെ മുഖത്തു് നോക്കിപ്പറഞ്ഞു. "കെടക്കുന്നു കണ്ടില്ലെ, കെട്ടും പുള്ളിം ആയിട്ടു്"

ആ സർപ്പത്തിന്റെ വാൽ കുറെശ്ശെ, കമ്പിയാപ്പീസിലെ വൈദ്യുതസൂചിപോലെ ഇളകുന്നതു കണ്ടു, ആശാരി, ഉജാറായിനിന്നു "എന്തു്! പഹയൻ ഇനിയും ചത്തിട്ടില്ലെ? അവൻ കയ്യിലുണ്ടായിരുന്ന വലിയ മടൽ കൊണ്ടു് അതിന്റെ തലയ്ക്കു പിന്നെയും അടിതുടങ്ങി. പാമ്പിന്റെ തല ചതഞ്ഞു ചോരതെറിച്ചു.

ഞാൻ പിന്നെ അവിടെ നിന്നിട്ടില്ല. എങ്ങിനെയാണു് അവിടെനിന്നു വീട്ടിലെത്തിയതു് എന്നെനിക്കറിഞ്ഞുകൂടാ. അതിനെപ്പററി ഓർക്കുംതോറും, എന്റെ കരളിൽ ആരോ തീ കോരിയിടുന്നതുപോലെ എനിക്കു തോന്നി. ഞാൻ ആ പൊന്തയിലെ അന്ധകാരത്തിലിരുന്നു ഒരു ദിവ്യസൗന്ദര്യം ആസ്വദിച്ചുകൊണ്ടിരിക്കെ എന്റെ അരികെ, ഒരു ഭയങ്കരസർപ്പത്താൻ വാപിളർന്നുകൊണ്ടു ആ നിശാഗന്ധിയുടെ സുഗന്ധം നുകർന്നുകൊണ്ടിരുന്നു എന്ന വാസ്തവം ഓർക്കുംതോറും ഭയംകൊണ്ടു എനിക്കു ഭ്രാന്തുപിടിക്കുന്നതുപോലെ തോന്നി. എത്രതന്നെ ശ്രമിച്ചിട്ടും, എന്റെ പിന്നിൽ ഫണമുയർത്തി നിൽക്കുന്ന ഒരു മൂർഖമ്പാമ്പിന്റെ ചിത്രം എന്റെമനസ്സിൽനിന്നു മറയ്ക്കുവാൻ കഴിഞ്ഞില്ല.

അന്നുരാത്രിതന്നെ എനിക്കു പനി തുടങ്ങി. അതു കലശലായി വർദ്ധിച്ചു. ഞാൻ പല ഭയങ്കര സ്വപ്നങ്ങളും കണ്ടു പിച്ചുംപേയും പറയുവാൻ തുടങ്ങി. നോക്കുന്നെടത്തെല്ലാം സർപ്പങ്ങളുണ്ടെന്നു എനിക്കു തോന്നി. കട്ടിലിന്റെ മേൽക്കട്ടിമേൽ ഒരുപാമ്പു്. ജാലകപ്പഴുതിലൂടെ അനവധി പാമ്പുകൾ ഇഴഞ്ഞുവരുന്നു. പെട്ടിമേൽ ഒരു കാളസർപ്പം ഫണമുയർത്തി നിൽക്കുന്നു. അടുത്തുനിന്നു ഒരു പാമ്പു തലകീഴായി തൂങ്ങിക്കിടക്കുന്നു. "അയ്യോ—പാമ്പു—പാമ്പു്" എന്നു ഞാൻ ഉറക്കെ നിലവിളികൂട്ടി. വീട്ടിലുള്ളവർ വടിയും മററുമായി ഓടിവന്നു മുറിമുഴുവൻ തിരഞ്ഞു. പിന്നിൽനിന്നു ഒരു പാമ്പു ഫണം എന്റെ ചുമലിൽ വിശ്രമിപ്പിക്കാൻ നോക്കുന്നു, എന്ന ഒരു തോന്നലോടെ ഞാൻ പിടഞ്ഞെണീററു.

അങ്ങനെയുള്ള സ്വപ്നങ്ങളിൽ ഞാൻ മാലതിയെ, പാമ്പിന്റെ ഉടലും, സ്ത്രീയുടെ മുഖവും കൂടിച്ചേർന്ന ഒരു നാഗകന്യകയായിട്ടാണു് കണ്ടതു്. അവളുടെ മുഖം കണ്ടു ആനന്ദിച്ച ഞാൻ ഉടൽകണ്ടു ഭയപ്പെട്ടു.

ഒരുമാസം ഞാൻ പനിയിൽ കിടന്നു. എന്റെ രോഗം ഭേദമായി. ഞാൻ നടക്കാൻ പോയപ്പോൾ മാലതി താമസിച്ച ഗൃഹത്തിന്റെ ഉമ്മറത്തു് "വാടകക്കു കൊടുപ്പാൻ" എന്നൊരു ബോർഡ് തൂങ്ങിക്കിടക്കുന്നതു കണ്ടു. അന്വേഷിച്ചതിൽ അവളുടെ അച്ഛനു കണ്ണൂരിലേക്കു പ്രവൃത്തിമാററം കിട്ടുകയാൽ, അവരെല്ലാവരും ഒരാഴ്ച മുമ്പു കണ്ണൂരിലേക്കു പോയെന്നു മനസ്സിലായി.

പിന്നീടൊരിക്കലും ഞാൻ മാലതിയെ കണ്ടിട്ടില്ല. അവൾ വിവാഹിതയായി രണ്ടുകുട്ടികളുടെ മാതാവായിതീർന്നിട്ടുണ്ടെന്നു ഞാൻ ഇയ്യിടെ കേട്ടു. അവൾക്കു കൊടുപ്പാൻ എഴുതിവച്ച ആ കത്തു്, എന്റെ പഴയകത്തുകളുടെ പകർപ്പുകൾവെച്ച കൂട്ടത്തിൽ നിന്നും ഒരാഴ്ചമുമ്പു മാത്രമാണു് ഞാൻ എടുത്തു നശിപ്പിച്ചതു്.

നിശാഗന്ധിയുടെ സൗരഭം എവിടെനിന്നെങ്കിലും പൊങ്ങിവരുമ്പോൾ എന്റെ പതിനേഴാം വയസ്സിലെ പ്രണയഭ്രാന്തിനെക്കുറിച്ചുള്ള രസകരമായ ആ പഴയ സ്മരണകളെല്ലാം എന്റെ മനസ്സിൽ വന്നുദിക്കാറുണ്ടു്. ആ പരിമളത്തിൽക്കൂടി ഉറക്കം തൂങ്ങിക്കൊണ്ടു പാഠം പഠിക്കുന്ന ഒരു വിദ്യാർത്ഥിനിയുടെ മുഖത്തിന്റെയും ഫണമുയർത്തി നിൽക്കുന്ന ഒരു മൂർഖമ്പാമ്പിന്റെയും ചിത്രങ്ങൾ ഒരു സമയത്തു് തന്നെ ഞാൻ ദർശിക്കുന്നു.... ആ അകാരണമായ ഭീതി കൊണ്ടാണു് എന്റെ തോട്ടത്തിൽ ഞാൻ നിശാഗന്ധിയെ കടത്താതിരിക്കുന്നതു്.

——

# ഓണനിലാവിൽ

ഡാക്ടർ നാരായണദാസ്, വെട്ടിക്കവല

i

(മാരകാകളി)

പൂമരച്ചോട്ടിലെത്തുമണൽ മെത്തയി-
ലായുവാവന്തിയിലെത്തി.

സുന്ദര സ്വപ്നങ്ങളായിരമായിര-
മൊന്നിച്ചിണങ്ങിയപോലെ,
വിശപത്തെ വിസ്മയിച്ചീട്ട മാറെല്ലൊരു
വിസ്മയം വീശിട്ടുംപോലെ,

അക്കാമുകൻെറയക്കണ്ണുകൾ സ്വാഗത-
സല്ക്കാരമോടെ തിരഞ്ഞു.

ഓളമിളകിയൊഴുകും പ്രതീക്ഷയി-
ലാമിഴിക്കോണു നനഞ്ഞു.
ഇന്ദ്രനീലദ്യുതി മിന്നിത്തെരുതെരെ
കൺപോള വെട്ടിപ്പിടഞ്ഞു.

കാവ്യവിലോലമക്കണ്ണിൽ തുളമ്പിടും
കാമകലോദയം പോലെ,
ആമലർ വാടിയിലാരാമ്യ സായാഹ്ന-
സൂനങ്ങൾ സുസ്മിതമാർന്നു.

ആടിക്കുഴഞ്ഞനുരാഗ രഹസ്യങ്ങ-
ളാളികളോതിടും പോലെ,
ചെന്തളിർ ചെഞ്ചൊടി മർമ്മരമോട്ട പൂ-
വല്ലികളാടിയുലഞ്ഞു.

കാമുകീകാമുകരാശ്ലേഷമഗ്നരായ്
മാനംമറന്നിട്ടും പോലെ,
മാതളത്തൈമാറിൽ മഞ്ജരിയപ്പിച്ചു
മാലതീ വല്ലികൾ പുൽകി.

രാഗപ്പൊലിമയിൽ പൂവൊളിപ്പൂങ്കവിൾ
പൂകും പുതുകാന്തിപോലെ,
അന്തിക്കതിരോനെച്ചുംബിച്ചു വാരുണീ-
ഗണ്ഡം തുടിച്ചു ചുവന്നു.

ആരാമറാണിതൻ മഞ്ജുക്ഷസ്സാതിഥ്യ-
മേകി വിളുന്നതുപോലെ,
ശീതോപചാര സുരഭിലാഹ്ളാദിയായ്
മാരുതനെങ്ങും ചരിച്ചു.

മാദകരാഗമധുരിമ, പീയൂഷ-
ധാരയായ് പെയ്തിട്ടും പോലെ,
മാന്തളിർ ചില്ലയിലൊന്നായിണ ചേർന്നു
പൂങ്കുയിൽ ഗാനംപൊഴിച്ചു.

ആ രാഗമാലയ്ക്കു ചേരും ശ്രുതിയോട്ട
മോഹിച്ചുഴറുന്ന പോലെ,
ഭംഗ്യാചിറകാർന്ന കാമാങ്കുരങ്ങളായ്
ഭൃംഗങ്ങൾ മൂളിപ്പറന്നു,

* * * *

ആരാമ വേദിയിലായുവാവേതാനും
നാഴികപോക്കിക്കഴിഞ്ഞു.
അപ്പൊഴുമേതോ പ്രതീക്ഷയിൽ കണ്ണുകൾ
ചുററും തിരിയുകയായി.

വിണ്ണിൻെറ സൗഭാഗ്യവീചിതൻ വെൺനുര-
വെള്ളിയലുക്കിട്ടപോലെ
ഓണനിലാവു പരന്നു തിരുവോണ-
യാമിനി മന്ദഹസിച്ചു.

വാനിൻെറ വക്ഷസ്സിൽ ചിന്നിച്ചിതറിയ
വൈരമണികളെപ്പോലെ,
ഭാസുര താരക ജാലങ്ങളുന്മദ-
ഭാസ്സോടെ മിന്നിത്തെളിഞ്ഞു.

* * *

ii

(കുറത്തിപ്പാട്ട്)

[നാകലോകസൗന്ദര്യങ്ങളൊന്നു ചേർന്നാൾക്ക-
നാളിലനുരഞ്ജകമായ് രൂപമാന്നപോലെ
വന്നുചേർന്നോരവളൊററയ്ക്കാ വനികയിങ്കൽ
മന്ദമന്ദമാരെയോ തിരഞ്ഞു നടകൊണ്ട.

പുതുതായ്സൗരഭത്തിരകളാവഴി-
യ്ക്കുധികമോളമിളകി
അവൾതൻ മൃദുതനുവിലാഞ്ഞു ചാ-
ഞ്ഞുലഞ്ഞു വല്ലികളപ്പോൾ.

ഓണനിലാവേലും നിശാ വേളയിലിന്നേറെ
നേരമായിക്കാത്തിരുന്ന കാമുകൻെറ കണ്ണിൽ
സന്നതാംഗി തന്നുടലിൻമിന്നൽപാഞ്ഞതോടെ
നിർന്നിമേഷമായുവാവു നിന്നു ക്ഷണനേരം

അകലം വിട്ടവളടുത്തു കാമുക-
നികടം പൂകിയ നേരം,
അവിടമാകവെ പ്രണയസാന്ദ്രമാം
പ്രതിഭയോളമിളകി.

മാദക മധുരിമയോടന്നവോത്സവത്തിൻ-
ഗീതകം തുടന്നു പാടീ പൂങ്കുയിലിണകൾ
പൊന്നും ചിങ്ങമാസം തിരുവോണനിലാവിൻെറ
പൊന്നലകളുമ്മ നൽകി പുൽകിട്ടുംസമയം!!

ഇരുവരും കുളിരണിഞ്ഞു സൗഹൃദ-
ലഹരിതിങ്ങി വിളങ്ങി
ഇളയ മാരുതൻ തഴുകിപ്പൂത്തുകിൽ-
ക്കസവു മിന്ന ത്തിളങ്ങി]

* * * *

കാമുകൻ—

ഓമനേ മദമധുര മോഹിനി ഞാനെത്ര-
നേരമായിക്കാത്തിരുന്നു നിന്നെയിന്നു രാവിൽ
മാവേലിയീനാട്ട തൃക്കൺ പാർത്തിടുന്ന പുണ്യ-
താരം,—തിരുവോണം മധുവാണി നീ വരിക.
നമ്മൾ തമ്മിൽ വേർപിരിഞ്ഞിട്ടൊന്നാമത്തെയോണം
വന്നതല്ലേ; വന്നാലുമെന്നോമലേ,യരികിൽ.

കുടില കുന്തളച്ചുരുളിൽ മാലതീ-
മലരെൻ കൈകളാൽ മന്ദം
തിരുകിക്കൺകുളിരണിയു മാറിവൻ
പുളകം കൊള്ളുവാൻ 'മാത്രം'

കാമുകി—

കൊള്ളാം! ബുദ്ധികൗശലങ്ങൾ!!"ഇത്രമാത്ര"മെന്ന
ചൊല്ലുകേട്ട ഞാനടുത്തുചേർന്നുനിന്നു പോയാൽ
പിന്നെപ്പിന്നെയോരോ രസനിർത്ധരിയിൽ നമ്മൾ
മുങ്ങി, വേർപിരിയുവാനുമായിടാതെയാകും.

അമൃതധാരപോലൊഴുകും മീനിലാ-
വിതുപോൽ നിലക്കുകയില്ല,
തരളതാരകൾ പൊലിയും, ചന്ദ്രനും
മറയും നമ്മളെ നോക്കി.

കാമുകൻ—

ഓമനേ, നിന്നാശയ സ്വാരസ്യമിതു നിൻെറ
മാറിനു മറവായൊരീ മഞ്ജു സാരിപോലെ
വ്യംഗ്യഭംഗിനൽകിടുന്നു -പിന്നെയൊരുകാര്യ-
മിങ്ങുവേഗം നീ വരികിലോതുമാ രഹസ്യം

അമലേ, ആനന്ദത്തണലേ,വെൺമണൽ-
വിരിയിലൂടെ നീ മെല്ലെ
ഉലയും മാറൊട്ട പദ താരിണകൾ
സരസം വിന്യസിച്ചാലും!!

കാമുകി—

അങ്ങടുത്തു ഞാൻ വരികിലേതോ കഥയോതു
മെന്നു വിശ്വസിച്ചു മുമ്പുവന്ന നാളിലെല്ലാം
ഇപ്പൂമരപ്പൊൽത്തണലു സാക്ഷി നിന്നതായി-
ട്ടിപ്പൊഴോർമ്മിച്ചാലു;—മവ സ്വപ്നമായിരുന്നോ?

മദനമോഹന തരുണൻ മാമക-
രമണനീമരച്ചോട്ടിൽ
ഇവളോടാദ്യത്തെ ദിവസമോതിയ
രഹസ്യമോർമ്മയില്ലുണ്ടോ?

* * * *

മുന്നിലേക്കു കാമുകൻെറ കാലടികൾ നീങ്ങി
സന്നതാംഗികാതരവിരലും നോക്കിനിലയായി
കാമകലാ ലോലമായ കാഴ്ചയതുപാർത്തു
കാമുകൻ കരളലിഞ്ഞു കയ്യുയർത്തുവാനും

"തൊടരുതെന്നുടെ തനുവിൽ—മാറണം"
നിശിതമായവളേവം
നിരസിച്ചീടവേ തിരിഞ്ഞു മിണ്ടാതെ-
യവിടം വിട്ടയാൾ വേഗം]

* * * *

iii

(ഓമനക്കുട്ടൻ—രീതി)

കാമകോമളൻ പോയതിൻ പുറ-
കോടിയെത്തിയാ—മോഹിനി
മുന്നിലാഞ്ഞു തടഞ്ഞു നിന്നുന്നു
പിന്നെയേതോ തുടരുവാനു

ആടിയാടിക്കുഴഞ്ഞതവൾ മണി-
നാദംപോൽ ചിരിച്ചോതുന്നു

കാമുകി—

മാമകപ്രേമദായകൻ, പ്രിയ-
കാമുകൻ കലാലോലുപൻ
"ശുദ്ധബുദ്ധി"യായോടിപ്പോണതാ-
ണത്ഭുതം! പരമത്ഭുതം!!
ഒന്നുകൂടിപ്പുതുമയിൽ സ്നേഹ-
മിന്നുനാം പകർന്നിട്ടവാൻ
ഞാനതേവിധം നീരസത്തിൻെറ
ഭാവമൊന്നു നടിച്ചുപോയ്.

കാമുകൻ—

എൻപുറകെ നീയോടുവാൻ മാത്രം
പിന്തിരിഞ്ഞു നടന്നിവൻ
ആമരച്ചോട്ടിലൽപനേരം നീ
കാലുറപ്പിച്ചു നിന്നെങ്കിൽ
ഞാൻ തിരിഞ്ഞുവരേണ്ടതുമായിരു-
ന്നോമനേ നമ്മഗീതകൾ
"ശുദ്ധബുദ്ധി"യിൽപെട്ടതാരാണെ-
ന്നത്തമേ, വ്യക്തമായില്ലേ?

കാമുകി—

വ്യക്തമായ് ശരി,—കാമുകനതി-
ബുദ്ധിമാൻ!! അതിൻ മുദ്രയായ്
അപ്പിക്കാമിവളാദ്യമായൊരു
മുഗ്ദ്ധചുംബനം,—പോരെയോ?

കാമുകൻ—

പോരും പോരുമപ്പൂമരച്ചോട്ടിൽ
പൂകിടാം പുണ്യപുഞ്ജമേ,
അപ്രതിഹത ശ്രീതുളമ്പിടും
ശുഭ്രസൗന്ദര്യദായിനി
ആവിരാനന്ദധാരനീയനു-
രാഗകല്ലോല വാഹിനി,
മാനസോദ്യാന റാണിനീ കാവ്യ-
രൂപിണീ മനോഹാരിണി,
എന്തിനേറെപ്പറവതെന്നുടെ
സ്വന്തമാം ഹൃദയേശ്വരി,
നീശ്വസിച്ചിടും പ്രാണനാണെൻെറ
ജീവിതാശ്രയമെന്നേയ്ക്കും.

കാമുകി—

ഭാവനാപ്പരിപൂരിതമോരോ-
ഗീതിനാവതുപോലെ ഞാൻ
ഭാവഹാവമോടേകിടാം പ്രേമ-
പാരിതോഷികമായിരം.

* * * *

നേരമേറെക്കഴിഞ്ഞു,—കോഴികൾ
കൂവിയപ്പൊഴവരിതാ
അർദ്ധനഗ്നരായങ്ങുഴന്നേറെ
മുഗ്ദ്ധഹാസമോടാ മട്ടിൽ
ഒന്നുചേർന്നിരുന്നുഞ്ഞാലാട്ടുന്നു
മന്ദമാരുത സേവിതർ
പാട്ടുന്നുണ്ട പതുക്കെയിങ്ങനെ
കാമുകൻ രാഗലീനമായ്
ഉററരാഗമോടാവരികളെ
യേററു പാട്ടുകയാണവൾ]

iv

(മാവേലി നാട്ടവാഴും—രീതി)

കാമുകീ കാമുകർ:—

മാവേലിയീനാട്ട പാർത്തിടുന്ന
നാളിലീ രാവിൽനാം പൂനിലാവിൽ
ആട്ടമുഴകൊന്നു നോക്കിയാൽ പി-
ന്നാരാജൻ രാവിലെ പോകയില്ല.
ഈ മദനോത്സവമിങ്ങനെയി-
ന്നാടിയവസാനിച്ചീട്ടമാറായ്
നാളെയും കാണുമിപ്പൂനിലാവും
'നാമിരുപേരും മരച്ചുവട്ടും

[ആ വരി പാടാതവൾ കുഴഞ്ഞു,
ആവേശമോടയാളുമ്മ നൽകി
ഒന്നുടെയൂഞ്ഞാലിനോളമിട്ടു,
പിന്നെയും ഗാനം തുടന്നൊഴുകി]

——

# നെയ്ത്തിൻെറ സാഹിത്യം

കെ. സുകുമാരൻ ബി. എ., മയ്യനാട്

"നെയിത്ത്." ഈ വാക്കിൻെറ ആഗമം ഏതെന്നു നിശ്ചയമില്ല. മനുഷ്യജാതി ഭൂമുഖത്തു ഉണ്ടായപ്പോൾതന്നെ മഴ, മഞ്ഞു, വെയിൽ മുതലായവയിൽനിന്നു രക്ഷ പ്രാപിക്കുവാൻ ദേഹാവരണങ്ങൾ ആവശ്യമായിത്തീർന്നു. വൃക്ഷങ്ങളുടെ ഇല, മരത്തോൽ, മൃഗചർമ്മം മുതലായവ കൊണ്ടാണു ഈ ആവശ്യം നിറവേററിത്തുടങ്ങിയതു്. ക്രമേണ പഞ്ഞിനൂലും പട്ടുനൂലും കമ്പിളിനൂലും നാരുകളും കൃത്രിമപ്പട്ടുനൂലും കൊണ്ടുള്ള നെയിത്തു തുടങ്ങി. നെയിത്തിൽ കരകളും കുറികളും വിചിത്ര വർണ്ണങ്ങളും പുഷ്പലതാദികളെക്കൊണ്ടുള്ള വിചിത്രവേലകളും തുന്നൽപണികളും എല്ലാം മനുഷ്യൻ ക്രമേണ കണ്ടുപിടിച്ചു. തിരുവിതാംകൂറിൽ നെയിത്തുകാർ ഈസ്റ്റിൻഡ്യാകമ്പനിക്കാരുടെ ആവിർഭാവകാലത്തുധാരാള മുണ്ടായിരുന്നുവെങ്കിലും അവരുടെ സ്ഥിതിയും സംഖ്യയും ക്രമേണ കുറഞ്ഞു വന്നുകൊണ്ടിരിക്കയാണ്. എങ്കിലും ചിലതരം വസ്ത്രങ്ങളോടുള്ള പ്രതിപത്തി ജനസാമാന്യത്തിനു കുറഞ്ഞിട്ടില്ലാത്തതുകൊണ്ടു് ഇപ്പോഴും നെയിത്തു നിശ്ശേഷം നശിക്കാതെ നിലനിന്നു വരികയാണ്. വസ്ത്രധാരണരീതിയിൽവന്നുകൂടിയ പരിവർത്തനത്തിനൊത്തു നമ്മുടെ നെയിത്തുകാർ അവരുടെ നെയിത്തിനു കാലാനുരൂപമായ മാററങ്ങൾ വരുത്താതിരുന്നതു നിമിത്തം ഇരണിയൽ, കോട്ടാറൻ തരങ്ങൾ മുതലായ നേർത്തു നെയിത്തൊഴിച്ചു ശേഷമുള്ള തരങ്ങളെല്ലാം വളരെ ചിലവില്ലാത്തതും വിദേശമാർക്കററുകളിലയച്ചു ചിലവാക്കുവാൻ നിവൃത്തിയില്ലാത്തതുമായതരത്തിലുള്ള 'പ്രാകൃത'നെയിത്തുകൾതന്നെ എന്നു പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞതു നെയിത്തുകാർ അവരുടെ ഇപ്പോഴത്തെ രീതിതന്നെ തുടർന്നുകൊണ്ടിരിക്കയാണെങ്കിൽ അവർ അടുത്തകാലത്തെങ്ങും കുഴിയിൽനിന്നു കരകേറുന്ന ലക്ഷണം കാണുന്നില്ല. സ്വദേശിവ്രതം വർദ്ധിച്ചുവരുന്നതിനാൽ അതു് ഉറപ്പുള്ള വ്രതം തന്നെയെങ്കിൽ, നെയിത്തിനു ഒരുനല്ല ഭാവിയുണ്ടെന്നു വിശ്വസിക്കാം.

## നെയിത്തിൻെറ ആഗമം

എല്ലാതൊഴിലുകൾക്കും കലാവിദ്യകൾക്കും ഓരോ പുരാണങ്ങളുള്ള കൂട്ടത്തിൽ നെയിത്തിൻെറ ആഗമത്തെക്കുറിച്ചും ഒരു പുരാണമുണ്ടു്. ബ്രഹ്മാവു മനുവിനെ സൃഷ്ടിച്ചു. ദേവന്മാർക്കും മനുഷ്യർക്കും ഉപയോഗിക്കുവാൻ വസ്ത്രംനെയ്തുകൊടുക്കണമെന്നു മനുവിനോടാജ്ഞാപിച്ചു. മനു വളരെക്കാലം വസ്ത്രംനെയ്തു മനുഷ്യരെയും ദേവന്മാരെയും ഉടുപ്പിച്ചതിൻെറ പുണ്യഫലാനുഭൂതിക്കായി സ്വർഗ്ഗംപ്രാപിച്ചു. മനുവിൻെറ കാലശേഷം നെയ്ത്തു നടത്തുവാൻ ആരുമില്ലെന്നായപ്പോൾ ദേവന്മാരും മനുഷ്യരുമൊക്കെ വളരെ സങ്കടപ്പെട്ടു. ബ്രഹ്മാവിൻെറയടുക്കൽ ദേവന്മാർ ആവലാതിക്കു ചെന്നു. ബ്രഹ്മാവു ദേവന്മാരെയും കൂട്ടിക്കൊണ്ടു കൈലാസത്തിൽ ചെന്നു ശിവൻെറയടുക്കൽ സങ്കടനിവേദനം നടത്തി. അത്യന്തം ജാജ്ജ്വല്യമാനമായ തേജസ്സോടുകൂടിയ ഒരു ദേവതയെ ശിവൻ സൃഷ്ടിച്ചു ആ ദേവതയ്ക്കു "ദേവലൻ" എന്നു പേരു കൊടുത്തു. ദേവലൻെറ ഉജ്ജ്വല പ്രഭയിൽ കണ്ണുമയങ്ങി കൈലാസം പ്രാപിച്ച ദേവന്മാരൊക്കെ പരിഭ്രമിച്ചു നാലുഭാഗത്തേക്കും പാഞ്ഞു. പാർവ്വതിമാത്രം ശിവൻെറയടുക്കൽ ശേഷിച്ചു. ദേവലനെ സൃഷ്ടിച്ചതു ദേവന്മാർക്കും മനുഷ്യർക്കും ഉടുക്കുവാൻ വസ്ത്രം നെയ്യുന്നതിനുവേണ്ടിയാണ്. വിഷ്ണുവിൻെറ നാഭിയിൽനിന്നുൽഭവിക്കുന്ന താമരയുടെ തണ്ടിൽനിന്നു നൂലെടുത്തു നെയിത്തു നടത്തിക്കൊള്ളുവാൻ ശിവൻ ദേവലനോടു പറഞ്ഞു. ദേവലൻ താമരനൂലെടുത്തുകൊണ്ടു വിഷ്ണുലോകത്തിൽ നിന്നു മടങ്ങിവരുമ്പോൾ മദ്ധ്യേമാർഗ്ഗം സന്യാസിവേഷംധരിച്ചു തപസ്സുചെയ്യുന്ന വജ്രദത്തൻ എന്ന ഒരു രാക്ഷസനെ കാണ്മാനിടയായി. വലിയൊരു മഹർഷിയാണെന്നുള്ള വിശ്വാസത്തോടുകൂടി ദേവലൻ ആ കപട സന്യാസിയുടെ ആശ്രമത്തിൽ അന്നു താമസിച്ചു. സന്ധ്യയായപ്പോൾ വജ്രദത്തൻെറ വേഷംമാറി സ്വന്തരൂപം പ്രത്യക്ഷപ്പെടുകയും അപ്പോഴേയ്ക്കും രാത്രിഞ്ചരന്മാരായ കൂട്ടുകാരൊക്കെ അടുത്തുകൂടി ദേവലനെ ഭക്ഷിക്കുവാനൊരുങ്ങുകയുംചെയ്തു. ദേവലൻ മഹാവിഷ്ണുവിനെ അഭയം പ്രാപിച്ചു. വിഷ്ണു ദേവലനുകൊടുത്ത ചക്രംകൊണ്ടു രാക്ഷസന്മാരെ നിഗ്രഹിക്കുവാൻ ദേവലൻ ശ്രമിച്ചു. രാക്ഷസന്മാരുടെ സംഖ്യ അനുനിമിഷം വർദ്ധിച്ചുവന്നതിനാൽ ദേവലൻ "ചാമുണ്ഡനായകി"യെ പ്രാർത്ഥിച്ചു. ചാമുണ്ഡനായകി സിംഹത്തിൻെറ പുറത്തു കയറിവന്നു രാക്ഷസന്മാരെയെല്ലാം നിഗ്രഹിച്ചു. രാക്ഷസസംഘത്തിൽ വജ്രദത്തൻ, പുകനേത്രൻ, പുകമുഖൻ, ചിത്രസേനൻ, ജയദ്രഥൻ ഇങ്ങനെ അഞ്ചു പ്രമാണികളാണുണ്ടായിരുന്നതു്. അവരുടെ അഞ്ചുപേരുടെയും രക്തത്തിൽ മുക്കി മഞ്ഞ, ചുവപ്പു്, വെളുപ്പു്, പച്ച, കറുപ്പു ഇങ്ങനെ അഞ്ചുവർണ്ണങ്ങൾ നൂലിനു വരുത്തി, വസ്ത്രത്തിനുവർണ്ണവൈചിത്ര്യങ്ങൾ ഉണ്ടാക്കിയെന്നാണ് ഒരു പുരാണം.



ഈ പുരാണത്തിനു ഒരു പാഠഭേദമുള്ളതു് ഇങ്ങനെയാണ്:—

ഒരിക്കൽ നാരദമഹർഷി ലോകസഞ്ചാരം കഴിഞ്ഞു കൈലാസത്തു മടങ്ങിച്ചെന്നപ്പോൾ മനുഷ്യരെല്ലാം നഗ്നരായി സഞ്ചരിക്കുന്നതുകണ്ടു. അവരുടെ നഗ്നത മറയ്ക്കുവാൻ എന്തെങ്കിലും ഏർപ്പാടുചെയ്യാഞ്ഞാൽ കഷ്ടമാണെന്നു അദ്ദേഹം പരമേശ്വരനെ അറിയിച്ചു.

നാരദൻെറ നിവേദനം സ്വീകാര്യമെന്നുതോന്നുകയാൽ പരമേശ്വരൻെറ ശരീരത്തിൽനിന്നു "ദേവാംഗൻ" എന്നൊരു ദേവതയുണ്ടായെന്നും ആ ദേവതയോടു വിഷ്ണുവിൻെറ അടുക്കൽ ചെന്നു നെയിത്തു പഠിക്കാൻ കല്പിച്ചുവെന്നും വിഷ്ണു തൻെറ നാഭിയിലെ താമരത്തണ്ടിൽ നിന്നു നൂലെടുത്തു ദേവാംഗനെ നെയിത്തുപഠിപ്പിച്ചുവെന്നുമാണു കഥയുടെ പാഠഭേദം. ഈ ദേവാംഗൻെറ വംശജന്മാരായി ദേവാംഗന്മാരെന്നു ഒരു ജാതിക്കാരുണ്ടായി എന്നും അവരാണു ദേവാംഗബ്രാഹ്മണരെന്നും തേഴ്സ്റ്റൻെറ Castes and Tribes എന്ന പുസ്തകത്തിൻെറ രണ്ടാംവാല്യം "155 മുതൽ 157 വരെയുള്ള ഭാഗങ്ങളിൽ പറഞ്ഞുകാണുന്നു. അഷ്ടാദശപുരാണങ്ങളിലേതിലെങ്കിലും ഈ കഥയുണ്ടോ എന്നറിഞ്ഞില്ല."

## നെയിത്തുകാരൻെറ പാട്ട്

പല തൊഴിലാളികൾക്കും തൊഴിൽതളർച്ച തീർക്കുവാനും പ്രോത്സാഹനത്തിനുമായി വഞ്ചിപ്പാട്ടു്, കുറത്തിപ്പാട്ടു്, അമ്മാനപ്പാട്ടു്, തുള്ളപ്പാട്ടു് മുതലായി പല പാട്ടുകളും ഉണ്ടല്ലൊ. അതുപോലെതന്നെ "ഏലം-ഏലോ, ഏലയേലോ, ത-തിന്നാനം" എന്നിങ്ങനെ കപ്പൽപാട്ടുകളും ഉണ്ടു്. നെയിത്തുകാർക്കു എന്തെങ്കിലും പാട്ടു അടുത്തകാലംവരെ ഉണ്ടായിരുന്നതായി എനിക്കറിവില്ല. ഏതാനും സംവത്സരങ്ങൾക്കുമുമ്പു കുമാരനാശാൻ "നെയിത്തുകാരൻെറ പാട്ട്" എന്ന പേരിൽ ഒരു പാട്ടുണ്ടാക്കുകയും അതു വിവേകോദയത്തിൽ പരസ്യംചെയ്യുകയും ചെയ്തിരുന്നു. "ഓടംമുട്ടുപാവിൽ ജവമോടുന്നൊരു പൂവിൽ" എന്നു തുടങ്ങുന്ന ആ പാട്ടു പ്രസിദ്ധമാകയാൽ ഇവിടെ ഉദ്ധരിക്കുന്നില്ല. നെയിത്തുകാരൻെറ പാവിലും ഊടയിലും, ഓടത്തിലുംകൂടി ആശാൻെറ കവിതാരസികത എത്ര സാമർത്ഥ്യത്തോടുകൂടി ഓടിയിരിക്കുന്നുവെന്നു എല്ലാവർക്കും അറിവുള്ളതാണല്ലൊ.

ജയദേവരുടെ "ഗീതഗോവിന്ദം" എന്ന കൃതിയിലെ പതിനൊന്നാമത്തെ ഗീതംപാടി ഒരു നെയിത്തുകാരൻ മോക്ഷംപ്രാപിച്ചതായി ഒരു കഥയുണ്ടു്. ആ ഗീതം താഴെ ചേർക്കുന്നു:—

നിന്ദസിയജ്ഞവിധേരഹഹ! ശ്രുതിജാതം,
സദയഹൃദയ! ദർശിതപശുഘാതം.
കേശവ! ധൃതബുദ്ധശരീര! ജയജഗദീശ!
ഹരേ!

ഈ ഗീതത്തിനു ഗീതഗോവിന്ദവ്യാഖ്യാതാവു ചെയ്തിരിക്കുന്ന വ്യാഖ്യാനംവായിച്ചാൽ കവിഹൃദയം വ്യാഖ്യാതാവിൻെറ ഹൃദയമായി എങ്ങനെയെല്ലാം മാറിമറിയുമെന്നു നല്ല ദൃഷ്ടാന്തം കിട്ടും.

## നെയിത്തുകാരൻെറ ഭാഷയിലെ ചില സാങ്കേതികപദങ്ങൾ:—

വാറ, കെട്ടു്, (പെട്ടി) എണ്ണം, ചില്ലു്, കൊഞ്ചം, ഫിണി, പിണ, അരടു, പടി, ഇല, സൂചിക്കോല്ലു്, കാതു്, കതിരു്, മാച്ചരടു്, പുട്ടുതല, കണ്ണു്, കുഴൽ, പാവണം, പേക്കുക, താര = താരുചുറവു്—കടയ്ക്കും, പാവ, പാവാട്ടം, അച്ചു, തലക്കം, പാവുതടി, ചുറവുതടി, മടക്കു, ഉക്കണി, ചരടാവു,

പാവുകയറ, പൊളി, താങ്ങി, വെളങ്ങു, തട്ടകമ്പു, പശ, പശച്ചോറ, പശനാര, പാവുണക്ക, പശവയ്പ്പു, ഊരുക (പിഴിയുക)കച്ചു, തടവുക, തെളിക്കുക, തട്ടിപിടിക്കുക, ഇഴ, ഇഴതെരടൽ, കറിവയ്പ്പു, പാവുചുററ്, പാവുതെരട്ടു, തറി,തറിപ്പാട്, കീഴാ, കുററി, നെയിത്തുകയറ,മടികോൽ,തേരി, പടമരം, വട്ടമ്പു, നീടാലു (ഓടം), പണ —പണക്കമുള്ള, വെതം, അച്ചു-ചീളി, പടി, കീഴ്ത്തേരി, നാക്കുകുററി, ചുഴിക്കുററി, കോൽ—എണ്ണപ്പഞ്ഞി, മൈതടി—നത്തക്കൂട്ക്ക, വട്ട—നീങ്ങാച്ചരട്, കരങ്ങാടി, നീങ്ങാ, ഇട്ടുകെട്ടി, പിരിവു, ഉടക്കു, പിരിവലവു, കമ്പുനീക്കു, തട്ടിയിറക്കു, പിരിവുകീറൽ, ഉടക്കൂട്ടപ്പു, നൂത്തുകെട്ടു, പാവു, ഊട, ചിലുമ്പു, വെട്ടു, ചുട്ടി, തട്ടാര, കര, പട്ടക്കര, നെയിത്തുപിണി—പാക്കാലു, പുളിയിലക്കര, പ്ലാൻ, പടപ്പു, വച്ചുകത്തി, ചിലുമ്പു, കച്ചു, തുപ്പെട്ടി, മുണ്ടു, മടക്കുപാടു, നെട്ടമടക്കു, കുറമടക്കു, അട്ടുക്കു, കെട്ടു, ചാക്കു തുണ്ടു അട്ടി ഈ പദങ്ങൾക്കെല്ലാം സാങ്കേതികാൎത്ഥങ്ങളുണ്ടു്.

### നെയിത്തുകാരന്റെ സുഭിക്ഷകാലം

മലയാളികൾക്കെല്ലാം കള്ളക്കർക്കടമാസവും പഞ്ഞവും വർദ്ധിക്കുമ്പോഴാണു നെയിത്തുകാരനു സുഭിക്ഷകാലം ആരംഭിക്കുന്നതു്. ഓണക്കാലത്തെ ചെലവിനു പകൽ പന്ത്രണ്ടു മണിക്കൂർനേരം മാത്രമല്ല രാത്രിയിൽ വിളക്കുംവച്ചു് ഉറക്കമൊഴിഞ്ഞുംകൂടിയാണു നെയിത്തുകാരൻ നെയിത്തുജോലി നടത്തുന്നതു്. മടിയന്മാരായ വിദ്യാൎത്ഥികൾ പരീക്ഷയടുക്കുമ്പോൾ കാണിക്കുന്ന വെപ്രാളവും ഓണമടുക്കുമ്പോഴത്തെ നെയിത്തുകാരന്റെ വെപ്രാളവും ഏകദേശം ഒരുപോലെയാണു്. എത്ര മുറുകിയ നെയിത്തായിരുന്നാലും ഓണത്തിന്റെ പൂരാടത്തിനു നെയിത്തുകാരന്റെ നെയിത്തവസാനിക്കും.

### നെയിത്തുകാരന്റെ ഓണം

നെയിത്തുകാരന്റെ ഓണം പൂരാടത്തിനാണു തുടങ്ങുന്നതു്. "അത്തത്തിൽപ്പത്താണവും വന്നല്ലോ നായരെ, ചോതിപുഴുങ്ങുവാൻ നെല്ലുതാ നായരെ" എന്നു നായന്മാരു നായർസ്ത്രീകൾ നെല്ലു ചോദിക്കുന്ന ഓണമല്ല നെയിത്തുകാരന്റെ ഓണം. ഒരുപക്ഷെ നെയിത്തുകാരന്റെ ഭാൎയ്യയും ചോതിക്കു നെല്ലു പുഴുങ്ങുമായിരിക്കാം. പൂരാടത്തുന്നാളിൽ പ്രഭാതമാകുമ്പോൾ നെയിത്തുകാരൻ നെയിത്തു നിൎത്തി അവന്റെ പാവും കരുവിയും മററു സകല സാമഗ്രികളും ചുരുട്ടിക്കെട്ടി തറിയുടെ മുകളിൽ തൂക്കും. അവന്റെ ഭാൎയ്യയും അവനും കുട്ടികളുംകൂടി തറിയും തറിപ്പാട്ടും നെയിത്താലയും എല്ലാം തൂത്തുവാരി കേടുപാടുകൾ തീൎത്തു് ആദ്യം ചെളികൊണ്ടും പിന്നീടു ചാണകംകൊണ്ടും നല്ലവണ്ണം മെഴുകി വെടിപ്പാക്കും. അരട്ടു്, പൂട്ടുതല, പടമരം, വട്ടമ്പു്, പടി, മുതലായവയെല്ലാം തേച്ചുകഴുകി വൃത്തിയാക്കിവയ്ക്കും. പൂരാടം സന്ധ്യയായിക്കഴിയുമ്പോൾ നെയിത്തുകാരന്റെ വീട്ടിൽ "കുരുക്കനമ്മാച്ചന്റെ" പൂജയ്ക്കുള്ള ഒരുക്കങ്ങൾ തുടങ്ങും. തറിയുടെ മുൻവശമുള്ള തളത്തിൽ ചതുരംഗത്തിനു കളമിടുംപോലെ ഒരു കളമിട്ടു പ്രധാന നെയിത്തുകാരൻ പയറും, അരിയും വറുത്തും ഉണ്ട ഉടച്ച കഷണങ്ങളും കളങ്ങളിൽ നിരത്തും. പ്രധാന നെയിത്തുകാരൻ കുളിച്ചു കുറികളുമിട്ടു കളത്തിന്റെ മുമ്പിൽ വന്നു പത്മാസനത്തിലിരുന്നു് എന്നു പറഞ്ഞാൽ ഒരു കുരണ്ടിയുടെ പുറത്തു ചമ്മണംപടിഞ്ഞിരുന്നു പടമരം, പൂട്ടുംതല, അരട്, നടാലു മുതലായവകളെല്ലാം താൻ കുറിയിട്ട ചന്ദനത്തിന്റെ ശിഷ്ടംകൊണ്ടു കുറിയിടും. അനന്തരം തുളസി, തെച്ചി ഇവകൊണ്ടു കളം പൂജിച്ചിട്ടു് ഇടത്തുവശംതയ്യാറായിരിക്കുന്ന ചാരായക്കുപ്പിയും ചിരട്ടഗ്ലാസ്സുംകയ്യിലെടുത്തു് ഒരു ഗ്ലാസ്സു താനും കുടിച്ചു് അപ്പോൾ അവിടെ കൂടിയിരിക്കുന്ന ആണിനും പെണ്ണിനും പ്രായഭേദംപോലെ അളവു ഭേദപ്പെടുത്തി കുറേശ്ശേ ചാരായം കൊടുക്കും. എല്ലാവൎക്കും കൊടുത്തുകഴിഞ്ഞാൽ ഒരു രണ്ടൗൺസെങ്കിലും പൂജാരി കുപ്പിയിൽ ശേഷിപ്പിക്കാതിരിക്കയില്ല. അതിനുശേഷം പയറും അരിയും വറുത്തതും ഉണ്ട ഉടച്ചതും എല്ലാവൎക്കും കൊടുക്കും. പൂജാരിയുടെ വീതം പയറും അരിയും കൊറിച്ചുതീൎത്തുകൊണ്ടു കുപ്പിയിൽ ശിഷ്ടമിരുന്നതു ഗ്ലാസ്സിൽ വാററിയൊഴിച്ചു് അതും ഉള്ളിലാക്കിക്കൊണ്ടു പൂരാടക്കട്ടകഴിക്കുവാൻ എല്ലാവരും എഴുന്നേൽക്കും. നെയിത്തുകാരന്റെ കുരുക്കനമ്മാച്ചൻ ആരാണെന്നു വായനക്കാർ മനസ്സിലാക്കികാണുകയില്ലല്ലോ. നൂലും പാവും കുരുക്കുന്നതു് (കുരുക്കുണ്ടാക്കുന്നതു്) എലിയാണെന്നു പറയേണ്ടതില്ലല്ലോ. എലി എല്ലാ വിഘ്നങ്ങളിൽനിന്നും നമ്മെ രക്ഷിക്കുവാനുള്ള വിഘ്നേശന്റെ വാഹനമാണല്ലോ. ഈ മൂഷികഭഗവാന്റെ കഥ നെയിത്തുകാരൻ പൂജാരിയുടെ പുരാണമായിരിക്കാം. നെയിത്തു പഠിപ്പിച്ച ഗുരുക്കൾക്കു ഗുരുപൂജയായിട്ടായിരിക്കാം ഇതു തുടങ്ങിയതു്. പൂരാടക്കട്ടയെന്തെന്നു നെയിത്തുകാരല്ലാത്ത വായനക്കാൎക്കു മനസ്സിലായില്ലെന്നു വരാം. പൊങ്കലിനു ചോറുണ്ടാക്കുന്ന മാതിരിയിൽ ചോറു പാകപ്പെടുത്തി ധാരാളം വീതിയും നീളവുമുള്ള വാഴയിലയിൽ പരത്തി കട്ടകളായിട്ടു വരഞ്ഞു കഷണിച്ചെടുക്കുന്നതിനെയാണു പൂരാടക്കട്ടയെന്നു പറയുന്നതു്. പൂരാടക്കട്ടയ്ക്കു കൂട്ടുവാൻ ചതുർവിധവിഭവങ്ങളും ഉണ്ടായിരിക്കുമെങ്കിലും കോഴിഇറച്ചിയും ചാരായവുമാണു പ്രധാനം. പൂരാടക്കട്ട ഊണുകഴിഞ്ഞു ചാരായവും കുടിച്ചു തൃപ്തരായി എന്നു കാണുമ്പോഴാണു വീട്ടിലമ്മയ്ക്കു കൂടി നെയിത്തുകാരൻ ഓണക്കാഴ്ചകൊണ്ടുവന്ന വലിയ ഉണ്ടയെടുത്തു് ഉടച്ചു് എല്ലാവൎക്കും സമ്മാനിക്കുന്നതു്.

ഉണ്ട ഈഴവരുടെ ഒരു പ്രത്യേക പലഹാരമാണല്ലൊ. അരിയുണ്ട, മാവുണ്ട, അണ്ടിയുണ്ട മുതലായി ഉണ്ടകൾ പല ജാതിയുണ്ടു്. എല്ലാത്തരം ഉണ്ടകളിലുംവച്ചു് അണ്ടിയുണ്ടയാണു് ഏററവും സ്വാദേറിയ ഉണ്ട. "അണ്ടിയുണ്ട ഉറിയിലിരിക്കുമ്പോൾ അയൽക്കാരൻ ചാന്നാൎക്കു് ഉറക്കമില്ല" എന്നു പഴമൊഴിതന്നെയുണ്ടു്. അണ്ടിയുണ്ടയും അരിയുണ്ടയും മൂന്നുനാലു ദിവസത്തിൽ കൂടുതൽ പഴകിയാൽ സ്വാദിനു ഭേദം വരുന്നതാണു്. മാവുണ്ട മകരമാസത്തിലെ ഉച്ചാരൻവരെ കേടുകൂടാതെ സൂക്ഷിക്കാവുന്നതാണു്. മകരമാസത്തിൽ ഉച്ചാരനു പിന്നെയും പുതിയതായി വരുന്ന ഉണ്ട ചിങ്ങമാസംവരെ ഉപയോഗിക്കാവുന്നതാകയാൽ ഒരു ദിവസമൊഴിയാതെ 365 ദിവസവും നെയിത്തുകാരന്റെ വീട്ടിൽ ഉണ്ടയുണ്ടായിരിക്കുന്നതാണു്. പക്ഷെ ഇന്നത്തെ നെയിത്തുകാരുടെ വീട്ടിൽ ചെന്നാൽ 365 ദിവസം പോയിട്ടു് ഓണം അഞ്ചു ദിവസവുംതന്നെ ഉണ്ട കാണുമോ എന്നു സംശയമാണു്. ഇനി ഒരു വലിയ ഉണ്ടയുടെ കഥയുംകൂടി വായനക്കാൎക്കു കേൾക്കാൻ രസമുണ്ടെങ്കിൽ ഇവിടെ പറഞ്ഞേക്കാം. പരവൂർ പുററിങ്ങൽക്ഷേത്രത്തിലെ ഉത്സവത്തിനു ക്ഷേത്രത്തിന്റെ മുൻവശത്തുള്ള രണ്ടു കളിത്തട്ടുകളിലും തെക്കും വടക്കുംചേരിക്കാരായ നായർപ്രമാണികളുംഅവരുടെ സ്ത്രീകളും അങ്ങനെ അണിനിരന്നിരിക്കുമ്പോൾ കിഴക്കുനിന്നു കൊട്ടും കുരവയും ആർപ്പുവിളിയും കോലാഹലവുമായിഒരു ഉണ്ടയും കെട്ടിക്കാവിയെടുത്തുകൊണ്ടു ചാന്നാരും ചാന്നാട്ടിയുംകൂടിവരുന്ന ഘോഷയാത്രയുടെ വരവു കാണാം. ഒരുപറ അരിക്കു് ഒരൊററ ഉണ്ടയാണു് ഇവർ കൊണ്ടുവരുന്നതു്. രണ്ടുപേരുടെ തോളിലായിട്ടു് ഒരു മൂളവച്ചു് അതിൽ തൂക്കിയിട്ടാണു് ഈ ഉണ്ട കൊണ്ടുവരുന്നതു്. കരക്കാർ നായന്മാർ ഇരിക്കുന്ന കളിത്തട്ടുകളുടെ ഇടനാഴിയിൽകൂടി പുററിങ്ങലമ്മയ്ക്കു കാണിക്കയായി കൊണ്ടുവരുന്ന ഈ ഉണ്ടയുടെ പിന്നത്തെ പോക്കു് എങ്ങോട്ടെന്നു പരവൂരിലുള്ള വൃദ്ധന്മാൎക്കു മാത്രമേ അറിഞ്ഞുകൂടൂ.

———


## ശ്രീകൃഷ്ണവിലാസം ആയുർവേദ വൈദ്യശാല

**തെക്കുംകര, മയ്യനാട് (തിരുവിതാംകൂർ)**

സരോജാപിൽസ് or ധാതുപുഷ്ടികളും

അവിപന്നവീൎയ്യങ്ങളായ മൂലികകളും ദ്രവ്യങ്ങളും ചേൎത്തുണ്ടാക്കിയതു്. ധാതുപുഷ്ടിയ്ക്കു് ഏററവും ഫലപ്രദം. കൂടാതെ ഒന്നാംതരം രസായനൗഷധം. മൂത്രത്തിൽ അട്ടമ്പുപോകുക; മൂത്രത്തിനുമുമ്പോ പിമ്പോ ശുക്ലബിന്ദുക്കൾ പോകുക; സ്വപ്നസ്ഖലനം, മൂത്രകൃച്ഛ്റം, പ്രമേഹം, അശ്മരി, ക്ഷയം, കാസം, പൂയസ്രാവം, (Gonorrhoea) പഴുപ്പുപോക്കു് തന്നിമിത്തമുണ്ടാകുന്ന വയററുകത്തൽ, തലച്ചുററു്, കണ്ണിരുട്ടപ്പ്, ശരീരക്ഷീണം, തീണ്ടാരികാലത്തെ വയററുവേദന, അരുചി, ഇവയ്ക്കു സിദ്ധഫലം.

കുപ്പി 1-ക്കു് 1 രു 8ണ.

എൻ. സുകുമാരൻ വൈദ്യൻ



# ലളിത

(മാവേലിനാടുവാണീടും കാലം- എന്നപോലെ)

[എം. പി. അപ്പൻ എം. എ. എൽ. ടി.]



i

നവ്യതപസ്യയാൽ നീണ്ടുനിന്ന
നാളുകളോരോന്നിഴഞ്ഞുപോകെ
നൈസർഗ്ഗികാഭ തുളുമ്പിവീഴും
വാസന്തകാലവും വന്നുചേർന്നു.
ചീവരം ചാർത്തും വയോധികരിൽ
ഭാവഭേദങ്ങൾ വന്നീലതെല്ലും.
ആശ്രമവാസികളാം ജനത്തി-
ലാകുലയായി 'ലളിത' മാത്രം.
കേടൽക്കാതുള്ള ചുരുണ്ട കുന്തൽ
പാടേമുറിച്ചുകളഞ്ഞപോതും
പട്ടാറകാന്തി, വിടർന്നിരുന്ന
'മൊട്ടത്തലയി'തൻ പൂങ്കവിളിൽ.
ആ വദനത്തിൽ തെളിഞ്ഞു കാണായ്
യൗവനോന്മേഷവികാര രശ്മി.
അംഗങ്ങൾതോറും പരിസ്ഫുരിച്ചു
ഭംഗമകന്നതാരുണ്യഭംഗി.
മുഗ്ദ്ധാവിലോല വിലോചനത്തിൽ
സ്നിഗ്ദ്ധമാം ശ്യാമള ഭാസ്സുമിന്നി.
പാരംപരുത്ത മരത്തോലിയാ-
ലേറെമുറുക്കിത്തുടങ്ങിയിട്ടും
മാറണിപ്പൊൻകലശങ്ങളെല്ലാ
നേരവും തുള്ളിത്തുളുമ്പുകയായ്.
ചമ്പകം, പിച്ചകം, മുല്ലയെന്നീ
സംഫുല്ലസൂനവൃന്ദത്തിൽനിന്നും
ജൃംഭിച്ചുയർന്ന സുഗന്ധപൂരം
പൊൻപങ്കജാക്ഷിക്കുന്മാദമേകി.
കാട്ടുപൂഞ്ചോലതൻ നീർക്കണങ്ങ-
ളേറ്റുകൊണ്ടെത്തുന്ന കൊച്ചുതെന്നൽ
കോൾമയിർക്കൊള്ളിച്ചു വീശുമ്പോഴ-
ക്കോമള,യാലിംഗനോത്സുകയായ്.
വെണ്ണീറണിഞ്ഞു പരിചയിക്കും
വെണ്ണനേർ മാർദ്ദവമാർന്ന മെയ്യിൽ
കുങ്കുമച്ചാറിൻ കുളുർമ്മപൂശാ-
നങ്കുരിച്ചു മോഹമുൾക്കുരുന്നിൽ.
അത്യന്ത ദിവ്യമന്ത്രാക്ഷരങ്ങൾ
നിത്യം ജപിക്കുമോഷ്ഠാധരങ്ങൾ
ചുംബനാനന്ദരസം നുകരാൻ
വെമ്പലിയന്നിതു നാളിൽ നാളിൽ
തേന്മാവിൻ ചില്ലയിലുല്ലസിച്ചും
നന്മധുര മൃദുനാദമാർന്നും
മാടപ്പിറാക്കളിണകളായാ
വാടിയിലങ്ങിങ്ങു പാറിടുമ്പോൾ
നൂതനമാകും വികാരമൊന്ന-
ച്ചേതോഹരയിൽ മുളയ്ക്കുകയായ്
ചന്ദനച്ചാറിൻ കുളിർമ്മ ചേരും
ചന്ദ്രിക ചിന്നുന്ന രാത്രികളിൽ
ലോകമഖിലമുറങ്ങിടുമ്പോ-
ളേകയാമാശ്രമത്തിന്റെ മുമ്പിൽ
ജാഗര ക്ലേശപരവശയാ-
രാഗതരള തളർന്നിരിക്കും.
മിന്നക്കതിർവീശി നീലവിണ്ണിൽ
മിന്നിത്തിളങ്ങിന താരകങ്ങൾ.
സന്താപമോലുമവളെ നോക്കി
എന്തോ പറഞ്ഞു ചിരിക്കുകയായ്.
എന്നുമല്ലാകാശം, കാമുകർതൻ
സന്നിധിയിങ്കൽ മദാലസയായ്
വെൺപുള്ളി മിന്നും പൂഞ്ചേലയാർന്ന
പെൺപൂൺപാണെന്നു മവൾ-
[ക്കുതോന്നി.
ചെന്തളിർത്തൊത്തിലും പൂക്കളിലും
അന്തിനക്ഷത്രത്തിൻ കാന്തിയിലും
ആമംഗളാംഗിയാൾ കാണ്മതെങ്ങും
കോമള പൂരുഷരൂപമത്രെ.
ധ്യാനസ്ഥയായി വിളങ്ങിടുന്നാ-
സ്സൂനമൃദുലാംഗിതന്റെ മുമ്പിൽ
ദൈവമല്ലാവിർഭവിച്ചതംഗ-
ശ്രീവിതറും യുവരൂപമത്രെ.
ഭംഗിയിൽ പൊട്ടിയൊഴുകിടുന്ന
യൗവ്വനത്തിന്റെ വികാരപൂരം
തട്ടിത്തടഞ്ഞു പെരുത്തു നിർത്താൻ
പര്യാപ്തമല്ല നിയമമൊന്നും

ii

അന്നൊരു പൗർണ്ണമിയായിരുന്നു
മന്നെങ്ങും പൈമ്പാൽ പ്രവാഹമായി
എമ്പാടും താരുണ്യോന്മേഷമുണ്ടോ;"
യൻപിലലിഞ്ഞു ഹൃദന്തരങ്ങൾ
ആശ്രമവാസികളാകമാന-
മാമഗ്നരായ് സുഖനിദ്രയിങ്കൽ.
ലീലാവിലോല 'ലളിത' മാത്രം
ആലോചനാലീനയായിരുന്നു.
ഓരോരോ യാമങ്ങൾ നീങ്ങിനീങ്ങി
നേരവും പാതിരാവോടടുത്തു.
ഏകാന്തശാന്തമായുല്ലസിപ്പൂ
ശ്രീകരമായുള്ളോരാവനാന്തം.
ആരുമറിയാതപ്പെൺകൊടിയാ—
ളാശ്രമംവിട്ടു നടക്കുകയായ്;
കാരാഗൃഹത്തിൻ മതിലുചാടി
സ്വൈരതതേടുന്ന ബന്ദിപോലെ
ആനന്ദാതങ്കങ്ങളൊന്നുപോലെ
ആനതാംഗിക്കുള്ളിൽ നൃത്തമാടി.
വെമ്പൽപൂണ്ടോമൽതിരി
[ഞ്ഞുനോക്കും
സംഭ്രമമാർന്നു വീണ്ടുംനടക്കും
പാരതന്ത്ര്യവിനിർമുക്തയാവാൻ
പാരമുഴലുമക്കന്യകയാൾ
കല്ലിലും മുള്ളിലും കാലുതട്ടി
യല്ലലേൽക്കുന്നതറിവതില്ല.
രാഗിണിയാകുമാ യോഗിനിയാൾ
വേഗംനടന്നുനടന്നൊടുക്കം
കല്ലോലഗാനമുതിർത്തൊഴുകും
നല്ലോരരുവിതൻ തീരമെത്തി
സാന്ദ്രമാം ചന്ദ്രിക തട്ടിമിന്നും
സുന്ദരമായ മണൽപ്പരപ്പിൽ
വിശ്രമം തേടുവാനായിമന്ദം
വിഹ്വലമാനസ തെല്ലിരുന്നു.
നേരം കുറച്ചുകഴിഞ്ഞപോതി—
ലാരോവരുന്നതുപോലെകാണായ്.
ചാരത്തണഞ്ഞൊരാരൂപമൊരു
ചാരുയുവാവെന്നു ബോധ്യമായി.
രണ്ടാൾക്കും തങ്ങളിൽക്കണ്ടനേര-
മുണ്ടായിതാനന്ദരോമഹർഷം
സൗഭഗമോലുന്നൊരാദൃശ്യമാ
സൗഹൃദബദ്ധരായ്ത്തീർന്നുവേഗം.
അന്യോന്യസമ്പൂരകതയോലു-
മനൂനമായോരത്തേജസ്സുകൾ
ആർദ്രചേതസ്സുകളായിത്തമ്മി-
ലാശ്ലേഷമാർന്നുടനേകഭാസ്സായ്.
അങ്ങടുത്തുള്ളൊരു പുൽക്കുടിലിൽ
മങ്ങാതെരിഞ്ഞിതാ പ്രേമദീപം

iii

പൂക്കാലമഞ്ചുകഴിഞ്ഞുവീണ്ടും
പുഷ്കലപൗർണ്ണമി വന്നണഞ്ഞു.
ആശ്രമവാസിയാം വൃദ്ധയോഗി
അന്നാളൊരത്ഭുത സ്വപ്നംകണ്ടു.
സ്വർല്ലോകം പൂകുന്നതന്നോടൊപ്പം
'സ്വച്ഛന്ദചാരിണി'യാം 'ലളിത,'
താരങ്ങൾപോലെവിളങ്ങുമഞ്ചു
തങ്കക്കിടാങ്ങളും കാന്തനുമായ്.
ഇമ്പമിയന്നു തൃക്കൈയുയർത്തി
യൻപിനോടാശിസ്സു നൽകുംദൈവം
അമ്മയായ്ത്തീർന്നൊരാപ്പെണ്മണിക്കാ-
ണാദ്യംകൊടുത്തതനുഗ്രഹങ്ങൾ.

— —



# വെളുത്തകുഞ്ഞ്

(തകഴി ശിവശങ്കരപ്പിള്ള)

മൂന്നു ദിവസങ്ങളായി അവൾക്കു പ്രസവവേദന തുടങ്ങിയിട്ട്.

* തീണ്ടപ്പുരയിൽനിന്നും അതിദീനങ്ങളായ ഞരക്കങ്ങൾ കേട്ടുകൊണ്ടിരുന്നു. അവൾ പ്രാണവേദന അനുഭവിക്കുകയാണ്.

കർക്കടകമാസക്കാലം. വലിയ വെള്ളപ്പൊക്കം. ഒരാഴ്ചയായി സൂര്യനെ കണ്ടിട്ട്. അത്യുഗ്രമായി കാറ്റും അടിച്ചുകൊണ്ടിരുന്നു. തിരകൾ ഉയർന്നു മറിയുന്ന ഒരു വലിയ പാടത്തിന്റെ മദ്ധ്യത്തിലാണ് ആ പറത്തറ. അടുത്തെങ്ങും വീടുകളില്ല. അങ്ങകലത്തിൽ തണുപ്പിലും കാറ്റിലും മരവിച്ച്, മഴയിൽ മുങ്ങിക്കാണുന്ന കരയാണ് അയൽപക്കം.

കൊടുങ്കാറ്റിന്റെ അലർച്ചക്കിടയിൽ പ്രാണവേദനയോടുള്ള അവളുടെ നിലവിളി കേൾക്കായി. സംഭ്രാന്തനായി ഇട്ട്യാതി ചാടി എഴുന്നേറ്റു. അവൻ കുടിലിനു പുറത്തിറങ്ങി തീണ്ടപ്പുരയിലേയ്ക്കു നടന്നു.

അവൾ ആ പ്രാണവേദനക്കിടയിൽ പറയുന്നതു് അയാൾ കേട്ടു:—

"അയ്യോ! ആരുംപാവ—എനിക്കുമേലേ എന്റമ്മോ"

അവൾ ആരെയാണു പാപി എന്നു പറയുന്നത്?

ഒരു അജ്ഞാതമായ അപരാധബോധംകൊണ്ട് ഇട്ട്യാതിയുടെ ഹൃദയം നൊന്തു. അവൻ പുറത്തുനിന്ന് അവളോടായി പറഞ്ഞു.

"എനിക്കറിഞ്ഞോടീ"

അവൾ ഇപ്പോൾ അനുഭവിക്കുന്ന പ്രാണവേദനയ്ക്കു കാരണക്കാരനായ മനുഷ്യനെയാണു ചിരുത ശപിക്കുന്നത്. അവനെയാണു പാപി എന്നു വിളിക്കുന്നത്. അതു് ഇട്ട്യാതിക്കു മനസ്സിലായി.

അവൻ നിശ്ചയിച്ചു ഇനി ഇല്ല എന്ന്. തീണ്ടപ്പുരയിൽനിന്നും ഒരു സ്ത്രീ ഇറങ്ങി വന്നു. ഇട്ട്യാതി ഉൽക്കണ്ഠാകുലനായി ചോദിച്ചു.

"എങ്ങനെ ഇരിക്കുന്നു?"

"താനങ്ങു പോ" എന്ന് ആ പറച്ചി പറഞ്ഞു.

അകത്തു കയറിച്ചെന്ന് അവളോടു സമസ്താപരാധവും പൊറുക്കണമെന്ന് അപേക്ഷിക്കുവാൻ ഇട്ട്യാതിക്കു തോന്നി. ഇനി ഇങ്ങിനെ വരികയില്ലെന്ന് ഉറപ്പുകൊടുക്കണമെന്ന്. വന്നതു വന്നുപോയി.

പ്രിയതരമായ ഒരു സ്വപ്നപരമ്പരയുടെ അവസാനമാണിതു്. ജീവിതത്തിലെ ഒരു ദശാസന്ധിയുമാ



ണ്. നിങ്ങളുടെ ഭാര്യ ഗർഭമുണ്ടെന്നു നിങ്ങളോടു ലജ്ജാവനതമുഖിയായി അറിയിക്കുമ്പോൾ നിങ്ങൾ എന്തു് ആഹ്ലാദിക്കുന്നു.

ഇട്ട്യാതി അന്നു ദിവസവും അവളുടെ വയർ തടവിനോക്കും, കുഞ്ഞിന്റെ വളർച്ച അറിയാൻ. ആ വയറിൽ ഇട്ട്യാതി ആയിരം ഉമ്മവച്ചു. കറുത്തു കൊഴുത്ത ആ കൊച്ചു കുസൃതിക്കിടാത്തനെ അവനു കാണാൻ വൈകിക്കഴിഞ്ഞു. പത്തു വയസ്സ് പതിനാറു വയസ്സ് ഇങ്ങനെ അവൻ വളരുന്നു. അവൻ വളർന്നാൽ വേലയ്ക്കു പറഞ്ഞ് ആരെയും കൂട്ടിനു വിളിക്കണ്ട. അവനും ഒരു കൊച്ചു് ഇട്ട്യാതി ആയിരിക്കും.

അഴകുള്ള കറുത്ത നിറം, ചുരുണ്ട തലമുടി, ഉണ്ടക്കണ്ണുകൾ, നല്ല ആരോഗ്യമുള്ള ശരീരം ഇങ്ങനെ അവൾ പറയരുടെ കൂട്ടത്തിൽ സുന്ദരിയായിരുന്നു. നല്ല വെളുത്ത മുണ്ടുടുത്തേ അവൾ നടക്കൂ. അവൾ തലമുടി ചീകും; പൊട്ടു തൊടും; നിത്യവും കുളിക്കും. അവളെ ചില പ്രായംചെന്ന പറച്ചികൾ ശൃംഗാരി എന്നു വിളിച്ചുപോന്നു. യഥാർത്ഥത്തിൽ, അവളുടെ നോട്ടത്തിലും നടപ്പിലും വാക്കിലും അതിന്റെ ഛായ ഉണ്ടായിരുന്നു താനും.

സന്ധ്യ കഴിഞ്ഞതേയുള്ളു. പക്ഷെ കുറ്റാക്കുറ്റിരുട്ടായിരുന്നു. മഴയും കാറ്റും ശമിച്ചിട്ടില്ല. വെള്ളം നിമിഷംപ്രതി ഉയരുന്നു.

പറച്ചിവയറാട്ടി—നീലി—തീണ്ടപ്പുരയിൽനിന്നും പുറത്തിറങ്ങിവന്നു. അവളെക്കൊണ്ട് അസാദ്ധ്യമാണെന്നു നീലി ഇട്ട്യാതിയെ അറിയിച്ചു.

"നീ പോയി കണ്ണന്റെ പെമ്പളാമ്മയെ വിളിച്ചോണ്ടുവാ."

ഒരുക്ഷണം ഇട്ട്യാതി ചിന്താമഗ്നനായി.

അവിടെ വള്ളമില്ല. അവൻ എങ്ങനെ ഒറോതപ്പെമ്പിളയെ കൊണ്ടുവരും?

തോർത്തുമുണ്ട് ഉരിഞ്ഞ് തലയിൽ കെട്ടിക്കൊണ്ട് അവൻ ആ ജലാശയത്തിലേക്കു ചാടി. കാറ്റിന്റെ അലർച്ചയും അലകളുടെ ശബ്ദവും മാത്രം കേൾക്കാനുണ്ട്. അങ്ങ് അക്കരെ നക്ഷത്രങ്ങൾ പോലെ വിളക്കുകൾ നിരന്നു കാണുന്നു.

തീണ്ടപ്പുരയിൽ ഒരു കൊച്ചു മണ്ണെണ്ണ വിളക്കു കത്തുന്നുണ്ട്. ഓലകൾ പൊങ്ങി കാറ്റും തുവാനവും അകത്തു കയറുമ്പോൾ ആ ചെറുദീപം കെടാൻ തുടങ്ങും. ഒരു കീറപ്പായിലാണ് ഗർഭിണി കിടക്കുന്നതു്. അകത്തേക്കു വെള്ളം എത്തിനോക്കി തുടങ്ങി.

അതിദയനീയങ്ങളായ രോദനങ്ങൾ! അപ്പോഴും അവൾ ആരെയൊക്കെയോ ശപിക്കുന്നു. നീലി "അങ്ങനെ പറയാതെ മോളെ" എന്നു നിറഞ്ഞ കണ്ണുകളോടെ പറയുന്നു. ഉടയതമ്പുരാൻ അവളെ രക്ഷിക്കും.

"ഏൻ ചാകും" അതാണു ചിരുതയുടെ മറുപടി "ഏനു ചത്താ മതി."

ആ കൊടിയ തണുപ്പിലും അവൾ വിയർത്തൊലിക്കുന്നു! അവൾക്കു ഇരിക്കാൻ വയ്യാ; കിടക്കാൻ വയ്യാ; നിൽക്കാൻ വയ്യ.

ഇങ്ങനെ പല രംഗങ്ങളും കണ്ട വയറാട്ടിയുടെ മനസ്സും അലിഞ്ഞുപോയി. ഒരു പക്ഷേ അവൾ മരിച്ചുപോയേക്കാം. നീലി ചിന്തിച്ചു പേറും പിറപ്പും ഇല്ലാതിരിക്കയാണു നന്ന്.

ഇട്ട്യാതി വരുന്നുണ്ടോ എന്നറിയാൻ കൂടെക്കൂടെ ഓല പൊക്കി നീലി പുറത്തു നോക്കും. ഒന്നും കാണുവാനില്ല. ആ വിളക്കുകൾ എല്ലാം അണഞ്ഞു. ചിരുത ചോദിച്ചു.

"അയ്യാളെന്ത്യേ?"

"കണ്ണന്റെ അമ്മേ വിളിക്കാനെക്കൊണ്ടുപോയി."

"അയാളെ എന്തിനാ കഷ്ടപ്പെടുത്തുണ്?"

"പിന്നാരൊണ്ടു മോളേ?"

ചിരുത ഒരു മഹാ പാപിയെ ശപിക്കുന്നു.

* * *

എന്തോ ഓർത്തുകൊണ്ട് അവൾ കുറച്ചു നേരം കിടന്നിട്ട് അവൾ നീലിയോടു ആവശ്യപ്പെട്ടു;

"ആ നാച്ചിപ്പാട്ട് ഒന്നു പാടിക്കേ അമ്മച്ചി! എന്നാലെക്കൊണ്ട് എനൊന്നു മയങ്ങാം."

നീലി പാടിത്തുടങ്ങി.

"താരനത്താരനത്താരനത്തെയ്യോം
താരനത്താരനത്താരനത്തെയ്യോം"

ആ വൻകാറ്റിന്റെ ചൂളത്തിൽ വികലമായി ആ അസംസ്കൃതസംഗീതം കൊച്ചുകുടിലിന്റെ പരിസരത്തിൽ പരന്നു. അജ്ഞാതനായ ഒരു പുരാതന പറയകവി, വാചകശുദ്ധിയും വാക്യശുദ്ധിയും ഇല്ലാതെ പണ്ടു പാടിയതാണ്. അയാൾ ആ സമുദായത്തിന്റെ സംസ്കാരപ്രതിനിധി ആയിരുന്നു.

'താ രന ത്താരനത്താരനത്തെയ്യോം' ശോകാത്മകമായ ഒരു മധുര സംഗീതത്തിന്റെ പല്ലവി!

ആ പരിഷ്കാരമില്ലാത്ത സമുദായക്കാരുടെ ഇടയിൽ ഒരു കഥയുണ്ട്. പണ്ടുപണ്ട് ഒരു പറച്ചി മനസ്സറിയാതെ പിഴച്ചതും, അതിന് അവൾക്കു ലഭിച്ച ശിക്ഷയും. അതാണ് ആ പാട്ട്; അമ്മയുടെ മടിത്തട്ടിലും, വേലത്തലയ്ക്കലും ഒക്കെവെച്ച് ഒരു പറക്കിടാത്തി പഠിക്കുന്ന കഥ. അവളുടെ പുരാണം അതാണ്…………അങ്ങിനെ ഇന്നുവരെ ഒരു പറച്ചി മാത്രമേ വഴിതെറ്റിയിട്ടുള്ളു.

നീലി പാടിക്കൊണ്ടിരിക്കുമ്പോൾ ചിരുത പറഞ്ഞു.

"അമ്മച്ചി! എനു് ഒരു കാര്യം പറയാം. ആരോടും പറേല്ല്"

"ഇല്ല മോളേ!"

"അല്ലേ, വേണ്ട"

ചിരുത പറഞ്ഞില്ല. നീലി നിർബ്ബന്ധിച്ചുമില്ല.

---

* കുട്ടനാടൻ പുലയർക്കു പ്രസവിച്ച സ്ത്രീയെ തീണ്ടലുണ്ട്. പ്രസവാവശ്യത്തിനു താൽക്കാലികമായി ഉണ്ടാക്കുന്ന കുടിലിനു തീണ്ടപ്പുര എന്നു പേർ. ഗർഭിണി മാസം തികയുമ്പോൾ ആ കുടിലിലേക്കു മാറണം. പ്രസവാനന്തരം കുറെ ദിവസങ്ങൾ കഴിഞ്ഞേ സ്ഥിരം കുടിലിലേക്കു മാറാവൂ.

തീണ്ടപ്പുരയുടെ പൊറപൊക്കി ഒറോതപ്പെമ്പിള അകത്തുകടന്നു. അപ്പോൾ അകത്തെ കാററടിച്ച് വിളക്കണഞ്ഞു. വിളക്കുകൊളുത്താൻ അവിടെ തീയുമില്ല.

ഇട്ട്യാതി എവിടെ നിന്നോ ഒരു വള്ളം വാങ്ങിയാണ് ഒറോതയെ കൊണ്ടുവന്നതു്. അതിൽ കയറി അയാൾ വിശാലമായ ഇരുട്ടിൽ വീണ്ടും അപ്രത്യക്ഷനായി.

ഒറോതയോടു നീലി കാര്യങ്ങൾ പറയുകയാണ്. ചിരുത നിലവിളിക്കുന്നു. അപ്പോൾ ഒറോത അവളെ ശാസിച്ചു.

"പെണ്ണുങ്ങക്ക് ഇങ്ങനെയൊക്കെയൊണ്ടെടീ"

"എന്റപെറണ്ട. പത്താമതി"

"പത്താമതിയോ? ഇതാ ഇപ്പം കൃത്ത്. ദൈവം തമ്പുരാൻ നിച്ചയിച്ചാ രണ്ടു നാഴികക്കകംവിർപ്പു വിടീപ്പിക്കാം."

"വേണ്ടമ്മച്ചി!"

അപ്പോഴും ചിരുത ശപിക്കുന്നു. അങ്ങിനെ അരുതെന്ന് നീലി ഉപദേശിച്ചു. അവൾ പറഞ്ഞു

"പാവം കിടാത്തൻ! അവൻ പുല്ലുതിന്നാത്തതു പൈക്കടെ പാക്യം. അവനജീവനാ ഇവളെ. പാവത്തിന്റെ കാപ്പാട്—"

"അയാളെ അല്ലമ്മച്ചി!"

ഒറോത ഈർഷ്യയോടെ ചോദിച്ചു

"പിന്നാരെയാ? ഒടേതമ്പുരാനെയോ?"

* * *

വീണ്ടും ചിരുത പിഴച്ചുപോയ ആ പഴയ പറച്ചിയെക്കുറിച്ച് ചോദിച്ചു. അവൾ എങ്ങനെ പിഴച്ചു? ആ കഥ അതിൽ വ്യക്തമല്ല. നീലി അതു ഒന്നുകൂടെ പാടാമെന്നു പറഞ്ഞു. പക്ഷേ ചിരുതക്കു കേൾക്കണ്ട. ആ പറച്ചിക്കു വയററിലുണ്ടായോഎന്ന് ചിരുതക്കറിയണം; അവൾ പ്രസവിച്ചോ? ആ കുട്ടി എങ്ങനെ, നല്ലവനായോ ദുർമ്മാർഗ്ഗിയായോ വളന്നതു്?

"നീ എന്തിനാ ഇതറിയുന്നെ?"

"ചുമ്മാ അമ്മച്ചി! ഞാൻ ഒരു കാര്യം പറാം. ആരോടും പറേല്ല്"

"ഇല്ല മോളേ!"

"മങ്കളാവു പണിതപ്പം എൻ വേലക്കുപോയി."

നീലിമൂളികേട്ടു. പക്ഷേ ചിരുത പിന്നീട് ആ കാര്യം തുടർന്നില്ല.

ഇട്ട്യാതി തീയുമായി തിരിച്ചു വന്നു. ആ മഴയിൽ അവൻ തീ കെടുത്താതെ സൂക്ഷിച്ചതു് അത്ഭുതമായിരുന്നു.

ഒറോത ചിരുതയുടെ വയർ തടവിനോക്കി. കുറെ എണ്ണകൊണ്ടു വരുവാൻ അവൾ പറഞ്ഞു. എണ്ണ അവിടെയില്ല. ഒറോത ഇട്ട്യാതിയെ ശകാരിച്ചു. അവൻ അവന്റെ കടമ അറിയേണ്ടതായിരുന്നു എന്നു ഘോഷിച്ചു. ചിരുത പറഞ്ഞു.

"അയ്യാളെന്തിനറിയണം അമ്മച്ചീ"

പുറത്തുനിന്നു ഇട്ട്യാതി ഒന്നു നടുങ്ങി. ഒറോതയുടെ ശകാരം അയാളെ തെല്ലു ആശ്വസിപ്പിക്കുകയാണു ചെയ്തതു്. പക്ഷേ എന്തിനറിയണമെന്ന് അവൾ ചോദിക്കുന്നു? കുററപ്പെടുത്തലോ, പരിഭവമോ? അവളുടെ ഏതു് ആവശ്യങ്ങൾ ആണ് സാധിക്കാതെ ഇരുന്നിട്ടുള്ളതു്? ഒന്നുമില്ല.

"എന്നറിഞ്ഞോ ചിരുതേ. എണ്ണമേണമെന്ന്" ഇട്ട്യാതി ചോദിച്ചു.

"അതല്ല"

അത്യുച്ചത്തിലുള്ള രോദനങ്ങൾ!

"കൈരണ്ടും ചവിട്ടിപ്പിടിച്ചോ!"

എന്ന് പതിച്ചി പറയുന്നു. എന്തു ഹോമദണ്ഡമാണ് അകത്തു നടക്കുന്നതു്! 'അയ്യോ' 'അയ്യോ' എന്ന് അവൾ നിലവിളിക്കുന്നു.

ഇട്ട്യാതിക്കു ഭ്രാന്തുപിടിച്ചു. അയാൾ കൈവിരലുകൾ കോർത്തു ഞെരിച്ചു. ഈശ്വരനെ വിളിച്ചു ആയിരം വഴിപാടുകൾ നേർന്നു.

അപ്പോഴും കൊടുങ്കാററലറുന്നു: അലകൾ അടിച്ച് ആ ദുർബ്ബലമായ തീണ്ടപ്പുര ആടുന്നു. അങ്ങു കരയിൽ ഒരു ദീപം പോലും കാൺമാനില്ല. ആ കൊച്ചു കൊട്ടിലിലെ ഉത്കണ്ഠകളും ഹൃദയയാതനകളും കഷ്ടതകളും ആരറിയുന്നു? അങ്ങു അക്കരെയുള്ള തമ്പുരാന്റെ ഗൃഹങ്ങളെ പുതച്ചു മൂടുന്ന അന്ധകാരം അതിന്റെ ഞൊറികൾക്കിടയിൽ ഈ കൊച്ചു കുടിലിനേയും ചേർത്തു

അവളുടെ ശബ്ദം കേൾക്കാനില്ല. പെണ്ണുങ്ങൾ ഇരുവരും മന്ത്രിക്കുന്നു. ഇട്ട്യാതിയുടെ കരൾ പൊട്ടുന്നു. അയാൾ ഒറോതപ്പെമ്പിളയെ വിളിച്ചു. ആരും ഒന്നും മിണ്ടിയില്ല. ഓലക്കണ്ണുകൾക്കിടയിൽക്കൂടി ഇട്ട്യാതി അകത്തേക്കു നോക്കി. അവൾ ക്ഷീണിതയായി മലർന്നു കിടക്കുന്നു. വയർ അപ്പോഴും വീർത്തുതന്നെ ഇരിക്കുന്നു.

"ഹെന്റെ ചിരുതേ!" എന്നു ഇട്ട്യാതി അത്യുച്ചത്തിൽ നിലവിളിച്ചു. അതെന്തൊരു കിടപ്പാണ്. പൊറയുടെ ഒരോല അയാൾ വലിച്ചു പൊളിച്ചു. നീലി പുറത്തുവന്ന് അയാളെ കെട്ടിലിലേക്കു കൊണ്ടുപോയി.

ആ ദീപം അണഞ്ഞു. വീണ്ടും അവൾ കരഞ്ഞുതുടങ്ങി. മണ്ണെണ്ണ വാങ്ങാൻ അയാൾ വള്ളത്തിൽ കയറി വീണ്ടും യാത്രയായി.

അല്പനേരം കഴിഞ്ഞു ചിരുത നീലിയോടു ചോദിച്ചു.

"അമ്മച്ചി! ഇതൊള്ളതാണോ?"

"ഏതാ മോളേ?"

"ആ പാട്ട്"

"അതെ മോളേ! അമ്മച്ചിപാടട്ടെ"

"വേണ്ടമ്മച്ചി. എന്ക് അതു കേക്കണ്ട.

ആ അന്ധകാരത്തിൽ ആരെയോ ആലിംഗനംചെയ്യാൻ കൈ ഉയർത്തി. ആരോ അവളെ നോക്കിച്ചിരിക്കുന്നു, ആരുടേയോ കണ്ണുനീർ അവളുടെ മുഖത്തു വീഴുന്നതായി അവൾക്കു തോന്നി.

"അമ്മച്ച! എൻ വെളുത്തതുണി ഉടുത്തുടായുന്നു; തല ചീപ്പണ്ടാരുന്നു. എന്നെ അങ്ങനെ നാറിനടന്നാലെ കൊണ്ടു മതിയായിരുന്നു."

"അതെന്താ മോളേ!"

"അതങ്ങനാ അമ്മച്ചി."

ചിരുത അമർഷത്തോടെ അവളുടെ വീർത്ത വയറിൽ മൂന്നുനാലടിച്ചു. നീലി അവളുടെ കൈകൾ കടന്നു പിടിച്ചു

"അതങ്ങു ചാകട്ട് അമ്മച്ചി!

"അവൻ ഒരു കൊച്ചുകുലുകാണാൻ കാത്തിരിക്കുവാ"

"അയ്യാളെന്തിനാ ഇതിനെ കാണുന്നെ?"

"അതെന്താ മോളെ?"

"മങ്കളാവു പണിതപ്പം എൻ വേലക്കു പോയി അമ്മച്ചി"

"അതിന്?"

"ഒന്നുമില്ല"

ആ പ്രാണവേദനക്കിടയിൽ ഒരു തീവ്രയാതന അവളുടെ ആത്മാവിനെ ദഹിപ്പിച്ചുകൊണ്ടിരുന്നു. ഹൃദയവതിയായ ആ വയററാട്ടിക്ക് അതു മനസ്സിലായില്ല. ചിരുത വീണ്ടും ചോദിച്ചു.

"അമ്മച്ചി! ആ പറച്ചിയേ, വെളുത്ത തുണി ഉടുത്തിരുന്നോ? അവക്ക് പൊന്ന സ്വർണ്ണച്ചക്രം കിട്ടിയോ?"

നീലിക്കു ആ ചോദ്യത്തിന്റെ അർത്ഥം മനസ്സിലായില്ല.

നനഞ്ഞൊലിച്ചു കിടുകിടാ വിറച്ചു ഇട്ട്യാതി കയറി വന്നു. മണ്ണെണ്ണയും കൊണ്ടു വരുമ്പോൾ വള്ളം കമഴ്ന്നുപോയി.

പ്രഭാതമായപ്പോൾ മഴ തുള്ളിവിട്ടു. പക്ഷേ അപ്പോഴും കാററടിച്ചുകൊണ്ടിരുന്നു. ഒരിഞ്ച് വെള്ളം കൂടെ പൊങ്ങിയാൽ മതി. തീണ്ടപ്പുരയിൽ വെള്ളംകയറും.

അവളുടെ വയർ പൂർവ്വപോലെ വീർത്തിരിക്കുന്നു. അവൾ അനങ്ങാൻവയ്യാതെ മലർന്നുകിടക്കുന്നു. അപ്പോഴും അവൾ ആരെയോ ചീത്തപറയുന്നു. ചിരുത നീലിയോടു പറഞ്ഞു.

"കറം കാണിച്ചാല്, ഒടെതമ്പ്രാൻ തഹിക്കത്തില്ല ഇല്ല്യോഅമ്മച്ചി!"

"നീ എന്തു കാട്ടിമോളേ?"

"അതോ. അമ്മച്ചി! ഒരുത്തിയെ ഇന്നുവരെ പെഴച്ചിട്ടോള്ളോ?"

"അത്രേയൊള്ളു മോളേ!"

"എന്നാല് എനം പെഴച്ചു അമ്മച്ചി!"

നീലി ഒന്നു നടുങ്ങി. ചിരുതയെ അടക്കിപ്പിടിച്ചു കൊണ്ടിരുന്ന കൈകൾ തീമുട്ടിയിട്ടെന്നപോലെ വലിഞ്ഞു.

"എന്നെ അമ്മച്ചി തൊടണ്ട നിങ്ങക്കും ദോഷംവരും."

കുട്ടനാടൻ പറച്ചിക്ക് ഒരു മഹാധനംഉണ്ട്. അവളുടെ തമ്പുരാട്ടിക്കില്ലാത്തധനം. ലോകാരംഭകാലംമുതൽ ഒരുത്തി മാത്രമേ അവരുടെ ഇടയിൽ പിഴച്ചിട്ടുള്ളു.

"അമ്മച്ചി! ആ പാട്ട് ഒന്നു പാടണം."

നീലി മിണ്ടിയില്ല.

"അമ്മച്ചി പെണക്കമാണോ?"

ഒരു ദീർഘനിശ്വാസത്തോടെ നീലി അല്ല എന്നു പറഞ്ഞു.

"എൻ ചാകട്ടമ്മച്ചി! അയ്യാക്ക് എന്നോടിഷ്ടമാരുന്നു. അമ്മച്ചി! ആപാട്ടു കേട്ടാലെക്കൊണ്ട്, ആ പറച്ചിയുടെ കാപ്പാട് കേട്ടാല് എൻ ആ പാതമാ'

മരിക്കുന്ന ഒരു ജീവിയുടെ ആശ സാധിക്കാനായി നീലി മനസ്സില്ലാമനസ്സോടെ പാടിത്തുടങ്ങി. അതു മുമ്പിലത്തേപോലെ സഹതാപപൂർണ്ണമല്ല; വികാരഭരിതമല്ല. പുഞ്ചപ്പാടത്തു ചന്ദ്രികാചർച്ചിതമായ രാത്രിയിൽ ഒരു പ്രേതത്തെപോലെ അലഞ്ഞുതിരിഞ്ഞ ആ കവി, പതിതയായ ഒരുവളെക്കുറിച്ച് കലാസുഭഗമായ സഹതാപത്തോടു പാടിയ ആ മധുരഗാനം ഇത്ര വിരസമായിട്ടില്ല. അതെന്തു നിർജ്ജീവമായിരിക്കുന്നു! അതിൽ കവിതയില്ല! വികാരമില്ല! കൂടെക്കൂടെ നീലി വരികൾ മറന്നുപോയി.

പക്ഷേ ആ പാട്ടു ചിരുതയുടെ ഉൾക്കളത്തിൽ കത്തിച്ചു തീ അവളെ ആശ്വസിപ്പിക്കുകയാണു ചെയ്തതു്. അവൾ ആ പാപിഷ്ഠയുടെ അനുഭവങ്ങളുമായി ഐക്യം പ്രാപിച്ചു.

പാട്ടുനിർത്തിയിട്ടു നീലി ചോദിച്ചു.

"അതാരാടി?"

"ആ സായിപ്പ്"

ആരും ഒന്നും വളരെനേരം മിണ്ടിയില്ല. അവളുടെ പ്രാണവേദനയിൽ, നീലിപോലും അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചില്ല. ആരും അവളെക്കുറിച്ചു ദണ്ഡപ്പെട്ടില്ല. അതിന് ചിരുതക്ക് ആവശ്യവുമില്ല.

അപ്പോഴും അവൾ ശപിക്കുന്നു; ചീത്തപറയുന്നു.

"അങ്ങനെ പറാതെ ചിരുതേ" ഇട്ട്യാതി അതിദുസ്സഹമായ വേദനയോടെ കരഞ്ഞുകൊണ്ടപേക്ഷിച്ചു. അവൾ ധൈര്യമായി, സ്ഫുടമായി പറഞ്ഞു.

"തന്നെയല്ല കൂവ"

ഇട്ട്യാതി നടുങ്ങി. ഒരു തീക്കനൽ കരളിൽ വീണതുപോലെ അവനും തോന്നി.

ആ തീണ്ടപ്പുര ഒന്നു ചാഞ്ഞു. അവൾ പ്രസവിച്ചു.

"അങ്ങിനെ എനിക്കു വരത്തില്ല." എന്നു ഒറോതപ്പെമ്പിള വീരവാദം പറഞ്ഞു.

നീലി ആ കുട്ടിയെ തിരിഞ്ഞു നോക്കുകയതുപോലുമില്ല. കുഞ്ഞിന്റെ 'ങ്യാ' എന്ന കരച്ചിൽ ഇട്ട്യാതികേട്ടു. അവൻ നടുങ്ങി എഴുനേററു തി

# കരുണയും ജീവിതവിമർശവും

[പി. കെ. പരമേശ്വരൻ നായർ ബി. ഏ.]

ആശാന്റെ ഇതരകൃതികളെ അപേക്ഷിച്ച് 'കരുണ'യിൽ മനുഷ്യജീവിതത്തെ കൂടുതൽ വിശാലമായ പരിധിയിൽ പരാമർശിച്ചിട്ടുണ്ടെന്നു കാണാം. 'നളിനി' 'ലീല' എന്നീ കൃതികളിലെ പ്രതിപാദ്യവിഷയം സാധാരണരീതിയിലുള്ള പ്രേമകഥകളാണ്. അവയിലെ കഥാപാത്രങ്ങൾ, വിശേഷിച്ച് നായികമാർ ലോകത്തിന്റെ അന്ധകാരമയമായ ഉള്ളുകള്ളികളൊന്നും കണ്ടവരല്ല. കേവലം പ്രേമജീവികൾ മാത്രമാണവർ. പ്രേമത്തിന്റെ സംതൃപ്തിയിലല്ലാതെ അതുമൂലമുള്ള നിരാശയിലും ഇച്ഛാഭംഗത്തിലും അവർക്കു ജീവിക്കുവാൻ സാദ്ധ്യമല്ല. പ്രാണവായുവില്ലാത്തിടത്തുനിന്നും ജീവികൾ ഓടി രക്ഷപ്പെടുന്നതുപോലെ പ്രേമസംതൃപ്തിക്കു വഴികാണാതായപ്പോൾ, പ്രസ്തുത നായികമാർ, വിഫലമാനസകളായി നാടും വീടുംവിട്ടോടുന്നു. ഒടുവിൽ വല്ല വനാന്തരങ്ങളിലുംവച്ചു അവരുടെ ആരാധനാവിഗ്രഹങ്ങളെ കണ്ടെത്തി അവരോടു സായൂജ്യമടയുന്നതോടുകൂടി ആ നായികമാരുടെ ജീവിത സംഭവങ്ങൾ അവസാനിക്കുകയും ചെയ്യുന്നു. ജീവിതത്തിന്റെ ഇതരവശങ്ങളിലെങ്ങും പ്രേമാത്മകമായ ഒരു ജീവിതപഥത്തിലൊഴിച്ചു മറ്റെങ്ങും, ഇവർക്കു പരിചയമോ പ്രാവീണ്യമോ ഇല്ല. ജീവിതവിജയത്തെ ലക്ഷീകരിച്ചു് യാത്രചെയ്യുന്ന മനുഷ്യർക്കു സഞ്ചരിക്കേണ്ടിവരുന്ന വക്രങ്ങളും നിമ്നോന്നതങ്ങളും, കണ്ടകാകീർണ്ണങ്ങളുമായ ദുർഗ്ഗമമാർഗ്ഗങ്ങളൊന്നും ഈ യുവതികൾ കണ്ടിരുന്നില്ല. അതിനാൽ ഇവർ നായികമാരായിട്ടുള്ള മേൽപറഞ്ഞ കൃതികളും ജീവിതമൽസരത്തിന്റെ നിരന്തരമായ സംഘട്ടനംകൊ



ണ്ടു ശബ്ദായമാനമായ ലോകത്തോടു സംബന്ധിച്ചിടത്തോളം ആ വ്യാപ്തിയുള്ള ഒരു മണ്ഡലത്തെ സ്പർശിക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഈ കാരണത്താലാണു് ജീവിത വിമർശപരമായി നോക്കുമ്പോൾ, ആ കൃതികളുടെ വിസ്തൃതി പരിമിതമായിരിക്കുന്നുവെന്നു് മേൽ പ്രസ്താവിച്ചതു്. 'ചണ്ഡാലഭിക്ഷുകി' 'ദുരവസ്ഥ' എന്നീ കൃതികളിൽ ജീവിത വിമർശത്തെക്കാൾ സമുദായാചാര വിമർശത്തിനാണു് ആശാൻ പ്രാധാന്യം കല്പിച്ചിട്ടുള്ളതു്.

കരുണയിലാകട്ടെ കൂടുതൽ വിശാലവും സംഭവബഹുലവുമായ ഒരു ലോകത്തെ കവി നമുക്കു കാട്ടിത്തരുന്നു. അതുകൊണ്ടു മനുഷ്യജീവിതത്തെ കൂടുതൽ വിപുലമായ ഒരു തോതിൽ നിരീക്ഷണം ചെയ്യുന്നതിനും വിമർശിക്കുന്നതിനും അതിൽ അദ്ദേഹത്തിനു സാധിച്ചിരിക്കുന്നു. കരുണ, കേവലം ഒരു പ്രേമകഥയോ, അതിലെ നായിക നളിനിയേയും ലീലയേയും പോലെ ഒരു പ്രേമോപജീവിമാത്രമോ അല്ല. ദിവ്യമായ പ്രേമം ശ്വസിക്കാതെയും വാസവദത്തയ്ക്കു ജീവിക്കുവാൻ കഴിയും. അവൾ മേൽപറഞ്ഞ നായികമാരേക്കാൾ കുറേക്കൂടി ഭൌമമായ ഒരന്തരീക്ഷത്തിലാണു് ജീവിക്കുന്നതു്. യഥാർത്ഥ പ്രേമത്തിനുവേണ്ടി അവളും ഉൽകണ്ഠിതയായി ഉഴലുന്നുണ്ടെന്നുള്ളതു് പരമാർത്ഥംതന്നെ. ഉപഗുപ്തന്റെ വരവിനെ പ്രതീക്ഷിച്ചിരിക്കുന്ന വാസവദത്തയുടെ മനസ്സിന്റെ അസ്വാസ്ഥ്യവും ഉദ്വേഗവും ലീലാനളിനിമാരുടെ കാമുകദർശനത്തിനുള്ള ആകുലതയേക്കാൾ ഒട്ടും താഴ്ന്നപടിയിലുള്ളതായിരുന്നില്ല. എന്നാൽ ഈ ഉൽക്കണ്ഠാവേശം തുടർന്നുനിൽക്കുന്നില്ല. കൂടുതൽ ശക്തിയേറിയ വികാരങ്ങൾ മനസ്സിനെ ആവരണംചെയ്യുമ്പോൾ മേൽപറഞ്ഞ ഉൽകണ്ഠ, തിരോധാനംചെയ്യുന്നു. "ഉടനെ ചക്രങ്ങൾ നിലത്തുരുളുന്ന ശബ്ദവും" "കാളരണ്ടു വലിച്ചോരു കാഞ്ചനകലിത്തേരും" അതിൽനിന്നും ഇറങ്ങിനിന്ന വൈദേശികനായ വണിഗ്വരനും വാസവദത്തയെ അവളുടെ ദിവ്യമായ പ്രേമമണ്ഡലത്തിൽനിന്നും ലോകസാധാരണമായ ഒരന്തരീക്ഷത്തിലേയ്ക്കു് ആനയിക്കുന്നു. പ്രേമത്തിനു പകരം ഉത്ക്കടമായ കാമവികാരവും ധനദുർമ്മോഹവും അവളെ ഗ്രസിക്കുന്നു. ക്ഷണനേരത്തേയ്ക്കു ഉപഗുപ്തന്റെ കാമുകീപദമലങ്കരിച്ചിരുന്നവൾ, വീണ്ടും മധുരാപുരിയിലെ പ്രശസ്ത വേശ്യാംഗനയായി രൂപാന്തരപ്പെടുന്നു. തന്റെ കുലവൃത്തി അനുസരിച്ചുള്ള തൊഴിലുകളിൽ അവൾ വ്യാപൃതയാകുന്നു. വണിഗ്വരനെ സ്വാഗതം ചെയ്തുകൊള്ളുവാൻ 'കടക്കണ്ണു'കൊണ്ടു് ആജ്ഞയുംകൊടുത്തു്, പ്രേമമാകുന്ന കരപററിനിന്ന ആ വേശ്യാന്നപ്പിട, വീണ്ടും തന്റെ ക്രീഡാസരസ്സിൽ ഇറങ്ങുന്നു. ഒരുവശത്തു് ലോകോത്തരനായ ഒരു മഹാപുരുഷനോടുള്ള അകൃത്രിമമായ പ്രണയവും, മറെറാരുവശത്തു് വേശ്യാസഹജമായ അസ്ഥിര പ്രേമവും കാമവികാരവിജൃംഭണവും ധനദുർമ്മോഹവും—ഇങ്ങനെ പരസ്പരവിരുദ്ധങ്ങളായ രണ്ടു് ശക്തികളുടെ സമ്മേളനമാണു് വാസവദത്തയുടെ സ്വഭാവം. നായികയുടെ ഈ വിചിത്രമായ സങ്കലിതസ്വഭാവം, കഥയുടെ അനന്തരഭാഗങ്ങളെ സംഭവബഹുലമാക്കി, അതിനു് വൈപുല്യവും വികാസവും നൽകി, ജീവിതത്തിന്റെയും മനുഷ്യസ്വഭാവത്തിന്റെയും പല രഹസ്യങ്ങളും ചിത്രീകരിക്കുവാൻ കവിക്കു് സന്ദർഭം നൽകുന്നു.

വാസവദത്ത, കേവലം വിലാസവതിയായ ഒരു വാരനാരിമാത്രമായിരുന്നില്ല. സുഖാനുഭോഗങ്ങളും ധനപ്രതാപവും വർദ്ധിപ്പിക്കുന്നതിനു പര്യാപ്തമായ ഏതൊരു നിഷ്ഠൂരകൃത്യവും ചെയ്യുവാൻ ചങ്കൂററവും തന്റേടവുമുള്ള ഒരു അസാധാരണസ്ത്രീയായിരുന്നു അവൾ. തൊഴിലാളിത്തലവനേയോ, വണിഗ്വരനേയോ ആരെയാണു് സ്വീകരിക്കേണ്ടതെന്നുള്ള പ്രശ്നം അവളെ കുഴക്കിയപ്പോൾ, തൊഴിലാളിയെ യാതൊരു മടിയും കൂടാതെ വധിച്ചു് ചാണകക്കുണ്ടിൽ താഴ്ത്തുന്നതിനു് അവൾക്കു് ലേശവും ഭയമില്ലായിരുന്നു. അവൾ ബന്ധനസ്ഥയായി വിചാരണയ്ക്കധീനയായപ്പോൾ, ന്യായാസനങ്ങളെപ്പോലും കടക്കൺവിലാസവും ധനപ്രതാപവുംകൊണ്ടു് വഴിതെററിക്കുവാൻ അവൾ ശ്രമിക്കാതിരുന്നില്ല. അതുപോലെതന്നെ തന്റെ നിരപരാധിത്വം തെളിയിക്കുവാൻ, നീതിവാദപടുക്കളായ അഭിഭാഷകന്മാരെ അവൾ ഏർപ്പെടുത്തിയിരുന്നതായും കാണുന്നു. ഇങ്ങിനെ, ഏതു് ധീരകൃത്യങ്ങൾക്കുമുള്ള തന്റേടവും അതിൽവച്ചുണ്ടാകുന്ന ഭവിഷ്യത്തുകളെ എതിരിടുവാൻവേണ്ട കഴിവും കരുക്കളും അവൾക്കുണ്ടായിരുന്നു. എന്നാൽ, അവൾ ചെയ്ത ഘോരകൃത്യത്തിന്റെ ഫലം അവൾക്കു് കിട്ടുന്നു. സത്യം തെളിയുകയും, നീതിപീഠങ്ങൾ അവൾക്കു് തക്കതായ ശിക്ഷവിധിക്കുകയുംചെയ്യുന്നു. കരചരണനാസികാദികൾ ഛേദിക്കപ്പെട്ടു്, ഏററവും ദയനീയമായ ഒരവസ്ഥയിൽ അവൾ ശ്മശാനദേശത്തു് നിർദ്ദയം എറിയപ്പെടുന്നു.

കഥ ഇത്രത്തോളം മുന്നോട്ടു പോകുമ്പോഴേയ്ക്കും, വാസവദത്തയിൽക്കൂടി മനുഷ്യസ്വഭാവത്തിന്റെ പല വശങ്ങളും ആവിഷ്കൃതമാകുന്നു. വേശ്യാവൃത്തിയുടെ വിജയത്തിനും, തന്മൂലമുണ്ടാകുന്ന ജീവിതസൌഭാഗ്യലബ്ധിക്കുംവേണ്ടി, കോമളാംഗിയായ ഒരു തരുണി പ്രതീക്ഷാതീതമായ എന്തെല്ലാം കടുംകൃത്യങ്ങളാണു് ചെയ്യുന്നതു്! സൌന്ദര്യത്തിന്റെ സമുച്ചയരൂപംപോലെ പ്രശോഭിച്ചിരുന്ന ഒരു വിശ്വമോഹിനിയിൽനിന്നും പൊട്ടിപ്പുറപ്പെടുന്ന നശീകരണശസ്ത്രങ്ങളുടെ ഭീകരതയോർക്കുമ്പോൾ കവിയോടൊപ്പംതന്നെ നമ്മളും ആ "കോമളിമ"യും "നെഞ്ചിലെ ക്രൌര്യ"വും തമ്മിലുള്ള അന്തരത്തെപ്പററി അത്ഭുതപ്പെടുന്നു. ഒടുവിൽ ആ ശസ്ത്രങ്ങൾ അതിന്റെ പ്രയോക്താവിന്റെ നേരെതന്നെ തിരിഞ്ഞു്, അവളെ ദുസ്സഹമായ കഷ്ടതകൾക്കും കഠിന വേദനയ്ക്കും അടിപെടുത്തുന്ന അവസാന സംഭവങ്ങൾ, വായനക്കാരെ തീവ്രവികാരങ്ങളിലേയ്ക്കെന്നപോലെ, അഗാധ ചിന്തകളിലേക്കും നയിക്കുന്നു. മനുഷ്യ ജീവിതത്തിന്റെ ദയനീയതയും 'സ്വാന്തവാളാൽ സ്വ

---

ണ്ടപ്പുരയിലേക്കു നടന്നു. ഓലക്കണ്ണിൽക്കൂടി അകത്തേക്കു നോക്കി

അസാമാന്യമായി വലിപ്പമുള്ള ഒരു കുഞ്ഞ്. ചെമ്പിച്ച തലമുടി, പൂച്ചക്കണ്ണ്, വെളുത്ത ശരീരം.

ഇട്ട്യാതി ഒന്നുകൂടി നടുങ്ങി. അവൻ സ്ഖലദ്വാക്യനായി ചോദിച്ചു.

"ചിരുതേ!"

"ഓ!"

"എന്താടീ?"

"താനങ്ങ്പോ ഇതു തന്റെയല്ല"

ഇട്ട്യാതി ഒരക്ഷരം പറയാതെ മടങ്ങി കൊട്ടിലിലേക്കു പോയി. അതിന്റെ തിണ്ണയിൽ കുനിഞ്ഞുകൂടി മുമ്പിൽ അനന്തമായി പരന്നുകിടക്കുന്ന ജലാശയത്തിൽ മറിയുന്ന തിരകളെ നോക്കി കുത്തിയിരിക്കുന്നു.

ആ കുഞ്ഞു പിന്നീടു അനങ്ങിയില്ല. അതു ചത്തു.

"അമ്മച്ചി!" ചിരുത വിളിച്ചു നീലി അവളെ നോക്കി.

ചിരുത വിങ്ങിവിങ്ങി കരയാൻ തുടങ്ങി.

"എന്റ ചത്താമതി"

"നീ ചാക്"

അതിശക്തിമത്തായ ഒരു വിറയലിന്റെ അവസാനം അവളുടെ മരണമായിരുന്നു.

യംവെട്ടി നശിക്കുന്ന് അവന്റെസ്വഭാവ വിശേഷവും, സുഖാനുഭോഗങ്ങളുടെയും ധനപ്രതാപത്തിന്റെയും, സൌന്ദര്യ വിലാസത്തിന്റെയും നിരർത്ഥകതയും ചഞ്ചലതയുംഎല്ലാം വായനക്കാരുടെ മനസ്സിൽ ശക്തിയായി പതിയുന്നു. ആകപ്പാടെ മനുഷ്യജീവിതത്തിന്റെ, അധന്യത, നിസ്സഹായത, അധഃപതനത്തിലേക്കുള്ള ഉൻമുഖത എന്നിവയോർത്ത് തീവ്രമായ നിരാശയാണ് ഈ കഥാഭാഗംവായിക്കുന്നവർക്കുണ്ടാകുന്നതു്.

എന്നാൽ വാസവദത്തയുടെ കഥ ഇവിടെ അവസാനിക്കുന്നില്ല. അവസാനിച്ചിരുന്നുവെങ്കിൽ അതിനെക്കാൾ അയഥാർത്ഥമായി മറെറാന്നുമുണ്ടാകുവാനില്ല. മനുഷ്യജീവിതം അത്ര ശാപഗ്രസ്തമോ? "സ്വന്തവാളാൽ സ്വയംവെട്ടി നശിപ്പാൻ"മാത്രമൊ അവർ ജനിച്ചതു്? കരചരണ നാസികാദികൾ ഛേദിക്കപ്പെട്ട്, അസാധാരണമായ ഒരു രീതിയിൽ ജീവിതമവസാനിക്കേണ്ടവനൊ വിവേകബുദ്ധിയുള്ള മനുഷ്യൻ? മൃഗീയ വികാരങ്ങളെയും ബുദ്ധിയേയുംകാൾ ഉൽകൃഷ്ടമായ ശക്തികളാൽ അനുഗൃഹീതനായ മനുഷ്യൻ സ്വന്ത രക്തം തന്നെ കുടിച്ച് മരിക്കുകയും, അതോടുകൂടി സർവ്വസ്വവും അവസാനിക്കുകയും ചെയ്യുന്നപക്ഷം സ്രഷ്ടാവിന്റെ ഉദ്ദേശ്യംതന്നെ കേവലം നിരർത്ഥകമായി പരിണമിക്കുന്നില്ലേ? അന്ധകാരത്തോടൊപ്പം പ്രകാശത്തെയും സൃഷ്ടിച്ച പരാശക്തി, മനുഷ്യന്റെ മനസ്സിനെമാത്രം അന്ധകാരം കൊണ്ട് നിറച്ചുകളയുമോ? വാസവദത്തയുടെ ഇരുളടഞ്ഞ ഹൃദയാന്തർഭാഗത്തും വല്ല രജത രേഖകളും കാണാതിരിക്കുമോ?

വാസവദത്ത, വെറും അന്ധകാരത്തിന്റെ സന്തതിയല്ലായിരുന്നു. ശരീരസൌന്ദര്യത്തെ, നികൃഷ്ടമായ ഒരു തൊഴിലിനുവേണ്ടി ഹോമിച്ചു ധനസമ്പാദനം ചെയ്തിരുന്നവളാണെങ്കിലും, ആ വേശ്യാംഗനയുടെ ഹൃദയത്തിൽ ലോകത്തിലെ സകല ധനങ്ങളെയും നിസ്സാരമായി തള്ളുന്ന മഹനീയമായ ഒരു ശക്തിപ്രഭാവം കുടികൊണ്ടിരുന്നു. ആ ശക്തി, പരിപൂർണ്ണമായ അതിന്റെ വളർച്ച പ്രാപിച്ചിരുന്നില്ലെങ്കിലും, അവളുടെമനസ്സിനെ ഉന്നതമായ ഒരു പന്ഥാവിലേക്ക് നയിച്ചിരുന്നു. ഐശ്വര്യാഡംബരങ്ങളുടേയും സുഖാനുഭോഗങ്ങളുടെയും മദ്ധ്യത്തിലും അവളെ അതു് അസ്വസ്ഥചിത്തയാക്കിയിരുന്നു. പുരുഷന്മാർ അങ്ങോട്ടു ചെന്നാശ്രയിക്കുന്ന അവസ്ഥമാത്രം ജീവിതത്തിൽ പരിചയിച്ചിരുന്ന വാസവദത്ത,ഏതോ ഒരു പുരുഷന്റെ സാന്നിദ്ധ്യത്തെയും വേഴ്ചയെയും 'കുലനയവിരുദ്ധമായ്' കൊഴുത്തുവന്ന പ്രണയത്തോടുകൂടി അഭ്യർത്ഥിക്കുകയും അയാളുടെ ആഗമനത്തെ അസാമാന്യമായ ഉൽക്കണ്ഠയോടെ പ്രതീക്ഷിക്കുകയും ചെയ്യുന്ന ഒരു രംഗം നാം കാണുന്നു അത്ര തന്നെയല്ല, ആ വ്യക്തിയെ ഉദ്ദേശിച്ച്, അവളിൽ നിന്നും ചില പ്രേമസൂക്തങ്ങളും പൊഴിഞ്ഞിരുന്നു.

"ഗുണബുദ്ധിയാൽ ഞാൻ തോഴി
കൊതിപ്പതക്കോമളന്റെ
പ്രണയം മാത്രമാണെന്നു പറ-
ഞ്ഞില്ലേ നീ

എന്നും

"അനരക്തരഹോ ധനപതികൾ
നിത്യമെൻകാലിൽ
കനകാഭിഷേകം ചെയ്തു തൊഴു-
താൽപോലും
കനിഞ്ഞൊന്നു കടാക്ഷിപ്പാൻ
മടിക്കും കണ്ണുകൾ കൊച്ചു-
മുനിയെക്കാണുവാൻ മുട്ടി
യുഴറുന്നല്ലോ"

എന്നും മററുമുള്ള ഭാഗങ്ങളിൽ നിഷ്കാമവും ശക്തിയേറിയതുമായ അനുരാഗത്തിന്റെ കിരണങ്ങളാണ് സ്ഫുരിക്കുന്നതു്. ഈ പ്രണയത്തിനു പാത്രമായിട്ടുള്ള പുരുഷൻ ആരെന്നു വെളിപ്പെടുമ്പോൾ അത്ഭുതവും വേശ്യയെങ്കിലും അവളുടെ വികാരത്തിന്റെ പരിശുദ്ധിയിൽ വിശ്വാസവും നമുക്കുണ്ടാകാതിരിക്കയില്ല ഭിക്ഷ തെണ്ടുവാനുപയോഗിക്കുന്ന കയ്യിലെ ചട്ടിയും, ദേഹത്ത് ധരിച്ചിരുന്ന മഞ്ഞച്ചീവരവും മാത്രം ലോകത്തിൽ സമ്പാദ്യമായിട്ടുള്ള ഒരു ബുദ്ധസന്യാസിയത്രെ വാസവദത്തയുടെ ഹൃദയമോഹനൻ. അദ്ദേഹം സൌന്ദര്യത്തിൽ കാമസമാനനാണെങ്കിലും, അവളെപ്പോലെയുള്ള ഒരു വിലാസിനിക്ക് — ധനമോഹാന്ധയായ ഒരു വേശ്യാഗ്രണിക്ക് — അഭികാമ്യമായ യാതൊരു ഗുണവുമുള്ള ആളായിരുന്നില്ല. വിരാമശൂന്യമായ വിഷയോപഭോഗത്തിൽ സദാ ആമഗ്നയായ അവൾക്ക് ശുഷ്കനും അരസികനുമായ ആ ഭിക്ഷുവിൽ നിന്നും എന്തൊരു കാമിതലാഭമാണുണ്ടാകുവാൻ പോകുന്നതു്? എങ്കിലും അവൾ അയാളിൽ സുദൃഢം പ്രണയബദ്ധയായിരുന്നു. അവൾക്ക് അയാളിൽ നിന്നും ഒരു ചില്ലിക്കാശുപോലും ആവശ്യമില്ല. അഥവാ ഒരു സന്യാസിയിൽ നിന്നും പണം മോഹിക്കുവാൻ അവൾ അത്ര ബുദ്ധിശൂന്യയല്ലല്ലൊ. ആത്മീയമായ വല്ല കൈവല്യവും നേടിക്കളയാമെന്ന് വിചാരിച്ചും, അവൾ അയാളെ സ്നേഹിച്ചതല്ല. അവൾക്ക് ആ മുനിയുടെ പ്രണയം, സ്നേഹം ഇതൊന്നുമാത്രമല്ലാതെ മറെറാന്നും ആവശ്യമില്ല. അവളുടെ കണ്ണുകൾ കൊച്ചു മുനിയുടെ ദർശനത്തിനായി മുട്ടിയുഴറുന്നു. ഭിക്ഷ ഗ്രഹിക്കാനെങ്കിലും അയാൾ തന്റെ മന്ദിരം വരെയൊന്ന് വന്നിരുന്നുവെങ്കിൽ അത്രയ്ക്ക് ആ മധുരാകൃതിയെ നോക്കി രസിക്കാമായിരുന്നുവെന്ന് അവൾ വിലപിക്കുന്നു. ഈ വിധമാണ് വാസവദത്തയുടെ പ്രണയത്തിന്റെ ഗതി. അന്ന് കാഞ്ചനമയമായ ആ കളിത്തേരിൽ സർവാഡംബര വിഭൂഷിതനായി വന്നിറങ്ങിയ ചെട്ടിയാരോടും, മന്മഥകഥാഗന്ധമില്ലാത്ത ഈ ബുദ്ധഭിക്ഷുവിനോടും യഥാക്രമം വാസവദത്തക്കുണ്ടായിരുന്ന മനോഭാവങ്ങളുടെ പരസ്പരാന്തരം നോക്കുക! ഒരിടത്തു പണത്തിനുവേണ്ടി ആളിനോടുള്ള പ്രേമം; മറെറാരിടത്തു പ്രേമത്തിനുവേണ്ടി മാത്രമുള്ള സ്നേഹം. ആദ്യത്തേതു വേശ്യയുടെ പ്രേമം; രണ്ടാമത്തേതു കുലകന്യകയുടേതു്. യാതൊരു വേശ്യക്കും രണ്ടാമത്തെ തരത്തിലുള്ള പ്രണയം സംജാതമാകുക സാദ്ധ്യമല്ല. വാസവദത്തയ്ക്ക് അങ്ങനെയുണ്ടായിട്ടുണ്ടെങ്കിൽ, അതു് അവളിൽ ഏതൊ മഹനീയമായ ഗുണവിശേഷം സന്നിഹിതമായിരുന്നുവെന്നുള്ളതിന്റെ ലക്ഷണമാണ്. വേശ്യാവൃത്തിയിൽ ജീവിതം പാഴാക്കാതെ, ഉന്നതമായ ഏതോ നിലയിലെത്തുവാൻ അവളെ നിയതി നിശ്ചയിച്ചിരുന്നതുകൊണ്ടായിരിക്കാം 'അനവദ്യസുഖദ'മായ ഈ അനുരാഗാങ്കുരം അവളിൽ നിക്ഷിപ്തമായിരുന്നതു്.

ശരിതന്നെ; ഈ ഗുണമഹിമയുടെ സാന്നിദ്ധ്യംകൊണ്ടു തന്നെയാണ് വാസവദത്ത വെറും അന്ധകാരത്തിന്റെ സന്തതിയല്ലെന്ന് ഞാൻ മുൻപു പ്രസ്താവിച്ചതു്. ആ ഗുണം ഒടുവിൽ അവൾ നിപതിച്ച അന്ധകൂപത്തിൽനിന്നും അവളെ രക്ഷിച്ചു തന്റെ കരാളമായ കുററത്തിന് സമുചിതമായവിധം ശിക്ഷിക്കപ്പെട്ട് ഭയങ്കരമായ ആ ശ്മശാന ദേശത്ത് അവയവ വിഹീനയായി, നിരാശയും നിസ്സഹായതയും വ്യഥയും വ്യസനവും നിറഞ്ഞ ഹൃദയത്തോടെ കിടന്നിരുന്ന അവൾക്ക് ആ മഹാശക്തി അവസാന ശാന്തി നൽകി. മനുഷ്യർ തിരിഞ്ഞു നോക്കുവാൻ മടിക്കുമായിരുന്ന ആ പ്രദേശത്ത് ഒരു പരിജനത്തിന്റെ കാകതർജ്ജനമാകുന്ന അവസാന ശുശ്രൂഷ മാത്രം ഏററ്, മരണ നിമിഷത്തെ അഭിമുഖീകരിച്ചു കിടന്നിരുന്ന അവളുടെ ദനയീയസ്ഥിതിയിൽ ആ ശക്തി അവൾക്ക് ഒരു ബന്ധുവിനെ പ്രദാനം ചെയ്തു. ഒടുവിൽ "രക്തമെല്ലാമൊഴുകിപോയ് ക്ഷയിച്ചു ശക്തിസിരകൾ രിക്തമായി, പ്രാണപാരമമായി" എന്ന നിലയെ പ്രാപിച്ച് മധുരയിലെ പ്രശസ്തമായ ആ വേശ്യാദീപം അണയുവാനുള്ള സമയമായപ്പോഴേയ്ക്ക് അതാ, "ഭാനുമാനിൽനിന്നു കാററിൽ കടപൊട്ടി പറന്നെത്തും കതിരുപോലെ ഒരു ഭാസുരാകൃതി" നടയ്ക്കാവിൽ കൂടിവരുന്നു! അതാരാണെന്നു ചോദിക്കണമോ? മെയ്യിൽ മഞ്ഞച്ചീവരവും കയ്യിൽ ചട്ടിയും കാണുന്ന ആ മധുരാകൃതി വാസവദത്തയുടെ ഹൃദയത്തിൽ പ്രകാശിച്ചിരുന്ന ആ കോമളവിഗ്രഹനല്ലാതെ മററാരാണ്?

"വാസവദത്ത താനോ യിവിപന്നമാം പ്രിയജനം
നീ സദയംചെൽക ഭദ്രേ
ഉപഗുപ്തൻ ഞാൻ"

എന്നിങ്ങനെ കരുണാമസൃണമായ മധുരവചസ്സുകളും ആഗതനിൽ നിന്നും പുറപ്പെടുന്നു. ഉപഗുപ്തന് വരുവാനുള്ള സമയം സമാഗതമായിരുന്നു.

കഷ്ടം! ഈ വരവ്, താമസിച്ചു പോയില്ലയോ? താമസിച്ചു പോയെന്നു ആർക്കും തോന്നുകയുള്ളു. വാസവദത്തയ്ക്കുതന്നെ അങ്ങനെ തോന്നി. അനുനാസികവികലമായ സ്വരത്തിൽ അവൾ ആ വിവരം സന്യാസിയോടുപറയുകയും ചെയ്തു. ഉപഗുപ്തൻ കാലേക്കൂട്ടിചെന്ന് വാസവദത്തയെ അവളുടെ മാർഗ്ഗഭ്രംശത്തിൽനിന്നും പിൻതിരിച്ചിരുന്നുവെങ്കിൽ ശോകപര്യവസായിയായ ഈ ഭയങ്കരപരിണാമം അവളുടെ ജീവിതത്തിനുണ്ടാകുമായിരുന്നില്ല. ആ കോമളവിഗ്രഹത്തെ നിയമത്തിന്റെ നിഷ്ഠുരഹസ്തം ഈ വിധം കഷണംകഷണമായി മുറിക്കുകയില്ലായിരുന്നു. കഷ്ടം ആ മഹർഷി സ്വല്പംകൂടി നേരത്തെ ചെന്ന് അവളെ രക്ഷിച്ചില്ലല്ലൊ. ഈ വിധമുള്ള ചിന്തകൾ ചിലർക്കുണ്ടാകാവുന്നതാണ്. പലരും ആ വിധത്തിൽ തർക്കിക്കുകയും ഉപഗുപ്തന്റെ ആഗമന വിളംബത്തിനുള്ള അപരാധം, കുമാരനാശാനിൽ ചുമത്തി അദ്ദേഹത്തിന്റെ കലാഃബോധത്തെ പഴിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇതു കേവലം ആലോചനാരഹിതമായ ഒരു വാദഗതിയാണെന്ന് പറയാതെ തരമില്ല. ലോകസ്വഭാവത്തിലും മനഃശാസ്ത്രത്തിലുമുള്ള അജ്ഞതകൊണ്ടും ചിലർ ഇങ്ങനെ പറയുന്നതാണ്.

——


# സുകൃതൻ
## (ചൊറിസംഹാരി)

——

ചൊറി, പൊരുവണി,
പുഴക്കടി, മുടികൊഴിച്ചിൽ

ഇത്യാദി രോഗങ്ങൾക്ക് നിദാനമായുള്ള വിഷകൃമികളെ നശിപ്പിച്ച് സൌന്ദര്യത്തെ പ്രദാനം ചെയ്യുന്ന ഉത്തരവാദിത്വമുള്ള ഏക സിദ്ധൌഷധം.

വില രൂപാ [illegible] മാത്രം

വിഷവൈദ്യവിശാരദ്,
എൻ. മാധവൻ,
എം. എ. ഫാർമസി & സിദ്ധമന്ത്രൗഷധ
വിഷവൈദ്യശാല,
തില്ലേരി, കൊല്ലം.

ക്യാററ്ലാഗ് ഏന്നം



# നരഭോജികൾ

എം. ദിവാകരൻ ബി. എ.

'വലുതിന്നിര ചെറുത്' ഈ തത്വത്തെ ആസ്പദമാക്കിയല്ലാതെ ജീവിതം നിലനിൽക്കുന്നില്ല. അഹിംസാതത്വങ്ങളും വേദോച്ചാരണവും അതിനെ സംബന്ധിച്ചിടത്തോളം അസംബന്ധമാണ്. കേവലം ജീവശാസ്ത്രപരമായ ഒരു ജീവി എന്ന നില വിട്ടു ചിന്താശീലനായിത്തീർന്നിരിക്കുന്ന മനുഷ്യനാകട്ടെ, ഈ തത്വത്തെ അല്പമൊന്നു പരിഷ്കരിച്ചു എന്നു മാത്രമെ ഉള്ളു. തന്റെ സ്വന്തം വർഗ്ഗത്തെയും തനിക്ക് ഏററവും അത്യുപകാരമുള്ളവയും മതസംബന്ധമായ പ്രാധാന്യമുള്ളവയും ആയ ജന്തുക്കളെയും കൊല്ലുന്നതു പാപകർമ്മമായും അവയുടെ മാംസങ്ങൾ വർജ്ജ്യമായും കരുതാൻ തുടങ്ങിയതാണ് മനുഷ്യന്റെ സംസ്കാരത്തിന്റെ പ്രത്യക്ഷലക്ഷണമായി കരുതപ്പെടുന്നത്. ലോകത്തിന്റെ ഏതൊരു കോണിലും ഭൂമിയും ആകാശവും പാതാളവും വഴിയായി ചെന്നെത്താനുപകരിക്കുന്ന കണ്ടുപിടിത്തങ്ങളെല്ലാമുണ്ടായിരുന്നിട്ടും മനുഷ്യന്റെ സംസ്കാരം എത്തിനോക്കിയിട്ടില്ലാത്ത സ്ഥലങ്ങൾ ഇനിയും ഭൂമിയിൽ ശേഷിച്ചിട്ടുണ്ട്. കയ്യൂക്കിൽ മാത്രം വിശ്വസിച്ചു കയ്യൂക്കിനെ മാത്രം ബഹുമാനിച്ചു കേവലം മൃഗപ്രായരായി വലുതു ചെറുതിനെ തിന്നുക എന്ന നില വിട്ടു സ്വന്തം വർഗ്ഗത്തെത്തന്നെ കൊന്നുതിന്നുന്ന ഒരുകൂട്ടർ ന്യൂഗിനിയിൽ ജീവിച്ചിരിക്കുന്നുണ്ടെന്നു പറയുമ്പോൾ അതു അത്ഭുതകരമായി തോന്നിയേക്കാം.

നമ്മുടെ സങ്കല്പത്തിന്നതീതമായ അപരിഷ്കൃതാവസ്ഥയാണവർക്കുള്ളത്. എത്രയും ഭയാനകമായ ഒരു ജീവിതം അവർ നയിക്കുന്നു. അവരുടെ ആയുധസാമഗ്രികളും മററുപകരണങ്ങളും എല്ലാം കല്ലുകൊണ്ടുണ്ടാക്കിയിരിക്കുന്നു. ന്യൂഗിനിയിലെ വനങ്ങളിൽ മനുഷ്യവേട്ട ഒരു സാധാരണ സംഭവം മാത്രമാണ്. മനുഷ്യമാംസവും അവർ ഭക്ഷിക്കുന്നു. മനുഷ്യന്റെ തല അവർ അമൂല്യസാധനമായി കരുതുന്നു. തലകൊണ്ടു വിചിത്രരീതിയിലുള്ള ആഭരണങ്ങൾ നിർമ്മിക്കാറുണ്ട്.

ജനനേന്ദ്രിയപ്രദേശത്തെ എന്തുകൊണ്ടോ വിചിത്രതരമായ രീതിയിൽ മറച്ചിരിക്കുന്നതൊഴിച്ചാൽ ഇവർ സമ്പൂർണ്ണനഗ്നർ തന്നെയാണ്. എന്നാൽ ശരീരത്തിന്റെ മറ്റവയവങ്ങളിലുള്ള ആഭരണങ്ങൾ നഗ്നതയ്ക്കു അല്പം ഭംഗം വരുത്താതിരിക്കുന്നില്ല. പട്ടിയുടേയും മുതലയുടേയും പല്ലുകൾകൊണ്ടു നിർമ്മിച്ച മാലകളെയാണ് ഏററവും നല്ല ആഭരണങ്ങളായി കരുതിവരുന്നതു്. ഈ കാട്ടാളന്മാർ ഭിന്നവർഗ്ഗങ്ങളായി പിരിഞ്ഞു നടക്കുന്നു. പരസ്പരം യുദ്ധം



ചെയ്യുക എന്നതാണ് അവരുടെ ജീവിതോദ്ദേശം. ഈ വർഗ്ഗക്കാരിൽ ചിലർ തങ്ങൾക്കു നഷ്ടമായ ശക്തിയെ വീണ്ടെടുക്കുന്നതിനായി ശത്രുക്കളെ ഭക്ഷിക്കുന്നു. വെള്ളക്കാരന്റെ മാംസം അവർ ഭക്ഷിക്കാറില്ല.

ഈ കാട്ടാളവർഗ്ഗക്കാരുടെ ഇടയിലും സ്ത്രീകൾക്കു പ്രത്യേക പരിഗണനയാണുള്ളതു്. സ്ത്രീവധം നിരോധിക്കുന്ന ഒരു നിയമത്തെ അവർ അനുസരിക്കുന്നുണ്ട്. ഒരു സ്ത്രീയെ വധിക്കുന്നവനെ ആണത്തമില്ലാത്തവൻ എന്നു മുദ്രയടിക്കുന്നു. സ്ത്രീകൾ ശത്രുപക്ഷത്തിലായാലും ഭയപ്പെടേണ്ടതില്ല. സ്ത്രീയെക്കാണുമ്പോൾ പുരുഷന്റെ ശത്രുത പമ്പകടക്കുന്നു. കറുത്ത വർഗ്ഗക്കാരിയായാലും വെള്ളക്കാരിയായാലും സ്ത്രീയാണെങ്കിൽ ഏതു വൻകാട്ടിൽക്കൂടിയും അവൾക്കു യഥേഷ്ടം സഞ്ചരിക്കാം. ചിലപ്പോൾ അവൾ ഒരു ഭാര്യാവേട്ടക്കാരനിരയായെന്നു വന്നേക്കാം; പക്ഷെ ശിരോവേട്ടക്കാരനിരയാവുകയില്ല.

പുരുഷന്മാർക്കു പ്രായംകൊണ്ടു ഭാവഭേദമുണ്ടായാൽ പോരാ അവരെ പുരുഷപ്രാപ്തിവന്നവരെന്നു ഗണിക്കാൻ. ഒരു ചെറുപ്പക്കാരൻ ഒരു ശത്രുവിനെ കീഴടക്കി അവന്റെ തല സമ്പാദിച്ചുകൊണ്ടു വരുമ്പോൾ അവനു പുരുഷപ്രാപ്തി വന്നുവെന്നു കണക്കാക്കുന്നു. ഒരാൾക്കു ശേഖരിക്കുവാൻ കഴിയുന്ന തലയുടെ സംഖ്യയനുസരിച്ചാണ് അയാളുടെ പദവി നിർണ്ണയിക്കുന്നതു്. ഒരു പിതാവു പുത്രനായി ആർജ്ജിച്ചുവയ്ക്കുന്നതു തന്റെ ജീവിതകാലത്തു ശേഖരിച്ചിട്ടുള്ള മനുഷ്യശിരസ്സുകൾ മാത്രമാണ്.

ഒരു ശത്രുവർഗ്ഗവുമായുള്ള പോരിനുശേഷം—അതു പ്രതിദിനസംഭവമാണ്—കീഴടക്കപ്പെട്ടവരുടെ മാംസംകൊണ്ടു ജയിച്ചവർഗ്ഗക്കാർ ഒരു സദ്യ നടത്തുന്നു. തങ്ങളാൽ കൊല്ലപ്പെട്ട മനുഷ്യരുടെ മാംസം മാത്രമേ അവർ ഭക്ഷിക്കാറുള്ളു. യുദ്ധത്തിൽ പിടിക്കപ്പെട്ടവരെ നിരായുധരാക്കി അവരെ നടുക്കിരുത്തിക്കൊണ്ടു ജയിച്ചവർ അവരുടെ സ്ത്രീകളുമായി ചുററുംകൂടി തുപ്പിയേറിയ ഒരു സദ്യയ്ക്കു വട്ടംകൂട്ടും. തങ്ങളുടെ മുമ്പിലിരിക്കുന്നവരുടെ മാംസം ഭക്ഷിച്ചു ആൺവർഗ്ഗത്തിന്റെ പരാക്രമശീലത്തിൽ അഭിമാനംകൊള്ളുവാനുള്ള വെമ്പലോടെ സ്ത്രീകൾ അക്ഷമരായി ചുററുമിരിക്കും. കുട്ടികൾ സന്തോഷത്തിൽ നിമഗ്നരായി തുള്ളിച്ചാടും. അപ്പോഴേയ്ക്കു പ്രമാണികൾ മുന്നോട്ടുവന്നു ആദ്യമായി പരാജിതരുടെ തലവെട്ടി പ്രത്യേകം സൂക്ഷിക്കും. ഉടൻതന്നെ ആണുങ്ങളെല്ലാംകൂടി ഉടലിലുള്ള മാംസം വാരിയെടുക്കും. പക്ഷെ വാരിയെടുക്കുന്നവർക്കു അവരുടെ ഇഷ്ടംപോലെ മാംസം ഭക്ഷിക്കുവാൻ സാധിക്കുന്നതല്ല. ഭീമകായന്മാരോടുപടവെട്ടി സ്വവർഗ്ഗത്തിന്റെ തല വെട്ടി വേറെ വയ്ക്കുവാൻ തെല്ലും കൂസലില്ലാത്ത ആ രാക്ഷസന്മാർ അവരുടെ സ്ത്രീകളുടെ അടിമകളാണ്. അവൾ ക്രോധത്തോടെ ഒന്നു നോക്കിയാൽ മതി അവന്റെ പരാക്രമങ്ങളൊക്കെ നശിക്കുവാൻ. മാംസം വാരിയെടുത്തു വേറെ വച്ചാൽ സ്ത്രീകൾക്കിഷ്ടമുള്ള ഭാഗം നോക്കി അവരുടെ പങ്കെടുത്ത ശേഷംമാത്രമെ ഈ പരാക്രമശാലികൾക്കു ശേഷിച്ചതിന്മേൽ അധികാരമുള്ളു.

പാശ്ചാത്യപരിഷ്കാരം ഇറക്കുമതി ചെയ്യപ്പെട്ടതോടുകൂടി നമ്മുടെ ഇടയിൽ മദ്യത്തെ മാംസത്തിന്റെ ഒരപരിത്യാജ്യ അനുഗാമിയായി കരുതി വരാറുണ്ട്. ഈ കാട്ടാളവർഗ്ഗത്തിന്റെ ഇടയിലും ആ സമ്പ്രദായം തന്നെ നിലനിൽക്കുന്നു. അവർ ചില പ്രത്യേകതരം ചെടികൾ വാററി ഒരു പാനീയമുണ്ടാക്കി മാംസത്തിന്റെ കൂടെ ഉപയോഗിക്കുന്നു. ഈ 'പാർട്ടി' കഴിഞ്ഞാലുടൻ സായിപ്പിന്റെ ഏർപ്പാടു തന്നെയാണിവർക്കുമുള്ളതു്. അവർ അതിനുശേഷം രാത്രി മുഴുവൻ ഡാൻസ് (നൃത്തം) ചെയ്യുന്നു.

തങ്ങളുടെ പരാക്രമത്തിനിരയായ സാധുക്കളുടെ തലകളും വഹിച്ചുകൊണ്ട് ഇവർ രാത്രി മുഴുവൻ അൻപതു മൈലോളം ചുററിനടന്നു നൃത്തംചെയ്യും. അതു കഴിഞ്ഞാലുടൻ ഓരോ തലയും അതാതു തലയുടെ ഉടമസ്ഥനെ പിടിച്ചുകൊണ്ടു വന്നവർക്കായി കൊടുത്തശേഷം ആ 'ധീരന്മാരെ' ഘോഷയാത്രയായി അവരുടെ സങ്കേതങ്ങളിൽ കൊണ്ടാക്കും.

എപ്പോഴെങ്കിലും ഒരു സംഘത്തിലെ രണ്ടുപേർ തമ്മിൽ ശണ്ഠയുണ്ടായാൽ അതിനു തീരുമാനമുണ്ടാക്കുവാനുള്ള ചുമതല സംഘത്തലവനാണ്. കുററക്കാരനെന്നു ബോദ്ധ്യപ്പെടുന്നവനു മരണശിക്ഷവരെ നൽകാനുള്ള അധികാരം അയാൾക്കുണ്ട്. അതിൽ കുറഞ്ഞ ശിക്ഷ അപൂർവമായിരിക്കും. എന്നാൽ ശണ്ഠ ഒരു സ്ത്രീയെ സംബന്ധിച്ചാണെങ്കിൽ കുരങ്ങിന്റെ കയ്യിൽ അപ്പം പങ്കുവയ്ക്കാൻ കൊടുക്കുന്ന സമ്പ്രദായമാണ്. ആ സ്ത്രീയെ സംഘത്തലവന്റെ ഇഷ്ടംപോലെ വച്ചേക്കാം. ചിലപ്പോൾ അയാളുടെ വിവേചനാധികാരം ഉപയോഗിച്ചു പ്രത്യേക പരിഗണനയിന്മേൽ അവളെ സംഘത്തിലെ ഒരു 'ധീരന്' നൽകിയെന്നു വരാം.

ഇവരുടെ വിവാഹസമ്പ്രദായത്തിൽ നാഗരികാംഗനമാർ ഒരുപക്ഷെ

ത്വചയ്ക്ക് തലമുടിയെന്നോ, തലമുടിക്കുന്നതെന്നോ, തല മൂടുന്നതെന്നോ, തലമുടിയെ വ്യാഖ്യാനിക്കാം. അതേ, ചിലക്ക് തലമുടി ഒരു മുടിതന്നെയാണ് (കിരീടം). ചിലരുടെ തല മുടിക്കുന്നതു തന്നെയാണ്. ചിലരുടെ 'മൊത്തല' മൂടുന്നതുതന്നെയാണ്.

സൌരഭ്യം ഇല്ലാത്ത പൂപോലെയാണ്, ചന്ദ്രനില്ലാത്ത രാത്രിപോലെയാണ്, ഉപ്പില്ലാത്ത അപ്പം പോലെയാണ്, തലമുടി ഇല്ലാത്ത പെണ്ണ്. ഒരുത്തിക്ക്, നീണ്ട നീലനയനങ്ങളും, കുന്ദകുന്ദമന്ദസ്മിതവും, 'തങ്കമങ്കത്തിലങ്കണം വിടും തങ്കമേനി'യും, പല്ലവാധരവും, വേണമെങ്കിൽ കൃശോദരവും കൂടി ഉണ്ടായിക്കൊള്ളട്ടെ.

---

അനുഭവപ്പെട്ടേക്കാം. സ്ത്രീസ്വാതന്ത്ര്യത്തെപ്പറ്റി എത്രയൊക്കെ എഴുതിയാലും എത്രയൊക്കെ പ്രസംഗിച്ചാലും ആധുനികവനിതാലോകം ഭർത്താക്കന്മാരെ സ്വീകരിക്കുന്ന കാര്യത്തിൽ ഗുരുജനങ്ങളുടെ നിയന്ത്രണത്തിൽനിന്ന് തീരെ വിമുക്തരായിട്ടുണ്ടെന്ന് പറയാൻ നിവൃത്തിയില്ല. എന്നാൽ ന്യൂഗിനിയിലെ നരഭോജികളുടെ ഇടയിൽ സ്ത്രീയുടെ ഇഷ്ടപ്രകാരമാണ് ഭർത്താവിനെ സ്വീകരിക്കുന്നത്. സംസ്കാരം തൊട്ടുതെറിച്ചിട്ടില്ലെങ്കിലും ഇവർ കായബലം ഉപയോഗിച്ച് സ്ത്രീകളെ മൃഗീയവികാരത്തിന് വഴിപ്പെടുത്താറില്ല. എന്നാൽ ശത്രുപക്ഷത്തിലെ സ്ത്രീകളെ തട്ടിക്കൊണ്ട് പോകുന്നത് അവരുടെ സന്മാർഗ്ഗബോധത്തിന് വിരുദ്ധമല്ല.

ഈ നരഭോജികളുൾപ്പെടെ അവിടെയുള്ള എല്ലാ ആളുകളെയും ഭരിക്കേണ്ടത് ബ്രിട്ടീഷ് ന്യൂഗിനിയിലെ കാമൺവെൽത്ത് ഗവർമ്മെൻറാണ്. നിരന്തരമായ പ്രയത്നത്തിന്റെ ഫലമായി ഇതിൽ ചില വർഗ്ഗക്കാരെ പരിഷ്കരിക്കുവാൻ സാധിച്ചിട്ടുണ്ട്. അവർ മനുഷ്യരുടെ തല വെട്ടുന്നതിൽ ഏർപ്പെടുന്നില്ലെങ്കിലും അവരുടെ ക്രൂരസ്വഭാവത്തിൽ മൌലികമായ വ്യത്യാസമൊന്നും വരുത്താൻ സാധിച്ചിട്ടില്ല. ഈ വർഗ്ഗക്കാരുമായി ഒരു സംഘട്ടനത്തിൽ ഏർപ്പെടുന്നത് അപല്ക്കരമാണെങ്കിലും വെള്ളക്കാരുടെ മാംസം അവർ ഭക്ഷിക്കാത്തതിനാൽ ഒറ്റതിരിഞ്ഞു സഞ്ചരിക്കുന്ന വെള്ളക്കാരെ കൊല്ലുന്നതിൽ അവർ അത്ര ഔൽസുക്യം പ്രദർശിപ്പിക്കാറില്ല. എന്നാൽ ഒരു വെള്ളക്കാരൻ അവരുടെ സംഘത്തിൽ പെട്ടു കഴിഞ്ഞാൽ അവരുടെ സല്ക്കാരങ്ങൾ സ്വീകരിക്കേണ്ടതായി വരും. പാകം ചെയ്ത പന്നിയിറച്ചിയും പാകം ചെയ്യാത്ത മനുഷ്യമാംസവും അയാൾ ഭക്ഷിക്കണം. വിസമ്മതിക്കുകയാണെങ്കിൽ അടുത്ത ക്ഷണത്തിൽ മൃത്യു അയാളെ സ്വാഗതം ചെയ്യും.

ഈ നരഭോജികളിൽപെട്ട സ്ത്രീകൾ യുദ്ധം ചെയ്യാറില്ല. ക്രൂരസ്വഭാവവും താരതമ്യേന കുറവാണ്. സന്താനങ്ങൾ വൃത്തിയായി സൂക്ഷിക്കുകയും പുരുഷന്മാരുമായി വിനോദങ്ങളിൽ ഏർപ്പെടുകയുമാണ് സ്ത്രീകളുടെ ജോലി.

——

# തലമുടി

ഏവൂർ പി. കെ.

എന്നാൽ തലമുടിമാത്രം 'എലിവാൽ' പോലെ നാലഞ്ചെണ്ണമുള്ളവെങ്കിൽ ആ യുവതി സൌന്ദര്യപരീക്ഷക്ക് ഒന്നാം ക്ലാസ്സിലും രണ്ടാം ക്ലാസ്സിലും പാസ്സാകുകയില്ലെന്നുള്ളതു നിശ്ചയം; മൂന്നാംക്ലാസ്സിൽ സംശയവും.

ഭാരതീയവനിതകൾക്ക് സൌന്ദര്യം നിശ്ചയിക്കുന്നത് അവരുടെ തലമുടി നോക്കിയാണ്. പണ്ടെല്ലാം പെണ്ണിനെക്കാണാൻ വരുന്നവർ നോക്കുന്നതു പെണ്ണിന് 'കാലും മുടിയും' ഉണ്ടോ എന്നാണെന്ന് ചില അമ്മൂമ്മമാർ പറയുന്നതു കേട്ടിട്ടുണ്ട്. ഇന്ന് 'ഷെയർ' എത്രുണ്ടെന്നാണല്ലോ പെണ്ണിനെ കാണുന്നതിനു മുമ്പുതന്നെ ചോദിക്കുന്നത്. അഹോ! കാലം പോയ പോക്ക്. ഏതായാലും പെണ്ണാണോ തലമുടി വേണം.



പ്രേമാമൃതത്തിലെ പാറുഅമ്മ കുളിക്കാൻ ഇറങ്ങി തലമുടി അഴിച്ചിട്ടപ്പോഴേയ്ക്ക് ആ സരസ്സിലും അവിടെ അപ്പോൾ കുളിച്ചുകൊണ്ടുനിന്ന യുവതികളുടെ ഹൃദയസരസ്സിലും ഒരു കാളിമ വ്യാപിച്ചു എന്ന് സി. വി. പറയുന്നു. ഇതിന്നും നടക്കുന്നതാണ്. ഒരു വിദ്യാർത്ഥിനിക്കു കുറെ കൂടുതൽ മുടി ഉണ്ടെങ്കിൽ 'എലിവാൽകേശിനി'കളായ ഇതരവിദ്യാർത്ഥിനികൾ അസൂയാകലുഷിതരായി 'അമ്പേ, അംബുജത്തിന്റെ തലമുടി' എന്നു പറയുന്നതു സാധാരണമാണല്ലോ.

ഇങ്ങനെയെല്ലാമാണെങ്കിലും ഇന്നു പണ്ടത്തെപ്പോലെ തലമുടിയുള്ളവർ വളരെ കുറവാണ്. തങ്ങളുടെ കേശക്ഷാമം അന്യരെ അറിയിക്കാതിരിക്കാനാണ്, അവരുടെ കണ്ണിൽ മണ്ണിടാനാണ്, ഇന്നു ചിലർ മുടി 'ക്രോപ്പ്' ചെയ്യുന്നത്. അതല്ല പരിഷ്കാരമാണ് അതിനു കാരണമെന്നു വാദിക്കുന്ന 'വിശാലവിലോചന'കളും കണ്ടേക്കാം. തലമുടിക്കു ക്ഷാമമില്ലാത്ത 'സുകേശിനി'കൾ അനുകരണത്തിൽ ഭ്രമിച്ച്, ആ മോഹനകടിലകുന്തളം മുറിച്ചുകളയുന്നതു സങ്കടം. പരമസങ്കടം. തലമുടി കണ്ടു ഭ്രമിച്ചു വിവാഹംകഴിച്ച ഒരു യുവാവ്', അദ്ദേഹത്തിന്റെ ഭാര്യ ഇയ്യിടെ പരിഷ്കാരിണിയാകാൻ തലമുടി മുറിച്ചുകളഞ്ഞു എന്നു വളരെ സങ്കടപ്പെട്ട് എന്നോടു പറകയുണ്ടായി.

ഇന്നത്തെ ചില പോലീസുകാർ പുള്ളികളുടെ കയ്യ് പിടിച്ചു പുറകിൽ കെട്ടി പിരിച്ച് സത്യം തെളിയിക്കുന്നതുപോലെ, രാവിലെ ചില പെണ്ണിന്റെ അമ്മമാർ പെണ്ണിനെ വിളിച്ചടുത്തിരുത്തി തലയിൽ എണ്ണയും മററും പുരട്ടി മുടി കയ്യിലെടുത്ത് രണ്ടായി ഭാഗിച്ച് അങ്ങോട്ടു പിന്നി തുടങ്ങുന്നു. പിന്നിയിട്ട മുടിയുടെ അററത്ത്, പടവലക്കായും മററും വലുതാകാൻ അതിന്റെ അററത്തു ചില കല്ലുകളും മററും കെട്ടിത്തൂക്കുന്നതുപോലെ, തയ്യൽക്കടയിൽ കിടക്കുന്ന 'തുണിത്തുണ്ട'ങ്ങൾ എല്ലാം കൂടി കെട്ടിത്തൂക്കുന്നു. അതു പോരാഞ്ഞിട്ട്, പുരയ്ക്കും മററും 'കുത്തുകാൽ' കുത്തുന്നതുപോലെ 'സ്ലൈഡ്' എന്നോ മററോ പേരു പറയുന്ന നാലഞ്ചു സൂചികളും ആ തലമുടിക്കുള്ളിൽ തള്ളിക്കേററുന്നു.

മലയരയന്മാർ കാട്ടിലെ ചെടികളും മററും രണ്ടു കൈകൊണ്ട് മാററി വഴിയുണ്ടാക്കി പോകുന്നതുപോലെ ചിലർ തലക്കാട്ടകളിൽ കൈകൊണ്ടോ ചിലപ്പോൾ 'ചീപ്പ്'കൊണ്ടോ ഒന്നും രണ്ടും വഴികൾ (വകുപ്പുകൾ) ഉണ്ടാക്കി, പുറകിൽ കൊണ്ടുവന്നു 'തൂവ്'പോലെ കെട്ടിവെയ്ക്കുന്നു. ഇങ്ങനെ കെട്ടുകൾക്കു വിശറിക്കെട്ട്, തിരുവനന്തപുരം കെട്ട്, മയ്യനാടൻ കെട്ട് എന്നിങ്ങനെ പലതരം പേരുകളും ഉണ്ടുപോലും. ഇങ്ങിനെ വഴി വെട്ടുന്നത് 'മെയിൻ സെൻട്രൽ റോഡായിട്ടും' 'കരപ്പുറം' റോഡായിട്ടും ആകാം. ഇന്ന് കൂടുതൽ വെട്ടുന്നതു കരപ്പുറം റോഡായിട്ട്, ഒരുവശം ചേർന്നാണ്.

ചിലർ ആഴിയിലെ തരംഗംപോലെ നിമ്നോന്നതമാക്കിയും തലമുടി ശരിപ്പെടുത്തുന്നു. ഇതൊക്കെ കണ്ടാൽ തോന്നും ഈ ലോകം ഇവരുടെ തലയിലാണ് ഇരിക്കുന്നതെന്ന്. ഒരുപക്ഷേ ചില അമ്മമാർ അങ്ങിനെയും വിചാരിക്കുന്നുണ്ടാവാം. ഒരു യുവാവ് ദൂരെനിന്നും വരുന്നതു കണ്ടാൽ ഉടൻ ചില യുവതികൾ അവരുടെ തലമുടി കൈകൊണ്ട് ഒതുക്കുന്നതു കണ്ടിട്ടുള്ളവർ കാണുമല്ലോ.

ഇനിയും തലമുടിയുടെ വേറൊരു വശത്തെക്കുറിച്ചു ആലോചിക്കാം.

നമ്മുടെ ഓരോ അവയവത്തിനും ഓരോ ലക്ഷണങ്ങളും ഫലങ്ങളും ഉണ്ട്.

തലമുടി സാധാരണയിൽ അധികം വണ്ണമുള്ളതും, എന്നാൽ മാർദ്ദവമായതും, ആണെങ്കിൽ ആ ആൾ വാതരോഗിയായിരിക്കും. മുൻപോട്ടു തൂങ്ങിക്കിടക്കുന്നതും, ചുരുളാത്തതുമായ മുടിയുള്ളവർ കൃശഗാത്രന്മാരായിരിക്കും. കൂടുതൽ തലമുടിയുള്ളവർ തേൻറടമുള്ളവരും, ചുരുണ്ടതലമുടിയുള്ളവർതൻ കാര്യവിരുതന്മാരുമായിരിക്കും ഇങ്ങിനെ ഒരുവിധം.

'അളിനിറമൊടെതിരിടിനകചനിവഹമുള്ളവളാളുന്ന വിദ്യാധനങ്ങളും ലക്ഷ്മിയും'

എന്നു വേറൊരുകൂട്ടർ.

ചുരുണ്ടതലമുടിയുള്ളവർ വ്യഭിചാരിണികളും, ഭർത്താക്കന്മാരെ വഞ്ചിക്കുന്നവരും ആയിരിക്കും. എന്നു മൂന്നാമതൊരുകൂട്ടർ

പക്ഷേ, കലാപരമായിട്ട് തലമുടിക്കു വളരെ പ്രാധാന്യമുണ്ടെന്നുള്ളതിൽ പക്ഷാന്തരമില്ലല്ലോ.

തലമുടി ഏതുഭാഷയിലെയും, രാജ്യത്തിലെയും, കവികളെയും, കലാകാരന്മാരേയും വളരെ ആകർഷിച്ചിട്ടുണ്ട്. കൊണ്ടൽ, ധൂമം, പനംകുല, വണ്ടിണ, മുതലായി കാളിമയുടെ കേളീരംഗമായ സകല വസ്തുക്കളും, തലമുടിക്ക് ഉപമാനങ്ങളാണ്.

ഒരു കവി, തലമുടി അഴിച്ചിട്ടിരിക്കുന്നതു കണ്ടിട്ട്, പറകയാണ്;

"പദകമലമതിലമതമമലമധുവുണ്ണുവാനളിപടലിഎന്നപോൽകേശങ്ങളങ്ങിനെ"

തലമുടി കിടക്കുന്നതുകണ്ടാൽ പദകമലത്തിലെ മധുവുണ്ണുവാൻ വണ്ടിണകൾ പോകയാണോ എന്നു തോന്നുംപോലും. ഇങ്ങിനെ കവിതകൾ എത്രയെത്ര!

ഒരു കവി മുടിയെ പുകയോടുപമിച്ചിട്ടുണ്ട് ആ ഉപമയുടെ സ്വാരസ്യം ഒന്നാലോചിച്ചുനോക്കു.

പുക അഗ്നിയിൽനിന്നാണല്ലോ പൊങ്ങുന്നത്. അഗ്നിയുടെ നിറം സ്വർണ്ണമാണല്ലോ. അപ്പോൾ നായികയുടെ തലമുടി പുകപോലാണെന്നു വർണ്ണിച്ചതിൽനിന്നും ആ നായികയുടെ ദേഹം സ്വർണ്ണവർണ്ണമാണെന്നുകൂടി വന്നുചേരുന്നു. അതുമല്ല. പുക വളഞ്ഞും ചുരുണ്ടുമാണല്ലോ പൊങ്ങുന്നതു! അതിൽനിന്നും നായികയുടെ തലമുടി ചുരുണ്ടതും കറുത്തതും ആണെന്നുകൂടി വന്നുചേരുന്നു. ഹാ! ആ ഉപമ.

തലമുടിയെക്കുറിച്ചു വർണ്ണിക്കാത്ത കവികൾ ഇല്ല. ഇംഗ്ലീഷുകാർ ചെമ്പിച്ച തലമുടിയിൽ സൌന്ദര്യം കാണുമ്പോൾ ഭാരതീയർ കറുത്ത കുന്തളത്തിൽ സൌന്ദര്യം ദർശിക്കുന്നു: ഇതുയുമേ അവർതമ്മിൽ ഭേദമുള്ളു

"കായില്ല, പൂവില്ല, വെട്ടിയാൽ പിന്നെയും വളരുന്നൊരു കാട്."

ഇതൊരു കടമാണ്. ഇതിന്റെ ഉത്തരം തലമുടി എന്നാണ്. ഇരുട്ടുകാട്ടിൽ കരുട്ടപന്നി എന്നും ഒരു കടമുണ്ട്. ഇരുട്ടുകാട് തലമുടി കരുട്ടപന്നികളെ ചില അമ്മമാർ മക്കളുടെ തലക്കാട്ടകളിൽ ഉത്സാഹപൂർവ്വം വേട്ടയാടാറുണ്ടല്ലോ?

പരിഷ്കാരത്തിൽ ഭ്രമിച്ച് തലമുടി വെട്ടിക്കളഞ്ഞു സൌന്ദര്യം നശിപ്പിക്കാതിരിക്കാൻ യുവതികൾ ശ്രമിക്കണമെന്നപേക്ഷ.

തലമുടി അക്ഷയമായി സൌന്ദര്യവർദ്ധകമായി ആചന്ദ്രതാരം വിലസട്ടെ!!

——

# ത്യാഗദീപം

മേരിജാൺ കൂത്താട്ടുകുളം

'സാർവലൗകികസഖ്യ'സിദ്ധാന്തം
സാധിതപ്രായമാക്കുവാൻ,
ജീവിതം സമർപ്പിച്ചു വാഴുവോൻ—
ലോകസേവനതല്പരൻ—
ഏകനങ്ങു ചരിക്കയായിരു-
ന്നേകദാ വിയന്മാർഗ്ഗമായ്.
നീളെനീളെ വിശാലമായ്ക്കണ്ട
നീലനിർമ്മലരാജിയിൽ
ലോലലോലം ലയിച്ചിണങ്ങുമാ
വ്യോമനൗകമനോഹരം,
ത്യാഗരാഗസ്ഫുരിതമാം വിശ്വ-
പ്രേമസംഗീതപല്ലവി
മൂകമായ്പാടും "ഗാഗുൽത്താ" മല-
മീതെയങ്ങു പറക്കവേ,
ആ മഹാൻ തിരിഞ്ഞൊന്നുനോക്കിയാ
ത്യാഗസുന്ദരവേദിയെ,
വെമ്പലാർന്നു വിറച്ചു ചുണ്ടുകൾ
കമ്പിതമായ്ത്തദംഗവും.
വീരപാണിതലങ്ങൾകൂമ്പിനൽ-
ചാരുകോരകമെന്നപോൽ.
തങ്ങിനിന്നു രണ്ടശ്രുബിന്ദുക്കൾ
തെല്ലടഞ്ഞമിഴികളിൽ.
തൻകരളിൻ തുടിപ്പിലാവിശു-
ദ്ധാന്തരീക്ഷം മുഴങ്ങവെ,
ഒന്നുകൂടിതിരിഞ്ഞുനോക്കിയാ
കുന്നിലേശു മഹാശയൻ.
പൊൻചിറകു വിരിച്ചുമേൽക്കുമേൽ
പൊന്തിവന്നുതൻ ചിന്തകൾ.
കാറകന്നുതെളിഞ്ഞവാനത്തിൽ
താരകാവലിപോലവെ,
മായനീങ്ങിയനർഘസത്യങ്ങൾ
മാനസത്തിലുദിക്കയായ്.

"എത്രയെത്ര കടന്നു ഞാൻ പുകൾ
പെററസാമ്രാജ്യസീമകൾ.
ഒത്തുചേർന്നൊളിചിന്നിയാലുമാ
നൽപ്രഭാവപ്രശസ്തികൾ,
ഇപ്പുകൾപുതുവെണ്ണിലാവിങ്ക-
ലസ്തശോഭമായ്ത്തീർന്നുപോം."

"രമ്യശില്പകലയ്ക്കുമാതൃകാ-
ഹർമ്മ്യമാം "റോമാ" രാജ്യവും,
സുന്ദരകലകൾക്കു കൗതുക-
മന്ദിരം "ഗ്രീസു" രാജ്യവും,
ഈടെഴും 'പിറമിഡുകൾ' നിന്നു
മോടികൂട്ടിടു'മീജിപ്റ്റും',
പ്രാഭവശ്രീകൾ കാൽവണങ്ങിയ-
"ബാബിലോണിയാ" രാജ്യവും,
സ്വന്തമാക്കിയ രാഷ്ട്രശക്തിക-
ളെന്തുപോ,റ്റം മറഞ്ഞുപോയ്.
നിസ്തുലത്യാഗശക്തിയൊന്നിനാ-
ലിച്ചെറുകുന്നിൽ സ്ഥാപിതം
സ്നേഹസാമ്രാജ്യമിന്നും ശാശ്വത-
ക്ഷേമമേകി ജയിപ്പുതെ."

"മർത്ത്യരെ കൊന്നുകൊന്നൊടുക്കിയും
ദിഗ്ജയക്കൊടിനാട്ടിയോർ—
പെന്നിണം ചുററുമാറൊഴുക്കിയും
തന്മഹിമ പുലർത്തിയോർ—
ശക്രതുല്യരാം ചക്രവർത്തിമാ-
രെത്രയോപേർ കടന്നുപോയ്.
ആയവർക്കൊപ്പമപ്പൊഴേ മറ-
ഞ്ഞാവിജയപതാകകൾ
പാപകൂപപതിതരെ പരി-
പൂതരായ് കരയേററുവാൻ
ജീവരക്തം ചൊരിഞ്ഞ വൻ സ്വന്ത-
ജീവിതംബലിനൽകിയോൻ,
"യേശുദേവ" നീ കുന്നിൽനാട്ടിയ
ശാശ്വതവിജയധ്വജം
വിണ്ണഴകിൽകുളിച്ചുനിന്നിതാ
മിന്നിമിന്നിലസിപ്പുതെ".

"അക്ഷയസ്നേഹധാരയിൽനിന്നു
കത്തിടും മണിദീപികെ!
നാകഭൂമികൾ ചേർത്തിണക്കുന്ന
ഹേമരമ്യസോപാനമെ!
ചിൽപുമാൻ ചുമലിങ്കലേന്തിയ
കല്പവൃക്ഷമെ! കൈതൊഴാം."
ത്യാഗസുന്ദരജീവിതജയ-
വൈജയന്തികെ! കൈതൊഴാം!!

"ആത്തരോഷം സമരസന്നാഹ
ദത്തശ്രദ്ധരാം ഭൂപരെ!
യുദ്ധഭേരിമുഴക്കുവാൻതരം
പാർത്തുവാഴും നേതാക്കളെ!
അഗ്നിപർവ്വതസന്നിഭം സർവ്വം
ഭസ്മമാക്കുന്ന ബോംബുകൾ
ഒട്ടനേകരെയൊററമാത്രയിൽ
ചുട്ടെരിക്കുന്ന തോക്കുകൾ,
ഘോരകാകോളം പ്രാണവായുവിൽ
വ്യാപരിപ്പിക്കുമമ്പുകൾ,
ഈ വിനാശക ശസ്ത്രസഞ്ചയ-
മാവനാഴിയിലേന്തുവോർ—
സംഖ്യയററു നിരന്നുനിൽക്കുന്ന
സംഗരോത്സുകസേനകൾ—
വാനിടത്തിലും ഭൂതലത്തിലും
വാരിധിയിലുമൊന്നുപോൽ
വിശ്വവിശ്രുത ശിക്ഷണത്തൊടു
മത്സരിച്ചടരാടിയാൽ,
പാരിടം നിണച്ചാലൊഴുകുന്ന
പാഴ്മരുഭൂമിയാക്കിടാം.
വൃദ്ധബാലകഭേദമെന്നിയെ
ചത്തുചത്തങ്ങൊടുങ്ങിടും
വൻജനതയെ വട്ടമിട്ടഹാ!
വൻ കഴുകന്മാർ കൂടിടാം.
എത്ര വൻപിച്ച തോൽവിയാണതെൻ
യുദ്ധതന്ത്രവിദഗ്ദ്ധരെ!
ബുദ്ധിപൂർവ്വകം നിങ്ങൾ നിർമ്മിക്കും
നിസ്തുല നിശിതായുധം
ആഴ്ത്തുമാത്മക്ഷതങ്ങൾ നിങ്ങളി-
ലെത്രമാത്രം മഹിതരെ?
രാജ്യരക്ഷണനിരതരായ് സ്വയം
രാജനീതിനടത്തുവാൻ
പൂജ്യരാം നിങ്ങൾ തീർത്തുവച്ചൊരു
രാജ്യമീമാംസ ഭീകരം."

"ദൂരെയായിതാ കണ്ടിടാ'മിന്ത്യാ'-
ഭൂതലം ഹിമകോമളം.
നന്ദനാരാമബന്ധുരം ശ്യാമ-
സുന്ദര'മാഭാരതം,'
അന്നു ഗാഗുൽത്താ കുന്നിൽ മിന്നിയ
വൻമഹസ്സിൻറദീപ്തികൾ—
നിത്യനിർമ്മലമാം സനാതന-
സത്യഭാസ്സിൻമരീചികാ-
ചേലിലിപ്പൊഴുമിങ്ങു വീശുന്നു
പാലൊളിപ്പൂനിലാചന്ദ്രിക.
ഒമ്പതും പത്തും വത്സരശതം
മുമ്പുതന്നിപ്പൊലിഞ്ഞതാം
സത്യദീക്ഷയഹിംസകവ്രതം—
നിഷ്കളസ്നേഹമെന്നിവ,
സാഭിമാനം പുലർത്തിടുന്നിന്നും-
സാദരം ഭാരതാവനി.
ദേവസൂനു വിതച്ചതാം സമ-
ഭാവവും ത്യാഗശീലവും,
ഭംഗമെന്നി വളർന്നുപോരുന്നു-
കർമ്മഭൂമിയിലിപ്പൊഴും.
വെൽക വെൽക മഹേശചൈതന്യം
പുൽകിടും മഹാരാജ്യമെ!
മങ്ങിടാതെ വിളങ്ങണം ചിരം-
നിന്നിലും ത്യാഗദീപിക!!"

——

# അശ്ലീലം

എ. പ്രഭ, ബി. ഏ. എൽ. ററി

അബ്സീനിററി (obscenity) എന്ന് ഇംഗ്ലീഷിൽ ഒരു പദമുള്ളതിനെയാണ് 'അശ്ലീലം' എന്നു ഞാൻ വിവക്ഷിക്കുന്നത്.

പരിഷ്കാരത്തിൻെറ വിവിധാവസ്ഥകളിൽ എത്തിച്ചേൎന്നിട്ടുള്ള ജനങ്ങൾ, കാലദേശാചാരമൎയ്യാദകളെ അടിസ്ഥാനമാക്കി ചില സംഗതികളെ അശ്ലീലങ്ങളാണെന്നു പറഞ്ഞുവരുന്നു. സംസ്കാരവും, അതിൽനിന്നും ഉണ്ടാകുന്ന മനോവികാസവും അനുസരിച്ച് അശ്ലീലതകൾ വ്യത്യാസപ്പെടാം.

മലയാളത്തിൽ അശ്ലീലങ്ങളെന്നു കരുതിവന്നിരുന്ന (?) പദങ്ങളെങ്ങനെയാണ് അതല്ലാതെ ആയിത്തീൎന്നുകൊണ്ടിരിക്കുന്നതെന്നു നോക്കാം. ശാസ്ത്രത്തിൻെറ പുരോഗമനത്തോടുകൂടി, പ്രത്യേകിച്ച് ആയുർവേദം മുതലായ ശാസ്ത്രങ്ങളിൽ കൂടുതൽ കൂടുതൽ അറിവു ലഭിച്ചുതുടങ്ങിയതോടൊന്നിച്ചു ജനങ്ങൾ അസഭ്യങ്ങളെന്നു കരുതിവന്നിരുന്ന (?) പദങ്ങളുടെ സംസ്കൃതശബ്ദങ്ങൾ ഉപയോഗിക്കുവാൻ തുടങ്ങി. കാൎയ്യമെന്തെന്നു വ്യക്തമായിട്ടറിഞ്ഞാലും, നേരെചൊവ്വേ മലയാളത്തിൽ പറഞ്ഞാൽ രസിക്കാത്ത പദങ്ങൾ, കേൾക്കുന്നവരുടെ നെററിയിൽ ഒരു ചുളിവിനുപോലും ഇടംകൊടുക്കാതെ സംസ്കൃതത്തിൽ പറഞ്ഞുകളയാം. ഇംഗ്ലീഷ് പ്രചാരത്തിലായതോടുകൂടി മേൽ സൂചിപ്പിച്ച പദങ്ങളെ ഇംഗ്ലീഷിൽ തർജ്ജമ ചെയ്തുപയോഗിച്ചാൽ അതു് അത്ര അശ്ലീലമല്ലെന്നു വന്നുകൂടി. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടതു് അതിപ്രധാനങ്ങളായ ഏതെങ്കിലും വിഷയങ്ങളെപ്പററി കൂടുതലായി അറിവു ലഭിച്ചുവരുമ്പോൾ അവ അശ്ലീലങ്ങളാണെന്നുള്ള മിഥ്യാബോധം നീങ്ങിപ്പോകുമെന്നാണ്.

ഇതിൻെറ മതപരമായ ഘടകം മറെറാരു ഘടകമായ സാന്മാർഗ്ഗികവശത്തേക്കാൾ പുരാതനവും ഏതാണ്ട് അപരിഷ്കൃതവുമാണ്. ഈ ഏർപ്പാടുകളൊക്കെ പരിപാലിച്ചുകൊണ്ടു പോകുന്നതു സംസ്കാരത്തിൻെറ ഒരു ലക്ഷണമായും ജനങ്ങൾ കരുതിപ്പോന്നു. നാം ഈ സംഗതിയിൽ പ്രത്യേകം ഓർക്കേണ്ടതു മനുഷ്യൻെറ നൈസർഗ്ഗികമായതും ഏററവും പ്രധാനമായതുമായ ആവശ്യങ്ങളെ സംബന്ധിക്കുന്ന സംഗതികളിലാണ് ഈ 'അശ്ലീലം' കെട്ടിവച്ചിരിക്കുന്നതെന്നത്രെ.

ഏററവും വിപുലമായ അർത്ഥത്തിൽ, അശ്ലീലം എന്നു പറയുന്നതു ലൈംഗികാസക്തി ജനിപ്പിക്കുന്നതായ ഒന്നിനെയാണ് എന്നു പറയാം. എന്നാൽ പ്രകൃതിയിൽതന്നെ പലപല സംഗതികളുമുണ്ട് ലൈംഗികാസക്തി പ്രചോദനം നൽകുന്നതായി. അതുകൊണ്ടു അല്പമൊന്നു സങ്കുചിതമാക്കിയാൽ അശ്ലീലം എന്നതിനെ ചില കാലങ്ങളിൽ ഒരു ജനസമുദായം സാധാരണയുള്ള സംഗതികളിൽ നിന്നും വിഭിന്നമായി കരുതിയിട്ടുള്ളതു് എന്നു നിർവചിക്കാം.

അശ്ലീലപദങ്ങളുപയോഗിക്കയോ മറോ ചെയ്ത എന്ന കുററം ചുമത്തപ്പെട്ടവരായി പഴയകാലങ്ങളിൽ ഇംഗ്ലണ്ടിൽ ആളുകളുണ്ടായപ്പോഴെല്ലാം അവരെ മതത്തിൻെറ പേരിലാണ് ശിക്ഷിച്ചിട്ടുള്ളതു്. എന്നാൽ ഈ പതിവിന് 1733-ൽ ഒരു കേസു നടന്നതോടുകൂടി മാററമുണ്ടായി. നഗ്നയായി പൊതു നിരത്തിൽ കൂടി ഓടപ്പോയി എന്ന കുററം ചുമത്തി ഒരു സ്ത്രീയുടെ മേൽ കേസു നടത്തുക ഉണ്ടായി. അന്നു കോടതിയിൽ നിന്നും തീരുമാനിച്ചതു്. അങ്ങനെ ഓടുന്നതു നിയമവിരുദ്ധമല്ലെന്നും എന്നാൽ സന്മാർഗ്ഗവിരുദ്ധമാണെന്നും മാത്രമായിരുന്നു. കാലക്രമത്തിൽ ഈ മാതിരിയുള്ള പെരുമാററം ശിക്ഷാർഹമായിത്തുടങ്ങി. അശ്ലീലം എന്ന പദത്തിൻെറ അർത്ഥവും കൂടുതൽ കൂടുതൽ വ്യക്തമാക്കപ്പെട്ടു. ശാരീരികമായതോ ജനനേന്ദ്രിയങ്ങളെ സംബന്ധിക്കുന്നതോ ആയ നഗ്നതയാണതെന്നു വന്നു. സാധാരണയായി വസ്ത്രങ്ങൾ കൊണ്ടു ആവരണം ചെയ്തിരിക്കുന്നതൊക്കെ അനാവരണം ചെയ്യപ്പെട്ടാൽ അശ്ലീലമായി. അതു ലൈംഗികാസക്തിക്കു പ്രചോദനം നൽകുന്നതും തന്നെ.



പക്ഷേ ലൈംഗികാസക്തി വെറും നൈസർഗ്ഗികമാകയാൽ അതു എങ്ങനെ അസാന്മാർഗ്ഗികമാണെന്നു യുക്തിവാദം ചെയ്താൽ നമുക്കു വ്യക്തമാകയില്ല. 19-ാം നൂററാണ്ടിൻെറ അവസാനത്തോടും, 20-ാം നൂററാണ്ടിൻെറ പ്രാരംഭത്തോടുകൂടിയാണ് വ്യക്തമായ വ്യത്യാസങ്ങൾ കണ്ടുതുടങ്ങിയതു്. ബെട്രാൻഡ് റസ്സൽ എന്ന സാഹിത്യകാരൻ ഒരിക്കൽ പറഞ്ഞതു് അശ്ലീലങ്ങളാണെന്നു പറഞ്ഞു കൊണ്ടു പുസ്തകപ്രസിദ്ധീകരണങ്ങളെ നിയന്ത്രിക്കാൻ പാടില്ലെന്നായിരുന്നു. എല്ലാവിധമായ നിയന്ത്രണവും അപല്ക്കരമാണ്; അതിൽനിന്ന് ഉണ്ടാകുന്ന നന്മയേയും തിന്മയേയും അതു നിയന്ത്രിക്കുന്നു. യുക്തിപൂർവകമായ ലൈംഗികവിദ്യാഭ്യാസം അത്യന്താപേക്ഷിതമാണെന്നതാണും എന്നാദ്ദേഹം തൻെറ 'വിവാഹവും സന്മാർഗ്ഗവും' എന്ന പുസ്തകത്തിൽ തുടൎന്നു പറഞ്ഞിരിക്കുന്നു.

കല, സാഹിത്യം എന്നിവയും 'അശ്ലീല'മെന്നു പറയപ്പെടുന്നവയുടെ വരാൻ ഇടംകൊടുക്കുന്നതാണ്. സംസ്കൃതസാഹിത്യത്തിൽ ഉള്ള ഭൂരിപക്ഷം ഗ്രന്ഥങ്ങളും ഈ അർത്ഥത്തിൽ അശ്ലീലങ്ങളാണെന്നു പറയാം. യുവജനങ്ങൾ ജനനം, സന്താനനിയന്ത്രണം, ബലാൽസംഗം മുതലായവയെപ്പററി പഠിക്കുന്നതിനു ബൈബിൾ സഹായകമാണെന്ന് ഇതിനെപ്പററി ക്രമംകഷമായി പഠിച്ചിട്ടുള്ള ഡാക്ടറൈൻ ഡേവിസ് എന്ന മഹതി പ്രസ്താവിച്ചിട്ടുണ്ട്. ആ മഹതിതന്നെ അമേരിക്കയിലെ അവിവാഹിതകളും ബിരുദധാരിണികളുമായ ആയിരത്തിലധികം യുവതികളോട് അന്വേഷിക്കുകയുണ്ടായി. 'അവരിൽ ലൈംഗികാസക്തി ജനിപ്പിക്കുന്ന വസ്തുക്കളിൽ വച്ച് ഏററവും പ്രധാനമായതെന്തെന്ന്? അവരിൽ ഭൂരിപക്ഷത്തിൻെറ മറുപടി ഇങ്ങനെയായിരുന്നു "പുരുഷൻ" എന്ന്. ഈ പ്രശ്നം ആപല്ക്കരമായിത്തീൎന്നിരിക്കുന്നു. ഈ അശ്ലീലതയെ നിൎത്തലാക്കണമെങ്കിൽ മനുഷ്യസമുദായത്തിൻെറ പകുതിയോളം ഇല്ലാതാക്കപ്പെടണമെന്നു വരുന്നു. പുരുഷന്മാരോടു പ്രസ്തുതചോദ്യം ചോദിക്കുകയാണെങ്കിൽ മറുപടി 'സ്ത്രീ' എന്നുമായിരിക്കും! ഒരു സംഗതി അശ്ലീലമാണെന്നോ അല്ലെന്നോ കരുതുന്നതു മനുഷ്യൻമാത്രമാണ്. അതിനൊരു അളവുകോലോ പരീക്ഷണക്കുഴലോ ഇല്ല. ഒരു പത്തു കൊല്ലത്തിനുമുമ്പ് നമ്മുടെ നാട്ടിലെ സ്ത്രീകൾ ഇന്നത്തെപ്പോലെ മേല്പോട്ടു കയറി കയറി ഇല്ലാതെയായ കൈകളോടും കഴുത്തിൽനിന്നും കീഴ്പ്പോട്ടു ഇറങ്ങി ഇറങ്ങി പിന്നെയും ഇറങ്ങാൻ സാദ്ധ്യമല്ലാത്ത സ്ഥലംവരെ എത്തിയ കഴുത്തുകളോടും കൂടിയ 'ജംപറു'കളോ മറേറാ ധരിച്ചുകൊണ്ടും പൊതുജനമദ്ധ്യത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നുവെങ്കിൽ കാണാമായിരുന്ന കൂത്തെന്തായിരിക്കുമെന്നു കണ്ടുകഴിഞ്ഞാലെ വർണ്ണിക്കാവൂ.

അടുത്തപടി ദിഗംബരത്വത്തിലേക്കാണ്. യൂറോപ്പിലും അമേരിക്കയിലും അതു വളരെ പടർന്നുപിടിച്ചുകഴിഞ്ഞിട്ടുണ്ട്. ഇൻഡ്യയിലെ ഓംമണ്ഡലിയെപ്പററിയും അതിനെസംബന്ധിച്ചുനടന്ന കേസുകളെപ്പററിയും പത്രം വായിക്കുന്നവർ പക്ഷേ അറിഞ്ഞിരിക്കും. ലണ്ടനിൽവച്ചു താമസിയാതെ തന്നെ ദിഗംബരരുടെ ഒരു റാലി നടത്തുവാൻ ഉദ്ദേശിക്കുന്നതായി സണ്ടേ റൈറംസിൽ കാണുകയുണ്ടായി. നമ്മുടെ തിരുവിതാംകൂറിൽ അങ്ങിനെ ഒന്നുനടത്താൻ ഉദ്ദേശിച്ചാൽ എത്ര ആളുകൾ ഉണ്ടാകുമെന്നു നമുക്കു ഊഹിക്കരുതേ. സ്ത്രീകൾ ഈ ലൈംഗിക ബന്ധത്തെ സംബന്ധിച്ചു പഠിക്കുന്നതു അപമൎയ്യാദയാണെന്നോ, മറേറാ കരുതി വന്നിരുന്ന കാലം പോയി, ഇന്നു വിദ്യാർത്ഥികളെക്കൂടി ഇതു ശരിയായി പഠിപ്പിക്കണമെന്നു വന്നുചേൎന്നിരിക്കുന്നു. ഇന്നല്ലെങ്കിൽ നാളെ അവരതറിയും, അതു ശരിയാംവണ്ണം അറിയുന്നതല്ലേ നല്ലതു്.

നാം എന്താണെന്നറിയാമോ ചെയ്യേണ്ടതു്. ആമസോൺ നദിയുടെ നീളം രാസയോഗങ്ങൾ ഹെൻറി, എട്ടാമനുണ്ടായിരുന്ന ഭാൎയ്യമാരുടെ എണ്ണം എന്നിവയെ ഉരുക്കഴിക്കുന്നതിനു